# കൂടാളി ഗ്രാമപഞ്ചായത്ത്

## ജനകീയാസൂത്രണം




# വികസന റിപ്പോർട്ട് ൯൬

# കൂടാളി ഗ്രാമപഞ്ചായത്ത്

## ജനകീയാസൂത്രണം

## വികസന റിപ്പോർട്ട് – '96

നിങ്ങൾ കണ്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും ദരിദ്രനായ, നിസ്സഹായനായ മനുഷ്യന്റെ മുഖം സങ്കല്പിച്ചു നോക്കുക. എന്നിട്ട് നിങ്ങൾ ചെയ്യാനുദ്ദേശിക്കുന്ന കാര്യം അയാൾക്കേതെങ്കിലും രീതിയിൽ പ്രയോജനപ്പെടുമോ എന്ന് സ്വയം ചോദിച്ചുനോക്കുക. അതുകൊണ്ട് അയാൾക്ക് എന്തെങ്കിലും നേട്ടമുണ്ടാകുമോ? അതയാൾക്ക് അയാളുടെ ജീവിതഭാഗധേയങ്ങളുടെ മേൽ എന്തെങ്കിലുമൊരു നിയന്ത്രണം ഉണ്ടാക്കിക്കൊടുക്കുമോ? മറ്റൊരു രീതിയിൽ പറഞ്ഞാൽ നമ്മുടെ നാട്ടിൽ ആദ്ധ്യാത്മികമായും ഭൗതികമായും പട്ടിണികിടക്കുന്ന കോടിക്കണക്കിനാളുകൾക്ക് സ്വരാജ്യം നേടുന്നതിന് അത് സഹായകമാകുമോ?

-മഹാത്മഗാന്ധി.

## കൂടാളി ഗ്രാമപഞ്ചായത്ത്

## ഭരണസമിതി

**1995–2000**

1. ടി. ലീലടീച്ചർ (പ്രസിഡണ്ട്)
2. കെ. പ്രഭാകരൻ (വൈസ് പ്രസിഡണ്ട്)
3. കെ. യം വിജയൻ മാസ്റ്റർ (സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ)
4. ഡി. ഓമനടീച്ചർ
5. ഒ. ഗീത
6. പി. പി. പ്രഭാകരൻ
7. പി. കെ. ജനാർദ്ദനൻ
8. എ. പി. ജലാലുദ്ദീൻ
9. കെ. എ. അയ്യൂബ്
10. സി. വി. കുഞ്ഞിക്കണ്ണൻ നമ്പ്യാർ
11. പി. പി. ശാരദാമ്മ

# റിപ്പോർട്ട് തയ്യാറാക്കാൻ നേതൃത്വം നൽകിയവർ

1. പി. വി. രാമകൃഷ്ണൻ
2. കെ. മോഹനൻ
3. പി. വി. ദിവാകരൻ
4. കെ. ആർ. തെരൂർ
5. കെ. ബാലകൃഷ്ണൻ
6. പി. എം. വിനോദ്കുമാർ
7. മഹേഷ് കക്കത്ത്
8. ഡി. ഓമന ടീച്ചർ
9. പി. കെ. വേണുഗോപാൽ
10. കെ. എ. മുജീബുള്ള
11. ടി. വിജയൻ
12. സി. എച്ച്. വത്സലൻ
13. സി. പി. മോഹൻ
14. ടി. ലീല ടീച്ചർ

## കോർ ഗ്രൂപ്പിൽ പ്രവർത്തിച്ചവർ

1. കെ. ബാലൻ
2. പത്മൻ പട്ടാനൂർ
3. വി. വി. ബാലകൃഷ്ണൻ
4. ഒ. യം. അശോകൻ
5. ഡോ. ഗുണനിധി
6. കെ. രാഘവൻ മാസ്റ്റർ
7. കെ. അജയ്കുമാർ
8. എൻ. ലക്ഷ്മണൻ
9. സി. ഒ. രാധാകൃഷ്ണൻ
10. ടി. ഗോവിന്ദൻ
11. പി. രാജൻ മാസ്റ്റർ
12. കെ. സി. രാമചന്ദ്രൻ
13. ഇ. സജീവൻ
14. വി. നാരായണൻ
15. പി. വി. പ്രഭാകരൻ
16. കെ. കെ. ഹരിദാസ്
17. കെ. പി. അച്യുതൻ മാസ്റ്റർ
18. സി. വിശാലാക്ഷൻ
19. ടി. ശശികുമാർ
20. എം. പി. ദിനേശൻ
21. വി. വി. കൃഷ്ണമാരാർ
22. എം. സി. മോഹനൻ
23. സി. സുരേഷ് ബാബു
24. പി. ശശിധരൻ
25. കെ. എ. ഉബൈദുള്ള
26. ദീപ്തി വരദൻ
27. നൗഷാദ് കൂടാളി
28. ദാമോദരൻ മാസ്റ്റർ

# വിഷയവിവരം

ആമുഖം

ചരിത്രം

ഭൂപ്രകൃതി - ജനപ്രകൃതി

സാമൂഹിക സാമ്പത്തിക മേഖലകൾ


| | | |
|---|---|---|
| 1. | കൃഷി - ജലസേചനം........................... | 22 |
| 2. | മൃഗസംരക്ഷണം, മത്സ്യബന്ധനം...... | 38 |
| 3. | വ്യവസായം............................................. | 43 |
| 4. | വിദ്യാഭ്യാസം.......................................... | 46 |
| 5. | കുടിവെള്ളം, പൊതുജനാരോഗ്യം..... | 53 |
| 6. | ഗതാഗതം, ഊർജ്ജം.......................... | 61 |
| 7. | പാർപ്പിടം, സാമൂഹ്യക്ഷേമം................ | 81 |
| 8. | സംസ്ക്കാരം........................................... | 88 |
| 9. | വനിതാക്ഷേമം........................................ | 96 |
| 10. | സഹകരണം.......................................... | 99 |
| 11. | പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം.......... | 105 |
| 12. | വിഭവസമാഹരണം............................... | 107 |

# പഞ്ചായത്ത് പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | കൂടാളി ഗ്രാമപഞ്ചായത്ത് |
| വില്ലേജുകൾ | : | കൂടാളി, പട്ടാനൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : | ഇരിട്ടി |
| താലൂക്ക് | : | തലശ്ശേരി |
| ജില്ല | : | കണ്ണൂർ |
| അസംബ്ലി മണ്ഡലം | : | പേരാവൂർ |
| ലോകസഭാമണ്ഡലം | : | കണ്ണൂർ |
| വിസ്തീർണ്ണം | : | 40.27 $Km^2$ |
| വാർഡുകൾ | : | 11 |
| അതിരുകൾ | : | വടക്ക്-വളപട്ടണം പുഴ,<br>പടിഞ്ഞാറ്-കുറ്റ്യാട്ടൂർ പഞ്ചായത്ത്,<br>മുണ്ടേരി പഞ്ചായത്ത്,<br>തെക്ക്-മുണ്ടേരി പഞ്ചായത്ത്,<br>അഞ്ചരക്കണ്ടി പഞ്ചായത്ത്,<br>കിഴക്ക്-കീഴല്ലൂർപഞ്ചായത്ത്,<br>മട്ടന്നൂർ മുൻസിപ്പാലിറ്റി. |
| ജനസംഖ്യ | : | 25518 |
| ആൺ | : | 12700 |
| പെൺ | : | 12818 |
| പ്രസിഡണ്ട് | : | ടി. ലീലടീച്ചർ |
| വൈസ് പ്രസിഡണ്ട് | : | കെ. പ്രഭാകരൻ |
| സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | : | കെ. എം. വിജയൻ മാസ്റ്റർ |

# ആമുഖം

നാം സ്വാതന്ത്ര്യം നേടി എന്നതിനർത്ഥം അധികാര കൈമാറ്റം നടത്തി എന്ന് മാത്രമാണ്. നാളിതുവരെയുള്ള ഭരണരംഗവും വികസന രംഗവും പരിശോധിച്ചു നോക്കിയാൽ ഈ വസ്തുത ബോദ്ധ്യപ്പെടും. ഉദ്യോഗസ്ഥമേധാവികളാണ് അധികാരം കൈയാളി വരുന്നത്. അധികാര കേന്ദ്രീകരണവും ബ്യൂറോക്രസിയും കൈകോർത്ത് പിടിച്ചപ്പോൾ ജനങ്ങളുടെ ആശയാഭിലാഷങ്ങളാണ് പൊലിഞ്ഞുപോയത്. ജനായത്തഭരണം എന്ന വാക്ക് കേൾക്കാൻ ഇമ്പമുള്ള ഒരു വാക്ക് മാത്രമായി അവശേഷിച്ചു. ജനങ്ങളുടെ ആവശ്യങ്ങളും തീരുമാനങ്ങളും അധികാരി വർഗ്ഗങ്ങളുടെ തീരുമാനങ്ങൾക്ക് മുമ്പിൽ നിഷ്പ്രഭമായി. ഗാന്ധിജിയുടെ സ്വപ്നമായ ഗ്രാമപഞ്ചായത്തുകൾ നടപ്പാക്കാനുള്ള നിർദ്ദേശം ലഭിച്ചതുതന്നെ സ്വാതന്ത്ര്യത്തിന്റെ നാല്പത്തിയേഴാം ജന്മവർഷത്തിൽ മാത്രമാണ്. ജനാധിപത്യം തെരഞ്ഞെടുപ്പിൽ മാത്രം ഒതുങ്ങിക്കൂടുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്.

ഈ ദു:സ്ഥിതിക്ക് മാറ്റം വന്നിരിക്കുന്നു. 73,74 ഭരണ ഘടനാ ഭേദഗതികൾ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഘടനയിലും അധികാരത്തിലും വലിയ മാറ്റം വരുത്തിയിരിക്കുന്നു. നാടിന്റെ സമഗ്രവികസനത്തിനുള്ള കേന്ദ്രങ്ങളായി പഞ്ചായത്ത്-നഗരപാലികാസ്ഥാപനങ്ങൾ വളർന്നിരിക്കുന്നു. നമ്മുടെ ഭരണക്രമത്തിന്റെ അവിഭാജ്യ ഘടകങ്ങളാണ് ഇവ. ജനാഭിലാഷങ്ങൾക്ക് രൂപവും ഭാവവും നൽകുവാനുള്ള വേദികളായി ഗ്രാമസഭകൾ രൂപം കൊണ്ടിരിക്കുന്നു. സ്ത്രീകൾക്ക് മൂന്നിലൊന്ന് അംഗത്വവും ഭാരവാഹിത്വവും അംഗീകരിച്ചു കൊടുക്കുന്ന ഒരു സംവിധാനമാണ് ഇന്നുള്ളത്. അങ്ങനെ അധികാര വികേന്ദ്രീകരണം നടപ്പിലായിക്കഴിഞ്ഞിരിക്കുന്നു. ഈ പശ്ചാത്തലത്തിലാണ് ജനകീയാസൂത്രണത്തിന്റെ പ്രസ്കതി നാം വിലയിരുത്തേണ്ടത്.

നമ്മുടെ നാടിന്റെ സമഗ്രമായ വികസനം എങ്ങനെ നേടിയെടുക്കാമെന്ന് നിശ്ചയിക്കേണ്ടത് നാം തന്നെയാണ്. അല്ലാതെ സംസ്ഥാന-കേന്ദ്ര ആസൂത്രണബോർഡിന്റെ തലപ്പത്തിരിക്കുന്നവർ മാത്രമായിട്ടല്ല. അവരുടെ ആസൂത്രണം ജനാഭിലാഷത്തിന് അനുസൃതമായിരുന്നില്ലെന്നത് കഴിഞ്ഞ പഞ്ചവത്സര പദ്ധതികളുടെ പോരായ്മയാണ്. ഈ അനുഭവത്തിന്റെ വെളിച്ചത്തിലാണ് ഒമ്പതാം പദ്ധതി ജനപങ്കാളിത്തത്തോടെ നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. പദ്ധതി അടങ്കലിന്റെ 35% മുതൽ 40% വരെയുള്ള തുക ഈ രീതിയിൽ ചെലവഴിക്കാൻ പോവുകയാണ്. ഇത് ലക്ഷ്യപ്രാപ്തി കൈവരിക്കണമെങ്കിൽ ജാതി-മത-കക്ഷി രാഷ്ട്രീയ ചിന്താഗതിക്ക് അതീതമായി ഒരു ജനകീയ മുന്നേറ്റം ഉണ്ടാകേണ്ടിയിരിക്കുന്നു. നിക്ഷിപ്ത താല്പര്യങ്ങളേയും ദുഷ്പ്രവണതകളേയും തകർത്താൽ മാത്രമേ ജനകീയാസൂത്രണം സാർത്ഥകമാവുകയുള്ളൂ. ജനങ്ങളിലെ അസംതൃപ്തിയും നിരാശയും ദുരീകരിക്കുന്നതിനും അഴിമതിയിൽനിന്നും കൈക്കൂലിയിൽ നിന്നും കരകയറുന്നതിനും ജനകീയാസൂത്രണം പ്രയോജനപ്പെടും എന്ന് നമുക്കാശിക്കാം.

ജനകീയസൂത്രണത്തിന്റെ ഭാഗമായി ഈ പഞ്ചായത്തിലെ പതിനൊന്ന് വാർഡുകളിലും ഗ്രാമസഭകൾ വിളിച്ചുചേർത്തു സപ്തംബർ 14ന് തുടങ്ങിയ ഗ്രാമസഭകൾ ഒക്ടോബർ 2ന് പൂർത്തിയായി. രണ്ടായിരത്തോളം ആളുകൾ ഗ്രാമസഭകളിൽ പങ്കെടുത്തിരുന്നു. ഗ്രാസഭകളിലെ പന്ത്രണ്ട് ഗ്രൂപ്പുകളിൽനിന്ന് ഉരുത്തിരിഞ്ഞുവന്ന ചർച്ചകളും നിർദ്ദേശങ്ങളും തന്നെ ഈ ആസൂത്രണ വിജയത്തിന്റെ നാന്ദി കുറിച്ചുകഴിഞ്ഞു. ദ്വിതീയ വിവരശേഖരണത്തിലൂടെയും ഗ്രാമപഠന പര്യടനത്തിലൂടെയും സർവ്വെയിലൂടെയും ലഭിച്ച വിവരങ്ങളെ അടിസ്ഥാനമാക്കിയാണ് ഈ റിപ്പോർട്ട് നിങ്ങളുടെ മുമ്പിൽ സമർപ്പിക്കുന്നത്.

# ചരിത്രം

പഴയമദിരാശി സംസ്ഥാനത്തിന്റെ ഭാഗമായ മലബാർ ജില്ലയിലെ കോട്ടയം താലൂക്കിൽപ്പെട്ട ഭൂവിഭാഗമായിരുന്നു ഇന്നത്തെ കൂടാളി ഗ്രാമപഞ്ചായത്ത് പ്രദേശം. 1950ലെ മദ്രാസ്സ് വില്ലേജ് പഞ്ചായത്ത് ഏക്ട് അനുസരിച്ച് ഇവിടെ 1954ൽ കൂടാളി, പട്ടാനൂർ, കീഴല്ലൂർ എന്നീ വില്ലേജ് പഞ്ചായത്തുകൾ രൂപീകരിച്ചു. 1960ലെ കേരളാ പഞ്ചായത്ത് നിയമപ്രകാരം മേൽ പറഞ്ഞ മൂന്ന് വില്ലേജ് പഞ്ചായത്തുകൾ സംയോജിപ്പിച്ച് 1962ൽ ചാലോട് പഞ്ചായത്ത് രൂപീകൃതമായി. 1973ൽ ചാലോട് പഞ്ചായത്ത് വിഭജിച്ച് കൂടാളി, കീഴല്ലൂർ എന്നീ പഞ്ചായത്തുകൽ നിലവിൽ വന്നു. 73,74 ഭരണഘടനാ ഭേദഗതിയെ തുടർന്ന് 1995ൽ ഇന്നത്തെ കൂടാളി ഗ്രാമപഞ്ചായത്ത് നിലവിൽവന്നു.

കൂടാളി ഗ്രാമപഞ്ചായത്തിന്റെ ഭരണചരിത്രം കൂടാളി, പട്ടാനൂർ, കീഴല്ലൂർ എന്നീ വില്ലേജ് പഞ്ചായത്തുകളുടേയും ചാലോട് പഞ്ചായത്തിന്റേയും ഭരണചരിത്രവുമായി ബന്ധപ്പെടുന്നതിനാൽ അത് കൂടി ഇവിടെ രേഖരപ്പെടുത്തുന്നു.

**കൂടാളി വില്ലേജ് പഞ്ചായത്ത്:**

കൂടാളി വില്ലേജ് പഞ്ചായ്ത്തിലേക്ക് 1955 സപ്തംബർ മാസം 11-ാം തീയ്യതി നടന്ന കൈപൊക്കി വോട്ടെടുപ്പിൽ വിജയിച്ച അംഗങ്ങൾ 1955 ഒക്ടോബർ 26-ാം തീയ്യതി കൂടാളി പൊതുജനവായനശാലയിൽ യോഗം ചേർന്ന് പ്രസിഡണ്ടിനെ തിരഞ്ഞെടുത്തു. ദേശീയ പ്രസ്ഥാനത്തിന്റേയും കർഷക സംഘത്തിന്റേയും ഐതിഹാസിക നായകൻ - AICC മെമ്പറും 1940ൽ KPCC പ്രസിഡണ്ടുമായിരുന്ന - കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയിലൂടെ കമ്യൂണിസ്റ്റായിത്തീർന്ന കൂടാളി താഴത്ത് വീട്ടിൽ തറവാട്ടംഗമായിരുന്ന ശ്രീ കെ. ടി. കുഞ്ഞിരാമൻ നമ്പ്യാർ ആയിരുന്ന പ്രസിഡണ്ട്. തിരുവങ്ങാടൻ കുഞ്ഞപ്പ (കൂടാളിത്തെരു), കാപ്പാടൻ കൃഷ്ണൻ നമ്പ്യാർ (കാവുംതാഴ), പായ്യാട്ട് കുഞ്ഞമ്പു (കുലോത്ത് വളപ്പിൽ -പൂവ്വത്തൂർ) ചാലങ്ങോടൻ കൃഷ്ണൻ (താറ്റിയോട്ട്), മാവിലാക്കണ്ടി കറുവൻ, ചക്കരയൻ ഗോപാലൻ, പടിക്കൽ പുത്തംപുരയിൽ കുഞ്ഞിരാമൻ (കുംഭം) എന്നിവരായിരുന്നു മറ്റ് അംഗങ്ങൾ.

**പട്ടാനൂർ വില്ലേജ് പഞ്ചായത്ത്:**

ജന്മികുടുംബത്തിൽ ജനിച്ച് ജന്മിത്വത്തിനെതിരെയുള്ള പോരാട്ടത്തിൽ മുന്നണി പടയാളിയായിത്തീർന്ന ശ്രീ. പി. എ. ഗോവിന്ദൻ നമ്പ്യാരായിരുന്നു പ്രസിഡന്റ്. കെ. കുഞ്ഞപ്പനമ്പ്യാർ, എം. ഗോവിന്ദൻ, വി. ഗോപാലൻ നമ്പ്യാർ, സി. വി. മായൻകുട്ടി എന്നിവരായിരുന്നു മറ്റംഗങ്ങൾ.

**കീഴല്ലൂർ വില്ലേജ് പഞ്ചായത്ത്:**

മണക്കടവൻ കുഞ്ഞിക്കണ്ണൻ മാസ്റ്റർ പ്രസിഡണ്ടും, പൊല്പാടി അനന്തൻ വൈസ് പ്രസിഡണ്ടും, എ. പി. കുട്ട്യപ്പ, പറമ്പൻ ഗോവിന്ദൻ, സി. കുഞ്ഞിരാമൻ, കോട്ട്യോടൻ നാരായണൻ നമ്പ്യാർ, പി. കുട്ട്യപ്പ, എം. എം. രാമുണ്ണി, കെ. കെ. കുഞ്ഞിരാമൻ നമ്പ്യാർ എന്നിവർ അംഗങ്ങളുമായ കീഴല്ലൂർ വില്ലേജ് പഞ്ചായത്ത് 20-1-1955 ന് നിലവിൽ വന്നു.

**ചാലോട് പഞ്ചായത്ത്**

കൂടാളി, പട്ടാനൂർ, കീഴല്ലൂർ എന്നീ വില്ലേജ് പഞ്ചായത്തുകൽ സംയോജിപ്പിച്ച് കൊണ്ട് 1962ൽ നിലവിൽവന്ന ചാലോട് പഞ്ചായത്തിന്റെ ആസ്ഥാനം ചാലോട് ആയിരുന്നു. പഞ്ചായത്തിലേക്ക് നടന്ന പ്രാഥമിക തെരഞ്ഞെടുപ്പിൽ തെരഞ്ഞെടുക്കപ്പെട്ടവർ 11-12-63ന് യോഗം ചേർന്ന് ഭാരവാഹികളെ തെരഞ്ഞെടുത്തു. ശ്രീ. സി. എച്ച്. കുഞ്ഞിക്കണ്ണൻമാസ്റ്റർ (ഇഞ്ചിക്കാൽ പുതിയപുരയിൽ) ആയിരുന്നു പ്രസിഡണ്ട്. ഇ. കുമാരൻ മാസ്റ്റർ വൈസ് പ്രസിഡണ്ടായും തെരഞ്ഞെടുക്കപ്പെട്ടു. കൂലോത്ത് വളപ്പിൽ രാമൻമാസ്റ്റർ (കാവുംതാഴ), കെ. സി. ഗോവിന്ദൻ നായർ (കൂടാളി),

കെ. കെ. വാസുദേവൻമാസ്റ്റർ (ചാലോട്), പി. എ. ഗോവിന്ദൻ നമ്പ്യാർ (പട്ടാനൂർ), നാരങ്ങാപ്പുറത്ത് രാമൻ (പേരാവൂർ), കെ. സി. കമാൽ (ആയിപ്പുഴ), കെ. പത്മനാഭൻ നമ്പ്യാർ (എളമ്പാറ), രയനാക്കിൽ പറമ്പിൽ ആമേരി നാരായാണൻ എന്നിവരായിരുന്നു പഞ്ചായത്ത് ബോർഡിലെ മറ്റംഗങ്ങൾ. കെ. യശോദടീച്ചർ നോമിനേറ്റഡ് മെമ്പർ ആയിരുന്നു.

അധ്യാപകരായിരുന്ന പ്രസിഡണ്ട് C.H. കുഞ്ഞിക്കണ്ണൻമാസ്റ്റർ, കെ. കെ. വാസുദേവൻ എന്നിവർ KER (14 C) വകുപ്പ് ഓപ്റ്റ് ചെയ്തതിനാൽ രാഷ്ട്രീയ സ്വാതന്ത്ര്യമില്ലാത്തതിനെ തുടർന്ന് പഞ്ചായത്ത് ബോർഡിൽനിന്നും രാജിവെച്ചു. ചാലോട് പഞ്ചായത്തിന്റെ പുതിയ പ്രസിഡണ്ടായി 24-7-1965ന് ഇ. കുമാരൻ മാസ്റ്റർ തിരഞ്ഞെടുക്കപ്പെട്ടു. രാജിവെച്ചവരുടെ ഒഴിവിലേക്ക് ചൂളിക്കണ്ടി ഗോവിന്ദൻ ഡ്രൈവർ, കെ. കെ. കുമാരൻ മാസ്റ്റർ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. 1973 വരെ ഇ. കുമാരൻ മാസ്റ്റർ ചാലോട് പഞ്ചായത്ത് പ്രസിഡണ്ടായിരുന്നു. 73ൽ ചാലോട് പഞ്ചായത്ത് വിഭജിച്ച് കൂടാളി, കീഴല്ലൂർ എന്നീ പഞ്ചായത്തുകൾ നിലവിൽ വന്നു. ഇ. കുമാരൻ മാസ്റ്റർ കീഴല്ലൂർ പഞ്ചായത്തിന്റെയും പി. എ. ഗോവിന്ദൻ നമ്പ്യാർ കൂടാളി പഞ്ചായത്തിന്റേയും പ്രസിഡണ്ടുമാരായി തിരഞ്ഞെടുക്കപ്പെട്ടു.

കൂടാളി, പട്ടാനൂർ വില്ലേജുകൾ ഉൾപ്പെട്ടതാണ് കൂടാളി പഞ്ചായത്ത്. പ്രസ്തുത മേഖലയിൽനിന്ന് അവിഭക്ത ചാലോട് പഞ്ചായത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട കൂലോചത്ത് വളപ്പിൽ രാമൻ മാസ്റ്റർ, കെ. സി. ഗോവിന്ദൻ നായർ, പി. എ. ഗോവിന്ദൻ നമ്പ്യാർ, കാരക്കണ്ടി കുമാരൻ മാസ്റ്റർ, കെ. സി. കമാൽ എന്നിവരും നോമിനേറ്റഡ് അംഗമായ കെ. യശോദടീച്ചറുമായിരുന്നു പ്രഥമ പഞ്ചായത്ത് ബോർഡ് അംഗങ്ങൾ. പ്രഥമ പ്രസിഡണ്ടായിരുന്ന 'പി. എ. ഗോവിന്ദൻ നമ്പ്യാർ ഇപ്പോൾ പട്ടാനൂരിൽ വിശ്രമജീവിതം നയിക്കുന്നു.

കൂടാളി പഞ്ചായത്തിലേക്ക് ആദ്യമായി നടന്ന തെരഞ്ഞെടുപ്പിനെ തുടർന്ന് ശ്രീ. എൻ. വി. കൃഷ്ണൻ മാസ്റ്റർ പ്രസിഡണ്ടായി. (29-9-79 to 20-10- 84). ശ്രീ. വി. സി. കരുണാകരൻ ആയിരുന്നു വൈസ്പ്രസിഡണ്ട്. പഞ്ചായത്ത് ബോർഡിലെ മറ്റ് അംഗങ്ങൾ കെ. പ്രഭാകരൻ, കെ. രോഹിണി, കെ. എം. രാഘവൻ, കെ. ദാമോദരൻ, എം. പി. കുഞ്ഞനന്തൻ, കെ. സി. കമാൽ, സി. വി. കുഞ്ഞിക്കണ്ണൻ നമ്പ്യാർ.

1988 ജനുവരിയിൽ നടന്ന പഞ്ചായത്ത് തിരഞ്ഞെടുപ്പിനെ തുടർന്ന 6-2-88 മുതൽ കെ. പ്രഭാകരൻ പ്രസിഡണ്ടായി പുതിയ പഞ്ചായത്ത് ബോർഡ് നിലവിൽ വന്നു. കെ. പി. അച്ചുതൻ മാസ്റ്റർ (വൈസ് പ്രസിഡണ്ട്), ടി. ഗോവിന്ദൻ, എൻ. അബ്ദുൾഖാദർ, ഒ. ഗീത, കെ. എം. വിജയൻ മാസ്റ്റർ, ടി. ലീലടീച്ചർ, കെ. പി. പ്രഭാകരൻ., കെ. പി. അശറഫ്, സി. വി. കുഞ്ഞിക്കണ്ണൻ മാസ്റ്റർ എന്നിവരായിരുന്നു പഞ്ചായത്ത് ബോർഡിലെ മറ്റ് അംഗങ്ങൾ.

73-74, ഭരണഘടനാ ഭേദഗതിയെ തടുർന്ന് പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ നിലവിൽവിന്നു. കൂടാളി പഞ്ചായത്ത് കൂടാളി ഗ്രാമ പഞ്ചായത്തായി. ഗ്രാമപഞ്ചായത്തിലേക്ക് 1995 സപ്തംബറിൽ തെരഞ്ഞെടുപ്പ് നടന്നു. 2-10-95ൽ ടി. ലീല ടീച്ചർ പ്രസിഡണ്ടും കെ. പ്രഭാകരൻ വൈസ് പ്രസിഡണ്ടും, കെ. യം. വിജയൻ മാസ്റ്റർ സ്റ്റാന്റിംങ്ങ് കമ്മറ്റി ചെയർമാനുമായി ഇന്നത്തെ പഞ്ചായത്ത് ബോർഡ് നിലവിൽ വന്നു.

വടക്ക് വളപട്ടണം പുഴയുടെ ഭാഗമായ ഇരിക്കൂർ പുഴയും, പടിഞ്ഞാറ് കുറ്റ്യാട്ടൂർ, മുണ്ടേരി പഞ്ചായത്തുകളും, തെക്ക് മുണ്ടേരി അഞ്ചരക്കണ്ടി പഞ്ചായത്തുകളും, കിഴക്ക് കീഴല്ലൂർ പഞ്ചായത്ത് മട്ടന്നൂർ മുനിസിപ്പൽ പ്രദേശങ്ങൾ എന്നിവയുമാണ് കൂടാളി ഗ്രാമപഞ്ചായത്തിന്റെ അതിരുകൾ. 40.27ച.കി.മീ. വിസ്തീർണ്ണമുള്ള പഞ്ചായത്തിലെ ജനസംഖ്യ 1991ലെ സെൻസസ് കണക്കനുസരിച്ച് 25518 ആണ്. പുരുഷന്മാർ 12700. സ്ത്രീകൾ 12818.

കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിൽ കൂടാളി, പട്ടാനൂർ വില്ലേജുകൾ ഉൾപ്പെടുന്ന കൂടാള് ഗ്രാമപഞ്ചായത്ത് ഇരിട്ടി വികസന ബ്ലോക്കിന്റെ പരിധിയിലാണ്. 1995ലെ വിഭജനമനുസരിച്ച് 11 വാർഡുകൾ ഉണ്ട്. 4 സ്ത്രീ സംവരണ വാർഡുകളും ഒരു പട്ടികജാതി സംവരണ വാർഡുമാണ് നമുക്കുള്ളത്.

### ഗ്രാമപഞ്ചായത്തിന്റെ സാമൂഹ്യസാംസ്ക്കാരികചരിത്രം.

പ്രോജ്ജ്വലമായ ചരിത്രമുറങ്ങുന്ന മണ്ണാണ് കൂടാളിയിലേത്. കൂടാളിയുടെ ചരിത്രം വടക്കേ മലബാറിലെ കർഷകസമരചരിത്രവുമായി ബന്ധപ്പെട്ടുകിടക്കുന്നു. കൂടാളിയിലേയും പരിസരപ്രദേശങ്ങളിലെയും ഭൂമി കൂടാളി താഴത്തുവീട്ടിൽ കുടുംബക്കാരുടേതായിരുന്നു. കേരളത്തിലെ ഫ്യൂഡൽ വ്യവസ്ഥിതിയുടെ പഠനം അനേകം തറവാടുകളുടെ ചരിത്രവുമായി ബന്ധപ്പെട്ടു കിടക്കുന്നു. പ്രദേശിക ഭരണകൂടത്തിന്റെ തണലിൽ ഈ കുടുംബം അഥവാ തറ

വാട് ഒരു അധികാര കേന്ദ്രമായാണ് പ്രവർത്തിച്ചത്. ഭരണാധികാരികളായ സാമന്തന്മാരും നാടുവാഴികളും മരുമക്കത്തായ സമ്പ്രദായം പിന്തുടർന്നു. കുടുംബത്തിലെ ഏറ്റവും പ്രായമുള്ള പുരുഷൻ കാരണവരായി ഭൂസ്വത്തുക്കളുടെ ഭരണം നിർവ്വഹിച്ചു. അങ്ങിനെയുള്ള ഒരു കുടുംബമായിരുന്നു കൂടാളി താഴത്തുവീട്. അവർ നമ്പ്യാന്മാരായിരുന്നു. ഭൂസ്വത്ത് മുഴുവൻ അവർ കൈയ്യടക്കി വെച്ചു. കുടിയാന്മാർ ഭൂരിഭാഗവും തീയ്യ സമുദായത്തിൽപ്പെട്ടാവരായിരുന്നു. മലബാറിന്റെ ആധിപത്യം 1792ൽ ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിക്ക് ലഭിച്ചു. ബ്രിട്ടീഷുകാരുടെ ആധിപത്യ കാലത്ത് കൂടാളി കോട്ടയം തമ്പുരാന്റെ കീഴിലായിരുന്നുവെങ്കിലും യഥാർത്ഥത്തിൽ ഭരണം നിർവ്വഹിച്ചിരുന്നത് ജന്മികുടുംബമായിരുന്നു. കൊല്ലിനും കൊലയ്ക്കും അവകാശമുണ്ടായിരുന്ന പ്രസ്തുത കുടംബം ചുറ്റുമുള്ള പ്രദേശങ്ങളുടെ അധീശത്വം കൈക്കലാക്കി.

കല്ല്യാട്ട് യജമാനൻ, കരക്കാട്ടിടം നായനാർ തുടങ്ങിയ മറ്റ് ജന്മിമാരെ അപേക്ഷിച്ച് കാടത്തം കുറവായിരുന്നു കൂടാളി യജമാനന്. വാരത്തോടൊപ്പം കളിപ്പണം പിരിച്ചിരുന്നു. പൊളിച്ചെഴുത്തായി ഭീമമായ ഒരു സംഖ്യ കൊടുക്കണം. വാരത്തോടുകൂടി വാഴക്കുലയും ഓണത്തിന് പച്ചക്കറിയും കൊടുക്കേണ്ടിയിരുന്നു. കൃഷിക്കാരൻരെ പറമ്പിൽ വിളയുന്നത് നല്ലതെല്ലാം ജന്മിക്ക് കൊടുക്കണം. കുടിയാന് മുട്ട് മറച്ച് മുണ്ടുടുക്കുവാനോ മനുഷ്യനെപ്പോലെ ജീവിക്കുവാനോ സ്വാതന്ത്ര്യമില്ലായിരുന്നു. ജന്മിത്വത്തിന്റെയും നാടുവാഴിത്തത്തിന്റെയും കീരാത വാഴ്ചയിൽനിന്ന് മോചനം നേടുന്നതിനും കൃഷിഭൂമി കൃഷിക്കാരന്റേതാകാനും മലബാറിൽ ഉയർന്നുവന്ന കർഷക സമരം കൂടാളിയിലേയും കൃഷിക്കാരെ ഉദ്ബുദ്ധരാക്കുകയും ചെറുത്ത് നില്പിന് തയ്യാറാക്കുകയും ചെയ്തു.

കൂടാളി താഴത്തുവീട്ടിലെ അംഗമായിരുന്ന കെ. ടി. കുഞ്ഞിരാമൻ നമ്പ്യാർ ദേശീയ പ്രസ്ഥാനത്തിലെ മുന്നണിപോരാളിയായിരുന്നു. അദ്ദേഹം AICC മെമ്പറും 1940ൽ കെ. പി. സി. സി. പ്രസിഡണ്ടുമായിരുന്നു. കർഷകസംഘത്തിന്റേയും കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയുടെയും പ്രവർത്തകനായി അദ്ദേഹം ജന്മിത്തം അവസാനിപ്പിക്കുന്നതിന് വേണ്ടി പ്രവർത്തിച്ചു. പിൽക്കാലത്ത് അദ്ദേഹം കൂടാളി വില്ലേജ് പഞ്ചായത്തിന്റെ പ്രസിഡണ്ടായിത്തീർന്നു. കൂടാളി ഐക്യനാണയ സംഘത്തിന്റെ (ഇന്നത്തെ കൂടാളി സർവ്വീസ് കോ–ഓപ്പ് ബാങ്ക്) ആദ്യത്തെ പ്രസിഡണ്ടും അദ്ദേഹമായിരുന്നു. കേരളഗാന്ധി കെ. കേളപ്പന്റെ നേതൃത്വത്തിൽ കോഴിക്കോട്ട് നിന്ന് പയ്യന്നൂരിലേക്ക് മാർച്ച് ചെയ്ത ഉപ്പ് സത്യാഗ്രഹജാഥയുടെ വളണ്ടിയർ കേപ്റ്റനും കെ. ടി. കുഞ്ഞിരാമൻ നമ്പ്യാർ ആയിരുന്നു. കൂടാളി താഴത്ത് വീട്ടിലെ കുടുംബകാരണവരായിരുന്ന കെ. ടി. കുഞ്ഞിക്കമ്മാരൻ നമ്പ്യാർ ജില്ലാ താലൂക്ക് ബോർഡ് അംഗവും (1915– 1930) മദ്രാസ് അസംബ്ലിയിൽ അംഗവുമായിരുന്നു (1923). കോൺഗ്രസ്സ് നേതാവായിരുന്നു അദ്ദേഹം. ജന്മിത്വം സംരക്ഷിക്കുന്നതിന് വേണ്ടി അദ്ദേഹം സാധ്യമായതെല്ലാം ചെയ്തിരുന്നു. 1886, 1920, 1929 എന്നീ വർഷങ്ങളിലെ കാർഷിക നിയമങ്ങൾ കുടിയാന്മാർക്ക് ചെറിയചെറിയ നേട്ടങ്ങൾ ഉണ്ടാക്കിയിരുന്നു. മലബാറിലും ഇന്ത്യയുടെ ഇതരഭാഗങ്ങളിലും നടക്കുന്ന കർഷകസമരങ്ങളുടെ ഗതിവിഗതികൾ നിരീക്ഷിച്ചിരുന്ന കെ. ടി. കുഞ്ഞിക്കമ്മാരൻ നമ്പ്യാർ ജന്മിത്വം അധികകാലം നിലനിൽക്കുകയില്ലെന്ന് മനസ്സിലാക്കിയതിനാൽ അദ്ദേഹം കുടുംബക്കാരണവരായിരിക്കെ തറവാട്ട് സ്വത്തുക്കൾ അംഗങ്ങൾക്ക് വീതിച്ചു നൽകി.

കൂടാളിയിലെ ജനങ്ങൾക്ക് അറിവിന്റെ വെളിച്ചം പകർന്ന് നല്കുന്നതിന് വേണ്ടി കുംഭം കച്ചേരി വളപ്പിൽ ശ്രീ. കുഞ്ഞാമൻ ഗുരുക്കൾ 1881ൽ തന്നെ ഒരു എലിമെന്ററി സ്ക്കൂൾ സ്ഥാപിച്ചിരുന്നു. വിജ്ഞാന വിതരണം ഒരു തപസ്യയാക്കിയ ഒരു നാട്ടെഴുത്തച്ഛനായിരുന്നു അദ്ദേഹം. 1922ൽ പ്രസ്തുത സ്ക്കൂൾ ഹയർ എലിമെന്ററി സ്ക്കൂളായി ഉയർത്തുകയും കൂടാളിയിലേക്ക് മാറ്റുകയും ചെയ്തു. കെ. ടി. പത്മനാഭൻ നമ്പ്യാർ മാനേജരാകുകയും ചെയ്തു. പ്രസ്തുത സ്ക്കൂൾ 1945ൽ ഹൈസ്ക്കൂളായി. കൂടാളിയിൽ ഹൈസ്ക്കൂൾ സ്ഥാപിക്കുവാനുള്ള മഹത്തായ യത്നത്തിന് തുടക്കമിട്ടത്ീ. കെ. ടി. കുഞ്ഞിക്കമ്മാരൻ നമ്പ്യാർ ആയിരുന്നു. കൂടാളിയുടേയും പരിസരപ്രദേശങ്ങളുടേയും വിദ്യാഭ്യാസ സാംസ്ക്കാരിക പുരോഗതിക്ക് അതോടെ തുടക്കം കുറിച്ചു.

ഈ നൂറ്റാണ്ടിന്റെ തുടക്കത്തിൽ ആരംഭിച്ച മറ്റൊരു സ്ക്കൂളാണ് പട്ടാനൂർ എൽ. പി. സ്ക്കൂൾ. 1902ൽ പി. നാരായണൻ മാസ്റ്റർ ആരംഭിച്ച പ്രസ്തുത സ്ക്കൂൾ 1957ൽ UP സ്ക്കൂളായി. കുംഭം എന്ന സ്ഥലത്ത് മദിരാശി സർക്കാരിന്റെ അംഗീകാരമുണ്ടായിരുന്ന ഒരു സംസ്കൃത സ്ക്കൂൾ ആദ്യകാലത്ത് പ്രവർത്തിച്ചിരുന്നുവെങ്കിലും അത് ഇപ്പോൾ ഇല്ല. കൂടാളി ഹൈസ്ക്കൂളിന് പുറമെ നായാട്ടുപാറ എന്ന സ്ഥലത്ത് മറ്റൊരു ഹൈസ്ക്കൂൾ കൂടിയുണ്ട്. (KPC ഹൈസ്ക്കൂൾ പട്ടാനൂർ). പഞ്ചായത്തിലെ രണ്ട് ഹൈസ്ക്കൂളുകളും SSLC പരീക്ഷയിൽ ഉന്നത നിലവാരം പുലർത്തിവരുന്നുണ്ട്.

മധ്യകാലഘട്ടത്തിൽ ജന്മി നാട്ടുവാഴിത്തഭരണം ഇവിടുത്തെ സാമൂഹ്യ സാമ്പത്തിക പുരോഗതിക്ക് തടസ്സം നിന്നു. ചെറുപാട്ടക്കാരനായ ഒരു സാധാരണ കർഷകനെ രക്ഷിക്കുന്നതിന് ഒരു നിയമവും മലബാറിൽ ഉണ്ടായിരുന്നില്ല. ഇത്തരം നിയമത്തിനുള്ള മലബാറിലെ പ്രക്ഷോഭത്തിൽ കൂടാളിയിലെ കർഷകരും പങ്കെടുത്തു.

1957ൽ ഇ. എം. എസ്. മന്ത്രിസഭ കൊണ്ടുവന്ന കുടിയാനെ ഒഴിപ്പിക്കാൻ പാടില്ലെന്ന 'കുടിയായ്മ നിയമവും' '59ലെ 'കാർഷിക ബന്ധ നിയമവും' 70 'ഭൂപരിഷ്ക്കരണ നിയമവും' ജന്മിത്തം അവസാനിക്കുന്നതിനും കൃഷിഭൂമി കർഷകന്റേതെന്ന ഇവിടുത്തെയും കർഷകന്റെ ചിരകാല സ്വപ്നത്തിന്റെ സാക്ഷാത്കാരത്തിനും കാരണമായി. ഇത് ഉൽപാദന മേഖലയിൽ വമ്പിച്ച മാറ്റമുണ്ടാക്കി.

മാനവ സാംസ്ക്കാരിക കേന്ദ്രങ്ങളായി കാലത്തെ അതിജീവിച്ചുകൊണ്ട് കുറെ അമ്പലങ്ങളും ക്ഷേത്രങ്ങളും ഇവിടെ നിലനില്ക്കുന്നു. ധീരാത്മാക്കളെ ദൈവങ്ങളായി കെട്ടിയാടിച്ച് ആരാധിച്ച് വരുന്നു. ഹിന്ദുവും മുസൽമാനും ഏകോദരസഹോദരങ്ങളെപ്പോലെ ഇവിടെ കഴിഞ്ഞുവരുന്നു.

ആദ്ധ്യാത്മികരംഗത്ത് കൂടാളിയുടെ പേര് ചുറ്റുപാടും എത്തിക്കുന്ന ഒരു ആശ്രമവും ഈ ഗ്രാമപഞ്ചായത്തിൽ ഉണ്ട്. കൂടാളി യോഗിനിമാതാ ആശ്രമം, കാനിച്ചേരി.

90–91 കാലഘട്ടത്തിൽ സമ്പൂർണ്ണസാക്ഷരതാ യജ്ഞത്തോടനുബന്ധിച്ച് ജനകീയ പ്രസ്ഥാനത്തിന്റെ സംഘടിതശക്തി ലക്ഷ്യം നേടിയത് നാം കണ്ടതാണ്.

കാർഷിക പ്രധാനമായ ഒരു പഞ്ചായത്താണ് നമ്മുടേത്. വിവിധരംഗങ്ങളിൽ വളരെ പിന്നോക്കാവസ്ഥയുള്ള പ്രദേശം. വികസനം മുരടിച്ചിരിക്കുന്നു. വെല്ലുവിളികളെ നാം സുധീരം നേരിടേണ്ടിയിരിക്കുന്നു. രാഷ്ട്രത്തിന്റെ വർദ്ധിച്ചുവരുന്ന പ്രശ്നങ്ങളുടെ വെളിച്ചത്തിൽ നമുക്ക് വേണ്ടത് മനുഷ്യസ്നേഹത്താൽ പ്രചോദിതമായ വേലിയേറ്റം ഉണ്ടാക്കി ജനഹൃദയങ്ങളിൽ എത്തിക്കുകയാണ്. ഇപ്രകാരമുള്ള ആവേശത്തിന്റെ പിന്തുണയോടെ മാത്രമേ ജനകീയാസൂത്രണപരിപാടി ഫലപ്രദമായി നടപ്പിൽ വരുത്തുവാൻ കഴിയുകയുള്ളൂ.

# കൂടാളി ഗ്രാമപഞ്ചായത്ത്

## ഭൂപ്രകൃതി

40.27 ച. കിലോമീറ്റർ വിസ്തൃതിയുള്ള കൂടാളി ഗ്രാമപഞ്ചായത്തിൽ കൂടാളി, പട്ടാനൂർ വില്ലേജുകൾ ഉൾപ്പെടുന്നു. കടൽ നിരപ്പിൽനിന്നും 7.5 മീറ്റർ ഉയരത്തിനും 75 മീറ്റർ ഉയരത്തിനും ഇടയിൽ സ്ഥിതി ചെയ്യുന്ന ഇടനാട് (Midland) എന്ന വിഭാഗത്തിൽ കൂടാളി പഞ്ചായത്ത് ഉൾപ്പെടുന്നു. ചരൽ നിറഞ്ഞ ചെമ്മണ്ണും ചെങ്കല്ലും നിറഞ്ഞതാണ് പൊതുവേ ഈ പ്രദേശം.

വളപട്ടണം നദി ഈ പഞ്ചായത്തിന്റെ വടക്ക് ഭാഗത്ത് കൂടി ഒഴുകുന്നു. ഉയർന്ന സമതലങ്ങളും ചെറുതും വലുതുമായ കുന്നുകളും നിറഞ്ഞതാണ് ഈ പ്രദേശം. സമതലങ്ങൾക്കും കുന്നുകൾക്കും ഇടയിലുള്ള താഴ്ന്ന പ്രദേശങ്ങൽ ഫലപുഷ്ടിയുള്ള നെൽവയലുകളാണ്.

പഞ്ചായത്തിലെ രണ്ടു വില്ലേജുകളിലെയും ദേശം തിരിച്ചുള്ള പ്ലോട്ടുകളുടെ എണ്ണവും നിലം, കരഭൂമി (പുറമ്പോക്കുകൾപ്പെടെ) എന്നിവയും വിസ്തൃതിയും താഴെ കൊടുക്കുന്നു.
കണ്ണൂർ ജില്ല വിസ്തൃതി – 2966 Sq. km.

| | ദേശം | പ്ലോട്ടിന്റെ എണ്ണം | | | വിസ്തൃതി | | |
|---|---|---|---|---|---|---|---|
| | | നിലം | കര | ആകെ | നിലം | കര | ആകെ |
| കൂടാളി വില്ലേജ് | താറ്റിയോട് | 58 | 271 | 329 | 93.98 | 636.71 | 730.61 |
| | കൂടാളി | 19 | 336 | 355 | 39.19 | 379.84 | 419.03 |
| | കാവുന്താഴ | 58 | 224 | 282 | 71.30 | 387.48 | 458.78 |
| | പൂവത്തൂർ | 44 | 228 | 272 | 67.50 | 788.80 | 856.30 |
| | മുട്ടനൂർ | 91 | 420 | 511 | 106.80 | 1559.51 | 1666.31 |
| | ആകെ. | 270 | 1479 | 1749 | 378.77 | 3752.34 | 4131.11 |
| പട്ടാനൂർ വില്ലേജ് | കോവൂർ | 53 | 193 | 246 | 52.50 | 713.31 | 765.81 |
| | ചോല | 6 | 87 | 93 | 14.51 | 277.34 | 291.85 |
| | നിടുകുളം | 9 | 52 | 61 | 13.12 | 146.66 | 159.78 |
| | പട്ടാനൂർ | 70 | 439 | 509 | 98.23 | 1337.22 | 1435.45 |
| | കൂരാരി | – | 67 | 67 | | 174.98 | 174.98 |
| | ആയിപ്പുഴ | 3 | 116 | 119 | 3.11 | 274.86 | 277.97 |
| | പാണലോട് | 3 | 94 | 97 | 7.30 | 246.10 | 253.40 |
| | കുന്നോത്ത് | 86 | 263 | 349 | 64.07 | 581.92 | 645.99 |
| | കൊടോളിപ്രം | 129 | 510 | 639 | 174.25 | 1655.70 | 1829.95 |
| | ആകെ. | 359 | 1821 | 2180 | 427.09 | 5408.09 | 5835.18 |
| | Grant Total | 629 | 3300 | 3929 | 805.86 | 9160.43 | 9966.29 |

കേരളം വിസ്തൃതി - 38863 Sq. km.

ഭൂപ്രകൃതിയനുസരിച്ച് പഞ്ചായത്തിനെ പ്രധാനമായും നാലായി തരംതിരിക്കാം. കുന്നിൻ പള്ളകൾ (ചെരിവുകൾ), താഴ്‌വരകൾ, ഉയർന്ന സമതലപ്രദേശങ്ങൽ എന്നിങ്ങനെ. താഴ്ന്നപ്രദേശങ്ങൾ ആകെ വിസ്തീർണ്ണത്തിന്റെ 8 ശതമാനത്തോളം വരും. (326.13 ഹെക്ടർ) ഇതിൽ അതിവർഷം ഉണ്ടെങ്കിൽ മാത്രം പട്ടാനൂർകടവ് പ്രദേശത്ത് സുമാർ 5 ഹെക്ടറോളം സ്ഥലത്ത് വെള്ളം കയറും. കാവുന്താഴ എലിക്കുളം ഭാഗത്തും മുട്ടന്നൂർ മഠപ്പുര താഴെ വയലിലും കൊടോളിപ്രം നായ്ക്കാലി ഭാഗത്തും വെള്ളം ഒഴിഞ്ഞു പോകാൻ വിഷമം ഉണ്ടാകാറുണ്ട്. (ഉദ്ദേശം 15 ഹെക്ടർ സ്ഥലത്ത്). പുഴയോര ചെരിവ് പ്രദേശങ്ങൾ ഫലപുഷ്ടങ്ങളാണ്. തീരസംരക്ഷണം ഇല്ലാത്തതിനാൽ മണ്ണൊലിപ്പ് മൂലം ധാരാളം സ്ഥലം നഷ്ടപ്പെടുന്നു.

**ഉയർന്ന സമതലങ്ങൾ:**

ബങ്കണപ്പറമ്പ്, മുണ്ടയാംപറമ്പ്, പാറപ്രം (പൂവത്തൂർ), കോരാറമ്പ്, താറ്റിയോടിന്റെ ചില ഭാഗങ്ങൾ, (കാനിച്ചേരി, ബംഗളാവ് മെട്ട) നായാട്ട്പാറ, വെള്ളപ്പറമ്പ്, ചിത്രാരി, കൊളപ്പ, ആയിപ്പുഴ എന്നീ ഭാഗങ്ങൾ പൊതുവെ ഉയർന്ന സമതലങ്ങളാണ്.

**പ്രധാനപ്പെട്ട കുന്നുകൾ:**

കരിങ്കച്ചാൻ കുന്ന്, വാഴക്കുന്നു, മാലാക്കാട് കുന്ന്, കരടിക്കുന്ന്, കുന്നോത്ത് കുന്ന്, നായാട്ടുപാറക്കുന്ന്, വരുവക്കുണ്ട്കുന്ന്, വെള്ളിയാംപറമ്പ് കുന്ന്, കമ്മാളൻകുന്ന്, പോളാട്കുന്ന്, ആമേരിക്കുന്ന്, ആയിപ്പുഴ-കൊളപ്പക്കുന്ന്, കാവുംകുന്ന് (നിടുകളും കുന്ന്), ചോലക്കുന്ന്, കോവൂർകുന്ന് എന്നിവയാണ് പ്രധാനപ്പെട്ട കുന്നുകൾ.

കരടിക്കുന്ന്, പാളാട്കുന്ന്, ആയിപ്പുഴ കൊളപ്പക്കുന്നിന്റെ ആയിപ്പുഴഭാഗം എന്നിവയുടെ അടിഭാഗത്ത് കരിങ്കല്ല് കണ്ടുവരുന്നു. കൊളപ്പക്കുന്ന് ഭാഗത്ത് ചെങ്കല്ല് നിടുകുളം കുന്ന് ഭാഗങ്ങളിൽ കരിങ്കല്ലും ചെങ്കല്ലും കണ്ടുവരുന്നു. ആയിപ്പുഴ, പാളാട് ഭാഗങ്ങളിൽ പല കിണറുകളിലും കരിങ്കല്ല് ഉണ്ട്. അപൂർവ്വമായി മറ്റു ഭാഗങ്ങളിലെ ചില കിണറുകളിലും കരിങ്കല്ല് ഉണ്ട്. ഉയർന്ന സമതലങ്ങളിലെല്ലാം ചെങ്കല്ല് (കൊത്ത്കല്ല്) ധാരാളമായുണ്ട്.

നെൽവയലുകൾ കുറേ നികത്തപ്പെട്ടുവെങ്കിലും താറ്റിയോട്, കൂടാളി, കാവുന്താഴ, മുട്ടന്നൂർ, കുന്നോത്ത്, കൊടോളിപ്രം, പട്ടാനൂർ, കോവൂർ, നിടുകുളം എന്നിവിടങ്ങളിൽ നല്ല ഫലപുഷ്ടിയുള്ള ഭൂമി (നിലം) ഇപ്പോഴുമുണ്ട്.

കൊടോളിപ്രം ദേശത്തെ 'ആമേരി' കുന്നുംവയലും നിറഞ്ഞ ജലലഭ്യതയുള്ള പ്രദേശമാണ്. എല്ലാതരം നാണ്യവിളകളും ഇവിടെ കൃഷിചെയ്യുന്നു. വയലിൽ രണ്ട് വിള കൃഷിയെടുക്കുന്നു. കൊടോളിപ്രം സ്ക്കൂളിന് ചുറ്റുമുള്ള പാലക്കീൽ പ്രദേശത്ത് കൂടുതലും വയലുകളാണ്. ഒറ്റവിളയാണ് കരഭൂമിയിൽ കാപ്പുക്കാട് എന്ന പ്രദേശത്ത് ചെങ്കല്ല് കൊത്തുന്നു. അടുത്തുതന്നെ ഒരു കരിങ്കൽ ക്വാറിയുമുണ്ട്. 'തൊടിയാർ', 'പുല്പക്കരി' എന്നിവ വരൾച്ചയുള്ള പ്രദേശമാണ്. ചാത്തോത്ത് താഴവയലിൽ 2 വിള കൃഷിചെയ്യുന്നു. പുല്പക്കരിയിൽ കുടിവെള്ളക്ഷാമം ഉണ്ട്. മട്ടന്നൂർ മുൻസിപ്പാലിറ്റി അതിർത്തിയോട് ചേർന്നു കിടക്കുന്ന ഉയർന്ന പ്രദേശങ്ങളിൽ കശുമാവ് കൃഷിയുണ്ട്.

**നായ്ക്കാലി:** കുന്നും വയലും നിറഞ്ഞ പ്രദേശം. കുളത്തുവയലിൽ 2 വിള എടുക്കുന്നു. നിലം കുറേ നികത്തിയിരിക്കുന്നു. ഫലപുഷ്ടിയുള്ള മണ്ണ്. നായ്ക്കാലിവയലിലും രണ്ടുവിളനെല്ല്. തെങ്ങ്, കവുങ്ങ്, കുരുമുളക്, കശുമാവ് എന്നിവ കൂടുതലായി കൃഷിചെയ്യുന്നു.

കായലോട് പ്രദേശത്ത് വയലിൽ ഇരുവിളനെല്ല്. രണ്ടാംവിളക്ക് ജലക്ഷാമം ഉണ്ടാകാറുണ്ട്. എല്ലാതരം നാണ്യവിളകളും കൃഷിചെയ്യുന്നു. 'അരിങ്ങോട്ടുംമൂല' ഭാഗത്ത് രണ്ട് വിള നെല്ല് കൃഷിചെയ്യുന്നു.

ഒമ്പതാം വാർഡിലെ തൃക്കോൺകുണ്ടം, കോളേരി, ഞേങ്ങാട്, തളപ്പാട് എന്നിവിടങ്ങളിലും എല്ലാതരം കൃഷിയും ചെയ്യുന്നു. പുഴയോര ചെരിവുകളിൽ നല്ല ഫലപുഷ്ടിയുള്ള മണ്ണാണ്. എല്ലാതരം നാണ്യവിളകളും ഉണ്ട്. ആലച്ചേരി, തുമ്പോൽ വയലുകൾ നികത്തിയിരിക്കുന്നു.

താറ്റിയോട്, കാവുന്താഴ, കൂടാളി, മുട്ടാന്നൂർ, പട്ടാനൂർ ഭാഗങ്ങളിലും രണ്ടാം വിള നെൽകൃഷി ധാരാളമുണ്ട്. മേൽപ്രദേഷങ്ങളിലും പൂവത്തൂരും ധാരാളം തെങ്ങുകൃഷിയുണ്ട്. മുട്ടന്നൂർ, പട്ടാനൂർ, കോവൂർ, കോടോളിപ്രം പ്രദേശങ്ങളിൽ കശുമാവ് കൃഷി ധാരാളമുണ്ട്. പുഴയോര ദേശങ്ങളിലും താഴ്ന്ന പ്രദേശങ്ങളിലും കവുങ്ങും കുരുമുളകും ധാരാളമായി കൃഷിചെയ്യുന്നു. നേന്ത്രവാഴ, കിഴങ്ങുവർഗ്ഗങ്ങൾ, പച്ചക്കറി എന്നിവയും പഞ്ചായത്തിൽ കൃഷി ചെയ്തുവരുന്നു.

പഞ്ചായത്തിന്റെ വടക്ക് ഭാഗത്തുകൂടി ഒഴുകുന്ന വളപട്ടണം പുഴ ധാരാളം മണലും കൊണ്ടുവരുന്നു. ആയിപ്പുഴ, കൂരാരി, നിടുകുളം ഭാഗങ്ങളിൽ പുഴയിൽനിന്ന് പൂഴി എടുക്കുന്നു. 100ഓളം തൊഴിലാളികൾ ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്.

# ജനപ്രകൃതി

1991ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 25518 ആണ്. ഇതിൽ 12700 പേർ പുരുഷന്മാരും 12818 പേർ സ്ത്രീകളുമാണ്. പട്ടികജാതിക്കാർ 472. ഇതിൽ 228 പേർ പുരുഷന്മാരും 244 പേർ സ്ത്രീകളുമാണ്. പട്ടിക ജാതിക്കാർ ജനസംഖ്യയുടെ 1.85% മാത്രമേ ഉള്ളൂ.

പട്ടികവർഗ്ഗക്കാർ ഈ പഞ്ചായത്തിൽ താമസമില്ല. 1000. പരുഷന്മാർക്ക് 1009 സ്ത്രീകളാണ്. ഇത് സംസ്ഥാന ശരാശരിയേക്കാൾ കുറവാണ്. ജനസാന്ദ്രത 634 ആണ്. ഇതും സംസ്ഥാന ശരാശിയേക്കാൾ കുറവാണ്. പട്ടാനൂർ വില്ലേജിന്റെ പല ഭാഗങ്ങളിലും ആൾപാർപ്പ് കുറവാണ്. ഉയർന്ന സമതലങ്ങളിലെ ജലലഭ്യതയുടെ കുറവാണ് കാരണം.

| പഞ്ചായത്ത് | കൂടാളി |
|---|---|
| ഗ്രേഡ് | I |
| താമസമുള്ള വീടുകൾ | 4066 |
| കുടുംബങ്ങളുടെ എണ്ണം | 4116 |
| ആകെ ജനസംഖ്യ | 25518 |
| പുരുഷന്മാർ | 12700 |
| സ്ത്രീകൾ | 12818 |
| പട്ടികജാതിക്കാർ | 472 |
| പുരുഷന്മാർ | 228 |
| സ്ത്രീകൾ | 244 |
| ജനസാന്ദ്രത / $Km^2$ | 634 |
| ആൺ - പെൺഅനുപാതം | 1009 |
| സാക്ഷരതാശതമാനം | 90.37 |
| പുരുഷന്മാർ | 95.04 |
| സ്ത്രീകൾ | 85.79 |

**ജനസാന്ദ്രത:**

കണ്ണൂർ ജില്ല - 759 കേരളം - 799

അവലംബം: Panchayat level statistics economics & statistics dept.

സാക്ഷരതശതമാനം 90.37 ആണ്.

ജനസംഖ്യയിൽ 7132 പേർ സ്ഥിരം ജോലിയുള്ളവരും 699 പേർ ഭാഗികമായി ജോലിയുള്ളവരുമാണ്. പുരുഷന്മാരിൽ 44.39%നും സ്ത്രീകളിൽ 16.88%നും മാത്രമേ ജോലിയുള്ളൂ. വിവിധ മേഖലകളിൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ വിവരം താഴെ കൊടുക്കുന്നു.

| തൊഴിൽ രംഗം | പുരുഷന്മാർ | സ്ത്രീകൾ | ആകെ |
|---|---|---|---|
| സ്ഥിരം ജോലിക്കാർ | 5325 | 1807 | 7132 |
| ഭാഗിക ജോലിക്കാർ | 312 | 357 | 699 |
| ആകെ | 5637 | 2164 | 7804 |
| ജോലിയുള്ളവരുടെ ആൺ–പെൺ അനുപാതം | 44.39 | 16.88 | 30.57 |

| തൊഴിൽ രംഗം | പുരുഷന്മാർ | സ്ത്രീകൾ | ആകെ |
|---|---|---|---|
| നിർമ്മാണപ്രവർത്തനം | 135 | 4 | 139 |
| കച്ചവടം, വാണിജ്യം | 880 | 21 | 901 |
| ഗതാഗതം, സ്റ്റോറേജ്, | 348 | 11 | 359 |
| കമ്മീഷൻ മറ്റുള്ളവ | 719 | 244 | 963 |
| ആകെ സ്ഥിരജോലിയുള്ളവർ | 5325 | 1807 | 7132 |

കർഷകർ, കർഷകത്തൊഴിലാളികൾ, മൃഗസംരക്ഷണം, വനം, മത്സ്യബന്ധനം, വില്പന, ചെറുകിട ഉത്പാദനമേഖല തുടങ്ങിയവയിലും മറ്റും ജോലിചെയ്യുന്നവരുടെ പട്ടിക താഴെ കൊടുക്കുന്നു.

| തൊഴിൽ മേഖല | പുരുഷന്മാർ | സ്ത്രീകൾ | ആകെ |
|---|---|---|---|
| കൃഷിക്കാർ | 581 | 299 | 880 |
| കർഷകത്തൊഴിലാളികൾ | 1390 | 1040 | 2430 |
| മൃഗസംരക്ഷണം, വനം, മത്സ്യബന്ധനം, വില്പന ഖനനം | 61 | 51 | 112 |
| ചെറുകിട ഉൽപ്പാദന മേഖല | 507 | 75 | 582 |
| മറ്റു ചെറുകിട വ്യവസായം | 122 | 28 | 150 |
| ഉൽപ്പാദനം സർവ്വീസിംഗ് | 542 | 925 | 634 |

കൃഷിയാണ് മുഖ്യതൊഴിൽരംഗം. വാണിജ്യമേഖലയിലും, വിവിധ സേവനതുറകളിലും ചെങ്കൽ, കരിങ്കൽ മേഖലയിലുമാണ് കൂടുകൽ ആളുകൾ ജോലിചെയ്യുന്നതെന്ന കാണാം. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം കുറവാണ്.

**ജലപ്രകൃതി:**

ഏതൊരു പ്രദേശത്തിന്റേയും ജലലഭ്യത അവിടെ ലഭിക്കുന്ന മഴയുടെ അളവ്, ഭൂപ്രകൃതി, ഭൂഗർഭ ശാസ്ത്രപരമായ പ്രത്യേകതകൾ, മണ്ണിന്റെ ഘടന, ഭൂഉപയോഗം എന്നിവയെ ആശ്രയിച്ചിരിക്കും. പെയ്യുന്ന മഴയുടെ ഒരു നിശ്ചിത അളവ് നീരാവിയായും നിരൊഴുക്കായും സ്വേദനമായും ഭൂഗർഭജലമായും മാറുന്നു. കേരളത്തിലെ 1993ലെ വർഷപാതം 3063 മില്ലിമീറ്ററും കണ്ണൂർ ജില്ലയിലേത് 3467 മില്ലീമീറ്ററുമാണ്. താരതമ്യ പഠനത്തിന് വേണ്ടി പഞ്ചായത്തിൽ 1993, 1994, 1995 എന്നീ വർഷങ്ങളിൽ ലഭിച്ച മഴയുടെ അളവ് താഴെ കൊടുക്കുന്നു.

| വർഷം | ലഭിച്ച മഴ ന്ന.ന്ന | മാസശരാശരി ന്ന.ന്ന |
|---|---|---|
| 1993 | 3520 | 299.33 |
| 1994 | 3594 | 299.50 |
| 1995 | 3355 | 279.50 |

പട്ടികയിൽനിന്നും സാമാന്യം നല്ല മഴ പഞ്ചായത്തിൽ ലഭിച്ചതായി കാണാം. കേരളത്തിൽ പൊതുവേ മഴയുടെ 60% തെക്ക്പടിഞ്ഞാറൻ കാലവർഷക്കാലത്തും (ജൂൺ to ആഗസ്റ്റ്) 25% വടക്കുകിഴക്കൻ തുലാവർഷക്കാലത്തും (സപ്തംബർ–നവംബർ) ബാക്കി 15% വേനൽക്കാലങ്ങളിലും (ഡിസംബർ–മെയ്) ലഭിക്കുന്നു. പഞ്ചായത്തിലും ഇത് ഏറെക്കുറെ ശരിയാണ്.

സുമാർ 30 കി.മീ. നീളംവരുന്ന ചെറുതും വലുതുമായ വിവിധ തോടുകളും 9 പൊതുകുളങ്ങളും സാമാന്യം വലിയ 25 സ്വകാര്യകുളങ്ങളും അമ്പതോളം കുണ്ടുകുളങ്ങലും വളപട്ടണം പുഴയുടെ സുമാർ 6 km. നീളംവരുന്ന ഭാഗവും രണ്ടു ശാഖകളിലായി പഴശ്ശി കനാലിന്റെ സുമാർ 5 km. ഭാഗവും വാട്ടർ അതോറിറ്റിയുടെ കൂടാളിയിലുള്ള ഒരു കിണറും അടങ്ങുന്നതാണ് പഞ്ചായത്തിലെ ഉപരിതല ജലസംഭരണ സംവിധാനം. പഠനപര്യടനത്തിൽക്കൂടി മനസ്സിലാക്കിയ ഒരിക്കലും വറ്റാത്ത 3 നീരുറവകളുടേയും 3 വെള്ള കുണ്ടുകളുടെയും പേർ വിവരങ്ങൾ താഴെ കൊടുക്കുന്നു.

1. താറ്റിയോട് കാനിച്ചേരി ആശ്രമപരിസരത്ത് പാറയിടുക്കിൽനിന്ന വരുന്ന നീരുറവ.
2. കൊടോളിപ്രം ചുണ്ടോലിൽ വരേക്കാവിന്റെ അടുത്തുനിന്നുള്ള നീരുറവ.
3. ചിത്രാരി–കല്യാടൻ വീടിന്റെ മുകളിലെ കുന്നിൻചെരുവിൽനിന്ന് വരുന്ന നീരുറവ.

**വെള്ളകുണ്ടുകുളം;**

1. 7–ാം വാർഡിൽ പണലാട് കാളാംപാറ അവസാനിക്കുന്നിടത്തുള്ള ചെറിയ വെള്ളക്കുഴി. (ശങ്കരൻ വൈദ്യരുടെ വീടിനടുത്ത്)
2. പട്ടറെവായാട് എന്ന സ്ഥലത്തുള്ള വെള്ളക്കുഴി
3. ചിറയിൽകാവിൽ ഉള്ള വെള്ളക്കുഴി.

താഴ്വരപ്രദേശങ്ങളിലും കീഴ്ചെരിവ് പ്രദേശങ്ങളിലും ജലലഭ്യത ഉയർന്ന തോതിലുണ്ട്. ഉയർന്നപ്രദേശങ്ങളിൽ ജലദൗർലഭ്യം ഉണ്ട്. വളപട്ടണം പുഴയിൽ പട്ടാനൂർ കടവിന് മുകൾഭാഗം വരെ ഉപ്പുവെള്ളം കയറുമെങ്കിലും അത് ഏപ്രിൽ മെയ് മാസങ്ങളിൽ മാത്രമേയുണ്ടാകാറുള്ളൂ. പഞ്ചായത്തിൽ ഓരു ജലശല്യം ഇല്ല.

താറ്റിയോട്, കൂടാളി, കാവുന്താഴ, പൂവത്തൂർ എന്നീ പ്രദേശങ്ങളിൽ കൂടി ഒഴുകുന്ന തോടുകൾ പടിഞ്ഞാറോട്ട് ഒഴുകി മാണിയൂർ വഴി മുണ്ടേരി പുഴയിൽ ലയിക്കുന്നു. ( 1to 4 വാർഡ്). അഞ്ചാം വാർഡിൽ ഉൾപ്പെട്ട മുട്ടന്നൂർ കൂവയിൽ മഠപ്പുരക്ക്സമീപം-ഗ്രാമദീപം വായനശാലവഴി- മുട്ടന്നൂർ മഠപ്പുരയ്ക്ക് സമീപം വഴി എടയന്നൂരിലേക്ക് ഒഴുകുന്ന തോട് കീഴല്ലൂർ പുഴയിൽ എത്തിച്ചേരുന്നു. (തെക്കോട്ടൊഴുകി പിന്നീട് കിഴക്കോട്ടൊഴുകുന്നു). 6 മുതൽ 11 വരെയുള്ള വാർഡുകളിലുള്ള മുഴുവൻ തോടുകളും വിവിധ സ്ഥലങ്ങളിൽവെച്ച് വളപട്ടണം പുഴയിൽചെന്ന് ചേരുന്നു.

**ജൈവസമ്പത്ത്;**

പഞ്ചായത്തിലെ ജൈവസമ്പത്തിനെപ്പറ്റി പഠനം നടത്തിയിട്ടില്ല. കീടനാശിനികളുടെ ഉപയോഗംമൂലം കുളങ്ങളിലേയും തോടുകളിലേയും പലതരം മത്സ്യങ്ങളും ഇന്ന് കാണാനില്ല. വയലുകളിൽ ഒരു കാലത്ത് ധാരാളമുണ്ടായിരുന്ന നൊയിച്ചിങ്ങ അപൂർവ്വ ജീവിയായിരിക്കുന്നു. 50 വർഷം മുമ്പുവരെ ഇവിടുത്തെ ചെറുകാടുകളിൽ പുലിയുണ്ടായിരുന്നതായി പറയപ്പെടുന്നു. അതെല്ലാം സ്ഥലം വിട്ടിരിക്കുന്നു. കാട്ടുമുയൽ, മുള്ളൻപന്നി എന്നിവയും അപ്രത്യക്ഷമായിരിക്കുന്നു. തോടുവക്കുകളിൽ ഒരു കാലത്ത് ധാരാളമുണ്ടായിരുന്ന കൈത (പായ മെടയാൻ ഉപയോഗിക്കുന്നത്) കുറഞ്ഞുവരുന്നു. വനം തീരെയില്ലെങ്കിലും മോശമല്ലാത്ത സസ്യസമ്പത്ത് ഈ പഞ്ചായത്തിൽ ഉണ്ട്. കൊടോളിപ്രം കക്കോട് ഭാഗത്ത് 600ൽ അധികം ഇനങ്ങളുള്ള ഒരു ഔഷധസസ്യതോട്ടം ശ്രീ. K. P. കൃഷ്ണൻമാസ്റ്റർ നട്ടുവളർത്തുന്നുണ്ട്.



കൂടാളി പഞ്ചായത്ത്
വാർഡുകൾ
N
കുറ്റ്യാട്ടൂർ പഞ്ചായത്ത്
ഇരിക്കൂർ പഞ്ചായത്ത്
IV കാവുന്താഴെ
I കൂടാളി
II മുല്ലക്കരി
II താറിയോട്
V കൊളോളം
VI കോവൂർ
VII കൊളപ്പ
VIII കൂരാരി
IX ആയിപ്പുഴ
X കൊടോളിപ്രം
XI കുന്നോത്ത്
അഞ്ചരക്കണ്ടി പഞ്ചായത്ത്
കീഴല്ലൂർ പഞ്ചായത്ത്
മട്ടന്നൂർ മുനിസിപ്പാലിറ്റി

# സ്കൂളുകൾ




1. കാവുന്താഴ LP സ്കൂൾ
2. കൂടാളി ഹൈസ്കൂൾ
3. കൂടാളി. U.P. സ്കൂൾ
4. താറ്റ്യോട് നോർത്ത് LP സ്കൂൾ
5. ദുർഗാവിലാസം LP സ്കൂൾ
6. മുട്ടന്നൂർ യു.പി. സ്കൂൾ
7. ദേശമിത്രം LP. സ്കൂൾ
8. KPCHS പട്ടാന്നൂർ
9. കണ്ണോത്ത് U.P. സ്കൂൾ
10. GLPS. കൊടോളിപ്രം
11. ചോളാട് LP സ്കൂൾ
12. GUPS ആയിപ്പുഴ
13. പട്ടാന്നൂർ UP സ്കൂൾ
14. കൊവ്വൂർ സെൻട്രൽ LPS
15. കോവ്വൂർ LPS. നിടുകുളം

# കൃഷിയും ജലസേചനവും

പ്രകൃതി കനിഞ്ഞനുഗ്രഹിച്ച സൗകുമാര്യവും കർഷകരുടെ കഠിനാദ്ധ്വാനം വിളയിച്ച കാർഷിക വിഭവങ്ങളും കൊണ്ട് ഹരിതാഭയണിഞ്ഞ ഭൂപ്രദേശമാണ് കൂടാളി പഞ്ചായത്ത്.

41.723 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള ഈ പഞ്ചായത്തിൽ 805.86 ഏക്കറോളം വയലുകളും ബാക്കി കരഭൂമിയുമാണ്. വയലുകളിൽ 18 ശതമാനത്തോളം ഇന്ന് നികത്തപ്പെട്ടിരിക്കുന്നു.

ചരിത്രമുറങ്ങുന്ന കൂടാളിയും കവുങ്ങുകൾക്ക് പ്രസിദ്ധികേട്ട മുട്ടന്നൂർ മാര്യോട്ടുമൂലയും വളപട്ടണം പുഴയുടെ കരസ്പർശം കൊണ്ട് സമ്പുഷ്ടമായ നായ്ക്കാലിയും നെൽവയലുകൾ പരന്നുകിടക്കുന്ന കൊടോളിപ്രം, കോവൂർ, കുന്നോത്ത്, പട്ടാന്നൂർ, മുട്ടന്നൂർ, കാവുന്താഴ, തറ്റ്യോട് പ്രദേശങ്ങളും പഞ്ചായത്തിലെ കൃഷിയുടെ മർമ്മ പ്രദേശങ്ങളാണ്.

## പ്രധാന കൃഷികൾ:

നെല്ല്, തെങ്ങ്, കവുങ്ങ്, കുരുമുളക്, വാഴ, റബ്ബർ, കശുവണ്ടി, മരച്ചീനി എന്നിവയാണ് പൊതുവെ ഇവിടെ കൃഷിചെയ്തിവരുന്നത്. ഇടക്കാലവിളകളായി പയർ, എള്ള്, ചേമ്പ്, മഞ്ഞൾ, ചേന, ഇഞ്ചി, പച്ചക്കറികൾ എന്നിവയും കൃഷിചെയ്തുവരുന്നു. ഒന്നുമുതൽ അഞ്ചുവരെ വാർഡുകളിൽ റബ്ബർകൃഷി നാമമാത്രമാണെങ്കിലും ആറുമുതൽ പതിനൊന്നുവരെയുള്ള വാർഡുകളിൽ കശുമാവിനുപകരം വൻതോതിൽ റബ്ബർ കൃഷി ആരംഭിച്ചിട്ടുണ്ട്. വിളകളുടെ വിസ്തീർണ്ണവും ഉല്പാദനവും താഴെ കൊടുക്കുന്നു.

**വിളവിസ്തീർണ്ണവും ഉല്പാദനവും (കൃഷിഭവൻരേഖ)**

| വിള | വിസ്തീർണ്ണം (ഹെക്ടർ) | മൊത്തം ഉൽപ്പാദനം | ഉൽപ്പാദനക്ഷമത (ഹെക്ടറിൽ) |
|---|---|---|---|
| നെല്ല് (ഒന്നാംവിള) | 110 | 3,30,000 Kg | 3000 Kg/ha |
| നെല്ല് (രണ്ടാംവിള) | 90 | 2,79,000 Kg | 3100 Kg/ha |
| നെല്ല് (മൂന്നാംവിള) | 5 | 12,000 Kg | 2400 Kg/ha |
| പയർ | 60 | 30,000 Kg | 500 Kg/ha |
| എള്ള് | 2 | 150 Kg | 75 Kg/ha |
| പച്ചക്കറികൾ | 30 | 90,000 Kg | 3000 Kg/ha |
| തെങ്ങ് | 2055 | 60,000 Nos | 28 Nos/Palm |
| നേന്ത്രവാഴ | 65 | 13,00,000 Kg | 20,000 Kg/ha |
| മരച്ചീനി | 40 | 4,80,000 Kg | 12,000 Kg/ha |
| കുരുമുളക് | 105 | 78750 Kg | 750 Kg/ha |
| പ്ലാവ് | 6 | 30,000 Nos | 25/Tree |
| കശുമാവ് | 820 | 4,92,000 Kg | 600 Kg/ha |
| മാവ് | 45 | 1,35,000 Kg | 3000 Kg/ha |
| റബ്ബർ | 42 | 40,320 Kg | 960 Kg/ha |
| കവുങ്ങ് | 160 | 4,40,00,000 Nos | 250 Nos/Palm |

**കർഷകർ:**

അനുദിനം എണ്ണം കുറഞ്ഞുകൊണ്ടിരിക്കുന്ന ഒരു വിഭാഗമായി മാറിയിരിക്കുന്നു ഇവിടുത്തെ കർഷകർ. പുതുതായി ആരുംതന്നെ മണ്ണിലിറങ്ങി പണിയെടുക്കാത്ത അവസ്ഥ കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും എണ്ണം കുറയ്ക്കുന്ന പ്രധാന ഘടകമാണ്. പൊതുവെ നിലവിലുള്ള കർഷകരെ താഴെ പറയും വിധം മൂന്ന് വിഭാഗങ്ങളാക്കാം.

| നാമമാത്രകർഷകർ (ഒരു ഹെക്ടറിൽ താഴെ) | ചെറുകിട കർഷകർ (ഒന്നുമുതൽ 2 ഹെക്ടർവരെ) | വൻകിടകർഷകർ (2 ഹെക്ടറിനുമേൽ) |
|---|---|---|
| 4810 പേർ | 424 പേർ | 86 പേർ |

**വിത്തിനങ്ങൾ:**

മുൻകാലങ്ങളിൽ കയമ, വടക്കൻചിറ്റേനി, കുറൂരായി എന്നീ നാടൻ നെൽവിത്തുകൾ കൃഷിചെയ്തുവന്നവർ ഇപ്പോൾ അത്യുല്പാദനശേഷിയുള്ള ജ്യോതി, പവിഴം, സ്വർണ്ണപ്രഭ എന്നീ വിത്തിനങ്ങളും പരിഷ്ക്കരിച്ച വിത്തിനമായ ഒ. ടി. പിയും ഒന്നാം വിളക്ക് ഉപയോഗിച്ചുവരുന്നു. രണ്ടാംവിളക്കും, മൂന്നാംവിളക്കും നാടൻ വിത്തിനങ്ങൾ തന്നെയാണ് കൂടുതലായും ഉപയോഗിച്ചുവരുന്നത്.

**മണ്ണ്:**

കാവുന്താഴ മാര്യാങ്കരി ബങ്കണപ്പറമ്പ്, പൂവ്വത്തൂർ പാറപ്രം, താറ്റിയോടിലെ ഉയർന്ന പ്രദേശങ്ങൾ ഒമ്പതാം വാർഡിലെ കാളാമ്പാറ, എടുപ്പിൽ മൂന്നാം കള പത്താം വാർഡിലെ കാപ്പുക്കാട് എന്നിവിടങ്ങളിൽ ചരൽ കലർന്ന മണ്ണ് കാണപ്പെടുന്നു. കോടോളിപ്രം അരിങ്ങോട്ടുമൂല, കായലോട് ചതുപ്പ് നിലങ്ങളുണ്ട്. കൂരാരിയിൽ ഇരിക്കൂർ പാലത്തിനടുത്ത് എക്കൽമണ്ണും നായ്ക്കാലിക്കുന്നകൾ, മുട്ടന്നൂർ കരപ്രദേശം എന്നിവടങ്ങളിൽ ചുവന്ന ലാറ്ററൈറ്റ് മണ്ണും കാണപ്പെടുന്നു. നിടുകുളത്ത് മണൽ നിക്ഷേപമുണ്ട്. കൂടാതെ, കരിങ്കൽ, ചെങ്കൽ എന്നിവയും പല സ്ഥലങ്ങളിലുമുണ്ട്.

**വളപ്രയോഗം:**

മുമ്പ് ജൈവവളങ്ങളായിരുന്നു കർഷകർ കൂടുതലും ഉപയോഗിച്ചിരുന്നത്. കാലിവളവും പച്ചിലവളവും നെൽക്കൃഷിക്ക് ധാരാളം ഉപയോഗിച്ചിരുന്നു. ഇപ്പോൾ കാലിവളവും പച്ചിലവളവും വേണ്ടത്ര കിട്ടുന്നില്ല. കന്നുകാലിവളർത്തൽ ക്ലേശകരമായതും വനനാശവും ഇവയ്ക്ക് കാരണങ്ങളാണ്. രാസവളങ്ങളെ ആശ്രയിച്ചാണ് അധികം പേരുമിപ്പോൾ കൃഷിചെയ്തുവരുന്നത്. കാർഷികസൗകര്യങ്ങളുടെ അപര്യാപ്തതമൂലം നാല്ക്കാലിയിലെ പാടശേഖരങ്ങളുൾപ്പെടെ പലയിടത്തും നിലം തരിശായിക്കിടക്കുന്നു.

**പാടശേഖരസമിതികൾ:**

ഗ്രൂപ്പ്ഫാമിംഗ് പദ്ധതിപ്രകാരം ഇപ്പോൾ 9 പാടശേഖര സമിതികൾ നിലവിലുണ്ട്. അവ താഴെ പറയുന്നവയാണ്.

| ക്രമ നമ്പർ | പാടശേഖരസമിതിയുടെ പേര് | വിസ്തീർണ്ണം | അംഗങ്ങൾ |
|---|---|---|---|
| 1. | കൊടോളിപ്രം | 20 ഹെക്ടർ | 112 |
| 2 | കാവുന്താഴ | 16 ഹെക്ടർ | 109 |
| 3 | താറ്റിയോട് | 11 ഹെക്ടർ | 100 |
| 4 | പട്ടാന്നൂർ | 10 ഹെക്ടർ | 54 |
| 5 | കുന്നോത്ത് | 10 ഹെക്ടർ | 67 |

| | | | |
|---|---|---|---|
| 6 | പട്ടാന്നൂർ കടവ് | 9 ഹെക്ടർ | 45 |
| 7 | കോവൂർ | 6 ഹെക്ടർ | 38 |
| 8 | മുട്ടന്നൂർ | 3 ഹെക്ടർ | 27 |
| 9 | പൂവ്വത്തൂർ | 5 ഹെക്ടർ | 52 |

പാടശേഖര സമിതികളിൽ സ്ത്രീ പങ്കാളിത്തം കുറവാണ്. കൃഷിപ്പണിക്ക് ഇപ്പോൾ ദിവസക്കൂലിയായി പുരുഷന് നൂറ് രൂപയും സ്ത്രീക്ക് നാൽപ്പത് രൂപയും ലഭിച്ചുവരുന്നു.

**കാർഷികോപകരണങ്ങൾ :**

കൂടാളി പഞ്ചായത്തിലെ ഭൂരിഭാഗം കർഷകരും സ്വന്തം പണിയായുധങ്ങൾ ഉപയോഗിച്ചുവരുന്നു. പണ്ടു കാലത്തുണ്ടായിരുന്ന കന്നുപൂട്ട് ഇപ്പോൾ നാമാവശേഷമായിരിക്കുന്നു. നാടൻ കലപ്പക്ക് പകരം ചിലയിടങ്ങളിൽ ടില്ലറുകൾ ഉപയോഗിച്ചുവരുന്നുണ്ട് അവ അധികവും സ്വകാര്യവ്യക്തികളുടേതാണ്. പഞ്ചായത്തിലുള്ള പൊതു കാർഷിക ഉപകരണങ്ങൾ താഴെ കൊടുക്കുന്നു.

| വാർഡ് | ടില്ലർ | റോക്ക് സ്പ്രെയർ | നാപ് സ്റ്റാക്ക് സ്പ്രെയർ | പവർ സ്പ്രെയർ | മെതി യന്ത്രം | തെങ്ങുകയറ്റ യന്ത്രം |
|---|---|---|---|---|---|---|
| 1 | | | | | | 1 |
| 2 | | 3 | | | | 1 |
| 3 | | 1 | 1 | 1 | | 1 |
| 4 | | 1 | | 1 | | |
| 5 | | 3 | | | | |
| 6 | | 4 | | | | |
| 7 | | 2 | | | | |
| 8 | | 1 | | | | |
| 9 | | 2 | | | | |
| 10 | 1 | 1 | 1 | | 1 | 1 |
| 11 | | 5 | | | | 1 |

പൊതുകാർഷിക ഉപകരണങ്ങളുടെ ലഭ്യതക്കുറവ് മൂലം വിള ഇറക്കുന്നതിൽ കാലതാമസം നേരിടുന്നു

**ജലസേചനം**

മഴയെ ആശ്രയിച്ചുള്ള കൃഷിയാണ് പഞ്ചായത്തിലെ ഭൂരിപക്ഷപ്രദേശങ്ങളിലും ഉള്ളത്. ഇതിന്നായി കാലവർഷത്തേയും തുലാവർഷത്തേയും കർഷകർ ആശ്രയിക്കുന്നു

പഞ്ചായത്തിൽ ലഭിച്ചുവരുന്ന മഴയുടെ കണക്ക് താഴെ പട്ടികയിൽ കൊടുക്കുന്നു.

| വർഷം | ജനുവരി | ഫിബ്രവരി | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലായ് | ഓഗസ്റ്റ് | സപ്തംബർ | ഒക്ടോബർ | നവംബർ | ഡിസംബർ | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1990 | 3 | - | - | - | 74 | 896 | 1074 | 455 | 25 | 232 | 122 | 195 | 3076 |
| 1991 | - | - | 3 | 16 | 114 | 920 | 1240 | 410 | 170 | 460 | 105 | 90 | 3528 |
| 1992 | - | - | - | 15 | 120 | 920 | 1225 | 420 | 175 | 465 | 105 | 80 | 3515 |
| 1993 | - | - | - | - | 135 | 1025 | 1110 | 390 | 160 | 495 | 170 | 35 | 3520 |
| 1994 | - | - | 20 | 100 | 180 | 830 | 1160 | 500 | 60 | 319 | 211 | 214 | 3594 |
| 1995 | - | - | - | 19 | 192 | 870 | 1120 | 444 | 80 | 395 | 190 | 45 | 3355 |

**ജലസ്രോതസ്സുകൾ:**

പഞ്ചായത്തിൽ 105ഓളം കുളങ്ങളും 4250ൽപരം കിണറുകളും നിലവിലുണ്ട്. ഇവയ്ക്കുപുറമെ ധാരാളം തോടുകളും ഒരു പുഴയും നമുക്കുണ്ട്. പ്രധാന തോടുകളുടെയും മറ്റു ജലസ്രോതസ്സുകളുടെയും വിവരം താഴെ കൊടുക്കുന്നു.

**തോടുകൾ:**

1. താറ്റിയോട് മേച്ചിറതാഴെ കോമത്ത് താഴവഴി കാഞ്ഞിരോട് പാലം - എലിക്കുളം തോട് (4 കി.മീ)
2. കുംഭം - കരുത്തവയൽ തോട് (1 കി.മീ.)
3. പൂവ്വത്തൂർ പാറപ്രം-എലിക്കുളം (4 കി.മീ.)
4. മുട്ടന്നൂർ-കൂവയിൽ മറപ്പുര-മുട്ടന്നൂർ എടയന്നൂർ തോട് (3 കി. മീ)
5. കോവൂർ-ചോല-നിടുകുളം തോട് (2 കി.മീ)
6. കോവൂർ-എടത്തോട് (½ കി.മീ.)
7. കുണ്ടുത്തിൽതോട് (½ കി.മീ.)
8. കോളേരിത്തോട് (½ കി.മീ.)
9. കക്കോട്ടുമൂല-കൊടോളിപ്രംതോട് (1കി.മീ.)
10. മരുതായി-മണ്ണൂർതോട് (2 കി.മീ.)
11. കൊയക്കുഴി-പടപ്പത്താഴതോട് (3/4 കി.മീ.)
12. കരടി-കുന്നോത്ത്-കൊടോളിപ്രം-നായ്ക്കാലിതോട് (5 കി.മീ.)
13. വളപട്ടണം പുഴ (6 കി.മീ.നീളം)
14. പഴശ്ശിക്കനാൽ

**പൊതുകുളങ്ങൾ:**

പഞ്ചായത്തിലെ പൊതു കുളങ്ങൾ താഴെപറയുന്നവയാണ്.

1. ഇടക്കയിൽകുളം
2. ഞാലിൽമൂലക്കുളം

3. പാണലാട് വയൽക്കുളം
4. പാലക്കീൽ വയൽക്കുളം
5. ആമേരിവയൽക്കുളം
6. അരിങ്ങോട്ടുംമൂലക്കുളം
7. കായലോട്ടുംമൂലക്കുളം
8. പട്ടാന്നൂർ കരിയിൽക്കുളം
9. കവിടിശ്ശേരിക്കുളം.

കൂടാതെ 25ലധികം പൊതുകിണറുകൾ പഞ്ചായത്തിലെ വിവിധ വാർഡുകളിലുണ്ട്.

കാവുന്താഴ, തറ്റ്യോട്, പൂവ്വത്തൂർ, മുട്ടന്നൂർ, കോവൂർ, പാണലാട്, ചിറയിൽകാവിൽ, കൂടത്തിൽ പട്ടറെ വായാട്ട്, കൂരാരി, കോളേരി, വളപട്ടണം പുഴയോരം വരുന്ന 9–ാം വാർഡ് പ്രദേശം, കായലോട്, ആമേരി, നായ്ക്കാലി, കുളത്തുവയൽ, കുന്നോത്ത് എന്നിവിടങ്ങലിൽ ജലസേചനത്തിനും കുടിവെള്ളത്തിനും ഉപയോഗപ്പെടുത്താൻ പറ്റിയ നീരുറവകൾ ഉണ്ട്. അവ ശരിക്കും വിനിയോഗിക്കുകയാണെങ്കിൽ ഗ്രാമത്തിന്റെ മുഖച്ഛായ തന്നെ മാറ്റിയെടുക്കാൻ കഴിയും.

**കാർഷികരംഗത്ത് നിലവിലുള്ള സ്കീമുകൾ:**

ഇപ്പോൾ സർക്കാർ കൃഷിഭവൻമുഖേന നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രധാന പദ്ധതികൾ താഴെകൊടുക്കുന്നു.

1. ഗ്രൂപ്പ്ഫാമിംഗ് പദ്ധതിപ്രകാരം നിലവിലുള്ള പാടശേഖര സമിതിയുടെ കീഴിൽ 1800 Kg. ജയ നെൽവിത്ത് ഉല്പാദിപ്പിച്ചിട്ടുണ്ട്.
2. നെല്ലിന് ഉല്പാദനബോണസ്സ് വിതരണം ചെയ്തു വരുന്നുണ്ട്.
3. സമഗ്രനാളികേര വികസനപദ്ധതിയിൻ കീഴിൽ കിണറുകൾക്കും പമ്പുസെറ്റുകൾക്കും സബ്ബ്സിഡി അനുവദിക്കുന്നുണ്ട്. കൂടാതെ കാർഷിക ഉപകരണങ്ങൾ പച്ചില വിളവിത്ത് എന്നിവയും വിതരണം ചെയ്തുവരുന്നുണ്ട്.
4. കുരുമുളക് വ്യാപന പദ്ധതിപ്രകാരം കർഷകർക്ക് വളം വാങ്ങാനും കീടനാശിനി വാങ്ങാനും പെർമിറ്റ് നൽകിവരുന്നു.
5. ദ്രുതവാട്ടരോഗനിയന്ത്രണ പരിപാടി അനുസരിച്ച് കോപ്പർസൾഫേറ്റ്, കോപ്പർ ഓക്സിക്ലോറൈഡ് എന്നിവ വിതരണം ചെയ്യുന്നുണ്ട്.
6. സമഗ്ര സുഗന്ധവ്യഞ്ജന വികസന പദ്ധതിയിൻ കീഴിൽ 15 ഇഞ്ചിമിനി കിറ്റുകൾ 5 മുളക് മിനികിറ്റുകൾ എന്നിവ സബ്ബ്സിഡിനിരക്കിൽ വിതരണം ചെയ്തിട്ടുണ്ട്.
7. മുളകിന്റെ പ്രദർശനത്തോട്ടം നിർമ്മിക്കാൻ 25 സെന്റിന് 700 രൂപ സബ്ബ്സിഡി കൊടുക്കുന്ന പദ്ധതിയും നിലവിലുണ്ട്.
8. പച്ചക്കറി വികസന പദ്ധതിയിൻകീഴിൽ ചെറുകിട കർഷകർക്കും വി.ദ്യാർത്ഥികൾക്കും പച്ചക്കറി വിത്തുകൾ വിതരണം ചെയ്യുന്നുണ്ട്.
9. കശുമാവ് കൃഷി വ്യാപിപ്പിക്കാൻ ഗ്രാഫ്റ്റ് ചെയ്ത കശുമാവ് തൈകളും, വളവും കീടനാശിനിയും നല്കിവരുന്നുണ്ട്.
10. ഫലവർഗ്ഗവികസന പദ്ധതിയിൽകീഴിൽ, ആഞ്ഞിലിപ്ലാവ്, റോസ്ചാമ്പ, മലയൻ ആപ്പിൾ, പേര, മാംഗോസ്റ്റിൻ, റംബൂട്ടാൻ എന്നിവ കൃഷിക്കാർക്ക് വിതരണം ചെയ്തിട്ടുണ്ട്.
11. വിള ഇൻഷൂറൻസ് പദ്ധതിയിൽ 63 പോളിസി ഉടമകളുണ്ട്. ഇതിൽ 15 പോളിസി ഉടമകൾക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസ നഷ്ടപരിഹാരം ലഭ്യമാക്കാനുള്ള നടപടികളെടുത്തിട്ടുണ്ട്.
12. പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിന്റെ ഭാഗമായി നഷ്ടം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരത്തുക നല്കിവരുന്നുണ്ട്.

13. ചെറുകിട കൃഷിത്തോട്ടങ്ങൾ യന്ത്രവൽക്കരിക്കുന്നതിന്റെ ഭാഗമായി ഒരു നെല്ല് തൂറ്റൽ യന്ത്രവും ഒരു പവർ സ്പ്രേയറും 94–96 കാലയളവിൽ അനുവദിച്ചിട്ടുണ്ട്. കൂടാതെ പ്രധാന മന്ത്രിയുടെ പ്രത്യേക പദ്ധതിപ്രകാരം 93–94ൽ കൊടോളിപ്രത്ത് ഒരു പവ്വർടില്ലറും ലഭ്യമാക്കിയിട്ടുണ്ട്.

14. 95–96 വർഷത്തിൽ കൃഷിഭവൻ മുഖേന 5 കണിക ജലസേചന യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

15. കുരുമുളകിന്റെ രണ്ട് മാതൃകാത്തോട്ടങ്ങളും കൊടോളിപ്രത്ത് കൃഷിവകുപ്പിന്റെ അംഗീകൃത നഴ്സറിയായ ശ്രീ ലക്ഷ്മി നഴ്സറിയും നിലവിലുണ്ട്. കൃഷിക്കാർക്കാവശ്യമായ നടീൽ വസ്തുക്കൾ പലതും ഇവിടെ ലഭ്യമാണ്.

16. കാർഷികമേഖലയിൽ ഒരു ലക്ഷം യുവജനങ്ങൾക്കുള്ള തൊഴിൽദാന പദ്ധതിയിൻകീഴിൽ 115 പേർ ഈ പഞ്ചായത്തിൽ അംഗങ്ങളായുണ്ട്. ഇതിൽ 17 പേർ പട്ടികജാതി പട്ടികവർഗ്ഗ ഗുണഭോക്താക്കളാണ്. ഇതിലെ അംഗങ്ങൾക്ക് ഒരു സബ്ബ്സിഡി സ്കീമും നിലവിലുണ്ട്.

17. ആല പണിയുന്നതിന് ധനസഹായം നല്കുകയും തേനീച്ച കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും പാൽപാത്രംവാങ്ങുന്നതിനും സബ്ബ്സിഡി ലഭ്യമാക്കാൻ നടപടികളെടുത്തു വരികയും ചെയ്യുന്നുണ്ട്.

18. പ്രത്യേക ഘടക പദ്ധതിപ്രകാരം പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വേണ്ടി സമർപ്പിച്ചിരുന്ന പ്രോജക്ടിൽ ഒരു പമ്പ്സെറ്റ് അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തികവർഷത്തിൽ ഈ പദ്ധതിപ്രകാരം 5 കറവമാടുകളെയും ജലസേചനത്തിന് 8 പമ്പുസെറ്റുകളും ഒരു പവർ സ്പ്രേയറും വിതരണം ചെയ്തിട്ടുണ്ട്.

19. ചിങ്ങം–1 കർഷകദിനമായി ആചരിച്ചുവരികയും വനിതകളുൾപ്പെടെയുള്ള കർഷകരെ ആദരിച്ചുവരികയും ചെയ്യുന്നുണ്ട്.

20. പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽനിന്നും ശേഖരിച്ച മണ്ണ് പരിശോധനക്ക് അയച്ചുകൊടുക്കാറുണ്ട്.
കൂടാളി പഞ്ചായത്തിലെ കാർഷികമേഖലയിലെ പ്രധാന പ്രശ്നങ്ങൾ താഴെ കൊടുക്കുന്നു.

**പ്രശ്നങ്ങൾ:**

1. പഞ്ചായത്തിൽ കൃഷിയെ ബാധിക്കുന്ന ഏറ്റവും വലിയ പ്രശ്നം രോഗങ്ങളാണ്. തെങ്ങിന് വ്യാപകമായ കൂമ്പുചീയൽ രോഗവും കാറ്റുവീഴ്ചയും കണ്ടുവരുന്നു. കവുങ്ങുകൾ വൻതോതിൽ മഞ്ഞളിപ്പ് രോഗത്തിന് വിധേയമായി നശിച്ചുകൊണ്ടിരിക്കുന്നു. കശുമാവിന് തടിതുരപ്പന്റെ ശല്യം രൂക്ഷമാണ്. കുരുമുളകിനാകട്ടെ ദ്രുതവാട്ട രോഗം മിക്ക വാർഡുകളിലും കണ്ടുവരുന്നു. തിരിമുട്ടൽരോഗം വാഴ കർഷകരെ കടക്കെണിയിൽ വീഴ്ത്തിയിരിക്കുന്നു.
2. മണ്ണൊലിപ്പ് പഞ്ചായത്തിലെ മറ്റൊരു പ്രശ്നമാണ് കുന്നുകളും ചെരിവുകളും പുഴയോരവും തോടിൻകരകളും ഇടിഞ്ഞു തീർന്നുകൊണ്ടിരിക്കയാണ്.
3. മറ്റ് പൊതുവായ പല പ്രശ്നങ്ങളും നിർദ്ദേശങ്ങളും വാർഡുതല പ്രശ്നങ്ങലും ഗ്രാമസഭയിൽ ഉയർന്നുവന്നിട്ടുണ്ട്. അവ താഴെ കൊടുക്കുന്നു.

**ഗ്രാമസഭാനിർദ്ദേശങ്ങൾ:**

ഒന്നാം വാർഡ്

1. താറ്റ്യോട് – കല്ല്യാട്ട് ചിറ കരുത്തുവയൽ കാഞ്ഞിരോട് തോടിലുള്ള രണ്ട് ക്രോസ് ബാറുകൾ വേണ്ട സമയത്ത് പ്രവർത്തിപ്പിക്കണം.
2. ചേനാണ്ടിത്താഴ കരുത്തവയൽ പാലംവരെയുള്ള തോടിന്റെ പാർശ്വഭിത്തി കെട്ടുകയും മാച്ചിറത്താഴെയും മഠത്തിൽതാഴെയും രണ്ട് ക്രോസ് ബാറുകൾ നിർമ്മിക്കുകയും വേണം.
3. വെള്ളുപാമേരിത്താഴത്തോടിന്റെ വശം കെട്ടുക.

   പുതിയാണ്ടി ദിവാകരൻമാസ്റ്ററുടെ വയലിലെ നിലവിലുള്ള കുളം ജനലസേചനയോഗ്യമാക്കണം.

4. പച്ചക്കറിക്കൃഷിക്കാർക്ക് മണ്ണെണ്ണ പമ്പുസെറ്റ് അനുവദിക്കണം.

5. കരുത്തവയിലിലെ കണ്ണൻനായരുടെ കുളം ജലസേചനയോഗ്യമാക്കണം.

6. കൂടാളി താഴത്തുവീട് താഴെത്തോടിന്റെ അറ്റകുറ്റപ്പണി നടത്തുകയും ചാലിൽതാഴത്ത് ക്രോസ് ബാർ നിർമ്മിക്കുകയും വേണം.

7. കാഞ്ഞിരോട് മണിക്കുന്നു പാലത്തിന്റെ മുകൾഭാഗത്ത് കെട്ടിനിൽക്കുന്ന ജലം തിരിച്ചുവിടാൻ ഡ്രെയ്നേജ് നിർമ്മിക്കണം.

8. ചൂരിയിൽകുളം നന്നാക്കി ജലസേചനയോഗ്യമാക്കണം. കെ. ടി. ഹേമചന്ദ്രൻ എന്നയാളുടെ കുളം ജലസേചനയോഗ്യമാക്കണം.

9. തേനീച്ച കൃഷി പ്രോത്സാഹിപ്പിക്കണം.

**രണ്ടാം വാർഡ്:**

1. പഴശ്ശികനാൽ–പറശ്ശിനിക്കടവ്–അഴീക്കൽ ബ്രാഞ്ചിനടുത്ത ജംങ്ഷനിൽ ഒരു വാൾവ് നിർമ്മിച്ച് മേച്ചിറ വയലിൽ ജനസേചന സൗകര്യം ഉണ്ടാക്കുക. കൂടാതെ തുമ്പത്ത് പറമ്പ് ഭാഗത്തും ഒരു വാൾവ് സ്ഥാപിച്ച് ജനസേചന സൗകര്യം ഉണ്ടാക്കണം.
2. മുഴപ്പാലവയലിൽ പുണക്കൽക്കുളം പരിഷ്ക്കരിച്ച് ജലസേചനയോഗ്യമാക്കണം.
3. പഴശ്ശിക്കനാൽ സൈഡിൽ (അഴീക്കൽ ബ്രാഞ്ച്) ചന്ദ്രോത്ത് അനന്തന്റെ വീട്ടിനടുത്ത് കനാൽവകസ്ഥലത്ത് ഒരു വലിയകുളം കുഴിച്ച്, വിവിധ കൃഷികൾക്കായി ഉപയോഗപ്പെടുത്തണം.
4. എടക്കയിൽ കുളത്തിൽ പമ്പ് സെറ്റ് സ്ഥാപിക്കണം.
5. താറ്റ്യോട് പാടശേഖര കമ്മറ്റിക്ക് ഒരു ട്രില്ലർ, മെതിയന്ത്രം എന്നിവ അനുവദിക്കണം.
6. ചെറുകൊട്ടാരം മുതൽ കോമത്ത് താഴെ വരെ വയലിന്റെ പടിഞ്ഞാറ് ഭാഗത്ത് ഒരു നീർച്ചാൽ നിർമ്മിക്കണം.
7. പൂവ്വത്തൂർ മറപ്പുരയ്ക്ക് താഴെ തോടിന് ഒരു ക്രോസ്ബാർനിർമ്മിക്കുക.
8. തറ്റ്യോട് കേളമ്പേത്ത് താഴെ ഒരു ചെറുകുളം നിർമ്മിക്കുക.
9. തറ്റ്യോട് മേലോത്തും ചാലിൽ നിലവിലുള്ള കുളം ജലസേചനയോഗ്യമാക്കണം.
10. പഴശ്ശിക്കനാൽ സൈഡിൽ താഴെഭാഗത്ത് കുംഭംമുതൽ കരുത്തവയൽവരെയുള്ള സൈഡ് കെട്ടി ക്രോസ്ബാർ നിർമ്മിക്കുക.
11. കനാൽ സൈഡിൽ ഫോഡർകൃഷി നടത്തുക
12. മൂന്നാം വാർഡിൽ കുംഭം എന്ന സ്ഥലത്തുള്ള പടിക്കലെ കുളം നവീകരിച്ചാൽ രണ്ടും മൂന്നും വാർഡുകളിൽ ജലസേചന സൗകര്യം ലഭിക്കും.

**മൂന്നാം വാർഡ്:**

1. ജലസേചന സൗകര്യം വർദ്ധിപ്പിക്കാൻ താഴെപറയുന്നവ നടപ്പാക്കണം. കുനിയിൽ താഴെകുളം, ഒതയോത്ത് കുളം, വാസുവിന്റെ പീടികക്കടുത്തുള്ള കുളം, മാരിയാർ കുളം, കുംഭത്തിലെ പടിക്കൽ കുളം, തെക്കെ കുമ്പത്തിൽ കുളം, മൂലക്കരി വയൽക്കുളം, കാനച്ചേരി ആശ്രമത്തിനടുത്തുള്ള കുളം, മുട്ടന്നൂരിൽ ആണിക്കേരം പാറത്തോട് കുളം എന്നീ നിലവിലുള്ള കുളങ്ങൾ ജനസേചനയോഗ്യമാക്കണം.

2. തെക്കെ കുമ്പത്തിൽ വണ്ണാൻകടവ് പാലത്തിനരികിലും മൂലക്കരി മേലേഭാഗത്തും ഓരോ കുളങ്ങളും കാനച്ചേരി ആശ്രമത്തിനടുത്ത് ഒരു കിണറും പുതുതായി നിർമ്മിക്കണം.

**നാലാം വാർഡ്:**

1. കാവുന്താഴ വയൽതോടിന്റെ വശങ്ങൾ കെട്ടുകയും രണ്ടും മൂന്നും വിളകൾക്ക് ജലം ലഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുകയും വേണം.
2. പൂവ്വത്തൂരിലെ കീഴേവീട്ടിലെ കുളവും കുനിയിൽ കുളവും നെൽകൃഷിക്ക് ജലസേചനം നടത്താനായി ആഴം കൂട്ടണം.
3. നിലവിലുള്ള കൈത്തോടുകൾ പുതുക്കിപ്പണിയണം.

4. കാവുന്താഴ നിലവിലുള്ള ബണ്ടിന്റെ ചോർച്ച തടഞ്ഞ് രണ്ടും മൂന്നും വിളകൾ നടത്താൻ സൗകര്യമുണ്ടാക്കണം.
5. നെടുമ്പ്രത്ത് താഴെയും പയറ്റാംകണ്ടിത്താഴെയും പുതിയ ബണ്ട് നിർമ്മിക്കുകയും മാരിയാൻ ചിറക്ക് താഴെ നിലവിലുള്ള ബണ്ട് പുതുക്കിപ്പണിയുകയും വേണം.
6. മഞ്ചക്കണ്ടിത്താഴെയുള്ള കുളം ആഴംകൂട്ടുകയും മണ്ണ് വന്ന് നിറയുന്നത് തടയുകയും വേണം.
7. എലിക്കുളം മുതൽ കാഞ്ഞിരോട് മണിക്കുന്ന് പാലംവരെ തോടിനിരുവശവും കെട്ടി കരയിടിച്ചിൽ തടയണം.
8. പൂവ്വത്തൂർ കക്കിക്കരി പി. പി. കുഞ്ഞിരാമൻ എന്നവരുടെ വീടിനടുത്തുള്ള കുളവും പാറക്കണ്ടി ഗംഗാധരൻ എന്നവരുടെ വീടുനടുത്തുള്ള കുളവും ആഴംകൂട്ടി പച്ചക്കറികൃഷിക്ക് ഉപയോഗയോഗ്യമാക്കണം. പ്രസ്തുത വയലിൽ ഒരു കൈത്തോട് നിർമ്മിക്കണം.
9. പൂവ്വത്തൂരിലെ രണ്ട് തോടുകളുടെ ഇരുവശവും കെട്ടി ആറ് സ്ഥലങ്ങളിൽ തടയണകൾ ഉണ്ടാക്കണം.
10. വേനൽക്കാല വരൾച്ച തടയാനും മണ്ണൊലിപ്പ് തടയാനും കാവുന്താഴ വലിയതോടിൽ മൂന്ന് ചെക്ക് ഡാമുകൾ (താഴെ വീട്ടിന്റെ താഴെ, കൈപ്രത്ത് താഴെ, ഒതയോത്ത് താഴെ) നിർമ്മിക്കണം.
11. വയൽ നികത്തുന്നത് തടയാൻ അതാത് പ്രദേശത്തെ പാടശേഖരകമ്മറ്റിക്ക് അധികാരം നൽകണം.
12. രണ്ടാം വിളക്ക് ജലം ലഭിക്കുന്നതിന് നവംബർ–ഡിസംബർ–ജനുവരി മാസങ്ങളിൽ പഴശ്ശി കനാലിലൂടെ വെള്ളം തുറന്നു വിടാനുള്ള സംവിധാനം ഉണ്ടാക്കണം.
13. കാവുന്താഴ–ചോന്നമ്മ കോട്ടത്തിനടുത്തുള്ള കനാലിന് വേണ്ടി മണ്ണെടുത്ത കുഴി കുളമാക്കി മാറ്റി ജലസേചനത്തിനും മത്സ്യകൃഷിക്കും ഉപയോഗപ്രദമാക്കണം.
14. കാവുന്താഴയിലെ പുതിയകുളം, നമ്പിക്കുളം എന്നീ പൊതുകുളങ്ങൾ സ്വകാര്യവ്യക്തികൾ നികത്തുന്നത് തടയുകയും കൃഷിക്ക് വേണ്ടി പരിഷ്ക്കരിക്കുകയും വേണം.
15. കാർഷികാവശ്യത്തിന് മുൻഗണന കൊടുത്ത് വൈദ്യുതി കണക്ഷൻ നൽകുക
16. മുണ്ടേരി പഞ്ചായത്തിലെ ചായംമുക്ക് കമ്പനിയിൽ നിന്നും പുറത്തുവരുന്ന മലിനജലം ഈ വാർഡിലെ കൃഷിയെ പ്രതികൂലമായി ബാധിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് വേണ്ടത് ചെയ്യണം.

അഞ്ചാം വാർഡ്:

1. മുട്ടന്നൂർ ഗ്രാമദീപം വായനശാല മുതൽ എടയന്നൂർ വരെയുള്ള തോടിന്റെ ആഴംകൂട്ടി വശം കെട്ടുക.
2. മറപ്പുരയ്ക്കൽ താഴെയുള്ള ക്രോസ്ബാർ ഉപയോഗപ്രദമാക്കുക.
3. മേസ്ത്രിപീടികക്ക് താഴെ ക്രോസ്ബാർ നിർമ്മിക്കുക.
4. കൃഷിയിടങ്ങളിൽ വെള്ളം കയറുന്നത് തടയാൻ മുട്ടന്നൂർ ദേശമിത്രം മുതൽ പള്ളിവരെയുള്ള തോടിന്റെ വശം കെട്ടുക.
5. രാസവളത്തിന്റെ ഉപയോഗം കുറച്ച് ജൈവവളപ്രയോഗം പ്രോത്സാഹിപ്പിക്കുക, സബ്സിഡി നൽകുക.
6. കൂൺകൃഷിക്കാവശ്യമായ പ്രോത്സാഹനവും പരിശീലനവും നൽകുക.
7. ഗ്രാമദീപം വായനശാലക്ക് സമീപമുള്ള കുളം വൃത്തിയാക്കി ജലസേചനസൗകര്യം ഏർപ്പെടുത്തുക.
8. നെൽകൃഷി ഭൂമിയുടെ വശങ്ങളിലുള്ള മരങ്ങൾ മുറിച്ചുമാറ്റുന്നതിന് നടപടി സ്വീകരിക്കുക.
9. കാർഷികാവശ്യത്തിന് വൈദ്യുതി കണക്ഷൻ പെട്ടെന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
10. മാര്യോട്ടുംമൂലയിൽ തോടിന്റെ ആഴംകൂട്ടി വശംകെട്ടുക.
11. മുട്ടന്നൂർക്കുളം സംരക്ഷിച്ച് ജലസേചനയോഗ്യമാക്കുക.
12. ഞാലിൽമൂല ബ്ലോക്ക് കുളം അറ്റകുറ്റപണി നടത്തുക.

ആറാംവാർഡ്:

1. കോവൂർ സെൻട്രൽ വയലിൽ എടത്തോട് പാലം മുതൽ തായത്തെ താഴെവരെ നെൽകൃഷിക്ക് ജലസേചനം നടത്തുന്നതിന് ഒവുചാൽ നിർമ്മിക്കുക. എടത്തോടിനും കൈതോരി മുക്കിനും ബണ്ട് കെട്ടി ജലസേചന സൗകര്യം

വർദ്ധിപ്പിക്കുക.

2. ചോലബണ്ട് അറ്റകുറ്റപ്പണി നടത്തുക.
3. കൊടക്കപ്പുറം വയലിൽ തോടിന് ബണ്ട് കെട്ടുക.
4. പാപ്പാങ്കോട് മൂല കുളം നിർമ്മിച്ച് പമ്പ് സെറ്റ് വച്ച് ജലസേചന സൗകര്യം ഉണ്ടാക്കുക.
5. വെള്ളാനം വയലിൽ കുളവും പമ്പുസെറ്റും ഉണ്ടാക്കി ജലസേചന സൗകര്യം മെച്ചപ്പെടുത്തുക.
6. കരീപ്പകണ്ടം വയലിൽ കുളം നിർമ്മിച്ച് പമ്പ്സെറ്റ് സൗകര്യമുണ്ടാക്കി ജലസേചന സൗകര്യം ഏർപ്പെടുത്തുക.
7. പാറക്കണ്ടി വയലിൽ കുളം നിർമ്മിക്കുക. മഠപ്പുരക്കുളം അറ്റകുറ്റപ്പണി നടത്തുക. കുടക്കപ്പുറംതാഴെ കുളം നിർമ്മിക്കുക. ചോല തൃച്ചംബരം ദേവസ്വംവകകുളം അറ്റകുറ്റപ്പണി നടത്തുക. ചെറുപറമ്പുവയൽ കുളം നിർമ്മിക്കുക.
8. കിണർകുഴിക്കുന്നതിനും പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനും വായ്പയും ധനസഹായവും നൽകുക.
9. ജലസേചനത്തിന് സൗജന്യമായി വൈദ്യുതി അനുവദിക്കുക.
10. മണ്ണ്പരിശോധനയും സൗജന്യമായി നഴ്സറി സൗകര്യവും വർദ്ധിപ്പിക്കുക.
11. കരിപ്പൂക്കണ്ടം വയലിലെ നീർവാർച്ചാസൗകര്യം വർദ്ധിപ്പിക്കുക.
12. കോവൂർതോട് ചോലവരെ വശംകെട്ടി സംരക്ഷിക്കുക.

ഏഴാംവാർഡ്:

1. പാണലാട്, നിടുകുളം, പട്ടാനൂർകടവ്, കരിമ്പനവയൽ എന്നിവിടങ്ങളിൽ ടാങ്ക് കെട്ടി പമ്പ്സെറ്റ് വച്ച് നെൽക്കൃഷിക്കാവശ്യമായ ജലസേചനസൗകര്യം മെച്ചപ്പെടുത്തുക.
2. പാണലാട്, കരിപ്പറമ്പ്, നിടുകളും, മൂലക്കരി, കൊളപ്പക്കരി എന്നിവിടങ്ങളിലെ കുളങ്ങൾ ആഴംകൂട്ടി വക്ക് കെട്ടി ജലസേചനയോഗ്യമാക്കുക. പുന്നേരിവയൽക്കുളം, ആലം വയൽ, എടത്തിലെ താഴകുളം, ആശാരി താഴെകുളം, വണ്ണാങ്കണ്ടി താഴെ, കാരക്കണ്ടി താഴെ, പുതിയപറമ്പത്ത് നാരങ്ങാട്ട് ഭാഗം, അമ്പലപ്പറമ്പ്, ചുണ്ടോൽകുളം, ചിത്രരിക്കുളം എന്നീ കുളങ്ങൾ അറ്റകുറ്റപ്പണി നടത്തി ജലസേചന യോഗ്യമാക്കുക.
3. പട്ടാനൂർ കടവ്–നിടുകുളം കടവ് പ്രദേശങ്ങളിൽ പുഴവെള്ളം കയറി ഒന്നാംം വിളവെടുക്കുന്നത് സാധിക്കാത്തതിനാൽ പരിഹാരമുണ്ടാക്കണം.
4. ചിത്രാരി, കൊളപ്പഭാഗത്ത്നിന്ന് വെള്ളം കയറി കൃഷിക്ക് പ്രയാസമുണ്ടാക്കുന്നത് തടയാൻ തോട് കീറി സൗകര്യമുണ്ടാക്കണം.
5. പുഴക്കരപ്രദേശത്ത് കരയിടിച്ചിൽ തടയാൻ നടപടി സ്വീകരിക്കുക.
6. മത്സ്യകൃഷിക്ക് പരിശീലനവും സൗകര്യവും പ്രോത്സാഹനവും നൽകുക.
7. പാണലാട് തോട്, കോവൂർ നെടുകുളം പുഴതോട്, വലപ്രക്കാട്തോട് മുതൽ പൂരക്കടവ് തോട് വരെ, കരുവിൻചാൽമുതൽ പൂരക്കടവ് തോട്, നാരങ്ങാട്ട് മുതൽ പൂരക്കടവ് തോട് വണ്ണാംകണ്ടി പീടിക ബീച്ചേരികടവ് തോട്, മൂലക്കരി തോട്, ഇവയുടെ സൈഡ് കെട്ടി സംരക്ഷിച്ച് ജലസേചനം മെച്ചപ്പെടുത്താൻ സൗകര്യമുണ്ടാക്കുക.

എട്ടാം വാർഡ്:

1. കൂരാരി മില്ലിന്റെയടുത്തേക്ക് കൃഷിയാവശ്യത്തിനായി പുഴയിൽനിന്നും വെള്ളമെത്തിക്കുവാനുള്ള സൗകര്യം ഉണ്ടാക്കുക.
2. പുഴ ഭിത്തികെട്ടി കൃഷിയിടങ്ങൾ സംരക്ഷിക്കുക.
3. കൂരാരി പട്ടാനൂര് എന്നീ പ്രദേശങ്ങളിൽ കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് പുഴവെള്ളം സംഭരിച്ച് ജലസേചനത്തിന് സൗകര്യമുണ്ടാക്കണം.
4. കൂരാരി കാവുള്ള പറമ്പത്ത് കുളം കുഴിച്ച് തെങ്ങ് കൃഷിക്ക് സൗകര്യമുണ്ടാക്കുക.
5. പട്ടാനൂർ ഹരിജൻ കോളനിയിൽ ടാങ്ക് കെട്ടി പുഴവെള്ളം സംഭരിച്ച് ജലസേചനത്തിന് ആവശ്യമായ രീതിയിൽ വിതരണം നടത്താനുള്ള സൗകര്യമുണ്ടാക്കുക.

ഒമ്പതാംവാർഡ്:

1. ഗ്രൂപ്പ് ഫാമിങ്ങ് സൗകര്യം പ്രോത്സാഹിപ്പിക്കുക.
2. അലഞ്ഞ് തിരിയുന്ന കന്നുകാലികളെ നിയന്ത്രിച്ച് കൃഷിയിടങ്ങൾ സംരക്ഷിക്കുക.
3. മണ്ണൊലിപ്പ് തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുക.

4. കന്നുകാലി വളർത്തുന്നതിന് ആനുകൂല്യങ്ങൾ നൽകുക.
5. തെങ്ങുകൃഷിക്കാർക്ക് തെങ്ങുകയറ്റ യന്ത്രവും മരുന്ന് തെളിയ്ക്കാനുള്ള സൗകര്യവും നൽകുക. 6. മണ്ണ് പരിശോധനാ സംവിധാനം ഏർപ്പെടുത്തുക.

**പത്താംവാർഡ്:**

1. പാലക്കീൽ വയലിൽ നിർമ്മിച്ച് കുളത്തിൽ പമ്പ്സെറ്റ് സ്ഥാപിക്കുക.
2. ചോലത്തോടിൽ നിന്നുള്ള വെള്ളം പുല്പക്കരി-പാലക്കീൽ വയലിലേക്ക് ഉപയോഗപ്പെടുത്താൻ ലിഫ്റ്റ് ഇറിഗേഷൻ സ്ക്കീമിൽ ഉൾപ്പെടുത്തുക.
3. കുണ്ടുവയൽ തോടിന്റെ ബണ്ട് പുതുക്കിപ്പണിയുക. ബണ്ടിൽ നിന്നും കൈത്തോട് നിർമ്മിക്കുക.
4. ഇടിയിൽതാഴെ ബണ്ട് പരിഷ്ക്കരിക്കുക.
5. ആമേരിവയൽ കുളത്തിൽ ഒരു പമ്പ് സെറ്റ് സ്ഥാപിക്കുക.
6. കൊടോളിപ്രം നായിക്കാലി തോടിന്റെ പാർശ്വഭിത്തി നിർമ്മിച്ച് സംരക്ഷിക്കുക. കൊടോളിപ്രം സ്ക്കൂളിന്റെ സമീപം കുളം നിർമ്മിച്ച് ജലസേചനസൗകര്യം മെച്ചപ്പെടുത്തുക.
7. ചാത്തോത്ത് താഴെ തോടിന്റെ പാർശ്വഭിത്തി നിർമ്മിച്ച് സംരക്ഷിക്കുക.
8. കൊടോളിപ്രം തൊടിയാൻ വയലിൽ കുളം നിർമ്മിച്ച് ജലസേചനം മെച്ചപ്പെടുത്താൻ സൗകര്യം ഉണ്ടാക്കണം.
9. അരിങ്ങോട്ട് മൂല കുളത്തിലേക്ക് പുറമേനിന്ന് വെള്ളം ഒഴുകിവരുന്നത് തടയുകയും പമ്പ് സെറ്റ് സ്ഥാപിക്കുകയും ചെയ്യുക.
10. പുൽപ്പക്കരിയിൽ ഒരു കുളം നിർമ്മിക്കുക.
11. മുടങ്ങിക്കിടക്കുന്ന കൃഷി സ്ഥലങ്ങൾ പുനരുദ്ധരിക്കുന്നതിന് സൗകര്യമുണ്ടാക്കുക.
12. കായലോടും മൂല കുളത്തിന് ഒരു മോട്ടോർ സ്ഥാപിക്കുക.
13. കൊടോളിപ്രം അണക്കെട്ടുമുതൽ നായിക്കാലിവരെ അമ്പത് മീറ്റർ ഇടവിട്ട് തടയണകൾ സ്ഥാപിക്കുക.

**പതിനൊന്നാം വാർഡ്:**

1. കുന്നോത്ത് കോമത്ത് വീടിന് താഴെയുള്ള കുളം നന്നാക്കി പമ്പ് സെറ്റ് വച്ച് നെൽകൃഷിക്ക് ജനസേചന സൗകര്യം ഏർപ്പെടുത്തുക.
2. കൊടോളിപ്രം മേനത്തും താഴ നിലവിലുള്ള ബണ്ടിന് പലകൾ സ്ഥാപിച്ചു ജനനിർഗ്ഗമനചാലുകൾ സ്ഥാപിച്ചും കാര്യക്ഷമമാക്കുക.
3. കൊടോളിപ്രം വായനശാല റോഡിന് താഴെ പുതുതായി ബണ്ട് സ്ഥാപിച്ച് ജലസേചന സൗകര്യം മെച്ചപ്പെടുത്തുക.
4. കോടിപ്രം പാറക്ക് താഴെ പൈപ്പ് റോഡിൽനിന്ന് പടുവ വരെ ടില്ലർ റോഡ് നിർമ്മിക്കുക.
5. കൊടോളിപ്രം വലിയടി താഴെ തോടിന് ബണ്ട് നിർമ്മിച്ച് ജലസേചന സൗകര്യം ഏർപ്പെടുത്തുക.
6. കുന്നോത്ത് ഒതയോത്ത് വയലിൽ കുളം നന്നാക്കി പ്രയോജനപ്പെടുത്തുക.
7. കുന്നോത്ത് ചെങ്ങോട്ടുമൂല കണ്ടോത്ത് കുളം, ചെറുവാട്ട് മൂല, കുളങ്ങൾ നന്നാക്കി ജലസേചന സൗകര്യം മെച്ചപ്പെടുത്തുക.
8. പടുവഭാഗത്ത് പുതിയകുളം അനുവദിക്കുക.
9. കുന്നോത്ത് പാടശേഖര സമിതിക്ക് ടില്ലർ സൗജന്യമായി അനുവദിക്കുക
10. കോമത്ത് താഴെ മുതൽ പാറത്തോട് വരെ തോട്ടുചിറകെട്ടി സംരക്ഷിച്ച് ബണ്ട്കെട്ടി ജലസേചന സൗകര്യം മെച്ചപ്പെടുത്തുക.
11. മണ്ണുപരിശോധനയും മറ്റും നടത്തുന്നതിന് കൊടോളിപ്രം വായനശാലക്ക് സമീപം സൗകര്യം ഏർപ്പെടുത്തുക.
12. കുന്നോത്ത് മുതൽ കൊടോളിപ്രംവരെ 50 മീറ്റർ ഇടവിട്ട് തടയണ പണിയുക.

13. ഇടിഞ്ഞുപോയ തോടുചിറകൾ പുനർനിർമ്മാണം നടത്തുക.
14. കുന്നോത്ത് ഒറ്റത്തെക്ക് സമീപം വെള്ളം കെട്ടി നില്ക്കുന്നത് തടയാൻ ഓവുചാൽ നിർമ്മിച്ച് കൃഷി മെച്ചപ്പെടുത്താൻ സൗകര്യം ഉണ്ടാക്കുക.
15. പെരുവമ്പൂലയിൽ റോഡിൽ നിന്നുള്ള ചരലും കല്ലും കൃഷിയിടങ്ങളിലേക്ക് കയറുന്നത് തടയാൻ ബണ്ട് കെട്ടി സൗകര്യം ഉണ്ടാക്കുക. കൃഷി മെച്ചപ്പെടുത്താൻ സൗകര്യം ഉണ്ടാക്കുക.

**ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങൾ താഴെപറയുന്നവയാണ്.**

1. അടുക്കളത്തോട്ട നിർമ്മാണത്തിന് ആവശ്യമായ പച്ചക്കറി വിത്തുകളും വളവും സൗജന്യമായി എല്ലാ വീട്ടുകാർക്കും അനുവദിക്കുക.
2. കാർഷികോല്പന്നങ്ങൾ വിറ്റഴിക്കുവാൻ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.
3. അത്യുല്പാദനശേഷിയുള്ള വിത്തുകളും നടീൽ വസ്തുക്കളും കർഷകർക്ക് സൗജന്യനിരക്കിൽ ലഭ്യമാക്കുക.
4. തെങ്ങ്, കവുങ്ങ്, വാഴ, കശുവണ്ടി, നെല്ല് എന്നീ പ്രധാനവിളകൾക്ക് സബ്സിഡി നിരക്കിൽ രാസവളം ലഭ്യമാക്കുക.
5. കേരകർഷകർക്ക് കൊപ്രഡ്രയറുകൾ അനുവദിക്കുക.
6. കർഷകർക്ക് സൗജന്യനിരക്കിൽ പമ്പ് സെറ്റ് അനുവദിക്കുക.
7. വിളവ് വർദ്ധിപ്പിക്കുന്നതിന് മണ്ണ് പരിശോധനാസൗകര്യം ഏർപ്പെടുത്തുക.
8. കൃഷിരീതിയെക്കുറിച്ചുള്ള ശാസ്ത്രീയ നിർദ്ദേശങ്ങൾ നൽകുക.
9. കാർഷിക യന്ത്രങ്ങളുടെ ലഭ്യത എല്ലാ വാർഡിലും ഉറപ്പുവരുത്തുക.
10. രാസവളം വാർഡിന്റെ എല്ലാ ഭാഗത്തും വിതരണം ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കുക.
11. നെൽപ്പാടങ്ങൽ നികത്തി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് നിരുത്സാഹപ്പെടുത്തുക.
12. രോഗം ബാധിച്ചതും ഉല്പാദനക്ഷമത കുറഞ്ഞതുമായ തെങ്ങുകൾക്ക് പകരം പുതിയവ വെച്ചു പിടിപ്പിക്കുവാൻ, ന്യായമായ സാമ്പത്തിക സഹായം അനുവദിക്കുക.
13. രാസവളത്തിന് പകരം ജൈവവളത്തിന് കൂടുതൽ പ്രാധാന്യം നൽകണം. അതിനായി കാലിവളർത്തൽ, കമ്പോസ്റ്റ കുഴി നിർമ്മാണം എന്നിവക്ക് പ്രോത്സാഹനം നൽകണം.
14. കൃഷിഭവൻ മുഖേന ലഭിക്കുന്ന ആനുകൂല്യങ്ങൾ യഥാർത്ഥ കർഷകർക്ക് യഥാവസരത്തിൽ ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം.
15. കൃഷിഭവന്റെ നേതൃത്വത്തിൽ ടില്ലറുകൾ വാങ്ങി കർഷകരെ സഹായിക്കണം.
16. കാർഷിക ലോണുകൾ ലഭ്യമാക്കുന്നതിനും മറ്റും എല്ലാ കർഷകർക്കും അവരവരുടെ പരിധിയിലുള്ള ബാങ്കുകളിൽ മെമ്പർഷിപ്പ് നൽകുക.
17. ഓരോ വാർഡിലും പവ്വർ ടില്ലർ അനുവദിക്കണം.
18. നെൽക്കൃഷി ബോണസ് നിലവിലുള്ളതിൽനിന്ന് വർദ്ധിപ്പിക്കണം.
19. കാർഷികവായ്പ പതിനായിരം രൂപവരെ പലിശരഹിതമാക്കുക.
20. വാഴയുടെഎണ്ണമനുസരിച്ച് വായ്പ ലഭ്യമാക്കുക.
21. തെങ്ങുകയറ്റത്തൊഴിലാളികൾക്ക് പ്രോത്സാഹനം നൽകുക.
22. കുരുമുളകിനും കശുവണ്ടിക്കും തറവില നിശ്ചയിക്കുക. കശുവണ്ടി ബോർഡ് രൂപീകരിക്കുക. ബഡ്ഡ് ചെയ്ത കശുമാവിൽ തൈകൾ സൗജന്യമായി വിതരണം ചെയ്യുക
23. റബ്ബർ നഴ്സറികൾ രൂപീകരിക്കുകയും സ്പ്രെയർ വാടകക്ക് നൽകുകയും സ്പ്രെയർ വാങ്ങാൻ സബ്സിഡിയും വായ്പയും അനുവദിക്കുകയും ചെയ്യുക
24. നെൽപ്പാടം നികത്തി വീടുവെക്കുന്നതും നെൽപ്പാടങ്ങളിൽ ദീർഘകാല വിളകൾ കൃഷിചെയ്യുന്നതും കർശനമായി തടയുക.

25. കൂട്ടുകൃഷി സമ്പ്രദായം നടപ്പാക്കുക.

26. കീടനാശിനി തളിക്കാനാവശ്യമായ ഉപകരണങ്ങൾ പാടശേഖരസമിതിക്ക് അനുവദിക്കുക.

27. കിണർ കുഴിച്ച് പമ്പ് സെറ്റ് സ്ഥാപിക്കാൻ 10 സെന്റ് സ്ഥലമുള്ള കൃഷിക്കാരനും സൗകര്യമുണ്ടാക്കണം.

28. അശാസ്ത്രീയമായ തോട് കെട്ടൽമൂലം ജലം ഒഴുകിപ്പോകുന്നു. കിനിഞ്ഞിറങ്ങുന്നില്ല. അതുകൊണ്ട് ആവശ്യമായ സ്ഥലങ്ങളിൽ തടയണകളും ബണ്ടുകളും വേണം. 29. ഔഷധസസ്യസൃഷി പ്രോത്സാഹിപ്പിക്കണം.

പരിഹാരമാർഗ്ഗങ്ങൾ/സാധ്യതകൾ

1. മുൻ പേജുകളിൽ സൂചിപ്പിച്ച നീരുറവകളെ ജനപങ്കാളിത്തം കൂടി ഉറപ്പാക്കി ജലസേചനത്തിനും കുടിവെള്ളത്തിനും ഉപയോഗയോഗ്യമാക്കാവുന്നവയാണ്.

2. തോടുകളിൽ തടയിണയും ബണ്ടും ഇല്ലാത്ത സ്ഥലങ്ങളിൽ അവ സ്ഥാപിച്ചും പമ്പ് സെറ്റുകൾ ഏർപ്പെടുത്തിയും ഒറ്റവിള രണ്ടുവിളയാക്കാനും രണ്ട് വിള മൂന്നു വിളയാക്കാനും സാധ്യതകളുണ്ട്.

3. പുഴയിൽനിന്നും വെള്ളം പമ്പ് ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കാവുന്നതാണ്.

4. മണ്ണൊലിപ്പ് തടയാൻ കുന്നിൻ ചെരുവുകളിൽ സമ്മിശ്രകൃഷി നടത്താൻ പ്രോത്സാഹനവും ബോധവൽക്കരണവും നടത്താം.

5. ജലലഭ്യതയുള്ളതും തകർന്നതുമായ കുളങ്ങൾക്ക് ആഴവും വീതിയും കൂട്ടി കുറേ പ്രദേശങ്ങളെ പച്ചപിടിപ്പിക്കാൻ കഴിയും.

6. ജൈവവളം നിർമ്മിക്കാൻ കർഷകരെ പ്രേരിപ്പിക്കാനും ജൈവകീട നിയന്ത്രണ രീതികളെക്കുറിച്ച് ക്ലാസുകൾ കൊടുക്കാനും സാധിക്കുന്ന കാര്യങ്ങളാണ്.

7. രോഗപ്രതിരോധശേഷിയുള്ള വിത്തിനങ്ങളും നടീൽ വസ്തുക്കളും ശാസ്ത്രീയമായി ഉല്പാദിപ്പിക്കാൻ ശ്രദ്ധിക്കാവുന്നതാണ്.

8. നെൽപ്പാടങ്ങൾ നികത്തുന്നതിനെതിരെ നിയമമുണ്ടെങ്കിലും കർശനമാക്കുന്നില്ല. ഇതിന് പഞ്ചായത്ത് നടപടിയെടുത്തേ പറ്റൂ.

9. കൃഷിഭൂമി തരിശിടുന്നതിന്റെ കാരണം കണ്ടെത്തി ബോധവൽക്കരണത്തിലൂടെയും പ്രോത്സാഹനത്തിലൂടെയും കർഷകരെ അതിൽനിന്ന് പിന്തിരിപ്പിക്കാവുന്നതാണ്.

10. മണ്ണ് പരിശോധനയ്ക്ക് ഓരോ വാർഡിലും സംവിധാനമുണ്ടാക്കി കർഷകരെ മണ്ണ് പരിശോധിപ്പിക്കാൻ മുൻകൈ എടുക്കാവുന്നതാണ്.

11. പത്താം വാർഡിലെ ഉയർന്ന ജലവിതാനമുള്ള കുന്നുകളിൽനിന്നും ചെലവ് കുറഞ്ഞ രീതിയിൽ ജലസേചനം നടത്താനും കുടിവെള്ളമെത്തിക്കാനും സാധ്യതയുണ്ട്.

12. നേന്ത്രവാഴക്കൃഷി ധാരാളമുള്ള ഈ പഞ്ചായത്തിൽ വാഴപ്പഴ സംസ്ക്കരണത്തിനും വിപണനത്തിനും നല്ല സാധ്യതയുണ്ട്.

13. തേങ്ങ ധാരാളമായി ഉല്പാദിപ്പിക്കുന്ന ഈ പ്രദേശത്ത് നാളികേരവുമായി ബന്ധപ്പെട്ട പല വ്യവസായങ്ങൾക്കും വാൻ സാധ്യതയുണ്ട്.

14. കുരുമുളകും അടക്കയും കയറ്റുമതി ചെയ്യുന്നതിനുപകരം അവ ഉപയോഗിച്ച് പല വ്യവസായങ്ങളും തുടങ്ങാനും തൊഴിൽ ക്ഷാമം പരിഹരിക്കാനും സാധിക്കും.

15. കൃഷിഭവൻ മുഖേന ലഭ്യമാക്കുന്ന നടീൽ വസ്തുക്കളും വളവും മറ്റും യഥാസമയത്ത് ലഭിച്ചില്ലെങ്കിൽ വലിയ പ്രയോജനമില്ല. മേലിൽ സത്വരശ്രദ്ധപതിപ്പിച്ചാൽ പ്രശ്നം പരിഹരിക്കാം.

16. തരിശിടുന്ന ഭൂമികൾ ആവശ്യക്കാർക്ക് പാട്ടത്തിന് കൊടുക്കാനുള്ള നടപടിയെടുത്ത് അവ ഉപയോഗയോഗ്യമാക്കാവുന്നതാണ്.

17. പ്രകൃതിക്ഷോഭം മൂലമുള്ള നഷ്ടപരിഹാരം ഇടിവെട്ടേറ്റ തെങ്ങുകൾക്കും ബാധകമാക്കാൻ, റിപ്പോർട്ടുചെയ്യേണ്ട സമയപരിധി ദീർഘിപ്പിക്കാവുന്നതാണ്.

18. കാർഷിക ഉപകരണങ്ങൾ റിപ്പേർ ചെയ്യുന്നതിനും ഉപയോഗിക്കുന്നതിനും പരിശീലനം നല്കിയാൽ ആ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കും.

19. ജനകീയ പങ്കാളിത്തത്തോടെ പച്ചക്കറിക്കൃഷിക്ക് പറ്റിയ സ്ഥലങ്ങൾ തിരഞ്ഞെടുത്ത് കൂട്ടായ്മയോടെ കൃഷി നടത്തിയാൽ വെറുതെയിടുന്ന പല സ്ഥലങ്ങളും ഉപയോഗിക്കാൻ കഴിയും.

20. അഭ്യസ്തവിദ്യരായ തൊഴിലില്ലാത്ത ചെറുപ്പക്കാരെ മണ്ണിൽ പണിയെടുപ്പിക്കാൻ വേണ്ട പ്രോത്സാഹനം നല്കിയാൽ കർഷകത്തൊഴിലാളിക്ഷാമം പരിഹരിക്കാൻ കഴിയും.

21. മഴക്കാലത്ത് വെള്ളം കയറി നശിക്കാൻ സാധ്യതയുള്ള തോടുകളുടെ കരയിലെ കൃഷിയെ രക്ഷിക്കാൻ തോടുകളുടെ ആഴം കൂട്ടി ജലം ഒഴിക്കിവിടാൻ സംവിധാനം ഉണ്ടാക്കാവുന്നതാണ്.

പൊതുവെ വിലയിരുത്തുമ്പോൾ കൃഷിക്കും ജലസേചനത്തിനും നല്ല സാധ്യതയുള്ള ഒരു പഞ്ചായത്താണിത്. പ്രാഥമിക വികസനമേഖലയായ കൃഷിക്കും ജലസേചനത്തിനും ഏറ്റവും മുന്തിയ പരിഗണന നല്കാൻ സർക്കാരും പഞ്ചായത്തും ജനങ്ങളും ചേർന്ന കൂട്ടായ്മക്ക് സാധിക്കും–സാധിക്കണം.

# വനം, പരിസ്ഥിതി

കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിൽ ഭൂമിശാസ്ത്രപരമായി ഇടനാട് പ്രദേശത്തുള്ള പഞ്ചായത്താണ് കൂടാളി. ഇടനാടിന്റെ പാരിസ്ഥിതിക പ്രത്യേകതകളുള്ള ജൈവവൈവിദ്ധ്യതയിൽ സമ്പന്നമായിരുന്ന ഈ പ്രദേശം മറ്റെല്ലായിടത്തുംപോലെ പാരിസ്ഥിതിക പ്രശ്നങ്ങളിലൂടെ കടന്നു പോകുന്നു. പ്രകൃതി സംരക്ഷണത്തിൽ മുൻതൂക്കം കൊടുത്തുകൊണ്ട് വനസംരക്ഷണവും പരിസരമലിനീകരണം തടയലും അവശ്യം പരിഗണിക്കപ്പെടേണ്ട മേഖലകളാണ്. മണ്ണൊലിപ്പ് തടയലും, നിർമ്മിതി പ്രദേശങ്ങളുടെ സംരക്ഷണവും പഞ്ചായത്തിന്റെ കാർഷികമേഖലയെ അഭിവൃദ്ധിപ്പെടുത്തും. പരിസ്ഥിതി ഘടകങ്ങൾ പരിഗണിക്കാതെയുള്ള കാർഷികവൃത്തികളും വികസനപദ്ധതികളും താല്ക്കാലിക നേട്ടവും, ദൂരവ്യാപകമായ കെടുതികളും ഉണ്ടാക്കുമെന്ന കാര്യം പരിഗണിച്ച് പാരിസ്ഥിതിക പരിഗണനകൾ വെച്ച് പഞ്ചായത്തിന്റെ സുസ്ഥിര വികസനം ലക്ഷ്യം വെച്ചായിരിക്കണം ജനകീയാസൂത്രണത്തിലൂടെ 9-ാം പദ്ധതി വിഭാവനം ചെയ്യേണ്ടത്.

**വനം-വന്യജീവികൾ:** മൂന്ന് നാല് ദശകങ്ങൾ മുമ്പ് വരെ സസ്യസമ്പന്നമായിരുന്ന കാട്ടുപ്രദേശങ്ങൾ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലുമുണ്ടായിരുന്നു. കടുംകൃഷിയുടെ പേരിലും, പാർപ്പിടാവശ്യങ്ങൾക്കുവേണ്ടിയും ഭൂരിഭാഗവും നശിപ്പിക്കപ്പെട്ടു. ഇതിന്റെ ഫലമായി വൃക്ഷസമ്പത്തിനും, വന്യജീവി സമ്പത്തിനും വലിയ കുറവ് വന്നിട്ടുണ്ട്. കടുവ, കുരങ്ങ്, മലയണ്ണാൻ, കാട്ടാട്, കുട്ടിതേവാങ്ക് പോലുള്ള ജന്തുക്കളും, വേഴാമ്പൽ, മയിൽ തുടങ്ങിയ പക്ഷികളും അപ്രത്യക്ഷമായി. മെരുക്, പുലിപ്പൂച്ച, കാട്ടുപൂച്ച എന്നിവ വംശമറ്റുപോകുംവിധം കുറഞ്ഞു. അരുവികളും, നീർച്ചാലുകളും വറ്റിപ്പോകാനും കൃഷിയാവശ്യത്തിനുള്ള ജൈവവള ലഭ്യത കുറയാനും സസ്യ സമ്പന്നത കുറഞ്ഞത് കാരണമായി. ഇതൊക്കെ പരിഗണിക്കുമ്പോൾ സസ്യ സമ്പന്നതയിലേക്ക് തിരിച്ചു പോകാനുള്ള ശ്രമം നടക്കേണ്ടതുണ്ട്.

**നിലവിലുള്ള അവസ്ഥ:**

നിത്യഹരിത വനങ്ങളിൽ കണ്ടു വരുന്ന വൃക്ഷങ്ങളും, കുറ്റിച്ചെടികളും, ഔഷധസസ്യങ്ങളുമാണ് കൂടുതൽ കണ്ടുവരുന്നത്. ഇല പൊഴിയുന്ന ചില വൃക്ഷങ്ങളും, വരണ്ട പ്രദേശങ്ങളിൽ പല തരത്തിലുള്ള മുൾച്ചെടികളും കാണാനുണ്ട്. ശരിയായ വനപ്രദേശം പഞ്ചായത്തിൽ ഇല്ല. സസ്യസമ്പന്നത കാണുന്ന ചില പ്രദേശങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| സ്ഥലം | വിസ്തൃതി | ഉടമസ്ഥത | പ്രത്യേകതകൾ |
|---|---|---|---|
| **കാവുകൾ :** | | | |
| 1. വരേക്കാവ് | 4 ഏക്കറോളം | | 1. പഞ്ചായത്തിലെ ഏറ്റവും നല്ല കാവ്. വലിയ വൃക്ഷങ്ങളും, വള്ളികളും ഒട്ടനവധി പക്ഷികളും കാണപ്പെടുന്നു. |
| 2. ചിറയിൽ കാവ് (പാണലാട്) | 1 ഏക്കർ | സ്വകാര്യസ്വത്ത് | 2. സാമാന്യം നല്ല സസ്യങ്ങൾ വളരുന്നു. പക്ഷികൾ ധാരാളമയി ഉണ്ട്. |
| 3. മലാക്കാവ് | 3 ഏക്കർ | സ്വകാര്യഭൂമി | 3. സസ്യവൈവിധ്യം പക്ഷികൾ നന്നെ കുറവ് |
| 4. മാര്യോട്ട് കാവ് (മാര്യോട്ട് മൂല) | 1/2 ഏക്കർ | സ്വകാര്യഭൂമി | 4. പലതരത്തിലുള്ള സസ്യങ്ങൾ ഉണ്ട്. ഇഴജന്തുക്കളും പക്ഷികളുമുണ്ട്. |
| **പുറമ്പോക്ക്** പുഴയോരം (6,7,8 വാർഡുകളുടെ ഓരം) | – | പഞ്ചായത്ത് പുറമ്പോക്ക് | വലിയ വൃക്ഷങ്ങളും പലയിനം ആരോഹി സസ്യങ്ങളും കാണുന്നു. പന്നൽ, ഓടൽ പോലുള്ള അപുഷ്പി സസ്യങ്ങളും ഉണ്ട് |
| പട്ടാന്നൂർ വില്ലേജിലെ – കൂരാരിക്കടുത്തുള്ള സ്ഥലം | (കാഴ്ചയിൽ (1/2 ഏക്കർ) | കേന്ദ്രസർക്കാർ റവന്യുഭൂമി | പല തരത്തിലുള്ള മരങ്ങളും കുറ്റിച്ചെടികളും വള്ളിച്ചെടികളുണ്ട്. |

**ജന്തുക്കൾ:**

സസ്തനി വിഭാഗത്തിൽപെടുന്ന കാട്ടുപൂച്ച, പുലിപ്പൂച്ച, മരപ്പട്ടി, വെരുക്, നാടൻകീരി, കുറുക്കൻ, നീർനായ, വാവൽ, അണ്ണാൻ, എലിവർഗ്ഗങ്ങൽ, മുള്ളൻ, കാട്ടുമുയൽ എന്നിവയും ഉരഗവിഭാഗമായ ഉടുമ്പ്, വിവിധയിനം ഓന്തുകൾ, പല്ലിയിനങ്ങൾ, പാമ്പുകൾ എന്നിവയും തവളകൾ, കരുടൻ പാമ്പ് എന്നീ ഉഭയജീവികളും പഞ്ചായത്തിൽ കാണപ്പെടുന്നു.

**പക്ഷികൾ:**

ഈ പഞ്ചായത്തിൽ പക്ഷികളുടെ ഇനങ്ങൾ കണ്ടു വരുന്നതിൽ വലിയ കുറവ് വന്നിട്ടില്ലെന്ന് കരുതുന്നു. മയിൽ, വേഴാമ്പൽ, ചിലയിനം എരണ്ട പക്ഷികൾ എന്നിവ ഒഴിച്ചാൽ കേരളത്തിൽ മറ്റു സ്ഥലങ്ങളിലൊക്കെ കണ്ടുവരുന്ന 150ൽ അധികം ഇനം പക്ഷികൾ ഇന്നും കണ്ടുവരുന്നുണ്ട്. ഇവയിൽ പശ്ചിമ ഘട്ടങ്ങളിൽമാത്രം കണ്ടുവരുന്ന 18ഓളം സ്പഷീസ്സുകളും ഉൾപ്പെടുന്നു. അറിയപ്പെടുന്ന നല്ലൊരു പക്ഷി നിരീക്ഷകനായ ശ്രീ ശശികുമാർ നമ്മുടെ പഞ്ചായത്തിലുണ്ട് എന്ന കാര്യം വളരെ കുറച്ചു പേർക്കേ അറിയാവൂ. അദ്ദേഹത്തിന്റെ നിരീക്ഷണപ്രകാരം ചിലയിനങ്ങളുടെ എണ്ണത്തിൽ വർദ്ധനവും, ചിലയിനങ്ങളുടെ കാര്യത്തിൽ കുറവും ഉണ്ടായിട്ടുണ്ട്.

**വനമേഖയിലെ പ്രശ്നങ്ങൾ:**

സ്വകാര്യ സ്വത്തായിരുന്ന കൃഷിചെയ്യാതിരുന്ന പറമ്പുകൾ ഏകവിളത്തോട്ടത്തിനും, റബ്ബറിനും വഴിമാറി. കൂട്ടുകുടുംബസ്വത്തായിരുന്ന മിക്ക കാവുകളും കുടുംബസ്വത്ത് ഭാഗം വെച്ചതോടെ സംരക്ഷിക്കപ്പെടുന്നില്ല. പുറമ്പോക്കിലെ സസ്യസമ്പത്ത് സംരക്ഷിക്കുന്നില്ല. തടിക്കും, വിറകിനും വേണ്ടി മരങ്ങൾ കണ്ട മാനം വെട്ടിമാറ്റുന്നു. കൃഷിരീതി സസ്യവൈവിദ്ധ്യത്തിന്റെ നാശത്തിലേക്ക് നയിക്കുന്നുണ്ട്. ചന്ദനത്തടിമോഷണം വ്യാപകമാണ്.

**സാദ്ധ്യതകൾ:**

- പൊതുസ്ഥലങ്ങളിലേയും പുറമ്പോക്കിലേയും വൃക്ഷങ്ങൾ സംരക്ഷിക്കുക.
- നിലവിലുള്ള എല്ലാ കാവുകളും സംരക്ഷിക്കുക.
- മൺസൂൺ ആരംഭത്തിൽ തന്നെ ആവശ്യക്കാർക്ക് വൃക്ഷതൈകൾ വിതരണം ചെയ്യുക.
- വനവൽക്കരണത്തിന് സാമൂഹ്യസംഘടനകളുടെ പങ്ക് ഉറപ്പുവരുത്തുക.
- പഞ്ചായത്തിൽ ഒരു ഫോറസ്റ്റ് പാർക്ക് ആക്കുക.
- സസ്യസമ്പത്തിനെക്കുറിച്ചുള്ള ബോധവൽക്കരണം നടത്തുക (വന്യജീവികളും).

**ജലസമ്പത്ത്:**

ജലസമ്പത്ത് കൊണ്ട് വളരെ അനഗ്രഹീതമല്ലെങ്കിലും രൂക്ഷമായ ജലക്ഷാമം അനുഭവിക്കാത്ത പഞ്ചായത്തിന് ചെറിയ തോതിലുള്ള മലിനീകരണപ്രശ്നങ്ങൾ ഉണ്ട്.

**പ്രശ്നങ്ങൾ:**

- തോടുകളുടെ വീതി കുറച്ച് ഇരുവശവും കെട്ടി ഉറപ്പിക്കൽ
- വയലുകൾ നികത്തി കരഭൂമിയാക്കൽ
- പുഴയിൽ തോട്ടയിട്ട് മീൻപിടുത്തം
- തോടുകളിലും പുഴയിലും വാഹനം ഇറക്കി കഴുകൽ
- മാലിന്യങ്ങളുടെ തള്ളൽ
- നീർമറി പ്രദേശ സംരക്ഷണം ഇല്ലായ്മ

**നിർദ്ദേശങ്ങൾ:**

● പുഴമലിനീകരണം തടയാൻ യോജിച്ച നടപടികൾ വേണം. ● തോടുകൾ കെട്ടിച്ചുരുക്കുന്നത് ഫലപ്രദമായി തടയുക. ● വാഹനങ്ങൾ പുഴയിൽ ഇറക്കി കഴുകുന്നത് നിരോധിക്കുക ● ഒഴുക്കില്ലാത്ത കുളങ്ങളിൽ സോപ്പും ഡിറ്റർജന്റും ഉപയോഗിച്ചുള്ള അലക്കൽ ഒഴിവാക്കുക.

**മറ്റ് പാരിസ്ഥിതിക പ്രശ്നങ്ങൾ:**

**മണ്ണൊലിപ്പ്:** പഞ്ചായത്തിലെ മിക്ക പ്രദേശങ്ങളിലും മണ്ണൊലിപ്പ് ഉണ്ട്. നീർമറി നോക്കാതെയുള്ള കൃഷിരീതികൾ തരിശിടൽ, കുന്നിൻചരിവുകളിൽ മണ്ണിളക്കിയുള്ള കൃഷിരീതി, ഓവുചാലുകളില്ലാത്ത ഗ്രാമീണ റോഡുകൾ എന്നിവ മണ്ണൊലിപ്പിന്റെ കാരണങ്ങളാണ്.

**മണൽവാരൽ:** അതിർത്തിയിലെ പുഴയിൽനിന്നും അശാസ്ത്രീയ മണൽവാരൽ നടക്കുന്നുണ്ട്. പുഴയുടെ കുത്തൊഴുക്കിന്റെ ഗതിമാറി കരയിടിച്ചലിന് കാരണമാക്കുകയും പുഴയുടെ ജലവിതാനത്തിന് മാറ്റമുണ്ടാക്കുകയും ചെയ്യുന്നു.

**പ്ലാസ്റ്റിക് മലിനീകരണം:** പഞ്ചായത്തിലെ ഏറ്റവും വലിയ മലിനീകരണപ്രശ്നം ഇതാണ്. പ്രത്യക്ഷത്തിൽ വലിയ പ്രശ്നങ്ങൽ സൃഷ്ടിക്കുമെന്ന് തോന്നുന്നില്ലെങ്കിലും ഭാവിയിൽ ഗുരുതരമായ ഭവിഷ്യത്തുകൾ ഉണ്ടാക്കുന്നവയാണ് ഈ പ്രശ്നം.

**രാസവളകീടനാശിനി മലിനീകരണം:** കൃഷിയിൽ അശാസ്ത്രീയമായ രാസപ്രയോഗങ്ങളിലൂടെ കര, ജലം, വായു എന്നിവ മലിനമാക്കപ്പെടുന്നു.

**പ്രശ്നങ്ങൾ:**

1. വയലുകളിൽ തവളകളുടേയും ചെറുമത്സ്യങ്ങളുടേയും സാന്നിദ്ധ്യം വളരെ കുറഞ്ഞു.
2. തോടുകളിൽ പല മത്സ്യങ്ങളും കുറഞ്ഞുവരുന്നു.
3. തേനീച്ചകൃഷി പാടേ ഇല്ലാതായി.
4. ശലഭങ്ങളുടേയും ഷഡ്പദങ്ങളുടേയും നാശം പച്ചക്കറി കൃഷിയെ സാരമായി ബാധിക്കുന്നു.

**നിർദ്ദേശങ്ങൾ:**

1. കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ അശാസ്ത്രീയ രാസവളകീടനാശിനി പ്രയോഗത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുക.
2. കീടനാശിനികൾ ഉപയോഗിക്കേണ്ടവിധം, നേർപ്പിക്കേണ്ട രീതി എന്നിവ ഗ്രൂപ്പ് ഫാം ക്ലാസ്സിലൂടെ നല്കണം.
3. ജൈവവളത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുക.
4. പച്ചക്കറികൃഷിക്ക് ജൈവ കീടനാശിനികൾ പ്രയോഗിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുക.
5. പരിഷ്കൃത രാജ്യങ്ങളിൽ നിരോധിച്ച കീടനാശിനികൾ വിതരണം നടത്തുന്നത് തടയണമെന്ന് ആവശ്യപ്പെടുക.

വൻവ്യവസായശാലകൾ ഇല്ലാത്തതിനാൽ വ്യവസായമലിനീകരണം കുറവാണ്. സ്റ്റോൺ ക്രഷറുകൾ മൂലമുണ്ടാകുന്ന മലിനീകരണം ചെറുതല്ല. സ്റ്റോൺ ക്രഷറുകളിൽ മലിനീകരണം തടയുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഇറപ്പ് വരുത്തേണ്ടതാണ്. നിബന്ധനകൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്താനുള്ള ഒരു കമ്മറ്റിക്ക് പഞ്ചായത്ത് തലത്തിൽ രൂപം കൊടുക്കാവുന്നതാണ്.

# മൃഗ സംരക്ഷണവും മത്സ്യബന്ധനവും

കുന്നിൻ പുറങ്ങളും നെൽവയലുകളും നിറഞ്ഞ കാർഷികപ്രാധാന്യമുള്ള ഒരു പ്രദേശമാണ് കൂടാളി പഞ്ചായത്ത്. കാർഷികവൃത്തിയോടൊപ്പം ഒരു ഉപതൊഴിലെന്ന നിലയിലാണ് കന്നുകാലിവളർത്തൽ നടന്നുവരുന്നത്. എന്നാൽ പണ്ട് കാലത്ത് കാലികളെ അഴിച്ച് വിട്ട് മേയ്ക്കുന്ന പതിവാണുണ്ടായിരുന്നത്. ബംഗണപ്പറമ്പ്, കോരാറമ്പ്, നായാട്ടുപാറ, വെള്ളപ്പറമ്പ്, വലപ്പറക്കുണ്ടം തുളച്ചകിണർപറമ്പ് എന്നിവയൊക്കെ കാലിമേയ്ക്കൽ കേന്ദ്രങ്ങളായിരുന്നു. എന്നാൽ ജനസാന്ദ്രതകൂടിയതോടുകൂടി കാലിമേയ്ക്കാൻ പ്രയാസം നേരിട്ടുവന്നു. കിടാരികളെ പോറ്റാൻ വാങ്ങുന്ന സമ്പ്രദായം പണ്ടുണ്ടായിരുന്നു. ഇന്നും അപൂർവ്വമായി ഈ സമ്പ്രദായം നിലനിൽക്കുന്നുണ്ട്.

പഞ്ചായത്തിൽ കാലിവളർത്തൽ മുഖ്യതൊഴിലായി സ്വീകരിച്ചവർ 50ൽ താഴെ മാത്രമേ ഉള്ളൂ. നെൽവയലുകൾ പൂട്ടുന്നതിനും വണ്ടി വലിക്കുന്നതിനും കാളകളെ ഉപയോഗിച്ചിരുന്നു. ടില്ലറിന്റെ രംഗപ്രവേശനത്തോടെ കാളപൂട്ടൽ അപൂർവ്വമായ കാഴ്ചയായി മാറിയിരിക്കുകയാണ്. പഞ്ചായത്തിൽ ആകെ 15 ജോടി പൂട്ട് കാളകളാണ് ഉള്ളത്. പേരിനു മാത്രം ഒരു വണ്ടിയും കാളകളും ഇന്നും അവശേഷിക്കുന്നുണ്ട്.

പശുവാണ് പ്രധാന വളർത്തുമൃഗം. നിലവിലുള്ളവയിൽ ഏറിയപങ്കും സങ്കരയിനങ്ങളാണെങ്കിലും പരിപാലനമില്ലാത്തതിനാൽ പാലുല്പാദനം കുറവാണ് എന്ന് കാണാം. പാലിന്റെ കാര്യത്തിൽ പഞ്ചായത്ത് സ്വയം പര്യാപ്തമല്ല. ഉല്പാദനശേഷി കൂടിയ ഇനങ്ങളെ വളർത്തുന്നതിൽ ആളുകൾക്ക് താല്പര്യംകൂടി വരുന്നുണ്ടെന്നത് ഒരു വസ്തുതയാണ്.

**വളർത്തുമൃഗസംഖ്യ 1995–96**

| വാർഡ് | കാള | | പശു | | ആട് | പട്ടി |
|---|---|---|---|---|---|---|
| | നാടൻ | സങ്കരളനം | നാടൻ | സങ്കരളനം | | |
| 1 | 8 | 27 | 142 | 273 | – | 20 |
| 2 | 4 | 40 | 42 | 149 | – | 22 |
| 3 | 3 | 16 | 24 | 160 | 10 | 40 |
| 4 | 16 | 24 | 26 | 271 | 13 | 42 |
| 5 | 18 | 23 | 43 | 159 | 14 | 49 |
| 6 | 14 | 25 | 42 | 277 | 18 | 62 |
| 7 | 9 | 27 | 24 | 148 | 1 | 41 |
| 8 | 4 | 41 | 35 | 211 | 36 | 4 |
| 9 | 6 | 12 | 20 | 194 | 84 | 34 |
| 10 | – | 40 | 30 | 290 | 62 | 71 |
| ആകെ | 82 | 275 | 428 | 2132 | 238 | 385 |
| 1987 | 104 | 763 | 444 | 2746 | 271 | 217 |

കുറഞ്ഞ് വരുന്ന നെൽവയലുകൾ, മേച്ചിൽ സ്ഥലങ്ങളുടെ അഭാവം, കാലിത്തീറ്റയുടെ അമിതമായ വില, തീറ്റപ്പുല്ല്, വൈക്കോൽ, എന്നിവയുടെ ലഭ്യതക്കുറവ്, ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത, എന്നിവ കന്നുകാലിവളർത്തലിനെ നിരുത്സാഹപ്പെടുത്തുന്ന ഘടകങ്ങളാണ്. ഉല്പാദനച്ചെലവുമായി തീരെ പൊരുത്തപ്പെടുന്നതല്ല ഇന്നത്തെ പാലിന്റെ വില.

കാള, ആട്, മുയൽ എന്നിവയും പഞ്ചായത്തിൽ വളർത്തിവരുന്നുണ്ട്. പല വീടുകളിലും പട്ടികളെ വളർത്തുന്നുണ്ട്. അലഞ്ഞുതിരിയുന്ന പട്ടികളെയും പലേടത്തും കാണാൻ കഴിയുന്നു. പേപ്പട്ടി ശല്യത്തിന് ഇവ കാരണമാകുന്നു. ശരിയായ ബോധവൽക്കരണത്തിലൂടെ അത് പരിഹരിക്കേണ്ടതുണ്ട്.

പഞ്ചായത്തിൽ രണ്ട് ക്ഷീരവ്യവസായ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഒന്ന് പേരിന് മാത്രമേയുള്ളൂ. പഞ്ചായത്തിൽ രണ്ട് പാലുല്പന്ന യൂനിറ്റ് പ്രവർത്തിക്കുന്നുണ്ട്.

കാഞ്ഞിരോട് പാലംമുതൽ ഇരിക്കൂർ പാലം വരെ നീണ്ടുകിടക്കുന്ന ഈ പഞ്ചായത്തിൽ ഒരു മൃഗാശുപത്രി മാത്രമേ ഉള്ളു (നായാട്ടുപാറയിൽ). ഇല്ലായ്മയുടെയും വല്ലായ്മയുടെയും പട്ടികമാത്രമേ ആശുപത്രിയെ സംബന്ധിച്ച് നിരത്താനുള്ളൂ. സ്വന്തമായി കെട്ടിടമില്ല. വാടകക്കെട്ടിടത്തിൽ ആവശ്യമായ ഭൗതിക സാഹചര്യമില്ലാതെ ആശുപത്രി വീർപ്പുമുട്ടുന്നു. വേണ്ടത്ര സ്റ്റാഫില്ല. ആയിപ്പുഴ, പാണലാട്, കൊടോളിപ്രം, കുംഭം, കൂടാളി എന്നീ പ്രദേശത്തുകാർക്ക് ആശുപത്രിയുടെ സേവനം വേണ്ടത്ര ലഭിക്കുന്നില്ല.

**രോഗവിവരങ്ങൾ – 1995 *Jan to Dec*(മൃഗാശുപത്രി നായാട്ടുപാറ)**

| | രോഗം | പശു | ആട് | കോഴി |
|---|---|---|---|---|
| 1 | ദഹനസംബന്ധമവ | 238 | 42 | 76 |
| 2 | ശ്വാസകോശസംബന്ധം | 137 | 22 | 22 |
| 3. | ഉപാപചയ സംബന്ധം | 46 | – | – |
| 4. | ത്വക് രോഗങ്ങൾ | 83 | 46 | – |
| 5. | ധാതുലവണങ്ങളുടെ അഭാവം | 252 | 26 | 43 |
| 6. | പരാദരോഗം | 205 | 26 | 38 |
| 7. | വന്ധ്യത | 3 | – | – |
| 8. | അകിട് വീക്കം | 48 | 8 | – |
| 9. | മുടന്തൻ പനി | 228 | – | – |
| 10. | പകർച്ച വ്യാധി | – | – | – |
| 11. | പ്രത്യുല്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 142 | 13 | – |

അകിട് വീക്കം, ഉദരരോഗം, പോഷണക്കുറവ് മൂലമുണ്ടാകുന്ന രോഗങ്ങൾ, വിരശല്യം, എന്നിവയാണ് സാധാരണ കണ്ടുവരുന്ന രോഗങ്ങൾ, ശാസ്ത്രീയമായ തൊഴുത്തില്ലാത്തതും, പരിപാലനത്തെക്കുറിച്ചും രോഗ പ്രതിരോധ നടപടികളെക്കുറിച്ചുമുള്ള അജ്ഞത എന്നിവയും കാലിമരണത്തിന് കാരണമാകുന്നു.

കാലികൾ ധാരാളമായി വളർത്തിയിരുന്ന സമയത്ത് സ്ഥാപിച്ചിരുന്ന ഗോബർ ഗ്യാസ് പ്ലാന്റുകൾ മിക്കവയും ഇന്ന് പ്രയോഗത്തിൽ ഇല്ല. പുതിയ പ്ലാന്റുകളോട് ആളുകൾക്ക് താല്പര്യമില്ല. പ്ലാന്റ് സ്ഥാപിക്കുന്നതിന് സർക്കാരിൽനിന്ന് ധനസഹായം ഉണ്ടെങ്കിലും ഇവയൊന്നും തന്നെ ജനങ്ങളിൽ എത്തിയിട്ടില്ല.

**വളർത്തുകോഴി – 1995–96**

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | ആകെ |
|---|---|---|---|---|---|---|---|---|---|---|---|
| പൂവൻ | 85 | 82 | 51 | 86 | 66 | 97 | 81 | 94 | 88 | 99 | 829 |
| പിട | 176 | 201 | 268 | 312 | 304 | 329 | 313 | 411 | 368 | 280 | 3062 |

## കൃത്രിമ ബീജസങ്കലന വിവരം

| മൃഗം | ആകെ എണ്ണം | കൃത്രിമ ബീജസങ്കലനം നടത്തിയത് | ഗർഭധാരണത്തിന് 2ലധികം തവണ ബീജസങ്കലനം നടത്തിയത് |
|---|---|---|---|
| പശു | 1888 | 204 | 6 |
| കിടാരി | 678 | 90 | 3 |

പഞ്ചായത്തിലെ 75% വീടുകളിലും കോഴികളെ വളർത്തുന്നുണ്ട്. പഞ്ചായത്ത് അതിർത്തിയിൽ മൂന്ന് പൗൾട്രി ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്. ഇറച്ചിക്കോഴി വളർത്തലിന് നല്ല സാധ്യതകൾ ഉണ്ട്. എന്നാൽ കൂടുതൽ ആളുകൾ ഇതിലേക്ക് ആകർഷിക്കപ്പെടുന്നില്ല. മറ്റു സ്ഥലങ്ങളിൽനിന്ന് കോഴികളെ ഇറക്കുമതി ചെയ്യുകയാണ്.

കൗതുകത്തിന് വേണ്ടി താറാവ്, പ്രാവ്, തത്ത എന്നിവ വളർത്തുന്നവർ ഉണ്ട്. കാടകളേയും, മുയലുകളേയും ലാഭകരമായി വളർത്താനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതുണ്ട്.

ഇറച്ചിവില്പനയുടെ ഒരു യൂനിറ്റ് കൂടാളിയിൽ പ്രവർത്തിക്കുന്നുണ്ട്. മറ്റു സ്ഥലത്ത് നിന്ന് ഇറച്ചി കൊണ്ടുവന്ന് വില്ക്കുകയാണ് ചെയ്യുന്നത്.

കൃഷിക്കാവശ്യമായ ജൈവവളത്തിന്റെ ഒരു വലിയ ഭാഗം കാലിവളർത്തലിലൂടെ കഴിയുമെങ്കിലും നെൽകൃഷി അനായാസകരമായതോടെ കാലിവളർത്തലിലും മാന്ദ്യം നേരിട്ടു.
മൃഗഡോക്ടർമാരുടെ എണ്ണം മൊത്തത്തിൽ കുറവാണെന്ന് കാണാം. കൂടാളി പഞ്ചായത്തിൽ വെറ്റിനറികോളേജിനുള്ള സ്ഥലസൌകര്യം ഉണ്ട്. ആയത് പ്രയോജനപ്പെടുത്തി ഒരു കോളേജ് സ്ഥാപിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

**പ്രധാന പ്രശ്നങ്ങൾ;**

1. കാലിമേച്ചിൽ സ്ഥലം പരിമിതമാണ്
2. കാലിത്തീറ്റയുടെ അമിതമായ വില
3. മൃഗാശുപത്രിയിൽ ഡോക്ടറുടെ സേവനം വേണ്ടസമയത്ത് ലഭിക്കുന്നില്ല.
4. ആശുപത്രിക്ക് സ്വന്തമായ കെട്ടിടമോ മറ്റു സൗകര്യങ്ങളോ ഇല്ല.
5. ഗുണനിലവാരമില്ലാത്ത തീറ്റകൾ അമിത വിലക്ക് വാങ്ങേണ്ടിവരുന്നു.
6. തീറ്റപ്പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യതക്കുറവ്
7. കർഷകർക്ക് കുറഞ്ഞ പലിശനിരക്കിൽ വേണ്ടത്ര സാമ്പത്തിക സഹായം ലഭിക്കുന്നില്ല.
8. ഉല്പാദനച്ചെലവിന് അനുസരിച്ച് പാലിന് വില ലഭിക്കുന്നില്ല
9. പേപ്പട്ടിശല്യം ഉണ്ടാകുന്നു.
10. ശാസ്ത്രീയമായ മൃഗപരിപാലനരീതികളെക്കുറിച്ചുള്ള അജ്ഞത.
11. കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുവാൻ ഉല്പാദന ശേഷി കൂടിയ കുഞ്ഞുങ്ങളെ ലഭിക്കുന്നില്ല.

**സാധ്യതകൾ:**

1. പ്രാദേശികമായ വിഭവങ്ങൾ ഉപയോഗിച്ചുള്ള കാലിത്തീറ്റ നിർമ്മാണയൂനിറ്റ് സ്ഥാപിക്കുക.
2. തരിശ് ഭൂമികളിലും ഇടവിളയായും തീറ്റപ്പുല്ല് കൃഷി പ്രോത്സാഹിപ്പിക്കുക.
3. വൈക്കോൽ സംഭരണവും വിതരണവും ക്ഷീര സഹകരണ യൂനിറ്റുകൾ ഏറ്റെടുക്കുക.
4. കൂടാളി വില്ലേജിൽ ഒരു മൃഗാശുപത്രി സ്ഥാപിക്കുക. തറ്റ്യോട്, കൊടോളിപ്രം, പട്ടാനൂർ എന്നിവിടങ്ങളിൽ ICDP സെന്ററുകൾ സ്ഥാപിക്കുക.

5. കുടാളിയിലെ മിൽക്ക് സൊസൈറ്റിയുടെ പ്രവർത്തനം വിപുലപ്പെടുത്തുക.
6. ക്ഷീര കർഷകർക്ക് കുറഞ്ഞ പലിശനിരക്കിൽ ബാങ്ക് ലോൺ അനുവദിക്കുക.
7. തീറ്റപ്പുല്ല് കൃഷിക്ക് സബ്സിഡി അനുവദിക്കുക.
8. എല്ലാ കന്നുകാലികൾക്കും ഇൻഷൂറൻസ് ഏർപ്പെടുത്തുക.
9. കോഴി, ആട്, മുയൽ, കാട വളർത്തൽ കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ താല്പര്യമുള്ളവർക്ക് ആവശ്യമായ സഹായധനം നല്കുക.
10. സഹകരണ മേഖലയിൽ കൂടാളി പഞ്ചായത്തിൽ ഒരു കാലിത്തീറ്റ നിർമ്മാണ ഫാക്ടറി സ്ഥാപിക്കുക.
11. നല്ലയിനം പശുക്കളേയും ആടുകളേയും കൃഷിക്കാർക്ക് സബ്സിഡി ഇനത്തിൽ നൽകുക.
12. സഹകരണമേഖലയിൽ കൂടാളിയിൽ മുട്ടക്കോഴി വളർത്തുകേന്ദ്രം ആരംഭിക്കുക.
13. മൃഗാശുപത്രിക്ക് എല്ലാ സൗകര്യങ്ങളോടും കൂടിയ കെട്ടിടം ഉടൻ പണിയുക.
14. മൃഗാശുപത്രികളിൽ ആവശ്യത്തിനുള്ള മരുന്നുകൾ യഥാസമയം എത്തിക്കുക.
15. മൃഗാശുപത്രികളിലെ ജീവനക്കാരുടെയും ഡോക്ടറുടെയും സേവനസമയം 5 മണിവരെ ആക്കുക.
16. മൂന്ന് മാസത്തിൽ ഒരിക്കൽ ഒരു പ്രദേശത്തെ കേന്ദ്രീകരിച്ച് മൃഗസംരക്ഷണ ഉദ്യോഗസ്ഥർ ക്യാമ്പ് ചെയ്ത് ബോധവൽക്കരണം നടത്തണം.
17. തൊഴുത്ത് നിർമ്മാണത്തിനും വളക്കുഴി നിർമ്മാണത്തിനും സഹായം നല്കുക.
18. കൂടാളി ക്ഷീരോല്പാദക സംഘത്തിന് കെട്ടിടം പണിയുന്നതിന് സഹായം നല്കുക.
19. പട്ടിവളർത്തലിന് കർശനമായ നിയന്ത്രണം ഏർപ്പെടുത്തുക. പേപ്പട്ടി വിഷബാധക്ക് ആവശ്യമായ മരുന്നുകൾ എത്തിക്കുക.
20. ചെറിയ ചിലവിൽ വീടുകളിൽ വന്ന് പശുക്കൾക്ക് ബീജസങ്കലനം നടത്തുവാനുള്ള സൗകര്യം ഉണ്ടാക്കുക.
21. കൊളപ്പ കേന്ദ്രമാക്കി ഒരു പാൽ സൊസൈറ്റി സ്ഥാപിക്കുക.
22. ഒരു വീട്ടിൽ ഒരു വളർത്തുമൃഗം എന്ന നിർദ്ദേശം നമ്മുടെ പഞ്ചായത്ത് നടപ്പിലാക്കുക.
23. കൊളപ്പയിലും കൂടാളിയിലും പഞ്ചായത്ത് വക മത്സ്യം, ഇറച്ചി മാർക്കറ്റ് സ്ഥാപിക്കുക.
24. സ്ക്കൂൾ പൗൾട്രി ക്ലബ്ബുകൾ പ്രോത്സാഹിപ്പിക്കുക.
25. കൂടാളി പഞ്ചായത്തിൽ ഒരു വെറ്റിനറികോളേജ് സ്ഥാപിക്കുക.
26. വീട്ടുവളപ്പിൽ മുട്ടക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുക. സഹകരണസംഘങ്ങൾ വഴി മുട്ട വില്പനക്കുള്ള സൗകര്യം ഏർപ്പെടുത്തുക.
27. സാധ്യതയുള്ള മേഖലകളിൽ പന്നിവളർത്തൽ പ്രോത്സാഹിപ്പിക്കുക.
28. കന്നുകാലി വളർത്തലിന്റെ ശാസ്ത്രീയരീതികളെക്കുറിച്ച് കൃഷിക്കാർക്ക് അറിവ് നൽകുക.
29. പഞ്ചായത്തിൽ ഒരു എഗ്ഗർ നേഴ്സറി സ്ഥാപിക്കുക.

# മത്സ്യബന്ധനം

കൂടാളി പഞ്ചായത്തിന്റെ വടക്ക് ഭാഗത്തായി സ്ഥിതിചെയ്യുന്ന ഏകദേശം 5 കി. മീറ്റർ നീളമുള്ള ഇരിക്കൂർ പുഴയുടെ ഭാഗത്ത് നിന്ന പണ്ടുകാലത്ത് ധാരാളമായി മത്സ്യം ശേഖരിച്ചിരുന്നു. എന്നാൽ ഇന്ന് സ്ഥിതി മാറിയിരിക്കുകയാണ്. പരമ്പരാഗതമായ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന ആരും തന്നെ ഇല്ല. ഒരു രസത്തിനുവേണ്ടി മാത്രം പുഴയിൽ മത്സ്യം പിടിക്കാൻ പോകുന്ന രീതി മാത്രമേ ഇന്നുള്ളൂ. പുഴയോരങ്ങളിൽ വസിക്കുന്നവർ തോട്ട ഉപയോഗിച്ച് മീൻ പിടിക്കുന്നത് പുഴയേയും കരയേയും ഒരുപോലെ ദോഷമായി ബാധിക്കുന്നുണ്ട്.

പഞ്ചായത്തിന്റെ മുക്കിലും മൂലയിലും ഇന്ന് മത്സ്യം എത്തുന്നുണ്ട്. കണ്ണൂർ, തലശ്ശേരി എന്നിവിടങ്ങളിൽനിന്ന് മത്സ്യം ഇറക്കുമതി ചെയ്യുന്നു. വാഹനങ്ങളിലും സൈക്കിളുകളിലും തലച്ചുമടായും ആവശ്യക്കാരുടെ വീട്ടിനു മുന്നിൽ മത്സ്യം സുലഭമായി എത്തുന്നു. മത്സ്യബന്ധത്തിൽ ഏർപ്പെട്ടവർ ഇല്ലെങ്കിലും ഒരു തൊഴിലെന്ന നിലയിൽ മത്സ്യവിൽപ്പന ഉപജീവനമാക്കിയവർ 50 ഓളം വരും. പഞ്ചായത്തിൽ 10 ഓളം കേന്ദ്രങ്ങളിൽ മത്സ്യ വിൽപ്പന നടക്കുന്നുണ്ടെങ്കിലും ഒരു സ്ഥലത്തും മത്സ്യ മാർക്കറ്റില്ല.

ശുദ്ധജല മത്സ്യകൃഷി ചെയ്യാൻ പറ്റിയ വലിയ കുളങ്ങൾ പഞ്ചായത്തിലുണ്ട്. എണ്ണമറ്റ ചെറിയ കുളങ്ങളെ വേണ്ടവിധത്തിൽ ക്രമീകരിച്ച് വൃത്തിയാക്കി മത്സ്യകൃഷി നടത്താവുന്നതാണ്.

**സാധ്യതകൾ:**

1. പഞ്ചായത്തിലെ പൊതുകുളങ്ങൾ, സ്വകാര്യ കുളങ്ങൾ, അമ്പലക്കുളങ്ങൾ എന്നിവയിൽ സാമൂഹ്യ മത്സ്യകൃഷി പദ്ധതി നടപ്പാക്കാവുന്നതാണ്.
2. അലങ്കാര മത്സ്യകൃഷി യൂനിറ്റുകൾ സ്ഥാപിക്കുക.

# വ്യവസായം

കാർഷിക മേഖലയിൽ പ്രാമുഖ്യമുള്ള കൂടാളി പഞ്ചായത്തിൽ വ്യവസായ മേഖലയിൽ കാര്യമായ നേട്ടങ്ങൽ ഒന്നും കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. കൂടാളി, പൂവത്തൂർ, കാവും താഴ പ്രദേശങ്ങളിൽ പ്രവർത്തിച്ചിരുന്ന കൈത്തറി വ്യവസായം ആണ് പരമ്പരാഗത മേഖലയിൽ എടുത്ത് പറയാൻ പറ്റുന്ന ഒന്ന്. ബംഗണപറമ്പ്, പൂവത്തൂർ, നായാട്ടുപാറ, വടുവൻ കുളം, കൊളപ്പ, ആയിപ്പുഴ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് കല്ലുകൊത്ത് വ്യവസായവും നടന്നുവരുന്നു.

പൊതുമേഖലയലോ, സ്വകാര്യ മേഖലയിലോ വൻകിട വ്യവസായ യൂനിറ്റുകൽ ഇല്ല. ജമീല ടെക്സ്റ്റയിൽസ്, പവ്വർലൂമുകൾ, ഖാദിനൂൽനൂൽപ്പ് കേന്ദ്രങ്ങൾ, റൈസ് മില്ലുകൾ ഓയിൽ മില്ലുകൾ, മരമില്ലുകൾ, ഫർണിച്ചർ യൂനിറ്റുകൾ, ക്രഷറുകൾ, ബോഡിബിൽഡിംഗ് യൂനിറ്റുകൾ, വർക്ക് ഷോപ്പുകൾ, ഗാർമെന്റ് യൂനിറ്റുകൾ, പ്രസ്സ് എന്നിവ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്. പട്ടാന്നൂർ നാല് പെരിയയിലുള്ള പ്ലൈവുഡ് നിർമാണ ശാലയും, മുട്ടന്നൂരിലെ ഫോം നിർമാണ ശാലയും, സ്റ്റോൺക്രഷറും, ആയിപ്പുഴയിലെ മരമില്ലും പ്രധാന വ്യവസായ യൂനിറ്റുകൾ ആണ്.

25,518 ജനസംഖ്യയുള്ള പഞ്ചായത്തിൽ 3,674 പേർ വ്യവസായ യൂനിറ്റുകളുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്നു. മൊത്തം തൊഴിൽ സേനയിൽ പുരുഷൻമാരുടെ ആധിപത്യം കാണാമെങ്കിലും വ്യവസായ തൊഴിലാളികളിൽ സ്ത്രീകൾക്കാണ് മുൻ തൂക്കം.

| ക്രമ നമ്പർ | വിഭാഗം | തൊഴിലാളികളുടെ എണ്ണം | | | ശതമാനം |
|---|---|---|---|---|---|
| | | പു | സ്ത്രീ | ആകെ | |
| 1 | ബീഡിവ്യവസായം സഹകരണ മേഖല | 72 | 18 | 90 | 20.10 |
| 2 | ബീഡി സ്വകാര്യമേഖല | 30 | – | 30 | 5.20 |
| 3 | പരമ്പരാഗത കുടിൽ വ്യവസായം | | | | |
| | a. കൈത്തറി | 110 | 124 | 234 | 50.00 |
| | b. തെങ്ങോലമടയൽ | | 11 | 11 | 2.10 |
| 4. | ചെറുകിട വ്യവസായങ്ങൾ | 31 | 9 | 40 | 8.80 |
| 5. | മറ്റു വ്യവസായങ്ങൾ | 17 | 6 | 23 | 5.00 |
| 6. | ഖാദി യൂനിറ്റ് | | | | |
| | a. കൊടോളിപ്രം | | 34 | 34 | 7.10 |
| | b. കൂടാളി (കുംഭം) | | 7 | 7 | 1.80 |
| | ആകെ | 260 | 209 | 469 | |

അവലംഭം ഗ്രാമസഭ ചർച്ച

**പ്രശ്നങ്ങൾ.**

1.മുഖ്യ കാർഷികോൽപ്പന്നങ്ങളായ നാളികേരം വ്യവസായ രംഗത്തു പ്രയോജനപ്പെടുത്തുന്നില്ല.

2. കൈത്തറി, ഖാദി, ഇഞ്ചിനീയറിങ്ങ് രംഗത്തെ കുറഞ്ഞ കൂലി നിര്ക്ക്.

3. അതി രൂക്ഷമായ വോൾട്ടേജ് കമ്മി, ചില മേഖലകളിൽ വൈദ്യുതി ലഭ്യവുമല്ല

4. സാങ്കേതിക പരിജ്ഞാന കുറവ്

5. പല മേഖലകളിലും പരിശീലനത്തിന്റെ അഭാവം നിലനിൽക്കുന്നു

6. സാങ്കേതിക പരിശീലനം ലഭിച്ചവർക്ക് തൊഴിൽ ലഭിക്കുവാനുള്ള സാധ്യതകൾ നിലവിലില്ല.

7. സാമ്പത്തിക സഹായം ആവശ്യമായ രീതിയിൽ യഥാസമയം ലഭിക്കായ്ക.

8. വ്യവസായ വികസനവുമായി ബന്ധപ്പെട്ട് ശാസ്ത്രീയ ബോധവൽക്കരണത്തിന്റെ അഭാവം.

9. പരസ്യത്തിന്റെ സ്വാധീനം കാരണം ചെറുകിട വ്യവസായ ഉല്പാദകർക്ക് മാർക്കറ്റിൽ പിടിച്ചുനിൽക്കാൻ പറ്റാത്ത അവസ്ഥ

10. അസംസ്കൃത പദാർത്ഥങ്ങളുടെ അഭാവം

11. സ്റ്റോൺ ക്രഷറിൽ നിന്നും മലിനീകരണം ഉണ്ടാകുന്നുണ്ട്.

12. സാങ്കേതിക വൈദഗ്ദ്യമുള്ള തൊഴിലാളികളുടെ അഭാവം.

**നിർദ്ദേശങ്ങൾ സാധ്യതകൾ.**

1. നാളികേരത്തെ ആശ്രയിച്ച് ഒരു വ്യവസായ യൂനിറ്റ് (കോക്കനറ്റ് കോംപ്ലക്സ്)

2. തെങ്ങിൻ തടി ചിരട്ട എന്നിവ ഉപയോഗിച്ചുള്ള കരകൗശല നിർമാണ യൂനിറ്റ്.

3 കശുവണ്ടി സംസ്ക്കരണ ഫാക്ടറി സ്ഥാപിക്കുക.

4. ജൈവ വള നിർമാണ ശാല സ്ഥാപിക്കുക.

5. പഞ്ചായത്തിൽ യഥേഷ്ടം ലഭിക്കുന്ന പഴം ഉപയോഗിച്ചുള്ള യുനിറ്റുകൾ സ്ഥാപിക്കുക (ജാമുകൾ, സോഫ്റ്റ് ഡ്രിങ്ക്സ്)

6. 9ാം വാർഡിൽ കാളാം പാറയിൽ ഒരി മിനി വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുക.

7. കൂടാളി നെയ്ത്ത് വ്യവസായ സംഘം പുനരുജ്ജീവിപ്പിച്ച് സ്ത്രീകൾക്ക് തൊഴിൽ സാധ്യതയുള്ള ഒരു സംഘമാക്കി മാറ്റുക.

8. വനിതകൾക്ക് മാത്രമായി മൾട്ടി ഇൻഡസ്ട്രിയൽ സ്കീം നടപ്പിലാക്കുക.

9. 1,4,6,7,8,10 വാർഡുകളിൽ സിമന്റ് ഹോളോബ്രിക്സ് യൂനിറ്റുകൾ ആരംഭിക്കുക

10. റെഡിമെയ്ഡ് വസ്ത്ര നിർമാണ യൂനിറ്റുകൾ

11. നേന്ത്രക്കായ ഉപയോഗിച്ചുള്ള ചിപ്സ് നിർമ്മാണം.

12 വാഴ നാര് കൊണ്ടുള്ള കരകൗശല വസ്തുക്കൾ ഉണ്ടാക്കുക.

13. പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന അടക്ക സംസ്ക്കരിക്കാനുള്ള ഒരു സംരംഭം ആരംഭിക്കുക.

14. വനിതാ മേഖലയിൽ അച്ചാർ നിർമാണ യൂനിറ്റ്

15. കുടനിർമ്മാണ യൂനിറ്റ്

16. കാലിത്തീറ്റ, കോഴിത്തീറ്റ നിർമ്മാണ കേന്ദ്രങ്ങൾ ആരംഭിക്കാം.

17. റബ്ബർ പാലിൽ നിന്നു ഗ്ലൗസ് നിർമ്മാണം.

18. മുട്ടക്കോഴി, ഇറച്ചിക്കോഴി എന്നിവയെ വളർത്തുന്ന ഫാമുകൾ ആരംഭിക്കാം.

19. യന്ത്രം ഉപയോഗിച്ച് ചകിരനാര് നിർമ്മാണം

20 നൂൽന്നൂൽപ്പ് കേന്ദ്രങ്ങൾ വികസിപ്പിച്ച് നെയ്ത്ത് കൂടി തുടങ്ങിയാൽ സ്ത്രീകൾക്ക് തൊഴിൽ നൽകാൻ സാധിക്കും.

21. തൊഴിൽ സംരംഭകരെ കണ്ടെത്തി ഒരു വർഷം കൊണ്ട് 10 യൂനിറ്റ് എന്ന രീതിയിൽ വ്യവസായങ്ങൾ സ്ഥാപിക്കുക.

# വിദ്യാഭ്യാസം

കേരളത്തിന്റെ മഹത്തായ സംസ്ക്കാരത്തിനും ചരിത്രത്തിനും വിദ്യാഭ്യാസത്തിനുള്ള പങ്ക് അതിമഹത്തരമാണല്ലോ. അക്ഷരങ്ങളിലൂടെ വളർന്ന് വികസിച്ചതാണ് കേരളത്തിന്റെ അഭിമാനകരമായ വളർച്ച. സ്വാതന്ത്ര്യസമര കാലഘട്ടത്തിനും മുന്നെ തന്നെ കേരളത്തിന്റെ പല കോണുകളിലും എഴുത്തച്ഛൻമാരും എഴുത്താശാന്മാരും അറിവ് പകർന്നുകൊടുക്കുന്ന നിരവധി കളരികളുണ്ടായിരുന്നു. പിന്നീട് ഏകാധ്യാപക വിദ്യാലയങ്ങളായും പ്രൈമറി പള്ളിക്കൂടങ്ങളായും അവ മാറിയിട്ടുണ്ട് എന്നു കാണാം.

ഇന്നത്തെ കൂടാളി ഗ്രാമ പഞ്ചായത്ത് മുമ്പ് കൂടാളി, പട്ടാനൂർ പഞ്ചായത്തുകളായിരുന്നു. പഞ്ചായത്ത് പുനസംഘടിപ്പിക്കപ്പെട്ടപ്പോൾ ഇത് ചാലോട് പഞ്ചായത്തായി. പിന്നീട് ചാലോട് പഞ്ചായത്തിലെ ചില ഭാഗങ്ങൾ ചേർത്ത് കൂടാളി പഞ്ചായത്താക്കി മാറ്റി.

കേരളത്തിന്റെ വടക്ക് ഭാഗത്ത് അറബിക്കടലിൽനിന്നും കിഴക്കുമാറി കണ്ണൂർപട്ടണത്തിൽനിന്നും 20 കി. മീറ്റർ അകലെയാണ് കൂടാളി ഗ്രാമപഞ്ചായത്ത്. നിലവിൽ ഒരു ഗവ. എൽ.പി.സ്ക്കൂളും ഒരു ഗവ. യു.പി.സ്ക്കൂളും 2 പ്രൈവറ്റ് ഹൈസ്ക്കൂളുമടക്കം 15 വിദ്യാലയങ്ങളാണുള്ളത്. ഈ പഞ്ചായത്തിലെ ആദ്യത്തെ സ്ക്കൂൾ സ്ഥാപിച്ചത് 1881ലാണ്. കുംഭം എന്ന സ്ഥലത്ത് കച്ചേരിവളപ്പിലാണ് നാട്ടെഴുത്തച്ഛനായ പി. ടി. കുഞ്ഞാമൻ ഗുരിക്കളുടെ നേതൃത്വത്തിൽ കൂടാളി എലിമെന്ററി സ്ക്കൂൾ സ്ഥാപിച്ചത്.

ഈ സ്ക്കൂളാണ് 1922 ഹയർ എലിമെന്ററി സ്ക്കൂളായും 1945ൽ കൂടാളി ഹൈസ്ക്കൂളായും മാറിയത്. 1906ൽ പട്ടാന്നൂരിൽ ഒരു സ്ക്കൂളും 1913ൽ നിടുകുളത്ത് ഒരു സ്ക്കൂളും 1917ൽ കൊടോളിപ്രത്ത് ഒരു ഗവൺമെന്റ് എൽ. പി. സ്ക്കൂളും പിന്നീട് ആയിപ്പുഴ, താറ്റിയോട്, കോവൂർ സെൻട്രൽ, കുന്നോത്ത്, കാവുന്താഴ തുടങ്ങിയ പ്രദേശങ്ങളിലും സ്ക്കൂളുകൾ സ്ഥാപിതമായി.

1964ൽ തുടങ്ങിയ കെ. പി. സി. ഹൈസ്ക്കൂൾ പട്ടാനൂർ ഒഴികെയുള്ള സ്ക്കൂളുകൾ സ്വാതന്ത്ര്യം ലഭിക്കുന്നതിനു മുൻപേ ആരംഭിച്ചവയാണ്. ആയിപ്പുഴ, മുട്ടന്നൂർ എന്നീ യു. പി. സ്ക്കൂളുകൾ സമീപകാലത്ത് അപ്ഗ്രേഡ് ചെയ്തവയാണ്. അനൗപചാരിക വിദ്യാഭ്യാസകേന്ദ്രങ്ങൾ എന്ന നിലയിൽ 21ഓളം വായനശാലകളും ഗ്രന്ഥാലയങ്ങളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ അംഗീകാരമില്ലാത്ത ഒരു ഇംഗ്ലീഷ് മീഡിയം സ്ക്കൂളും പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിന്റെ കീഴിൽ ഒരു ശിശു മന്ദിരം, സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള രണ്ട് അങ്കണവാടികൾ, രണ്ട് സ്വകാര്യ നേഴ്സറി സ്ക്കൂളുകൾ എന്നിവയാണ് പ്രീ പ്രൈമറി മേഖലയിലുള്ളത്. വിദ്യാഭ്യാസ രംഗത്ത് വളരെയധികം പ്രാധാന്യമർഹിക്കുന്ന ഈ മേഖല നമ്മുടെ പഞ്ചായത്തിൽ തീർത്തും അവഗണിക്കപ്പെട്ട നിലയിലാണ്.

പ്രാഥമിക വിദ്യാഭ്യാസത്തിൽ നമ്മുടെ പഞ്ചായത്തിൽ എട്ട് എൽ.പി. സ്ക്കൂൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ചുരുക്കം ചില പ്രദേശങ്ങളിൽ കുട്ടികൾക്ക് സ്ക്കൂളിൽ എത്തിച്ചേരുവാൻ പ്രയാസം നേരിടുന്നു. ഉപരി പഠനത്തിന് അപ്പർ പ്രൈമറി വിദ്യാലയത്തിൽ എത്തിച്ചേരാൻ ഭൂരിഭാഗം പ്രദേശങ്ങളിലും കുട്ടികൾക്ക് നാലും

പട്ടിക1. വിദ്യാർത്ഥികൾ, അധ്യാപകർ

| ക്രമ നമ്പർ | സ്കൂൾ | മാനേജ്മെന്റ് | വിദ്യാർത്ഥികൾ | | | അധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | GLPS, കൊടോളിപ്രം | ഗവ: | 72 | 72 | 144 | 4 | 1 | 5 |
| 2 | പാളാട് LPS | എയിഡഡ് | 66 | 69 | 135 | 4 | 1 | 5 |
| 3 | കോവൂർ LPS, നിടുകുളം " | " | 52 | 40 | 92 | 3 | 2 | 5 |
| 4 | കോവൂർ സെൻട്രൽ LPS | " | 63 | 76 | 139 | 1 | 5 | 6 |
| 5 | ദേശമിത്രം LPS, മുട്ടന്നൂർ | " | 73 | 55 | 128 | 2 | 5 | 7 |
| 6 | ദുർഗ്ഗാവിലാസം LPS, പൂവത്തൂർ | | 84 | 92 | 176 | 4 | 3 | 7 |
| 7 | താറ്റ്യോട് നോർത്ത് LPS | " | 91 | 85 | 176 | 3 | 3 | 6 |
| 8 | കാവുംതാഴ LPS | " | 158 | 131 | 289 | 2 | 9 | 11 |
| 9 | ഗവ:യു.പി. എസ്.ആയിപ്പുഴ | ഗവ | 377 | 336 | 713 | 15 | 9 | 24 |
| 10 | പട്ടാന്നൂർ UPS | " | 305 | 279 | 584 | 9 | 16 | 25 |
| 11 | കുന്നോത്ത് UPS | " | 194 | 180 | 374 | 7 | 10 | 17 |
| 12 | മുട്ടന്നൂർ UPS, കോളോളം | " | 215 | 164 | 379 | 7 | 9 | 16 |
| 13 | കൂടാളി UPS, കൂടാളി | " | 333 | 285 | 618 | 8 | 15 | 23 |
| 14 | K.P.C.H.S. പട്ടാന്നൂർ | " | 757 | 763 | 1520 | 31 | 25 | 56 |
| 15 | കൂടാളി HS, കൂടാളി | " | 1816 | 1746 | 3652 | 50 | 66 | 116 |
| | ആകെ. | | 4656 | 4373 | 9029 | 150 | 179 | 329 |

അഞ്ചും കിലോമീറ്റർ സഞ്ചരിക്കേണ്ടിവരുന്നു. സെക്കന്ററി വിദ്യാഭ്യാസത്തിന് രണ്ട് ഹൈസ്ക്കൂളുകൾ പഞ്ചായത്തിലുണ്ട്.

ഇരുപത്താറായിരത്തോളം ജനസംഖ്യയുള്ള നമ്മുടെ പഞ്ചായത്തിൽ എൽ.പി., യു.പി., ഹൈസ്ക്കൂൾ എന്നീ വിഭാഗങ്ങളിലായി 9029 വിദ്യാർത്ഥികൾ അധ്യയനം നടത്തുന്നു. ഈ വിദ്യാലയങ്ങളിലായി ജോലി ചെയ്യുന്ന 329 പേരിൽ 179 പേർ അധ്യാപികമാരാണ്.

കൂടാളി പഞ്ചായത്തിന്റെ വിദ്യാഭ്യാസപുരോഗതിക്ക് സ്വകാര്യമേഖല വഹിക്കുന്ന പങ്ക് വളരെ വലുതാണ്. എങ്കിലും ഈ വിദ്യാലയങ്ങളുടെ ഭൗതികസാഹചര്യങ്ങൾ വിദ്യാർത്ഥികളുടെ പഠനത്തിന് തികച്ചും പര്യാപതമല്ല. സ്വകാര്യ ഉടമസ്ഥതയിലായതിനാൽ പൊതുജനങ്ങൾ സാമ്പത്തിക സഹായം നൽകുവാൻ വിമുഖത കാണിക്കുന്നു. തദ്ദേശീയരായ അധ്യാപകർ മിക്ക വിദ്യാലയങ്ങളിലും കുറവാണ്. ഭൂരിപക്ഷവും മറ്റ് പ്രദേശങ്ങളിൽനിന്ന് വരുന്നവരായതിനാൽ വിദ്യാലയത്തിന്റെ മെച്ചപ്പെട്ട പഠനപ്രവർത്തനത്തിന് ഇത് സാരമായി

## പട്ടിക – 2, **ഭൗതികസാഹചര്യങ്ങൾ**

| സ്ക്കൂൾ | കാമ്പസ് വിസ്തീർണ്ണം ഏക്കർ | കളിസ്ഥലം ഏക്കർ | ചുറ്റുമതിൽ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി | ഇനി ആവശ്യമുള്ളവ | | | | ഓഫീസ് ഫർണ്ണിച്ചർ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | ഡസ്ക് | ബെഞ്ച് | മേശ | കസേര | അലമാര | റാക്ക് | ടേ |
| 1 GLPS, കൊടോളിപ്രം | 1.5 | .25 | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | – | 10 | 10 | 2 | 1 | 1 | – | 1 |
| 2 പാളാട് LPS | .10 | .10 | – | ” | ” | ” | – | 10 | 10 | 4 | 9 | 1 | – | – |
| 3. കോവൂർ LPS നിടുകുളം | 1.0 | – | – | ” | ” | ” | – | 15 | 10 | 8 | 8 | – | – | – |
| 4. കോവൂർ സെന്ട്രൽ LPS | 1.0 | – | – | ” | ” | ” | – | 20 | 15 | 10 | 11 | – | – | – |
| 5. ദേശമിത്രം LPS | .30 | .20 | – | ” | ” | ” | – | 15 | 25 | 6 | 3 | 1 | 1 | – |
| 6. ദുർഗ്ഗാവിലാസം LPS | .40 | .25 | ഉണ്ട് | ” | ” | ” | – | 50 | 25 | 6 | 6 | 1 | – | – |
| 7. താറ്റ്യോട് നോർത്ത് LPS | .095 | – | – | – | – | ” | – | 5 | 5 | 2 | 2 | 1 | – | – |
| 8. കാവും താഴ GUPS | 1.00 | .20 | – | ഉണ്ട് | ഉണ്ട് | ” | – | 30 | 15 | 6 | 8 | 1 | – | – |
| 9. ആയിപ്പുഴ UPS | 1.58 | 1.00 | – | ഇല്ല | ഇല്ല | ” | ഉണ്ട് | 80 | 80 | 20 | 20 | 2 | – | – |
| 10. പട്ടാനൂർ UPS | 1.00 | – | – | ഉണ്ട് | ഉണ്ട് | ” | ” | 10 | 10 | 10 | 20 | – | – | – |
| 11. കുന്നോത്ത് UPS | .88 | .50 | – | ” | ” | ” | ” | 10 | 20 | 3 | 3 | – | – | – |
| 12 മുട്ടന്നൂർ UPS | 1.51 | .15 | – | ” | ” | ” | ” | 60 | 60 | 6 | 16 | 1 | – | – |
| 13. കൂടാളി UPS | 1.50 | .50 | ഉണ്ട് | ” | – | ” | ” | 25 | 20 | 5 | 5 | – | – | – |
| 14. പട്ടാനൂർ HS | 6.00 | 1.00 | ” | ” | ” | ” | ” | – | – | – | – | – | – | – |
| 15. കൂടാളി HS | 7.62 | 1.42 | ” | ” | ഉണ്ട് | ” | ” | – | – | – | – | – | – | – |

ബാധിക്കുന്നു.

ചുറ്റുമതിലില്ലാത്ത 11 സ്ക്കൂളുകളും മൂത്രപ്പുരയില്ലാത്ത 2 സ്ക്കൂളുകളും, കക്കൂസില്ലാത്ത മൂന്നു സ്ക്കൂളുകളും, വൈദ്യുതീകരിക്കാത്ത 8 സ്ക്കൂളുകളും, ഉച്ചഭക്ഷണം പാകം ചെയ്യുന്നതിന് സൗകര്യമില്ലാത്ത ആറു വിദ്യാലയങ്ങളും സ്റ്റാഫ്റൂം സൗകര്യമില്ലാത്ത 7 വിദ്യാലയങ്ങളും നമ്മുടെ പഞ്ചായത്തിൽ നിലനിൽക്കുന്നു എന്നത് പ്രത്യേകം പരിഗണ അർഹിക്കുന്ന ഘടകമാണ്.

കായിക വിദ്യാഭ്യാസത്തിന് ഏറെ പ്രധാന്യമുള്ള ഈ കാലഘട്ടത്തിൽ കളിസ്ഥലം തീരെയില്ലാത്ത 4 വിദ്യാലയങ്ങളും ഉണ്ട്. മറ്റു വിദ്യാലയങ്ങളിൽ പേരിനുമാത്രമേ കളിസ്ഥലം ഉള്ളൂ. വിദ്യാലയങ്ങളിൽ കളിസ്ഥലം ഇല്ലാത്തതിനാൽ കായിക വിദ്യാഭ്യാസത്തെ പ്രതികൂലമായി ബാധിക്കുന്നു.

വിരസമായ ക്ലാസ് മുറിയിലെ പഠനത്തിന് ഉന്മേഷം പകരാൻ കഴിയുന്നത്ര മറ്റു സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതാണ്. ലൈബ്രറി, ലാബോറട്ടറി, മറ്റു പഠനോപകരണങ്ങൾ, ദൃശ്യശ്രാവ്യ ഉപകരണങ്ങൾ ആവശ്യമുള്ള വലുപ്പമുള്ള ബോർഡുകൾ ഫർണിച്ചറുകൾ എന്നിവ ഉറപ്പുവരുത്തുവാൻ കഴിയണം.

കുട്ടികളിൽ വായനാശീലം പരിപോഷിപ്പിക്കുന്നതിനുള്ള സാഹചര്യം വിദ്യാലയങ്ങളിൽ നിലവിലില്ല. വായനാശീലം വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ഉറപ്പുവരുത്തണം.

വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുന്നതിൽ ഗണ്യമായ പങ്കുവഹിക്കുവാൻ കഴിയുന്നതാണ് അധ്യാപക രക്ഷകർതൃ സമിതികൾ. എന്നാൽ മിക്ക വിദ്യാലയങ്ങളിലെയും PTA സജീവമല്ല. വിദ്യാലയ പ്ര

പട്ടിക –3.

**അക്കാദമിക് സൗകര്യങ്ങൾ**

| | ലൈബ്രറി | പ്രവർത്തിക്കുന്നത് | ലാബ് | പ്രവർത്തിക്കുന്നത് | സയൻസ് കോർണർ | പ്രവർത്തിക്കുന്നത് | പഠനോപകരണങ്ങൾ | റേഡിയോ | ടേപ്പ് റിക്കാർഡർ | ടെലിവിഷൻ | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | മാതൃസംഘം സജീവം | ക്ലാസ്സ് PTA പ്രവർത്തിക്കുന്നത് | കമ്പ്യൂട്ടർ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ഉള്ളത് | 11 | 8 | 5 | 2 | 9 | 7 | പരിമിതം | 7 | 9 | – | 1 | 2 | 11 | 8 | 1 |
| ഇല്ലാത്തത് | 4 | 7 | 10 | 13 | 6 | 8 | | 8 | 6 | 15 | 14 | 13 | 4 | 7 | 14 |

വർത്തനത്തിൽ രക്ഷിതാക്കളുടെ പങ്കിനെക്കുറിച്ച് മിക്കവരും ബോധവാന്മാരല്ല. നാലു വിദ്യാലയങ്ങളിൽ മാതൃ സംഘങ്ങളുടെ പ്രവർത്തനം നാമമാത്രമാണ്. ക്ലാസ്റൂം/പി.ടി.എകൾ എട്ടു വിദ്യാലയങ്ങളിൽ മാത്രമാണുള്ളത്. പഞ്ചായത്ത് വാർഡുതല അക്കാദമിക്ക് സമിതികളും, അയൽക്കൂട്ടങ്ങളും കാര്യക്ഷമമാക്കേണ്ടതാണ്.

കഴിഞ്ഞ അഞ്ചുവർഷത്തെ S.S.L.C. വിജയശതമാനം പരിശോധിച്ചാൽ പഞ്ചായത്തിലെ രണ്ട് ഹൈ സ്ക്കൂളുകളും സംസ്ഥാനശരാശരിയേക്കാൾ ഉയർന്നതാണ് എന്നു കാണാം. 100% വിജയം കൈവരിച്ച് പാരമ്പര്യമുള്ള KPC ഹൈസ്ക്കൂൾ ഇപ്പോൾ ശരാശരി 70 ശതമാനത്തിലാണ് നിൽക്കുന്നത്. കൂടുതൽ കുട്ടികളെ പരീക്ഷയ്ക്കി

പട്ടിക – 4.

**SSLC വിജയശതമാനം**

| സ്ക്കൂൾ | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| KPCHS | 78 | 80 | 62 | 71 | 62 |
| KHS | 70 | 73 | 68 | 69 | 70 |

രുത്തുന്ന കൂടാളി ഹൈസ്ക്കൂളും ശരാശരി 70 ശതമാനത്തിൽ തന്നെ നിൽക്കുന്നു. ഈ രണ്ട് വിദ്യാലയങ്ങളിലും പഞ്ചായത്തിന് വെളിയിൽനിന്നുള്ള ധാരാളം കുട്ടികൾ പഠിക്കുന്നുണ്ട്.

പൊതുവിൽ മറ്റ് ക്ലാസ്സുകളിലെ പഠനനിലവാരവും ആശാവഹമല്ല. ഇക്കഴിഞ്ഞ പാദവാർഷിക പരീക്ഷ യുടെ ഫലം ഇതു വെളിവാക്കുന്നു. 40% ത്തിൽ താഴെ മാർക്കു കിട്ടുന്നവരാണ് ഭൂരിഭാഗം കുട്ടികളും. ഉയർന്ന ക്ലാസുകളിലേക്ക് കടക്കുന്തോറും അവരുടെ മാർക്കു നിലവാരം കുറഞ്ഞു വരുന്നതായി കാണുന്നു. പഠനനില

പട്ടിക – 5.

**അക്കാദമിക് നിലവാരം**

| മാർക്ക് | III | IV | V | VI | VII | VIII | IX | X |
|---|---|---|---|---|---|---|---|---|
| 30% താഴെ | 16 | 17 | 13 | 55 | 80 | 46 | 25 | 39 |
| 31% to 40% | 30 | 25 | 29 | 29 | 9 | 22 | 39 | 25 |
| 41% to 50% | 21 | 17 | 27 | 10 | 8 | 15 | 16 | 16 |
| 50% to 60% | 12 | 16 | 11 | 3 | 7 | 7 | 8 | 8 |
| 60ന് മുകളിൽ | 21 | 25 | 20 | 3 | 0 | 10 | 12 | 12 |

വാരം കുറയുന്നതിന് കൂടുതൽ വസ്തുതകൾ ചൂണ്ടിക്കാണിക്കുവാൻ കഴിയും. (വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യങ്ങൾ, ഭാരിച്ച സിലബസ്സ്, പരീക്ഷ സമ്പ്രദായം, പി.ടി.എ.യുടെ പ്രവർത്തനം, വിദ്യാലയത്തിന് അകത്തുള്ള പ്രവർത്തനം).

ഒന്നാം തരത്തിലേക്കുള്ള കുട്ടികളുടെ പ്രവേശനം പരിശോധിച്ചാൽ കുട്ടികളുടെ എണ്ണം കുറഞ്ഞു കുറഞ്ഞു വരുന്നതായികാണാം. ജനനനിയന്ത്രണവും ഇംഗ്ലീഷ് മീഡിയത്തോടുള്ള അന്ധമായ അഭിനിവേശവും ഇതിന്റെ കാരണങ്ങളാണ്. വിദ്യാഭ്യാസ വര്യേണവൽക്കരണത്തിന്റെ ആകർഷണവലയത്തിൽ നാട്ടിൻപുറത്തെ ഇടത്തരക്കാർ കൂടി ആകൃഷ്ടരാക്കുന്നു എന്നതിന്റെ തെളിവായി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അനംഗീകൃത ഇംഗ്ലീഷ് മീഡിയം വിദ്യാലയത്തെ നമുക്ക് കാണാവുന്നതാണ്.

കൊഴിഞ്ഞുപോകുന്നവരുടെ കഴിഞ്ഞ ഒരു വർഷത്തെ കണക്കു പരിശോധിച്ചാൽ 100ഓളം കുട്ടികൾ ഇടയ്ക്കുവച്ചു പഠനം നിർത്തിയതായികാണാം. ഇതിൽ കൂടുതൽ കുട്ടികളും ഹൈസ്ക്കൂൾ തലത്തിലുള്ളവരാണ്. സമഗ്രമായ പഠനം നടത്തി ഇതിനു കാരണങ്ങൾ കണ്ടേണ്ടതുണ്ട്.

ഉന്നതവിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ഒന്നും ഈ പഞ്ചായത്തിലില്ല. പഴശ്ശിരാജാ N.S.-S. കോളേജ്, മട്ടന്നൂർ, S.N. കോളേജ് കണ്ണൂർ, S.E.S. കോളേജ് ശ്രീകണ്ഠാപുരം എന്നീ കോളേജുകളേയും പട്ടണങ്ങളിൽ പ്രവർത്തിക്കുന്ന സാങ്കേതിക സ്ഥാപനങ്ങളേയുമാണ് ഈ പഞ്ചായത്തിലെ കുട്ടികൾ ആശ്രയിക്കുന്നത്. ഒരു പാരലൽ കോളേജും രണ്ടു ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടും മാത്രമാണ് ഈ പഞ്ചായത്തിലുള്ളത്. സാങ്കേതിക വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ, തൊഴിലില്ലായ്മ, കൂടിവരുന്ന ഈ കാലഘട്ടത്തിൽ വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ്.

സമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തിന്റെ ഭാഗമായി ആരംഭിച്ച സാക്ഷരതാ ക്ലാസുകൾ അനൗപചാരികമായി വിദ്യാഭ്യാസ രംഗത്ത് ഒരു പുത്തൻ ഉണർവ്വ് സൃഷ്ടിച്ചിരുന്നു. വിദ്യാലയങ്ങളിൽനിന്നും കൊഴിഞ്ഞു പോകുന്ന കുട്ടികൾ, മറ്റുകാരണങ്ങളാൽ പഠനം നിർത്തേണ്ടിവന്നവർ, തൊഴിലാളികൾ എന്നിവരെയൊക്കെ അനൗപചാരിക വിദ്യാഭ്യാസത്തിലൂടെ സാക്ഷരാക്കുവാൻ കഴിഞ്ഞു എങ്കിലും തുടർവിദ്യാഭ്യാസ പ്രവർത്തനം ഫലപ്രദമായി നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല. തുടർ സാക്ഷരതാ പരിപാടി ഫലവത്താക്കുവാൻ ശ്രമിക്കേണ്ടതാണ്. മതപഠനത്തിനുള്ള 8 മദ്രസ്സകൾ ഈ പഞ്ചായത്തിലുണ്ട്.

പൊതുവിൽ കേരളത്തിലെ മിക്ക പഞ്ചായത്തുകളിലും നിലനില്ക്കുന്ന വിദ്യാഭ്യാസ പ്രശ്നങ്ങൾ തന്നെയാണ് നമ്മുടേതും. കൂട്ടായ്മയിലൂടെ പരിഹരിക്കാൻ കഴിയുന്നവയുണ്ട്. പഞ്ചായത്തിന്റേയും സംസ്ഥാന ഗവൺമെന്റിന്റേയും സത്വര ശ്രദ്ധ ആവശ്യമുള്ളവയും ഉണ്ട്. നമ്മുടെ പഞ്ചായത്തിന്റെ വിദ്യാഭ്യാസരംഗത്തെ പ്രശ്നപരിഹാരത്തിന് കൂട്ടായി യത്നിക്കാം.

പ്രശ്നങ്ങൾ:

- പഞ്ചായത്തിലെ പ്രീ–പ്രൈമറി പ്രായത്തിലുള്ള മുഴുവൻ കുട്ടികൾക്കും പ്രീ–പ്രൈമറി സൗകര്യം ലഭ്യമല്ല.
- വിദ്യാലയങ്ങളിൽ ഭൗതിക സാഹചര്യം അപര്യാപ്തമാണ്.
- ബഹുഭൂരിപക്ഷം വിദ്യാലയങ്ങളും സ്വകാര്യ മേഖലയിലായതിനാൽ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ നാട്ടുകാർ വേണ്ടത്ര താൽപര്യം കാട്ടുന്നില്ല.
- അക്കാദമിക് സൗകര്യങ്ങളും ഫലപ്രദമല്ല.
- താങ്ങാനാകാത്ത സിലബസ്സ്
- വിദ്യാലയപരിശോധന കാര്യക്ഷമമല്ല.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രാമുഖ്യമില്ല.
- പഠനസമയത്തിൽ ഏകീകരണമില്ല.
- അധ്യാപകർക്ക് ജോലി സ്ഥിരതയില്ല.
- അപ്പർ പ്രൈമറി വിദ്യാലയങ്ങളിലേക്ക് കൂടുതൽ ദൂരം സഞ്ചരിക്കേണ്ടി വരുന്നു.
- പഠനനിലവാരം തൃപ്തികരമല്ല. പി.ടി.എ., മാതൃസംഘം, സ്ക്കൂൾ തല സമിതി എന്നിവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നില്ല.
- വാർഡുതലസമിതി, അയൽക്കൂട്ടങ്ങൾ എന്നിവ രൂപീകരിക്കപ്പെട്ടുവെങ്കിലും വേണ്ടത്ര കാര്യക്ഷമമല്ല.
- എല്ലാ വിദ്യാർത്ഥികൾക്കും പഠനോപകരണങ്ങൾ, യൂനിഫോം എന്നിവയില്ല.
- ആധുനിക ബോധന രീതികളെക്കുറിച്ച് അറിവ് അധ്യാപകർക്ക് യഥാസമയം ലഭിക്കുന്നില്ല.
- പാഠപുസ്തകങ്ങൾ യഥാസമയം ലഭിക്കുന്നില്ല.
- മൂല്യനിർണ്ണയ സമ്പ്രദായം അശാസ്ത്രീയമാണ്.
- സ്ക്കോളർഷിപ്പ് തുക അപര്യാപ്തമാണ്.
- സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല.
- കലാ–കായിക വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ഇല്ല.
- വിദ്യാസമ്പന്നർക്ക് കാർഷിക വൃത്തിയോട് ആഭിമുഖ്യം കാണിക്കുന്നില്ല.

സാധ്യതകൾ:

- കുരാരി, ബങ്കണപ്പറമ്പ്, അഞ്ചാംപീടിക, എന്നിവിടങ്ങളിൽ ഓരോ എൽ. പി. സ്ക്കൂൾ അനുവദിക്കുക. ആയിപ്പുഴയിൽ ഒരു ഹൈസ്ക്കൂൾ അനുവദിക്കുക.
- താറ്റ്യോട് നോർത്ത് എൽ.പി. സ്ക്കൂൾ, ദുർഗ്ഗാവിലാസം എൽ.പി. സ്ക്കൂൾ, ദേശമിത്രം എൽ.പി. സ്ക്കൂൾ, കൊടാളിപ്രം ജി. എൽ.പി.സ്ക്കൂൾ, കോവൂർ എൽ. പി. സ്ക്കൂൾ, നിടുകുളം, പാളാട് എൽ.പി.സ്ക്കൂൾ എന്നിവ യു. പി. സ്ക്കൂൾ ആയി ഉയർത്തുക.
- കോവൂരിൽ ഒരു യു. പി. സ്ക്കൂൾ തുടങ്ങുക.
- എല്ലാ വിദ്യാലയങ്ങളോടും അനുബന്ധമായി പ്രീ–പ്രൈമറി തുടങ്ങുക.
- ഓരോ വാർഡിലും രണ്ടുവീതം അങ്കണവാടി തുടങ്ങുക.
- സ്ക്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് ധനസഹായം അനുവദിക്കുക.
- അൺ എയ്ഡഡ് സ്ക്കൂൾ അനുവദിക്കാതിരിക്കുക.
- ഗുരുകുലം പദ്ധതി കാര്യക്ഷമവും സംസ്ഥാന വ്യാപകവുമാക്കുക.
- തുടർവിദ്യാഭ്യാസപദ്ധതി ഊർജ്ജിതമാക്കുക.
- സ്ക്കൂൾ സിലബസ്സ് കാലോചിതമായി പരിഷ്ക്കരിക്കുക
- എല്ലാ വിദ്യാലയങ്ങളിലും കലാ–കായിക അദ്ധ്യാപകരം നിയമിക്കുക

- അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:20 ആക്കുക.
- പഠന സമയം രാവിലെ 8 മണിമുതൽ 1 മണിവരെ ആക്കുക
- വിദ്യാർത്ഥികൾക്ക് വർഷത്തിൽ രണ്ടുപ്രാവശ്യം വൈദ്യപരിശോധന നടത്തുക.
- കൂടാളി ഹൈസ്കൂളിലും കെ. പി. സി. ഹൈസ്കൂളിലും പ്ലസ് ടു ആരംഭിക്കുക.
- വിദ്യാലയങ്ങളിൽ പഞ്ചായത്ത് മുഖേന പത്ര വാരികകൾ എത്തിക്കുക.
- സ്കോളർഷിപ്പ് വിപുലീകരിക്കുകയും തുക ഉയർത്തുകയും ചെയ്യുക.
- സ്കൂൾ തുറക്കുന്നതിന് മുമ്പ് പാഠ പുസ്തകം എത്തിക്കുക
- സ്കൂൾ തലത്തിൽ പച്ചക്കറിക്കൃഷിത്തോട്ടങ്ങൾ ഉണ്ടാക്കുക. മത്സരങ്ങൾ സംഘടിപ്പിക്കുക.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നടപ്പിലാക്കുക
- നിർധന വിദ്യാർത്ഥികൾക്ക് യൂനിഫോം, പഠനോപകരണങ്ങൾ എന്നിവ വാങ്ങാൻ ധനസഹായം അനുവദിക്കുക.
- IV-ാം വാർഡിൽ സഹകരണ മേഖലയിൽ ഒരു പാരലൽ കോളേജ് തുടങ്ങുക.
- സ്ക്കൂളുകളിലെ ഉച്ചക്കഞ്ഞിക്കാവശ്യമായ അരി, പയർ എന്നിവ അടുത്തുള്ള റേഷൻ കടകൾവഴി വിതരണം ചെയ്യുക.

# കുടിവെള്ളവും പൊതുജനാരോഗ്യവും

## കുടിവെള്ളം

വായു കഴിഞ്ഞാൽ ജീവൻ നിലനിറുത്തുന്നതിന് ഏറ്റവും ആവശ്യമായ ഘടകമാണ് കുടിവെള്ളം. ശുദ്ധജലത്തിലൂടെയും ശുചിത്വത്തിലൂടെയും മാത്രമേ നമുക്ക് നല്ല ആരോഗ്യം കൈവരിക്കാൻ സാധിക്കൂ. ജനങ്ങളുടെ നിത്യവുമുള്ള ആരോഗ്യശീലങ്ങളിൽ സംസ്കാരത്തിനും പാരമ്പര്യത്തിനും പ്രമുഖസ്ഥാനമുണ്ട്. എന്നാലും ഓരോ കുടുംബത്തിന്റെയും ആരോഗ്യം പ്രധാനമായും അവിടെ ഉപയോഗിക്കുന്ന വെള്ളത്തിന്റെ ഗുണനിലവാരത്തെയാണ് ആശ്രയിച്ചിരിക്കുന്നത്.

കുടിവെള്ളത്തിനായി പഞ്ചായത്തിലെ 90% ജനങ്ങളും കിണറുകളെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലെയും മിക്ക പ്രദേശങ്ങളും വേനൽക്കാലത്ത് രൂക്ഷമായ ശുദ്ധജലക്ഷാമം നേരിടുന്നു. ചില പ്രദേശങ്ങളിൽ കിണറുകളിൽ കരിങ്കല്ലുള്ളതിനാൽ മഴക്കാലത്ത് മാത്രം വെള്ളം കിട്ടുന്ന അവസ്ഥ നിലനിൽക്കുന്നു. പഞ്ചായത്ത് അതിർത്തിക്കുള്ളിൽ രണ്ട് ശുദ്ധജല പദ്ധതികൾ ഉണ്ടെങ്കിലും കൂടാളിയിലുള്ള, KWA യുടെ പദ്ധതി മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. ഡാനിഷ് ഗവ: സഹായത്തോടെ നടപ്പാക്കിയ കൊളച്ചേരി ശുദ്ധജല പദ്ധതിയിലൂടെ ആവശ്യമുള്ളവർക്കെല്ലാം ഹൗസ് കണക്ഷൻ നൽകിയാൽ ശുദ്ധ ജലക്ഷാമം ഒരു പരിധി വരെ കുറയ്ക്കാൻ കഴിയും. കൂടാളിയിലെ ശുദ്ധ ജല വിതരണ പദ്ധതിക്ക് KWA യുടെ കീഴിലുള്ള കിണറിൽ നിന്നുതന്നെ വെള്ളം ശേഖരിക്കുന്നു. ഇതിന്റെ ഭാഗമായി 25 പൊതുടാപ്പുകൾ പ്രവർത്തിക്കുന്നു. കൊളച്ചേരി പദ്ധതിയുടെ ഭാഗമായി 108 പൊതു ടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്.

ജനസംഖ്യയുടെ 22.5% ശുദ്ധജലക്ഷാമം അനുഭവിക്കുന്നവരാണ്. പഞ്ചായത്തിലെ വിവിധ വാർഡുകളിലായി 26 പൊതുകിണറും 16 കുഴൽകിണറും വാട്ടർ അതോറിട്ടിയുടെ വക ഒരു കിണറും ഉണ്ട്.

| പൊതുകിണർ | | കുഴൽകിണർ | |
|---|---|---|---|
| വെള്ളമുള്ളത് | വെള്ളമില്ലാത്തത് | ഉപയോഗിക്കുന്നത് | കേടുവന്നത് |
| 13 | 13 | 6 | 10 |

ശുദ്ധജലം അമൂല്യവും അസുലഭവുമാണെന്ന് അത് പാഴാക്കികളയരുതെന്നുമുള്ള ബോധം ജനങ്ങളിലുണ്ടാവണം. കുടിവെള്ള സ്രോതസ്സുകൾ മലിനമാകാതെ സൂക്ഷിക്കുവാനും ആവശ്യത്തിനു മാത്രം ഉപയോഗിക്കാനും ബോധവല്ക്കരണം നടത്തണം. ശുദ്ധവായുവും ശുദ്ധജലവും വരും തലമുറയ്ക്ക് കൂടി അർഹതപ്പെട്ടതാണെന്ന ബോധം ജനങ്ങളിലുണ്ടാക്കാൻ കഴിയണം. 1995-96വർഷത്തിൽ 1903 പേർക്ക് ജലജന്യരോഗങ്ങൾ ബാധിച്ചതായി ആരോഗ്യ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച വിവരശേഖരത്തിൽ കാണുന്നു.

വിശേഷാൽ ഗ്രാമസഭകളിൽ ഉയർന്നുവന്ന പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരനിർദേശങ്ങളും സൂക്ഷ്മ വിശകലനത്തിനായി അന്യത്ര ചേർത്തിരിക്കുന്നു.

**കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളും അവയ്ക്കുള്ള പരിഹാരനിർദ്ദേശങ്ങളും**

**വാർഡ് 1 :** – ബീരങ്കിബസാർ, കൂടാളി അമ്പലം റോഡ്, ബാങ്ക് പറമ്പിന്റെ പടിഞ്ഞാറുവശം തുടങ്ങിയ സ്ഥലങ്ങളിലെ ശുദ്ധജലക്ഷാമം പരിഹരിക്കാൻ പൊതുകിണറുകൾ കുഴിക്കണം.

നിലവുള്ള പഴകിയതും, തുരുമ്പിച്ചതുമായ GI പൈപ്പുകൾ മാറ്റി പി.വി.സി പൈപ്പുകൾ സ്ഥാപിക്കുകയും ജനസംഖ്യാ വർധവിനനുസരിച്ച് പൊതുടാപ്പുകളുടെ എണ്ണം വർധിപ്പിക്കുകയും ചെയ്താൽ ശുദ്ധജലക്ഷാമം പരിഹരിക്കാൻ കഴിയും. പോസ്റ്റാഫീസിനടുത്തുള്ള പൈപ്പ് താഴെ ഭാഗത്തേയ്ക്ക് നീട്ടുകയും കാഞ്ഞിരോട് വയൽ റോഡിൽ ഒരു പൊതുടാപ്പ് സ്ഥാപിക്കുകയും ചെയ്താൽ ഈ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാം.

**വാർഡ് : 2** താറ്റിയോട് എൽ.പി. സ്ക്കൂളിന് സമീപം, വലിയ വളപ്പിൽ നാരായണിയുടെ വീടിന് സമീപം., കൊയ്യോടൻ ചാലിൽ പള്ളിക്കുസമീപം, നെക്കോത്ത് രാമൻനായരുടെ വീടിന് സമീപം എന്നിവിടങ്ങളിൽ കിണറുകൾ കുഴിക്കുകയും നിലവിലുള്ള താറ്റ്യോട് വയൽ കിണർ വൃത്തിയാക്കുകയും കൊയ്യോടൻ ചാലിൽ കുഞ്ഞിപ്പീടികക്ക് സമീപം പൊതുടാപ്പ് സ്ഥാപിക്കുകയും ചെയ്താൽ ഈ വാർഡിൽ അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കാം.

**വാർഡ് : 3:–** മുലോത്തും ചാൽ, ആവോട്ടും കരി പ്രദേശം, കാനച്ചേരി ആശ്രമ പരിസരം, ദുർഗാ വിലാസം എൽ.പി സ്ക്കൂൾ പരിസരം, പൂതിരിമൂല, മുട്ടന്നൂർ വലിയ വളപ്പ് തുടങ്ങിയ സ്ഥലങ്ങളിൽ പുതിയ കിണറുകൾ കുഴിക്കുകയും മൂലക്കരി – ചാപ്പ റോഡിൽ കൊളച്ചേരി പദ്ധതിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കുകയും ചെയ്യുക. കോരാറമ്പ് – വേശാലറോഡിൽ പൊതുടാപ്പ് സ്ഥാപിക്കുക, എന്നിവയിലൂടെ ഈ പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കാം.

**വാർഡ് : 4:–** ലക്ഷം വീട് കോളനി, പൂവത്തൂര് അങ്കണവാടിക്ക് സമീപം, പഞ്ചായത്ത് കോളനി എന്നിവടങ്ങളിൽ പുതിയ കിണറുകൾ കുഴിക്കുക, ലക്ഷം വീട്, ബങ്കണപ്പറമ്പ് എന്നിവിടങ്ങളിൽ പുതിയ കിണറുകൾ കുഴിക്കുക,. ഇവിടങ്ങളിലെ ഉപയോഗശൂന്യമായിക്കിടക്കുന്ന കുഴൽകിണറുകൾ നന്നാക്കുക, ചക്കാലമുക്കിലുള്ള പൊതുകിണർ ആഴം കൂട്ടുക, പുതിയ കുളം, കരിങ്കച്ചാലിലുള്ള കുളം, കൂടാളി പൊതുജനവായനശാലയ്ക്ക് സമീപമുള്ള കിണർ എന്നിവ വൃത്തിയാക്കി ഉപയോഗയോഗ്യമാക്കുക. കാവുന്താഴ കനാൽ പാലത്തിന് സമീപം മഞ്ചക്കണ്ടി പരിസരം, ബങ്കണപ്പറമ്പ്, കാഞ്ഞിരോട് വഴി ആശാരിപ്പവിത്രന്റെ വീടിന്റെ സമീപം എന്നിവിടങ്ങളിൽ പൊതുടാപ്പുകൾ സ്ഥാപിക്കുക. കൂടാളി യു.പി. സ്ക്കൂൾ പരിസരത്ത് അവസാനിക്കുന്ന പൈപ്പ് ലൈൻ 100 മീറ്റർ താഴോട് നീട്ടി പൊതുടാപ്പ് സ്ഥാപിക്കുക. കുറ്റ്യാട്ടൂർ പഞ്ചായത്ത് അതിർത്തിയിൽ നിന്ന് ലക്ഷം വീട് കോളനിയിലേക്കുള്ള പൈപ്പ് ലൈൻ നീട്ടുക, കരിങ്കച്ചാലിൽ നിലവിലുള്ള ടാപ്പിൽ വെള്ളം കിട്ടാത്ത അവസ്ഥയുണ്ട്. ഇത് പരിഹരിക്കണം. നിലവിലുള്ള ശുദ്ധജലവിതരണ പദ്ധതിനിലനിർത്തിക്കൊണ്ട് കൊളച്ചേരി പദ്ധതി വിപുലപ്പെടുത്തുകയും ചെയ്താൽ ഈ വാർഡിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ കഴിയും

**വാർഡ് : 5:–** കോരാറമ്പ്, സി. എ. രാധാകൃഷ്ണൻമാസ്റ്ററുടെ വീടിന് സമീപം എന്നിവിടങ്ങളിൽ പുതിയ കിണറുകൾ കുഴിക്കുക. ദേശമിത്രം എൽ.പി. സ്ക്കൂളിന് സമീപമുള്ള കുഴൽ കിണറിന് ഹാൻഡ് പമ്പ് ഘടിപ്പിക്കുക, കോളോളം ടൗണിലുള്ള കുളം കിണറാക്കി മാറ്റുകയും, കരടിമുക്ക്, ഗ്രാമദീപം വായനശാലയ്ക്ക സമീപം, മുട്ടന്നൂർ നരിക്കുന്നിൽ, ഗ്രാമോദ്ധാരണ വായന ശാലയ്ക്ക് സമീപം മുട്ടന്നൂർ എടയന്നൂർ റോഡിൽ മെയിൻ റോഡ് കഴിഞ്ഞുള്ള കയറ്റത്തിൽ, പാലക്കുന്ന് ബാലന്റെ പറമ്പിന് സമീപം, എന്നിവിടങ്ങളിൽ പൊതുടാപ്പുകൾ സ്ഥാപിക്കുകയും ചെയ്യണം. ഈ പ്രദേശങ്ങളിലെ കിണറുകളിൽ കരിങ്കല്ലായതിനാൽ വേനൽക്കാലത്ത് രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നു. കൂടാതെ ആണ്ടിക്കുന്ന്, മാര്യോടും മൂല പി.എം. രാഘവന്റെ വീടിന് സമീപം, കടുക്കാപ്പാടി റോഡിൽ കടുക്കാപ്പാടി പറമ്പിന് സമീപം പി.എം. കൃഷ്ണൻ നമ്പ്യാരുടെ വീടിന് സമീപം, എന്നിവടങ്ങളിൽ പൊതുടാപ്പു സ്ഥാപിക്കുകയും ചെയ്താൽ ഈ വാർഡിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ കഴിയും.

**വാർഡ് 6 :** – നായാട്ടുപാറ – വടുവൻ കുളം റോഡിൽ സി.കുഞ്ഞിക്കണ്ണന്റെ വീടിന് സമീപം, നായാട്ടുപാറ – ചോല റോഡിൽ, നായാട്ടുപാറ നാലു പെരിയ റോഡിൽ ഒതയോത്ത് രാഘവന്റെ വീടിന് സമീപം, പുന്നക്കാട് പ്രദേശം, കോവൂർ വിജ്ഞാന കൗമുദി വായനശാലയ്ക്ക് സമീപം, കോവൂർ പൊതുജനവായനശാലയ്ക്ക് സമീപം, ചോലവായനശാലയ്ക്ക് സമീപം, നായാട്ടുപാറ പി.പി. കുഞ്ഞിക്കണ്ണന്റെ വീടിന് സമീപം, നായാട്ടുപാറ ബസ് സ്റ്റോപ്പിന് സമീപം, കോവൂർ മഹാവിഷ്ണു ക്ഷേത്രത്തിന് സമീപം, അയ്യപ്പ ക്ഷേത്ര സമീപം എന്നിവിടങ്ങളിൽ പൊതുടാപ്പുകൾ സ്ഥാപിച്ചു വെള്ളാവിൽ പീടിക മുതൽ ചോലറോഡ് വരെ പൈപ്പ് ലൈൻ നീട്ടുകയും ചെയ്താൽ കുടിവെള്ളക്ഷാമം പരിഹരിക്കാം.

**വാർഡ് 7:–** സ്റ്റേഡിയത്തിന് സമീപം, പട്ടാന്നൂർകടവിൽ വെളമ്പൻ കുഞ്ഞിരാമന്റെ വിടിന് സമീപം, എന്നിവിടങ്ങളിൽ പുതിയ കിണറുകൾ കുഴിക്കുക

കൊളപ്പ – കാളാമ്പററോഡിൽ പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കുക, നിടുകുളം, ചുണ്ടോൽ, നാലു പെരിയ, അഞ്ചാം പീടിക, മൂടേരി, ആയിപ്പുഴ, കൂരാരി, ഹാജിമൊട്ട, കരിമ്പന വയൽ, കപ്പണക്കരി (കുന്നോത്ത്) ഓട്ടത്താനി എന്നിവടങ്ങളിൽ പൊതുടാപ്പുകൾ സ്ഥാപിക്കുക എന്നീ നടപടികളിലൂടെ ഈ വാർഡിലെ ജല ക്ഷാമം പരിഹരിക്കാം.

**വാർഡ് 8 :** മിൽ പരിസരത്തുള്ള കരിയിലാട്ട് ഭാഗത്ത് പട്ടാന്നൂർപള്ളിയുടെ പരിസരത്ത് എന്നിവടങ്ങളിൽ കിണറുകൾ കുഴിക്കുക. ഹരിജൻ കോളനിയിലെ കിണറുകളുടെ ആഴം കൂട്ടുക, കൂരക്കി, ബംഗ്ലാവ്, ആയിപ്പുഴ മിൽ പരിസരത്ത്, കരിയിലാട് എന്നിവിടങ്ങളിൽ പൊതുടാപ്പുകൾ സ്ഥാപിക്കുക. കൊളപ്പയിൽ നിന്ന് ആയിപ്പുഴയിലേക്ക് പോകുന്ന പൈപ്പ് ലൈനിൽ നിന്ന് കോളനി മേഖലയിലേക്ക് പൈപ്പ് ലൈൻ നീട്ടുക.

**വാർഡ് : 9** കാളാമ്പാറ മിനിസ്റ്റേഡിയത്തിന് സമീപം, തെങ്ങോട്ട് മാച്ചേരി മറിയത്തിന്റെ വീടിന് സമീപം, മന്ന സ്ഥലത്ത്, ആയിപ്പുഴ കൊളപ്പ റോഡിൽ ചൊക്രാം വളവിൽ ഹാഷിമിന്റെ വീടിന് സമീപം, ആയിപ്പുഴമില്ല് റോഡിന് സമീപം, പ്രിൻസ് ഗഫൂറിന്റെ വീടിന് സമീപം, പാലമുക്ക് ജംഗ്ഷൻ, തായലപുരയ്ക്ക് സമീപം, കുന്നില വളപ്പ് വീടിന് സമീപം, തുമ്പോൽ പള്ളിപ്പാത്ത് ഹൗസിന് സമീപം, വേലിക്കോത്ത് ഇബ്രാഹിമിന്റെ വീടിന് സമീപം എന്നി സ്ഥലങ്ങളിൽ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നു. ഇവിടങ്ങളിൽ പൊതുടാപ്പുകൾ സ്ഥാപിച്ചും തുമ്പോൽ മദ്രസയ്ക്ക് സമീപം, മെരടൻ പാത്തുമ്മയുടെ വീടിന് സമീപം, അബുഹാജിയുടെ വീടിന് സമീപം, എന്നിവിടങ്ങളിൽ പുതിയ കിണറുകൾ കുഴിച്ചും, നിലവിൽ കെ.സി.കെ കോളനിയിലുള്ള കിണർ ആഴം കൂട്ടിയും ജലക്ഷാമം പരിഹരിക്കാവുന്നതാണ്.

**വാർഡ് 10:–** പാളാട് സ്ക്കൂളിനടുത്ത് ഒരു കുഴൽ കിണർ സ്ഥാപിക്കുക. കൊടാളിപ്രം വായനശാലയ്ക്ക സമീപമുള്ള കുഴൽ കിണർ നന്നാക്കുക. നെരമ്മൽ മുതൽ ആമേരി ഫുട്പാത്ത് വഴി വി.സി. ബാലൻ നമ്പ്യാരുടെ പീടിക വരെ, പല്പക്കരി മുതൽ കാപ്പുക്കാട് വരെ, പുല്പക്കരി കോളനിയിൽ നിന്ന് നെരമ്മൽ കോറ റോഡ് വഴി വെള്ളുവ അനന്തൻ നമ്പ്യാരുടെ പറമ്പിന് സമീപം വരെ, പാളാട് കായലോട് റോഡിൽ എന്നിവിടങ്ങളിൽ പൈപ്പ് ലൈൻ നീട്ടുകയും, കുനിയിൽ പറമ്പത്ത്, മുതിരക്കാലിൽ പറമ്പത്ത്, പി.കെ. കുഞ്ഞിരാമൻ നമ്പ്യാരുടെ പറമ്പത്ത്, സിയം കല്യാണിയുടെ പറമ്പിന് സമീപം, ആമേരി വി.കെ ബാലകൃഷ്ണന്റെ വീടിന് സമീപം എൻ.സി നാരായണക്കുറിപ്പിന്റെ വീടിന് സമീപം, എന്നിവിടങ്ങളിൽ പൊതുടാപ്പുകൾ സ്ഥാപിച്ചും കുടിവെള്ള ക്ഷാമം പരിഹരിക്കാം.

**വാർഡ് 11 :–** വരുവക്കുണ്ടിലെ കുഴൽകിണറിന്റെ മോട്ടോൽ ഒഴിവാക്കി ഹാൻഡ് പമ്പ് ഘടിപ്പിക്കുകയും നായാട്ടുപാറ – നിടുവോട്ടുമൂല റോഡിൽ പുതുതായി പൈപ്പ് ലൈൻ സ്ഥാപിക്കുകയും കരടിയിൽ മുകുന്ദൻ ഡ്രൈവരുടെ വീടിന് സമീപം, മാവിലച്ചാൽ കുന്നും പുറം, കുന്നത്തും താഴെ, ചന്ത്രോത്തും ചാൽ, പുത്തൻ കുളത്തിന് സമീപം, കവിടിശ്ശേരി, അമ്പലം ജംഗ്ഷൻ, കുന്നോത്ത് യു.പി. സ്ക്കൂൾ – വരുവക്കുണ്ട് റോഡ് ജംഗ്ഷൻ, കരടി, വാണിവിലാസം വായനശാല ജംഗ്ഷൻ, നായാട്ടുപാറ – വടുവൻ കുളം റോഡ് ജംഗ്ഷൻ എന്നിവിടങ്ങളിൽ കൊളച്ചേരി പദ്ധതിയുടെ പൊതുടാപ്പുകൾ സ്ഥാപിക്കുകയും ചെയ്താൽ ഈ പ്രദേശത്ത് അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കാവുന്നതാണ്.

### ചെറുകിട ശുദ്ധ ജല പദ്ധതികൾ

വൻകിട പദ്ധതികളെക്കാൾ ഗ്രാമീണ ശുദ്ധ ജല പദ്ധതികൾക്ക് പ്രാമുഖ്യം നൽകണമെന്ന് മിക്കവാറും എല്ലാ വാർഡുകളിൽ നിന്നും നിർദ്ദേശം വരികയുണ്ടായി. 1,3,4,5,7,9 എന്നീ വാർഡുകളിൽ നിന്നാണ് വ്യക്തമായ നിർദ്ദേശങ്ങളുണ്ടായത്.

**വാർഡ് 1 :** ചൂരിയിലെ കുളം വൃത്തിയാക്കി ചെറുകിടപദ്ധതികൾ ആരംഭിക്കാവുന്നതും അതുവഴി ഇതിന് ചുറ്റുമുള്ള പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കാവുന്നതാണ്. ഇതിനാവശ്യമായ സാമ്പത്തികസഹായം ലഭ്യമാക്കിയാൽ അയൽക്കൂട്ടങ്ങളോ സന്നദ്ധ സംഘടനകളോ ഇത് ഏറ്റെടുത്ത് നടത്തുന്നതാണ്.

**വാർഡ് 3 :** മുട്ടന്നൂർ ഗ്രാമദീപം വായനശാലയ്ക്ക സമീപമുള്ള കുളം വൃത്തിയാക്കി ചെറുകിട പദ്ധതി ആരംഭിച്ചാൽ അതിന്റെ ചുമതല ഗ്രാമദീപം വായനശാല ഏറ്റെടുക്കുന്നതാണ്.

**വാർഡ് 4 :** കാവുന്തായ പൂവ്വത്തൂർ അതിർത്തിയിലുള്ള വലിയ കുളം വൃത്തിയാക്കി ഉപയോഗപ്രദമാക്കിയാൽ ചുറ്റുമുള്ള പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമത്തിന് അല്പം ആശ്വാസമാകും. ഇതിന്റെ സംരക്ഷണ ചുമതല സന്നദ്ധ സംഘടനകൽ ഏറ്റെടുക്കുന്നതാണ്.

**വാർഡ് 5:** ദേശമിത്രം എൽ.പി. സ്ക്കൂളിന് സമീപമുള്ള കുളം ആഴം കൂട്ടി അവിടെ തന്നെ ഒരു ടാങ്കറും പണിതാൽ ആ പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന ജലക്ഷാമം പരിഹരിക്കാൻ കഴിയും. ഇതിന്റെ പ്രവർത്തനം അയൽക്കൂട്ടങ്ങൾ ഏറ്റെടുക്കുന്നതാണ്.

**വാർഡ് 6:** നിടുകുളം പുഴയിൽ നിന്നും ജലം സൗരോർജ്ജ പമ്പുകൾ ഉപയോഗിച്ച് പമ്പ് ചെയ്ത് കൊളച്ചേരി പദ്ധതിയുടെ ഭാഗ്ഗമായി സ്ഥാപിച്ചിട്ടുള്ള പൈപ്പുകളും ടാപ്പുകളും ഉപയോഗിച്ച് വാർഡിന്റെ നാനാ ഭാഗത്തും ഉപയോഗുപ്പെടുത്താവുന്നതാണ്. കൂടാതെ മറ്റു വാർഡുകളിലും ഇത് പ്രയോജനപ്പെടണം.

**വാർഡ് 7 :** താമരവളപ്പ് കോളനിയിലുള്ള 100 വീടുകൾക്ക് ഉപയോഗപ്രദമാകുന്ന തരത്തിൽ കൊളപ്പയിലെ കരിപ്പറമ്പ് കുളം ആഴം കൂട്ടി താമര വളപ്പിൽ ടാങ്ക് കെട്ടി ജലം പമ്പ് ചെയ്ത് വിതരണം നടത്താവുന്നതാണ്. പാണലാട് പാറക്കണ്ടി പ്രദേശത്ത് ജലക്ഷാമം പരിഹരിക്കുന്നതിന് ശങ്കരൻ വൈദ്യരുടെ വീടിന് സമീപമുള്ള നീരുറവയിലെ ജലം ഈ സ്ഥലത്തിന് 200 മീറ്റർ അകലെയുള്ള രണ്ട് പൈപ്പ് ലൈൻ യോജിപ്പിച്ച് വിതരണം നടത്താവുന്നതാണ്. നീരുറവ ഉയർന്ന സ്ഥലത്തായതിനാൽ 200 മീറ്റർ പൈപ്പ് ലൈൻ യോജിപ്പിക്കേണ്ട സാമ്പത്തിക ബാധ്യത മാത്രമേ ഉണ്ടാവുകയുള്ളൂ.

**വാർഡ് ll :** കോട്ടക്കണ്ടി ഹൗസിന് സമീപമുള്ള കുളം വൃത്തിയാക്കി 8–ാം വാർഡിലെ ബംഗ്ലാവിന് സമീപം ടാങ്ക് നിർമ്മിച്ച് ജലവിതരണം നടത്തിയാൽ 8, 9 വാർഡുകളിൽ ശുദ്ധ ജലമെത്തിക്കാൻ സാധിക്കും

## ആരോഗ്യം

ഏതൊരു രാജ്യത്തിന്റെയും ഏറ്റവും വലിയ സമ്പത്ത് ആരോഗ്യമുള്ള ഒരു ജനതയുണ്ടായിരിക്കുക എന്നുള്ളതാണ്. ആരോഗ്യമുള്ള ഒരു ജനതയെ വാർത്തെടുക്കുന്നതിന് 1958 മുതൽ തന്നെ നമ്മുടെ പഞ്ചായത്തിൽ ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. കുംഭത്തിൽ 5 രൂപ വാടകയിൽ പഞ്ചായത്ത് വക ഒരു മെറ്റേർണിറ്റി ആന്റ് ചൈൽഡ് വെൽഫെയർ സെന്റർ 1958ൽ ആരംഭിക്കുകയുണ്ടായി. എ,ന്നിരുന്നാലും 19–ാം വരെ പ്രസവത്തിനും മറ്റും വയറ്റാട്ടികളെയും രോഗചികിത്സയ്ക്ക് പാരമ്പര്യ വൈദ്യന്മാരുംയും മന്ത്രവാദത്തെയുമാണ് മിക്ക് ആളുകളും ആശ്രയിച്ചിരുന്നത്. ചില ആളുകൾ നേർച്ച ചേരുന്ന പതിവുമുണ്ടായിരുന്നു. മറ്റു പ്രദേശങ്ങളിലെ ആശുപത്രികളിൽ എത്തിപ്പെടാനുള്ള ബുദ്ധിമുട്ടും ഇത്തരത്തിലുള്ള രോഗചികിത്സയ്ക്ക് അവരെ പ്രേരിതരാക്കി. 1972ൽ കൂടാളി വായനശാലയിൽ പ്രവർത്തനമാരംഭിച്ച പ്രൈമറി ഹെൽത്ത് സെന്റർ 1978ൽ സ്വന്തം കെട്ടിടത്തിലേയ്ക്ക് മാറ്റി. 1986ൽ നായാട്ടുപാറയിൽ സർക്കാർ ഹോമിയോ ഡിസ്പെൻസറി ആരംഭിച്ചു. 1996ൽ മൂലക്കരിയിൽ ഒരു സ്വകാര്യനഴ്സിംഗ് ഹോം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇന്ന് സ്വകാര്യമേഖലയിലെ 3 ഹോമിയോ ക്ലി

നിക്കുകളുമടക്കം 8 ആരോഗ്യസ്ഥാപനങ്ങൾ പഞ്ചായത്തിനകത്ത് പ്രവർത്തിക്കുന്നു. കൂടാതെ 13 പാരമ്പര്യ വൈദ്യമാരും ഉണ്ട്. കേരളം ആരോഗ്യകാര്യത്തിൽ മുൻപന്തിയിൽ നില്ക്കുമ്പോഴും ഈ പഞ്ചായത്തിലെ ജനങ്ങൾ ഇന്നും കിടത്തി ചികിത്സാ സൗകര്യം തേടി പഞ്ചായത്തിന് പുറത്തേയ്ക്ക് ഏറ്റവും കുറഞ്ഞത് 4 കി.മി ഉം വിദഗ്ധ ചികിത്സക്കായി 30 കി.മി ഉം സഞ്ചരിക്കേണ്ടി വരുന്നു. നിലവിലുള്ള പ്രൈമറി ഹെൽത്ത് സെന്ററിന്റെ 10 കിടക്കകളുള്ള വാർഡിന്റെ പണി അടിയന്തിരമായി തീർക്കുകയും നായാട്ടുപാറയിലുള്ള ഹോമിയോ ഡിസ്പെൻസറിയിൽ കിടത്തി ചികിത്സിക്കുന്നതിനായി 10 കിടക്കകളുള്ള ഒരു വാർഡ് പണിയുകയും ചെയ്താൽ 28000 ത്തോളം ജനസംഖ്യയുള്ള ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് ഒരു ചെറിയ ആശ്വാസമാകും. 5000 ജനസംഖ്യയ്ക്ക് ഒന്ന് എന്ന നിലയ്ക്ക് 5 സബ് സെന്ററുകളെങ്കിലും വേണ്ടതാണ്. നിലവിൽ നായാട്ടുപാറയിലും കുംഭത്തിലും ഓരോ സബ് സെന്റർ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. അതിനാൽ ഫീൽഡ് സ്റ്റാഫിന് മെച്ചപ്പെട്ട പ്രവർത്തനം നടത്താൻ സാധിക്കാത്ത അവസ്ഥയുണ്ട്. കുംഭത്തിലെ സബ് സെന്റർ PHC യുടെ വളരെ അടുത്തുമാണ്. പഞ്ചായത്തിൽ ആരോഗ്യകുടുംബക്ഷേമപോഷകാഹാര ബോധവല്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനും എത്രയും പെട്ടെന്ന് അങ്കണവാടികൾ ആരംഭിക്കേണ്ടതായിട്ടുണ്ട്. പ്രതിരോധത്തിനും ബോധവല്ക്കരണത്തിനും പ്രാധാന്യം നല്കുകയും സർക്കാർ ആശുപത്രികളോടുള്ള ജനങ്ങളുടെ മനോഭാവം മാറ്റിയെടുക്കുകയും ചെയ്താൽ 2000 ആണ്ടാകുമ്പോഴേക്കും എല്ലാവർക്കും ആരോഗ്യമെന്ന് ലോകാരോഗ്യ സംഘടനയുടെ ലക്ഷ്യം നമ്മുടെ പഞ്ചായത്തിന് കൈവരിക്കാൻ കഴിയും. പഞ്ചായത്തിലെ കഴിഞ്ഞ മൂന്ന് വർഷത്തെ പൊതു ആരോഗ്യ സ്ഥിതി സൂക്ഷ്മ വിശകലനത്തിന് വേണ്ടി താഴെ ചേർക്കുന്നു.

| വർഷം | ഇൻപേഷ്യന്റ് | ഔട്ട്പേഷ്യന്റ് | ത്വക്ക്രോഗം | വാതരോഗം | പകർച്ചവ്യാധികൾ | | | മറ്റുള്ളവ | വിഷചികിത്സ | മറ്റുള്ള രോഗങ്ങൾ |
|---|---|---|---|---|---|---|---|---|---|---|
| | | | | | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | | | |
| 93–94 | ഇല്ല | 18217 | 2106 | 2368 | 1594 | 2049 | 764 | 227 | 546 | 8563 |
| 94–95 | ഇല്ല | 17155 | 2401 | 1887 | 1801 | 2315 | 771 | 259 | 514 | 7207 |
| 95–96 | ഇല്ല | 18130 | 2719 | 2175 | 1903 | 2447 | 815 | 274 | 362 | 7435 |

ഇതിൽ നിന്നും പഞ്ചായത്തിന്റെ പൊതു ആരോഗ്യസ്ഥിതി മെച്ചപ്പെട്ടതല്ല എന്നു മനസ്സിലാക്കാം. കുഷ്ഠരോഗം ബാധിച്ച് 3 പേർ ചികിത്സയിൽ കഴിയുന്നുണ്ട്. പഞ്ചായത്തിൽ ഹൃദ്രോഗികളും വാതരോഗികളും പ്രമേഹരോഗികളും ഉണ്ടെങ്കിലും അവരുടെ കൃത്യമായ കണക്കുകൾ ലഭ്യമല്ല.

കഴിഞ്ഞ രണ്ടുമൂന്നു വർഷങ്ങൾക്കുള്ളിൽ മാതൃമരണം റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടില്ല. പോഷകാഹാരക്കുറവ് കൊണ്ടോ മറ്റ് പകർച്ച വ്യാധികൾ കൊണ്ടോ ശിശുമരണങ്ങളും ഉണ്ടായിട്ടില്ല. ഒരു കുടുംബത്തിന്റെ ശരാശരി വലുപ്പം 5 ആണ്. പഞ്ചായത്തിൽ 1000ൽ 60 പേർ വൈകല്യം ബാധിച്ചവരാണ്. (അവലംബം വികലാംഗ സർവ്വെ – 95).

**സ്ഥാപനപരമായ പ്രശ്നങ്ങളും നിർദ്ദേശങ്ങളും**

**പ്രൈമറി ഹെൽത്ത് സെന്റർ കൂടാളി :** വാർഡിന്റെ പണി അടിയന്തിരമായി തീർക്കുക, കുടിവെള്ളം, വൈദ്യുതി, ഫോൺ, ചുറ്റുമതിൽ എന്നീ ഭൗതിക സൗകര്യങ്ങൾ ഒരുക്കുക. ആവശ്യത്തിനുള്ള മരുന്നുകൾ ലഭ്യമാക്കുക സ്റ്റാഫ് ക്വാർട്ടേസ് പണിയുക. കാലാ കാലങ്ങളിൽ കെട്ടിടത്തിന്റെ അറ്റക്കുറ്റപണികൾ നടത്തുക.

| | സ്ഥാപനങ്ങൾ | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1. | പ്രൈമറി ഹെൽത്ത് സെന്റർ കൂടാളി | 16 |
| 2. | കുടംബക്ഷേമ ഉപകേന്ദ്രം കുംഭം | 2 |
| 3. | സ്വകാര്യ നഴ്സിംഗ് ഹോം മുലക്കരി | 3 |
| 4. | ഹോമിയോ ഡിസ്പെൻസറി നായാട്ടുപാറ | 4 |
| 5. | കുടുംബക്ഷേമ ഉപകേന്ദ്രം | 2 |

**കുടംബക്ഷേമ ഉപകേന്ദ്രം കുംഭം :** ചുറ്റുമതിൽ പണിയുക, കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തുക
**ഗവ. ഹോമിയോ ഡിസ്പെൻസറി നായാട്ടുപാറ:** സ്ഥാപനത്തിൽ ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുക. ഒരു ഫിൽട്ടർ, മുറിവ് കെട്ടുന്നതിന് ആവശ്യമായ പ്ലാസ്റ്റർ എന്നിവ ലഭ്യമാക്കുക. ചുറ്റുമതിൽ കെട്ടുക, അറ്റകുറ്റപ്പണികൾ കാലാകാലങ്ങളിൽ നടത്തുക. വൈദ്യുതി അടിയന്തിരമായി ലഭ്യമാക്കുക. സ്റ്റാഫ് ക്വാർട്ടേഴ്സ് പണിയുക.

**ഗ്രാമസഭകളിൽ നിന്നുയർന്നു വന്നിട്ടുള്ള വിവിധ പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും താഴെ കൊടുക്കുന്നു.**

വാർഡ് 1. ഒരു ആശുപത്രി, മാതൃശിശുസംരക്ഷണകേന്ദ്രം

വാർഡ് 2. ഒരു ആയുവേദാശുപത്രി, താറ്റ്യോട് ഒരു കുടുംബക്ഷേമ ഉപകേന്ദ്രം, കൊയ്യോടൻ ചാലിൽ ഒരു ഹോമിയോ ഡിസ്പെൻസറി

വാർഡ് 3. ഒരു ആയുർവേദ ഡിസ്പെൻസറി

വാർഡ്4. ബങ്കണപ്പറമ്പിൽ ഒരു ആയുർവേദ ഡിസ്പെൻസറി

വാർഡ് 5. ഒരു സർക്കാർ ആശുപത്രി, ഒരു ആയുർവേദ ഡിസ്പെൻസറി, ഗ്രാമോദ്ധാരണവായനശാലയ്ക്ക് സമീപം ഒരു മാതൃശിശു സംരക്ഷണ കേന്ദ്രം, മുട്ടന്നൂർ ദേശമിത്രം സ്ക്കൂളിന് സമീപം ഒരു പ്രകൃതി ചികിത്സാ കേന്ദ്രം.

വാർഡ് 6. ചോലയിൽ ഒരു കുടംബക്ഷേമ ഉപകേന്ദ്രം

വാർഡ് 7. കൊളപ്പയിൽ ഒരു ആയുർവേദ ഡിസ്പെൻസറി, നാലുപെരിയ പാണലാട്, കൊളപ്പ എന്നിവിടങ്ങളിൽ മാതൃശിശു സംരക്ഷണ കേന്ദ്രം (പാണലാട് ഇതിനാവശ്യമായ സ്ഥലം നാട്ടുകാർ സംഭാവന ചെയ്തിട്ടുണ്ട്.)
വാർഡ് 8 ഒരു സബ് സെന്റർ

വാർഡ് 9. ഒരു സർക്കാർ ഡിസ്പെൻസറി, ഒരു ഹോമിയോ ആശുപത്രി, ഒരു ആയുർവേദാശുപത്രി, കുടുംബക്ഷേമ ഉപകേന്ദ്രം

വാർഡ് 10. പാളാട് എൽ.പി. സ്ക്കൂളിന് സമീപം ഒരു പ്രാഥമികാരോഗ്യകേന്ദ്രം, പുല്പക്കരികോളനി, കൊടോളിപ്രം വായനശാല എന്നിവിടങ്ങളിൽ ഓരോ കുടംബക്ഷേമ ഉപകേന്ദ്രം. വരുവകുണ്ടിൽ ഒരു ഹോമിയോ ഡിസ്പെൻസറിയും പുല്പക്കാരി കോളനി പരിസരത്ത് ഒരു ആയുർവ്വേദാശുപത്രിയും സ്ഥാപിക്കുക.

വാർഡ് 11 കുന്നോത്ത് യു.പി. സ്ക്കൂളിന് സമീപം ഒരു ഡിസ്പെൻസറി

**നിർദ്ദേശങ്ങൾ:**

മഹിളാ സ്വസ്ത് സംഘത്തിന്റെ പ്രവർത്തനം വിപുലീകരിക്കുക, മാസത്തിലൊരിക്കലെങ്കിലും ഓരോ കുടുംബത്തിനും ആരോഗ്യ കുടംബക്ഷേമപ്രവർത്തകരുടെ സേവനം ലഭ്യമാക്കുക. ആശുപത്രി വികസനസമിതി രൂപീകരിക്കുകയും ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ചെയ്യുക. വിദഗ്ദ ഡോക്ടർമാരുടെ സേവനം ലഭിക്കുന്നതിന് ക്യാമ്പുകൾ സംഘടിപ്പിക്കുക. പുകവലി, വെറ്റില മുറുക്ക്, മദ്യാപാനം, പാൻ പരാഗ് തുടങ്ങിയവയ്ക്കെതിരെ സന്നദ്ധസംഘടനകളുമായി ചേർന്ന് വിപുലമായ ബോധവല്ക്കരണം സംഘടിപ്പിക്കുക. ആശുപത്രികളിൽ നടക്കുന്ന എല്ലാ പ്രസവങ്ങളും മരണവും അതത് പഞ്ചായത്തുകളെ അറിയിക്കാനുള്ള സംവിധാനം ഉണ്ടായിരിക്കുക. എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി സമഗ്രമായ സ്ക്കൂൾ ആരോഗ്യപരിപാടി നടപ്പിലാക്കുക. പഞ്ചായത്തിലെ മൊത്തം ആളുകൾക്കും ഘട്ടം ഘട്ടമായി ഹെൽത്ത് കാർഡ് സമ്പ്രദായം ഏർപ്പെടുത്തുക. പെട്ടിക്കടകളിലും ഹോട്ടലുകളിലും വിൽക്കുന്ന ആഹാര സാധനങ്ങൾ ഗുണമേന്മയുള്ളതാണെന്ന് ഉറപ്പുവരുത്തുക. കുട്ടികളുടെ മാനസികവും ശാരീരകവുമായ ആരോഗ്യത്തിന് വേണ്ടി പഞ്ചായത്തിൽ ഒരു കുട്ടികളുടെ പാർക്ക് നിർമ്മിക്കുക.

**കക്കൂസ്:** ശരിയായ ആരോഗ്യത്തിന് ഏറ്റവും അത്യാവശ്യമാണ് വ്യക്തി ശുചിത്വവും പരിസര ശുചിത്വവും. പരിസര ശുചിത്വം പാലിക്കുന്നതിന് ഏറ്റവും പ്രധാനമായി വേണ്ട ഒന്നാണ് കക്കൂസ്. നിലവിൽ 20% വീടുകളിൽ മാത്രമേ കക്കൂസ് ഇല്ലാതെയുള്ളു. പഞ്ചായത്തിന്റെയും സോഷ്യോ ഇക്കണോമിക് യൂനിറ്റിന്റെയും ജനപങ്കാളിത്തത്തിന്റെയും ഫലമായി 80% വീടുകളിലും കക്കൂസുണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഇനി കക്കൂസില്ലാത്ത 20% വീടുകളിൽ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സന്നദ്ധ സംഘടനകൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, എന്നിവയുടെ സഹായത്താലും ദേശീയ സമ്പാദ്യ പദ്ധതിയിലൂടെ ലഭിക്കുന്ന തുകയുടെ കമ്മീഷൻ ഉപയോഗിച്ചും കക്കൂസുകൾ നിർമ്മിച്ചുകൊടുക്കുക. മറ്റുള്ളവരെ കക്കൂസിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിന് ബോധവല്ക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക. പുതുതായി എടുക്കുന്ന എല്ലാ വീടുകൾക്കും കക്കൂസുണ്ടായിരിക്കണമെന്ന നിബന്ധന ഏർപ്പെടുത്തുക. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ കമ്യൂണിറ്റി കക്കൂസ് നിർമ്മിക്കുകയും അതിന്റെ ചുമതല അത് ഉപയോഗിക്കുന്ന രണ്ടോ മൂന്നോ വീട്ടുകാരെ ഏല്പിക്കുകയും ചെയ്യുക. പൊതുസ്ഥലങ്ങളിൽ കക്കൂസ് മൂത്രപ്പുര എന്നിവ നിർമ്മിക്കുകയും അത് വൃത്തിയാക്കി സൂക്ഷിക്കുന്നതിന് ഒരാളെ ഏർപ്പാടാക്കുകയും ചെയ്യാവുന്നതാണ്.

## പരിസരശുചിത്വം

മെച്ചപ്പെട്ട ആരോഗ്യത്തിനും സാമൂഹ്യസാമ്പത്തിക വകസനത്തിനും അവശ്യഘടകമായി മെച്ചപ്പെട്ട ശുചീകരണ പ്രവർത്തനങ്ങളും ആവശ്യമാണ്. വ്യവസായ ശാലകളിൽ നിന്നുള്ള പരിസര മലിനീകരണം ഇല്ലെങ്കിലും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കുമിഞ്ഞുകൂടുന്ന മാലിന്യങ്ങളെക്കുറിച്ചും ശുചീകരണത്തിന്റെ അഭാവത്തെക്കുറിച്ചും ഗ്രാമസഭകളിൽ പരാതികൾ ഉയർന്നുവന്നിട്ടുണ്ട്.

പഞ്ചായത്തിലെ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ മത്സ്യമാർക്കറ്റ് നിർമ്മിക്കുക. അനധികൃത അറവുശാലകൾ നിർത്തലാക്കുകയും പഞ്ചായത്തിന് മൊത്തമായി ഒരു അറവുശാല നിർമ്മിച്ച് പരിശോധന വിധേയമാക്കിയ മൃഗങ്ങളെ മാത്രം അറക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക. പഞ്ചായത്തിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് സ്കൗട്ട്, ഗൈഡ്, എൻ. എസ്. എസ് വളണ്ടിയർമാർ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. മാലിന്യങ്ങൾ ജല സ്രോതസ്സുകളിലും മറ്റും നിക്ഷേപിക്കുന്നത് തടയുക. തോട്ടയിട്ട് പുഴയിൽ നിന്നും തോട്ടിൽ നിന്നും മീൻ പിടിക്കുന്നതിന് നിരോധിക്കുക. മാലിന്യങ്ങൾ ശേഖരിക്കുന്നതിന് പ്രധാന സ്ഥലങ്ങളിൽ കുപ്പത്തൊട്ടികൾ വെയ്ക്കുകയും മാലിന്യങ്ങൾ അതിൽ തന്നെ നിക്ഷേപിക്കാനുള്ള ബോധവല്ക്കരണവും നടത്തുക. ലംഘിക്കുന്നവർക്കെതിരെ പിഴ ചുമത്തുക. മാലിന്യങ്ങൾ ആഴ്ചയിൽ രണ്ടു ദിവസമെങ്കിലും ശേഖരിച്ച് സംസ്ക്കരിക്കാൻ പഞ്ചായത്തിൽ സ്ഥിരം തൊഴിലാളികളെയും ഒരു ട്രക്കും ഏർപ്പെടുത്തുക. ഈച്ചകളെയും കൊതുകളെയും നശിപ്പിക്കുന്നതിന് കീടനാശിനി തളിക്കുകയും അതോടൊപ്പം ബോധവല്ക്കരണവും നട

ത്തുക. ഇതിന് ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥന്മാരുടെ കൂടെ സന്നദ്ധ സേവകരെയും ഉപയോഗപ്പെടുത്തുക. പരിസരമലിനീകരണത്തിനും ശബ്ദമലിനീകരണത്തിനും കാരണമാവുന്ന ക്രഷറുകളുടെ പ്രവർത്തനം പരമാവധി നിയന്ത്രിക്കേണ്ടതുണ്ട്. പഞ്ചായത്ത് പരിധിയിൽ നടക്കുന്ന ശവസംസ്ക്കാരങ്ങൾ പൊതുശ്മശാനത്തിൽ തന്നെയാക്കാൻ ബോധവല്ക്കരണം നടത്തുക. ആധുനിക സാങ്കേതിക വിദ്യ പൊതുശ്മശാനങ്ങളിൽ ലഭ്യമാക്കുക. ശവം പൊതുശ്മശാനത്തിലെത്തിക്കുന്നതിന് ഒരു ആമ്പുലൻസ് പഞ്ചായത്തിൽ ലഭ്യമാക്കുക. ആരോഗ്യത്തിന് ഭീഷണിയുണർത്തുന്ന പേപ്പട്ടി വിഷബാധ ഇല്ലായ്മ ചെയ്യുന്നതിന് അലഞ്ഞുതിരിയുന്ന നായ്ക്കളെ പിടിക്കുന്നതിന് അടിയന്തര ശ്രദ്ധ പതിയേണ്ടതാണ്. പട്ടികളെ വളർത്തുന്നവർക്ക് ലൈസൻസ് നിർബന്ധമാക്കുകയും പ്രതിരോധ കുത്തിവെപ്പിനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയും വേണം.

പ്രായമായവരുടെ മാനസികവും ശാരീരികവും ആരോഗ്യപരവുമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് പരിശീലനം നേടിയവരെ ഉപയോഗിച്ച് അവരുടെ ക്ഷേമത്തിന് ആവശ്യമായ പദ്ധതികൾ ആരംഭിക്കേണ്ടതാണ്.

വികലാംഗരുടെ ക്ഷേമത്തിനുതകുന്ന പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലേക്കണ്ടതായിട്ടുണ്ട്. കൂടാതെ ക്ലബ്ബുകളുടെയും സന്നദ്ധസംഘടനകളുടെയും സഹകരണത്തോടെ രക്തനിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കുകയും രക്തദാന സേനകൾ രൂപീകരിക്കുകയും ചെയ്യുക. രക്തദാനത്തെക്കുറിച്ചുള്ള ഭയാശങ്കകൾ മാറ്റുന്നതിന് ബോധവല്ക്കരണം നടത്തുക.

# ഗതാഗതം

ഏതൊരു നാട്ടിന്റെയും വികസനത്തിന്റെ ചവിട്ടുപടി അവിടത്തെ റോഡുകളാണ്. വികസനം കടന്നുവരുന്നത് തന്നെ റോഡുകളിലൂടെയാണെന്ന് പറയുന്നതിൽ തെറ്റുണ്ടെന്ന് തോന്നുന്നില്ല. എന്നാൽ വർത്തമാന കാലത്ത് വികസനം എന്നത് റോഡുകളും കെട്ടിടങ്ങളും മാത്രമാണന്നൊരു ബോധം ജനങ്ങളിൽ രൂഢമൂലമായിരുന്നു. ഈ ധാരണക്ക് മാറ്റം വന്നുകൊണ്ടിരിക്കുകയാണ്. വികസനത്തിന്റെ ഒരു തുറ മാത്രമാണ് ഗതാഗതം എന്ന തിരിച്ചറിവ് ക്രിയാത്മകവും സമഗ്രവുമായ ചർച്ചയ്ക്ക് കാരണമായി.

മുണ്ടേരി പഞ്ചായത്തിന്റെ അതിർത്തിയായ കാഞ്ഞിരോട് പാലം മുതലാണ് നമ്മുടെ പഞ്ചായത്തിലേക്ക് പ്രധാന റോഡ് കടന്നുവരുന്നത്. കണ്ണൂരിൽ നിന്ന് കുടകിലേക്ക് പോകുന്ന ഈ റോഡ് നമ്മുടെ പഞ്ചായത്തിനെ രണ്ടായി മുറിച്ചുകൊണ്ട് ചാലോട് വഴി ഇരിക്കൂർ പാലത്തിന് സമീപം വരെ നീണ്ട് കിടക്കുന്നു. ഏകദേശം 15 കി.മിറ്റർ നീളം വരുന്ന ഈ റോഡാണ് പഞ്ചായത്തിലെ ഏറ്റവും നീളം കൂടിയതും, പഴക്കമുള്ളതും,പ്രധാനവുമായ റോഡ്.

42.7 കി.മീ. ദൈർഘ്യമുള്ള വലുതും ചെറുതുമായ 15 ടാർ റോഡുകൾ പഞ്ചായത്തിലുണ്ട്. ഇതിൽ 6 റോഡുകളിൽ കൂടി മാത്രമേ ബസ്സ് ഗതാഗതം ഉള്ളൂ. പ്രധാന റോഡായ കണ്ണൂർ റോഡിലൂടെ മാത്രം 100 ഓളം ബസ്സുകൾ ഓടുന്നു. എന്നാൽ ഗ്രാമങ്ങളെ ബന്ധിപ്പിക്കുന്ന മറ്റ് റോഡുകളിൽ നാമമാത്രമായ ബസ്സ് ഗതാഗതമേ ഉള്ളൂ. പേരിന് റോഡുകൾ ഉണ്ടെങ്കിലും പഞ്ചായത്തിലെ ഗ്രാമ പ്രദേശങ്ങളിലെ ജനങ്ങൾ ഇപ്പോഴും യാത്രാ ദുരിതം അനുഭവിക്കുന്നു. കുന്നോത്ത, കൊടാളിപ്രം കോവൂർ, ചോല, നിടുകുളം പട്ടാന്നൂർക്കടവ്, പാണലാട്, നായിക്കാലി തുടങ്ങിയ പ്രദേശങ്ങളിലുള്ള ജനങ്ങളാണ് കൂടുതൽ ദുരിതമനുഭവിക്കുന്നവർ പട്ടാന്നൂർ വില്ലേജിനെ അപേക്ഷിച്ച് കൂടാളി വില്ലേജിൽ ഗതാഗത സൗകര്യങ്ങൾ കുറെ കൂടി മെച്ചമാണ്.

**ബസ്സ് ഗതാഗതമുള്ള റോഡുകൾ:**

| | | |
|---|---|---|
| 1. | ഇരിക്കൂർ – കണ്ണൂർ – | 100 ഓളം |
| 2. | കൂടാളി – താറ്റിയോട് അപ്പക്കടവ് – | 3 |
| 3. | കൊളോളം – വടുവൻകുളം – | 15 |
| 4. | നായാട്ടുപാറ – വട്ടവൻകുളം – | 2 |
| 5. | തുളച്ച കിണറ് – നിടുകുളം – | 1 |
| 6. | മട്ടന്നൂർ – കൊടാളിപ്രം – ഇരിക്കൂർ – | 3 |

നമ്മുടെ മുഴുവൻ ടാർ റോഡുകളും ബസ്സ് ഗതാഗതത്തിന് ഉപയുക്തമാക്കുന്ന രീതിയിലുള്ള പ്രവർത്തനം കാഴ്ച വെച്ചേ പറ്റൂ.

പഞ്ചായത്തിൽ ആകെ 117.575 കി.മി. ദൂരത്തിലുള്ള 127 ഓളം മൺ റോഡുകൾ ഉണ്ട് ഇതിൽ ഒരൊറ്റ മൺ റോഡുകൾ പോലും മെറ്റൽ ചെയ്തിട്ടില്ലന്നതും ഓരോ കാല വർഷത്തിനു ശേഷവും വീണ്ടും റിപ്പേർ ചെയതാൽ മാത്രമേ ഉപയോഗിക്കാൻ കഴിയുകയുള്ളു എന്നതും നിർഭാഗ്യമാണ്. പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളെയും ബന്ധിപ്പിക്കുന്ന രൂതിയിലുള്ള ഒരു റോഡ് ശ്രേണിണ്ടെന്നുള്ളത് മെച്ചമാണ്. ആസൂത്രിതമല്ലാത്ത റോഡുനിർമ്മാണവും അശാസ്ത്രീയമായ സംരക്ഷണവും മൂലം ലക്ഷക്കണക്കിന് രൂപ നമ്മുക്ക് നഷ്ടം വരുന്നുണ്ട്.

5.9 കി.മി. ദൈർഘ്യമുള്ള 20 ഓളം നടപ്പാതകൾ നമ്മുടെ പഞ്ചാത്തിലുണ്ട്. ഇപ്പോൾ പഞ്ചായത്ത് റോഡായി ഉപയോഗിക്കുന്ന പല റോഡുകളും പൂർവ്വികർ ശ്രമ ദാനത്തിലൂടെ നിർമ്മിച്ചവയാണെന്നും അവരുടെ സം ഘബോധത്തിന്റെ കരുത്താണ് ഗതാഗത മേഖലയെ പുഷ്ടിപ്പെടുത്തിയത് എന്നതും സ്മരിക്കേണ്ടിയിരുക്കുന്നു. കഴിഞ്ഞ ഒരു വർഷം റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് വേണ്ടി 516480 രൂപ ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്തിൽ നിലവിലുള്ള റോഡുകളെ കുറിച്ചുള്ള കണക്കുകൾ ചുവടെ കൊടുക്കുന്നു.

**പഞ്ചായത്തിൽ നിലവിലുള്ള ടാർ റോഡുകൾ:**

| ക്രമ നമ്പർ | റോഡിന്റെ പേര് | ഉടമസ്ഥത | ദൂരം കി.മീ. | വീതി മീ. | ബസ്/മറ്റ് യാത്രസൗക - ര്യങ്ങൾ | ഓവുചാൽ |
|---|---|---|---|---|---|---|
| 1. | കാഞ്ഞിരോട് പാലംമുതൽ ഇരിക്കൂർപാലംവരെ | PWD | 15 | 8 | ഉണ്ട് | ഉണ്ട് |
| 2. | കൂടാളി - താറ്റിയോട് - അപ്പക്കടവ് റോഡ് | EAS | 1 കി.മീ. | 8 | ഉണ്ട് | ഇല്ല |
| 3. | കൂടാളി - തണ്ടപ്പുറം | PWD ഏറ്റെടുത്തു | 3 | 8 | ഇല്ല | വേണ്ടത്ര ഇല്ല |
| 4. | കൂടാളി - മുഴാപ്പാല | EAS ബ്ലോക്ക് | 1 | 6 | ഉണ്ട് | ഇല്ല |
| 5. | കൂടാളി - പഴശ്ശിക്വാർട്ടേഴ്സ് | KWA | 150 മീ. | 6 | ഉണ്ട് | ഇല്ല |
| 6. | കൊളോളം - വടുവൻകുളം | PWD | 2 കി.മി | 8 | ഉണ്ട് | വേണ്ടത്ര ഇല്ല |
| 7. | നായാട്ടുപാറ - വടുവൻകുളം | PWD | 2 കി.മീ. | 8 | ഉണ്ട് | ഉണ്ട് |
| 8. | തുളച്ചകിണറ്- നിടുകുളറോഡ് | PWD | 3 കി. മീ. | 8 ഉണ്ട് | ഇല്ല | |
| 9. | ചിത്രാരി - കൊടോളിപ്രം ലിങ്ക് റോഡ് | RLGP PWD | 400 മീ. | 8 | ഉണ്ട് | ഇല്ല |
| 10. | വെള്ളിയാംപറമ്പ് - കൊളപ്പ റോഡ് | PWD | 4 കി. മീ. | 8 | ഉണ്ട് | വേണ്ടത്രഇല്ല |
| 11. | മുട്ടന്നൂർ - മാര്യോട്ടുംമൂല<br>എടയന്നൂർ | PWD<br>ഏററ്റെടുത്തു പ്രവൃത്തി നടക്കുന്നു | <br>2.5 കി.മീ. | 8<br>8 | ഉണ്<br>ഇല്ല | വേണ്ടത്ര ഇല്ല<br>ഇല്ല |
| 12 | ചിത്രാരി - നയിക്കാലി റോഡ് | PWD | 2 കി. മീ. | 8 | ഉണ്ട് | വേണ്ടത്ര ഇല്ല |
| 13. | ആയിപ്പുഴ - ആയിപ്പുഴ കടവ് | PWD | 1 കി. മീ. | 8 | ഉണ്ട് | വേണ്ടത്ര ഇല്ല |
| 14. | ആയിപ്പുഴ - പാണലാട് | പഞ്ചായത്ത് | 1 കി.മീ. | 4 | ഉണ്ട് | ഇല്ല |
| 15. | ചോലക്കരി - വെള്ളിയാംപറമ്പ പറമ്പ് | PWD | 1.8 കി. മീ. | 6 | ഉണ്ട് | ഇല്ല |

**പഞ്ചായത്തിൽ നിലവിലുള്ള മൺറോഡുകൾ:**

| ക്രമ നമ്പർ | റോഡിന്റെ പേര് | വാർഡ് | ഉടമസ്ഥത | നീളം | വീതി | ഓവു ചാൽ | സൈഡ് കെട്ടിയിട്ടുണ്ട് | ഗതാഗതം |
|---|---|---|---|---|---|---|---|---|
| 1 | കൂടാളി കാവുന്താഴ അമ്പലം റോഡ് | 1 | പഞ്ചായത്ത് | 0.8 കി. മീ | 4.5 മീ | ഇല്ല. | ഇല്ല. | ഉണ്ട് |
| 2. | കൂടാളി കോയസ്സൻ കുന്ന് കാഞ്ഞിരോട് വയൽ റോഡ് | 1 | പഞ്ചായത്ത് | 0.2 കി.മി. | 3മി | ഇല്ല | ഇല്ല | |
| 3. | കോയസ്സൻ കുന്ന് കാഞ്ഞിരോട് വയൽ റോഡ് | 1 | പഞ്ചായത്ത് | 0.2 കി.മി. | 3മി | ഇല്ല | ഇല്ല | |
| 4. | കാവുന്താഴ അമ്പലം ഫീൽഡ് റോഡ് | 1 | പഞ്ചായത്ത് | 0.2 കി.മി. | 3മി | ഇല്ല | ഇല്ല | |
| 5. | കൂടാളി കോയസ്സൻ കുന്ന് കാഞ്ഞിരോട് എൽ. പി. എസ്. പോസ്റ്റോഫീസ് ലിങ്ക് റോഡ് | 1 | പഞ്ചായത്ത് | 0.3 കി.മി. | 3മി | ഇല്ല | ഇല്ല | |
| 6. | കൂടാളി ചോന്നമ്മ ക്കോട്ടം | 1 | ശ്രമദാനം പഞ്ചായത്തിനെ ഏൽപ്പിച്ചു | 0.2കി.മി. | 3മി | ഇല്ല | ഇല്ല | |
| 7. | കൂടളി അപ്പക്കടവ് റോഡ് to കൂടാളി പമ്പ് ഹൗസ് | 2 | പഞ്ചായത്ത് | 1 കി മി | 4മി. | ഇല്ല | ഇല്ല | |
| 8. | കാവുള്ളപറമ്പ് - കല്യട്ടറ വയൽ | 2 | പഞ്ചായത്ത് | 1.5 കി.മി | 4മി | ഇല്ല | ഇല്ല | |
| 9. | കണ്ണൻ കുന്നുമൻ - താറ്റ്യോട് വയൽ | " | " | 1.5 കി.മി | 3.5കി.മി | " | " | |
| 10. | താറ്റ്യോട് വയൽ - കളപ്പുര പറമ്പ് | " | " | 1കി.മി | 3.5കി | " | " | |
| 11. | എ.കെ. ജി റോഡ് | " | " | 510.കിമി | 3 മീ | " | " | |
| 12. | താറ്റ്യോട് നോർത്ത് എൽ.പി. മുഴപ്പാല | " | " | 1.5 കി.മി | 4 മീ | " | " | |
| 13. | ഇടക്കയിൽ രാമൻ നായർ പറമ്പ് - കല്ല്യാട്ടറ വയൽ | " | " | 400മീ | 4 മീ | " | " | |
| 14. | മേലോത്തും ചാൽ വെള്ളവാമേരിപ്പറമ്പ് | " | " | 500 മീ | 3.5 മീ | " | " | |
| 15. | മുരിങ്ങൂർ പറമ്പ് - പുന്നത്ത് പറമ്പ് | " | " | 300 മീ | 3 മീ | " | " | |
| 16. | ത്യകൈക്കുന്ന് കിഴക്കേൽ കുന്നമ്പ്രം | " | " | 400 മീ | 3.5 മീ | " | " | |
| 17. | താറ്റ്യോട് എൽ.പി. - കിഴക്കേ വളപ്പിൽ കുളം | " | ശ്രമദാനം | 200മീ | 3.5മീ | " | " | |
| 18. | തുമ്പത്തെ കുന്നുമ്പ്രം അനന്തൻ പീടിക | " | " | 450 മീ | 3.5 മീ | " | " | |
| 19. | അഴീക്കൽ കനാൽ - മാമ്പ്രോം കുന്നുപ്രം | " | " | 400മീ | 3 മീ | " | " | |
| 20. | കൂടാളി ആസ്പത്രി - ചേനാണ്ടി താഴെ റോഡ് | " | " | 300മീ | 3.5 മീ | " | " | |
| 21. | കുംഭം - പൂവത്തൂർ മഠപ്പുര | " | " | 300മീ | 3.5 മീ | " | " | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 22. | കുംഭം - പുൽക്കാറമ്പ് | 3 | പഞ്ചായത്ത് | 200 മീ | 5 മീ | " | " | |
| 23. | കുംഭം - മെറ്റേണിറ്റി സെന്റർ | " | " | 200 മീ | 5 മീ | " | " | |
| 24 | കുംഭം - പള്ളിപ്പൊയിൽ മുഴപ്പാല റോഡ് | " | " | 3 ക.മി | 6മീ | " | " | |
| 25. | കുംഭം - ബംഗ്ലാവ്മൊട്ട | " | " | 2കി.മി | 6മീ | " | " | |
| 26. | കോരാറമ്പ് - വേശാലറോഡ് | " | " | 2.5കി.മി | 6 മീ | " | " | |
| 27 | മൂലക്കരി - നരിപ്പോട്ടുകരി പനയത്താംപറമ്പ് | " | " | 3 കി.മി | 4 മീ | " | " | |
| 28. | പൂവത്തൂർ അമ്പലം - മൂലക്കരിപ്പറമ്പ് | " | " | 1 കി.മി | 5മീ | " | " | |
| 29. | കൂടാളി - പുളുക്കൂൽ നടവഴി കംഭം വയൽ | | | 750 മീ | 4മീ | | | |
| 30. | മൂലക്കരി - പൂത്തറച്ചാൽ സ്വാമിമഠം റോഡ് | " | " | 2കി.മി | 2.5കി.മി | " | " | |
| 31. | കോരാറമ്പ് - അമ്പലക്കാരി | | പഞ്ചായത്ത | 1.5 കി.മി | 5മീ | | | |
| 32 | കോരാറമ്പ് - കോമക്കരി വേശാല റോഡ് | " | " | 1.കി.മി | 4മീ | | | |
| 33. | കോരാറമ്പ് - തണ്ടപ്പുറം | " | " | 1.5 കി.മി | 8മീ | | സോളിംഗ് | |
| 34. | മട്ടന്നൂർ കണ്ണിത്തറ്റിൻമൂലവടുവൻ കുളം | | | 2കി.മി | 5മി | " | ഇല്ല | |
| 35 | മട്ടന്നൂർ പെരുമ്പമുല | " | " | 1.5കി.മി | 3മി | " | " | |
| 36 | കൂടാളി എലിക്കുളം റോഡ് | 4 | " | 2 കി.മി | 4മി | " | " | |
| 37 | കാവുന്താഴ വയൽ ചോന്നമ്മകോട്ടം | " | " | 0.2കി.മി | 3.5കി.മി. | " | " | |
| 38 | കുദം - പൂവത്തൂർ റോഡ് | " | " | 2കി.മി | 5മി | " | " | |
| 39 | കൂദം - വേശാല | " | " | 1കി.മി | " | " | " | |
| 40 | കൂടാളി - വേശാല (തണ്ടപ്പുറം) | " | " | 3.2കി.മ | 6മി | " | " | |
| 41 | കാവുന്താഴ എൽ.പി.സ്ക്കൂൾ | " | " | 0.3കി.മി | 3മി | " | " | |
| 42 | ബീരങ്കി ബസാർ - കാവുന്താഴവയൽ | " | " | 0.5കി.മി | 3.മി | " | " | |
| 43 | കൂാളി പൂവത്തൂർ വയൽ | " | " | 0.5കി | 3.മി | " | " | |
| 44 | കൂടാളി ലക്ഷം വീട് ഹൗസിങ്ങ് കോളനി to കോരാറമ്പ് റോഡ് | " | " | 1കി.മി | 4മി | " | " | |
| 45 | കുദം പൂവത്തൂർ റോഡ് | " | " | 1.250കി.മി | 6മി | ഉണ്ട് | " | |
| 46 | കാവുന്താഴ ലക്ഷം വീട് കോളനി | " | " | 780കി.മി | 7മ | ഇല്ല | " | |
| 47 | കാവുന്താഴ ലക്ഷം വീട് കോളനി വാഴക്കുന്ന് | " | " | 900മി | 7.5മി | " | " | |
| 48 | ഇട്ടേണിക്കുളം - കാവുന്താഴ | " | " | 450മി | 3.80മി | " | " | |
| 49 | പൂവത്തൂർ ബങ്കണപ്പറമ്പ് | " | " | 500മി | 3.5മി | " | " | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 50 | കൂടാള എടതിലെ കുന്നുമ്പ്രം കാവുന്താഴ വയൽ | " | " | 500മീ | 3മീ | " | " | |
| 51 | വെങ്കണപ്പറമ്പ് - കരിച്ചാൽ | " | " | 0.8കി.മി | 4മീ | " | " | |
| 52 | വെങ്കണപ്പറമ്പ് - കനാൽപ്പാലം | " | " | 0.7കി.മി | 6മീ | " | " | |
| 53 | കൊളോളം കടുക്കപ്പാടി റോഡ് | 5 | " | 2കി.മി | 3മീ | " | " | |
| 54 | കൊളോളം പൂതിരിക്കാട് | " | " | 800മീ | 3മീ | " | " | |
| 55 | മുട്ടന്നൂർ കട്ടയാട് കുനിമ്മൽ താഴ റോഡ് | " | " | 350മീ | 3മീ | " | " | |
| 56 | മരട്ടന്നൂർ നാലിൻ താഴെ വയൽ റോഡ് | " | " | 1കി.മി | 3മീ | " | " | |
| 57 | മുട്ടന്നൂർ കക്കം മുല റോഡ് | " | ശ്രമദാനം | 750മീ | 5മീ | " | " | |
| 58 | മുട്ടന്നൂർ മലോൻ റോഡ് മുട്ടന്നർ | " | പഞ്ചായത്ത് | 2ക.മി | 5മീ | " | " | |
| 59 | നായാട്ടുപ്പാറ കോവൂർ റോഡ് | 6 | " | 1കി.മി | 8മീ | " | " | |
| 60 | കോവൂർ വിഷ്ണുക്ഷേത്രം - കോവൂർ എൽ.പി.സ്ക്കൂൾ | 6 | പഞ്ചായത്ത് | 0.7കി.മി | 4മീ | ഇല്ല | ഇല്ല | |
| 61 | കോവൂർ വിഷ്ണുക്ഷേത്രം - വെള്ളാനത്ത് വയൽ | " | " | 0.6കി.മി | 4മീ | " | " | |
| 62 | നായാട്ടുപാറ - കോവൂർ അയ്യപ്പൻപാറ ക്ഷേത്രം | " | " | 0.625 | 3.5മീ | " | " | |
| 63 | നായാട്ടുപാറ - കോവൂർ | " | " | 1കി.മി | 5മീ | " | " | |
| 64 | കോവൂർ വെള്ളാനത്ത്വയൽ കാരാറമ്പ | " | " | 1കി.മി | 4മീ | " | " | |
| 65 | നാലു പെരിയ ചോല വയൽ | " | " | 0.3കി.മി | 3മീ | " | " | |
| 66 | കോവൂർ വായനശാല റോഡ് | " | " | 50മീ | 5മീ | " | " | |
| 67 | കോവർ വയൽ വാരച്ചാൽ | " | " | 200മീ | 4മീ | " | " | |
| 68 | വെങ്ങേരിക്കുന്ന് കോവൂർ സെൻട്രൽ എൽ.പി | " | " | 1.5മീ | 4മീ | " | " | |
| 69 | വെള്ളാവിൽ പീടിക ചോല ലിങ്ക് റോഡ് | " | " | 2കിമി | 5മീ | " | " | |
| 70 | നായാട്ടുപാറ - വിഷ്ണുക്ഷേത്രം | " | " | 1മീ | " | " | കെട്ടയിട്ടുണ്ട് | |
| 71 | തുളച്ചകിണർ - കോവൂർ | " | " | 18കി.മ | 5മീ | " | ഇല്ല | |
| 72 | നാലുപെരിയ പട്ടാന്നൂർക്കടവു | 7 | " | 750മീ | 3.5മീ | " | " | |
| 73 | നാലുപെരിയകാരക്കണ്ടി മുക്ക്പാറമ്മൽ റോഡ് | | " | " | | 3.മീ | " | " |
| 74 | അഞ്ചാം പീടിക പുറ്റോട്ടം കുന്ന് കൊളപ്പ | " | " | 2.കിമി | 3.മീ | " | " | |
| 75 | ചിത്രരി - ചുണ്ടോൽ വയൽ | " | " | 1കി.മി | 4മീ | " | " | |
| 76 | നാലുപെരിയ - പട്ടാന്നുർ ചുഴലിഭഗവതീ ക്ഷേത്രം | " | " | 750മീ | 4മീ | " | " | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 77 | നാലുപെരിയ നാരാങ്ങാട്ടുംമുലറോഡ് | " | " | 60മി | 3.5മി | " | " | |
| 78 | ആയിപ്പുഴ ഷെൽട്ടർ - കിഴക്കേവയൽ നാല്മുക്ക് റോഡ് | " | " | 1.5കി.മി | 4മി | " | " | |
| 79 | കൊളപ്പ പുറ്റോട്ടം കുന്ന് നാല് മുക്ക് | " | " | 1കി.മി | 4മി | " | " | |
| 80 | കൊളപ്പമൂടേരിക്കുന്ന് | " | " | 750മി | 4മി | " | " | |
| 81 | പാണലാട് ആയിപ്പുഴ | " | " | 2കി.മി | 5മി | " | " | |
| 82 | ചിത്രാരി മുലക്കരി | " | " | 1കി.മി | 4മി | " | " | |
| 83 | നാലു മുക്ക് - ആലം വയൽ | " | " | 700മി | 4മി | " | " | |
| 84 | ചുണ്ടോൽ ചേലേക്കണ്ടിപറമ്പ് | " | " | 500മി | 3.മി | " | " | |
| 85 | ചാമർച്ചേരി പുതിയാറമ്പത്ത് | " | " | 250മി | 3.5മി | " | " | |
| 86 | ചിത്രാരി പൊലക്കോട്ടം | " | " | 750മി | 4മി | " | " | |
| 87 | ഇരിക്കൂർ പാലം കുരാരി | 8 | " | 600മി | 5മി | " | " | |
| 88 | ആയിപ്പുഴ ബസ് സ്റ്റോപ്പ് കിഴക്കേവയൽ | " | " | 1.225കി.മി | 5മി | " | " | |
| 89 | ആയിപ്പുഴ മരമില്ല് പുതിയവളപ്പ് പുഴക്കര | " | ശ്രമദാനം | 500മി | 5മി | " | " | |
| 90 | ആയിപ്പുഴ മരമില്ല് പുഴക്കര | " | " | 500മി | 5മി | " | " | |
| 91 | ഇരിക്കൂർ പാലം - ആർ.പിയുടെ വീട് കുരാരി റോഡ് | " | പ്രൈവറ്റ് | 600മി. | 3മി | " | " | |
| 92 | ആയിപ്പുഴ - പാണലാട് ടാർറോഡിനു ശേഷം | 9 | പഞ്ചായത്ത് | 1.5 കിമി | 5മി | " | " | |
| 93 | ആയിപ്പുഴ ഇരിക്കൂർ പാലം | " | " | 1കി.മി | 3മി | " | " | |
| 94 | ആയിപ്പഴ - കാളാമ്പാറ | " | " | 2കി.മി | 1മി | " | " | |
| 95 | ബസ് സ്റ്റോപ്പ് കാളാമ്പാറ റോഡ് | " | ശ്രമദാനം | 200മി | 3മി | " | " | |
| 96 | എടുപ്പൽ കാളാമ്പാറ | 9 | " | 200മി | 3മി | " | " | |
| 97 | പാലമുക്ക് കെ.സി.കെ കോളനി റോഡ് | " | " | 100മി | 4മി | " | " | |
| 98 | എടുപ്പിൽ ഏരിസ്ക്കട് റോഡ് | " | " | 100മി | 3മി | " | " | |
| 99 | അമേരി കൊടോളിപ്രം | 10 | പഞ്ചായത്ത് | 500മി | 4മി | " | " | |
| 100 | കമ്മാളൻ കുന്ന് തൊട്ടിയാൽ | " | " | 300മി | 4മി | " | " | |
| 101 | പാളാട് - കായലോട് | " | " | 700മി | 5മി | " | " | |
| 102 | പാളാട് - ഇല്ലത്ത്താഴ | " | " | 200മി | 4മി | " | " | |
| 103 | ചോലക്കരി കണ്ണക്കൈയർ | " | " | 500മി | 4മി | " | " | |
| 104 | ബാലൻ പീടിക പടപ്പത്താഴ | " | " | 200മി | 4മി | " | " | |
| 105 | കരടി വേവലാധിമുക്ക് | 10,11 | KWA | 4കി.മി | 8മി | " | " | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 106 | വായനശാല നായിക്കാലി ടില്ലർ റോഡ് | 10 | ബ്ലോക്ക് | 950മീ | 3മീ | " | കെട്ടിയിട്ടുണ്ട് | |
| 107 | കൊടാളിപ്രം – എടയന്നൂർ | 11 | പഞ്ചായത്ത് | 3.300കി.മീ | 5മീ | " | ഇല്ല | |
| 108 | കവടിശ്ശേരി അമ്പലം | " | " | 150മീ | 4മീ | " | " | |
| 109 | മാലേഞ്ചാൽ താഴ വരുവക്കുണ്ട് | " | " | 500മീ | 4മീ | " | " | |
| 110 | മുക്കോലപെരിയ കവടിശ്ശേരി | " | " | 1കി.മീ | 4മീ | " | " | |
| 111 | വെള്ളപറമ്പ് ആലക്കുന്നമ്പ്രം | " | " | 2കിമു | 4മീ | " | " | |
| 112 | ആലക്കുന്നുമ്പ്രം വലിയടത്തതാഴെ | " | " | 1കി.മ | 3.5മീ | " | " | |
| 113 | കരടി കോമ്പിലമൂല | " | " | 2കി.മീ | 3.5മീ | " | " | |
| 114 | കോമ്പിലമൂല - കുന്നത്തുതാഴെ | " | " | 700മീ | 4മീ | " | " | |
| 115 | കരടി - ചങ്ങാട്ടുമൂല | " | " | 1.20മീ | 4മീ | " | " | |
| 116 | കരടി - ചെറുപാടുമൂല | " | " | 500മീ | 4മീ | " | " | |
| 117 | കരടി - വെള്ളപ്പറമ്പ് | " | " | 1കി.മീ | 4.5മീ | " | " | |
| 118 | നായാട്ടുപാറ - കുന്നോത്ത് യൂ.പി. | " | " | 2.മീ | 6മീ | " | " | |
| 119 | നായാട്ടുപാറ - വരുവക്കുണ്ട് | " | " | 2കി.മീ | 6മീ | " | " | |
| 120 | കുന്നോത്ത് മുലക്കരി | " | " | 1കി.മീ | 4മീ | " | " | |
| 121 | നായാട്ടപാറ ചെറുപാട്ടും മുല | " | " | 1കി.മീ | 5മ | " | " | |
| 122 | കൂടാളി എലിക്കുളം | 1 | " | 1.5കി.മീ | 3മീ | " | " | |
| 123 | എലിക്കുളം കൂടാളി മണ്ഡപം | 1 | " | 1കി.മീ | 8മീ | " | കെട്ടിയിട്ടുണ്ട് | |
| 124 | കൂടാളി ടൗൺ ഭഗവതി ക്ഷേത്രം റോഡ് | " | " | 300മീ | 3മീ | " | " | |
| 125 | കൂടാളി പള്ളിപ്പറമ്പ് കരുത്ത വയൽ റോഡ് | " | " | 500മീ | 3മീ | " | " | |
| 126 | കൂടാളി താഴത്തെവീട് കരുത്തവയൽ ഫുട്പാത്ത് | " | " | 100മീ | 3മ | " | " | |
| 127 | മൂടേരി പാണലാട് റോഡ് | 7 | " | 1.5കി.മീ | 5മീ | " | " | |

**പഞ്ചായത്തിൽ നിലവിലുള്ള പ്രധാന നടപ്പാതകൾ**

| ക്രമ നമ്പർ | നടപ്പാതയുടെ പേര് | വാർഡ് | ഉടമസ്ഥത | ദൂരം | വീതി | ഗതാഗതം |
|---|---|---|---|---|---|---|
| 1 | കോയസ്സൻ കുന്ന് കാഞ്ഞിരോട് എൽ.പി.സ്ക്കൂൾ | 1 | പഞ്ചായത്ത് | 58മി | 1.5മി | ചെറിയവാഹനങ്ങൾ |
| 2. | കാവുന്താഴ നാരക്കൽ നടവഴി | " | " | 750മി | 1.5മി | സൗകര്യമില്ല |
| 3 | കൂടാളി കാടയിൽ കുന്നുമ്പ്രം നടവഴി | " | " | 0.675മി | 2മി | ചെറിയവാഹനങ്ങൾ |
| 4 | കൂടാളി പുലിക്കോട് ഫുട്പാത്ത് | " | " | 0.750മി | 2മി | " |
| 5 | കേളമ്പേത്ത് ഫുട്പാത്ത് | 2 | " | 200 | 1.5മി | " |
| 6 | കോയ്യേടൻ ചാൽ പാത്ത് | " | " | 100മി | 2മി | " |
| 7 | മുലക്കരി മലയിൽ എളമ്പ ഫുട്പാത്ത് | 7 | " | 400മി | 2മി | സൊകര്യമില്ല |
| 8 | ആയിപ്പുഴ മരമില്ല് - കിഴക്കേമുസസിൻ വീട് | 8 | " | 200മി | 2മി | " |
| 9 | പട്ടേൽ വളപ്പ് നടപ്പാത | 9 | " | 200മി | 1മ | " |
| 10 | ആയിപ്പുഴ സ്ക്കൂൾ സോമില്ല് നടപ്പാത | " | ശ്രമദാന | 500മി | 1മി | " |
| 11 | ആയിപ്പുഴ സ്ക്കൂൾ കളിസ്ഥലത്തേക്കുള്ള നടപ്പാത | " | " | 100മി | 1മി | " |
| 12 | തുമ്പോൽ കാളമ്പാറ നടപ്പാത | " | " | 100മി | 1മി | " |
| 13 | പഴയറോഡ് കോളേരി നടപ്പാത | " | " | 100മി | 1മി | " |
| 14 | ആലിച്ചേരിവയൽ പാറമ്മൽ നടപ്പാത | " | " | " | " | " |
| 15 | ആലിച്ചേരി ഇട പുഴക്കര നടപ്പാത | " | " | " | " | " |
| 16 | ആമേരിതൊടിയൽ | 1 | പഞ്ചായത്ത് | 300മി | " | " |
| 17 | കണ്ണോത്തും താഴെ | " | " | 90മി | " | " |
| 18 | കോമ്പിലമൂല നടപ്പാത | 11 | " | 50മി | " | " |
| 19 | വരുവക്കുണ്ട് റോഡ് കുന്നോത്ത് യൂപി. സ്ക്കുൾ | " | " | 100മി | 1.5മി | " |
| 20 | ആയിപ്പുഴ പുളിക്കാക്കുന്ന് | 8 | " | 1കി.മി | 2മി | " |

ഗ്രാമസഭകളിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ

വീതി കൂട്ടി ടാർ ചെയ്യേണ്ട റോഡുകൾ

| ക്രമ നമ്പർ | റോഡിന്റെ പേര് | വാർഡ് | നീളം | |
|---|---|---|---|---|
| 1. | കൂടാളി - എലിക്കുളം റോഡ് | I | 1.5 കി.മി | |
| 2. | കൂടാളി പോസ്റ്റ് ഓഫീസ് - കാഞ്ഞിരോട് എൽപി സ്ക്കൂൾ റോഡ് | I | 1. കി.മി | |
| 3. | കൂടാളി ആശുപത്രി താറ്റ്യോട് മുഴപ്പാല റോഡ് | II | 1.5 കി.മി | നിലവിൽ ടാർ ചെയ്തതിന്റെ ബാക്കിഭാഗം |
| 4. | കുംഭം പള്ളിപ്പൊയിൽ കോളനി മുഴപ്പാല റോഡ് | III | 3 Km | |
| 5 | കുംഭം - വേശാല റോഡ് | III | | കുംഭം റോഡ് വേശാല റോഡുമായി ബന്ധിപ്പിച്ചതിന് ശേഷം |
| 6. | കാനിച്ചേരി ആശ്രമം റോഡ് | III | 3 Km | |
| 7. | കൂടാളി മണ്ഡപം എലിക്കുളം ലിങ്ക് റോഡ് ചക്കാലമുക്കുവരെ | IV | 1.5 കി.മി | |
| 8. | കുംഭം - പൂവത്തൂർ - ആശാരി മുക്ക് വേശാല വായിക്കുന്നു കോററോഡ് | IV | 2 Km | |
| 9. | ചക്കാലമുക്ക് കാവുന്താഴ എൽപി | IV | 100മീ | |
| 10. | ആശാരിമുക്ക് കനാൽപാലം റോഡ് | IV | | |
| 11. | മുട്ടന്നൂർ പെരുമ്പ വടുവൻകുളം റോഡ് | V | 3 കി.മി | ദേശമിത്രം സ്കൂളിന് സമീപം |
| 12. | മുട്ടന്നൂർ കണ്ണിത്താറ്റിൻമൂല വടുവൻ കുളം റോഡ് | V | 3 കി.മി | |
| 13. | കൊളോളം പഞ്ചായത്താഫീസ് മലോൽക്കാവ് റോഡ് | V | 2.5 കി.മീ | |
| 14. | കൊളോളം കടുക്കാപാടി റോഡ് | " | 3. കി.മീ | |
| 15. | നാലുപെരിയ ചോലറോഡ് | VI | 750മീ | |
| 16. | ചോല ചോലകോറ അടക്കാക്കുളം വായനശാല ചോലവയൽ | VI | 750 മീ | |
| 17. | കൊളപ്പ അഞ്ചാം പീടിക നാലുപെരിയ റോഡ് | VII | 5. കി.മി | |
| 18. | പാണലാട് ആയിപ്പുഴ റോഡ് | VII | 2. കി.മീ | നിലവിലുള്ളതിന്റെ ബാക്കി |

| | | | | |
|---|---|---|---|---|
| 19. | നിടുകുളം കടവ് റോഡ് | VII | .5 കി.മി | |
| 20 | ചുണ്ടോൽ ചിത്രാരി റോഡ് | " | 1. കി.മി | |
| 21. | വരുവക്കുണ്ട് നായാട്ടുപാററോഡ് | " | 3കി.മി | |
| 22. | ആയിപ്പുഴ കൂരാരി കിഴക്കെ വയൽ ഹരിജൻ കോളനി റോഡ് | VIII | 1.5 കി.മീ | |
| 23. | ആയിപ്പുഴ മരമില്ല് പുതിയ വളപ്പ് റോഡ് | " | | |
| 24. | ഇരിക്കൂർ പാലം കൂരാരി റോഡ് | " | | |
| 25. | ആയിപ്പുഴ കാളാമ്പാറ കൊളപ്പറോഡ് | IX | | റോഡിന് സമീപത്തുള്ള പുറമ്പോക്ക് സംരക്ഷിക്കണം |
| 26. | എടുപ്പിൽ - സോമിൽ റോഡ് | IX | | |
| 27. | കോടോളിപ്രം - ഇല്ലത്തും താഴെ വയൽ ട്രില്ലർ റോഡ് | X | 1. കി.മി | |
| 28. | കരടി വേവലാതിമുക്ക് KWA റോഡ് | X | 4. കി.മീ | |
| 29. | നായാട്ടുപാറ കുന്നോത്ത് യു. പി. റോഡ് | XI | 2.5 കി.മീ | |
| 30. | കൊടോളി പ്രം ബാലവാടി ഹരിജൻ കോളനി റോഡ് | X | 2. കി.മി | |
| 31. | കരടി വെള്ളപ്പറമ്പ് ആലത്തുംകുനി റോഡ് | | 2. കി.മി | |

## പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

| ക്രമ നമ്പർ | റോഡിന്റെ പേര് | വാർഡ് | ദൂരം | റിമാർക്സ് |
|---|---|---|---|---|
| 1. | എലിക്കുളം റോഡ് - കാഞ്ഞിരോട് റോഡ് | I | 500മീ | ലിങ്ക് റോഡ് |
| 2. | കൂടാളി പോസ്റ്റ് ഓഫീസ് ജങ്ക്ഷൻ പമ്പ് ഹൗസ് | I | 200മീ | |
| 3. | കൂടാളി അമ്പലം - കളരിപ്പറമ്പ് താറ്റ്യേട് വയൽ | I | 800മീ | |
| 4. | കൂടാളി സർവ്വീസ് ബേങ്ക് - ലോഡ് കൃഷ്ണാ റോഡ് | I | 100മീ | ലിങ്ക് റോഡ് |
| 5. | കൂടാളി പോസ്റ്റാഫീസ് അപ്പക്കടവ് പമ്പ് ഹൗസ് റോഡ് | I | 100മീ | ലിങ്ക്റോഡ് |
| 6. | അപ്പക്കടവ് റോഡ് to കൂടാളി ആശുപത്രി മുഴപ്പാല റോഡ് | II | 400മീ | ലിങ്ക്റോഡ് |
| 7. | കണ്ണൻ കുന്ന് രയരോത്ത് പറമ്പ് റോഡ് അപ്പക്കടവ് റോഡ് | II | 400മീ | ലിങ്ക് റോഡ് |
| 8. | പൂവത്തൂർ മഠപ്പുര - കോയ്യോടൻ ചാൽ കനാൽ | II | 500മീ | |
| 9. | കൂടാളി ആശുപത്രി മുഴപ്പാല റോഡ് - വെള്ളാലിച്ചിറ | " | | |
| 10. | അഴീക്കൽ ബ്രാഞ്ച് കനാൽ റോഡ് - താറ്റ്യോട് വയൽ AKG റോഡ് | " | 400മീ | ലിങ്ക് റോഡ് |

| | | | | |
|---|---|---|---|---|
| 11. | പൂവത്തൂർ അമ്പലം റോഡ് - ചാലോട് ചൂളറോഡ് | III | | ലിങ്ക്റോഡ് |
| 12. | മൂലക്കരി - ചാലോട് അണ്ടിക്കമ്പനി | " | | |
| 13. | മൂലക്കരി വെള്ളാമേരി ഇടവഴി റോഡാക്കി അമ്പലം റോഡിൽ | " | | ലിങ്ക്റോഡ് |
| 14. | മൂലക്കരി കിഴക്ക് ഭാഗം റോഡ് - ആശ്രമം റോഡ് | III | | ലിങ്ക്റോഡ് |
| 15. | കാനിച്ചേരി റോഡ് - ആശ്രമം റോഡ് | " | | ലിങ്ക്റോഡ് |
| 16. | ചക്കാലമുക്ക് - വാരം ചിറവയൽ | IV | 400മീ | |
| 17. | പുത്തൻവീട്മുക്ക് - പൂവത്തൂർ ഹരിജൻ കോളനി | IV | | |
| 18. | എടയനൂർ മുട്ടന്നൂർ റോഡ് - മാര്യോടുംമൂല വെള്ളപ്പറമ്പ് | V | 1.കി.മീ | |
| 19. | മുട്ടന്നൂർ ഇടയന്നൂർ റോഡ്to മേലേക്കണ്ടി കുളം | V | 1.കി.മീ | |
| 20. | വനിതാബേങ്ക് - വലിയ വളപ്പ് | " | 1.കി.മീ | |
| 21. | മുട്ടന്നൂർ പ്രിയദർശിനിഷെൽട്ടർ - പാലക്കീതാഴെ വയൽ - മുട്ടന്നൂർ ഇടയന്നൂർ റോഡ് | " | 1.കി.മീ | ലിങ്ക്റോഡ് |
| 22. | മുട്ടന്നൂർ നരിക്കുന്ന് - എടയന്നൂർ റോഡ് | " | 1.കി.മീ | ലിങ്ക്റോഡ് |
| 23. | ടവർ സ്റ്റോപ്പ് - ഗോവിന്ദാംവയൽ - മഞ്ഞക്കുന്ന് മഠപ്പുര | " | 3 കി.മി | |
| 24. | കൊളോളം - വെങ്ങപ്പാറ പൂതിരി റോഡ് | " | 1.5 കി.മീ. | ലിങ്ക്റോഡ് |
| 25. | കടുക്കാപ്പാടി റോഡ് - വായനശാല നടപ്പാത | " | .5കി.മി | ലിങ്ക്റോഡ് |
| 26. | കടുക്കാപ്പാടി to ഗോവിന്ദാം വയൽ റോഡ് | " | 500മീ | ലിങ്ക്റോഡ് |
| 27. | നായാട്ടുപാറ - തുളച്ച കിണർ കോവൂർ വെള്ളാവിൽ പീടിക ചോല റോഡ് | VI | 3.കി.മീ | |
| 28. | ദാമുവിന്റെ പീടിക - ചോലപ്പാലം - വെലങ്ങേരിപ്പാലം - കുട്ടിക്കുന്ന് | VI | 1.5 കി.മീ | ലിങ്ക്റോഡ് |
| 29. | വെലങ്ങേരിപറമ്പ് - കോവൂർ സെൻട്രൽ എൽ.പി | " | | |
| 30. | കോവൂർ വിഷ്ണുക്ഷേത്രം - വെള്ളാനത്ത് വയൽ | " | | |
| 31. | കോവൂർ താനിച്ചേരിമുക്ക് വടുവൻ കുളം | " | | |
| 32. | നായാട്ടുപാറ - കോവൂർ - പാപ്പാങ്ങോട്ട് മൂല - അയ്യപ്പൻ കാവ് | " | | |
| 33. | ഗോകുൽ ദാസ്മുക്ക് - ബഡുവൻ കുളം | " | | |
| 34. | പൊന്നോത്ത്മുക്ക് - വടുവൻ കുളം | " | | |
| 35. | മൂടേരി പാണലാട് റോഡ് - നായിക്കാലി പാലം | VII | 1.5 കി.മീ | ലിങ്ക്റോഡ് |
| 36. | ആയിപ്പുഴ നാലുപരിയ - ചുണ്ടോൽ അമ്പലം | " | 5.കി.മീ | |
| 37. | ചുണ്ടോൽ റോഡ് - കൊളപ്പ റോഡ് | " | 100മീ | ലിങ്ക്റോഡ് |

| | | | | |
|---|---|---|---|---|
| 38. | പട്ടാന്നൂർ സ്ക്കൂൾ - ചുണ്ടോൽറോഡ് | " | 250.കി.മീ | തെക്കുഭാഗത്ത് |
| 39. | തെയ്യമ്പാടിക്കുന്ന് - നാലുപെരിയറോഡ് | " | 2.കി.മീ | |
| 40. | നാലുപെരിയ കോയ്യോട്ട് വയൽറോഡ് - കുറ്റ്യാട്ടൂർ റോഡ് | " | 1.5 | ലിങ്ക്റോഡ് |
| 41. | നിടുകുളം കടവ് - പാവനൂർ കടവ് | " | 4.കി.മീ | ലിങ്ക്റോഡ് |
| 42. | പാണലാട് സ്ക്കൂളിന് മുൻവശത്തെ ഇടവഴി | " | 150മീ | |
| 43. | ആയിപ്പുഴ വർക്ക്ഷോപ്പ് - ആയിപ്പുഴ യു.പി. സ്ക്കൂൾ | VIII | 750 മീ | |
| 44. | ആയിപ്പുഴ പുളിക്കാക്കുന്ന് ഫുട്പാത്ത് - | | | |
| | ഹരിജൻ കോളനി റോഡ് | " | | ലിങ്ക്റോഡ് |
| 45. | കെ.പി. ശാദുലി ഹാജിയുടെ വീടിനടുത്തുള്ള ഇടവഴി | " | | |
| 46. | ആയിപ്പുഴ യു.പി. സ്ക്കൂൾ സോമിൽ - കൂരാരി | IX | 500മീ | |
| 47. | ആയിപ്പുഴ സ്ക്കൂൾ കളിസ്ഥലം - തുമ്പോൽ | IX | | |
| 48. | പട്ടേൻ വളപ്പ് നടപ്പാത | " | | വീതികൂട്ടി റോഡാക്കുക |
| 49. | ആയിപ്പുഴ - ചീനാന്റവിടപാറമ്മൽ വീടിന്റെ | | | |
| | മുൻവശം ഇരിക്കൂർ പാലം | " | | |
| 50 | ആമേരിറോഡ് - കൊടോളിപ്രം റോഡ് | X | 300മീ | ലിങ്ക്റോഡ് |
| 51. | കോടോളിപ്രം സ്ക്കൂൾ - ബാലൻ പീടിക റോഡ് | " | 250മീ | ലിങ്ക്റോഡ് |
| 52. | കണ്ണംകൈ വയൽ റോഡ് - നായിക്കാലി റോഡ് | " | 400മീ | ലിങ്ക് റോഡ് |
| 53. | വരുവക്കുണ്ട് - കായലോട് | " | 400മീ | |
| 54. | പുൽപ്പക്കരി കാപ്പുക്കാട് റോഡ് - പാണലാട് റോഡ് | " | 700മീ | ലിങ്ക്റോഡ് |
| 55. | ആമേരി നിരമ്മൽ റോഡ് മുതിരക്കാൽ പറമ്പ് റോഡ് | " | 750മീ | ലിങ്ക്റോഡ് |
| 56. | പാണലാട് കോററോഡ് - കായലോട് കുളം | " | | |
| 57 | കോടോളി പ്രം മലയൻ ചാൽ പൈപ്പ് ലൈൻ - പടുവ | | | |
| | ആനപ്പാറ - ഹരിജൻ കോളനി | XI | 2..കി.മീ | |
| 58. | KWA റോഡ് - കുന്നോത്ത് സ്ക്കൂൾ | " | 200മീ | ലിങ്ക്റോഡ് |
| 59. | കരടി കുന്നോത്ത് വയൽ റോഡ് - KWA റോഡ് | | 200മീ | ലിങ്ക്റോഡ് |
| 60. | കരടി പുത്തൻ കുളം റോഡ് - KWA റോഡ് | " | 300മീ | ലിങ്ക്റോഡ് |
| 61. | വെള്ളപ്പറമ്പ് വരവിൽ കാവ് റോഡ് - KWA റോഡ് | " | 250മീ | ലിങ്ക്റോഡ് |
| 62. | കരടി - പാപ്പാൻ കോട് - മാവിലചാൽ ചെറുപാട്ടുംമൂല | " | 1..കി.മീ | |

അറ്റകുറ്റപ്പണികൾ

| ക്രമ നമ്പർ | റോഡിന്റെ / നടപ്പാത പേര് | വാർഡ് | നിർദ്ദേശിക്കപ്പെട്ട പ്രശ്നങ്ങൾ |
|---|---|---|---|
| 1. | കൂടാളി പുതിയത്ത് കണിയാങ്കണ്ടി റോഡ് | I | വീതി കൂട്ടുക |
| 2. | പോതിയോടം അമ്പലമുക്ക് - കൂടാളി ടൗൺ | " | പണി പൂർത്തിയാക്കുക |
| 3. | കൂടാളി അപ്പക്കടവ് റോഡ് | " | ഓവുചാൽ നിർമ്മിക്കുക |
| 4. | കാഞ്ഞിരോട് തോട് മണികുന്നപ്പാലം | " | പണിപൂർത്തിയാക്കുക |
| 5. | താറ്റ്യോട് അഴീക്കൽ കനാൽ | IV | താറ്റ്യേട് വയലിൽ പാലം വേണം |
| 6. | കൂടാളി അമ്പലത്തിന് പിന്നിൽ കാവുന്താഴ റോഡ് | IV | റിപ്പേർ ചെയ്യുക |
| 7. | കാവുന്താഴ ലക്ഷം വീട് മാര്യാങ്കരിമൊട്ട റോഡ് | IV | മാര്യാങ്കരി വയൽതോടിന് പാലം റോഡ് റിപ്പേർ |
| 8. | ബങ്കണപ്പറമ്പ് - കട്ടോളികനാൽപ്പാലം റോഡ് | IV | റിപ്പേർ ചെയ്യുക |
| 9. | പുലിക്കോട് മുക്ക് - കാവുന്താഴ പഞ്ചേരിമുക്ക് റോഡ് | IV | റിപ്പേർചെയ്യുക |
| 10. | കൂടാളി യൂ.പി. കുനിയിൽ പാലം | IV | റിപ്പേർ ചെയ്യുക |
| 11. | കാവുന്താഴ കനാൽ പാലം - പൂവത്തൂർ കൈക്കണ്ടിമുക്ക് റോഡ് | IV | പാലം നിർമിക്കുക |
| 12. | പൂവത്തൂർ ബങ്കണപറമ്പ് - കൂടാളി തണ്ടപുറം ജംഗ്ഷൻ | IV | കൾപർട്ട് പണിയുക |
| 13. | കൂടാളി ആശുപത്രി റോഡ് പുളിക്കൽ വയൽ തോട് | IV | പാലം പണിയുക. |
| 14. | പൂവത്തൂർ മഠപ്പുര തോട് | IV | പാലം പണിയുക. |
| 15. | ഞാലക്കണ്ടി താഴെ എൽ. പി. നാരായണന്റെ വീട്ടിനു സമീപം | IV | 2 സ്ലാബുകൾ പണിയുക |
| 16. | വയറ്റാംങ്കണ്ടി കുന്നുമ്പ്രം - മാരം ചിറ റോഡ് | IV | റിപ്പേർ ചെയ്യുക. |
| 17. | പുല്ലാഞ്ഞോട്ട് മുക്ക് റോഡ് | IV | റിപ്പേർ ചെയ്യുക. |
| 18. | വേശാല വായക്കുന്ന് റോഡ് | IV | കയറ്റം കുറക്കുക. |
| 19. | ബീരങ്കി ബസാർ - കാവുന്താഴ വയൽ റോഡ് | IV | റിപ്പേർ ചെയ്യുക |
| 20 | കാവും താഴ ഞാലിയാങ്കണ്ടി വീടിനു മുൻവശം | IV | ഓവുചാൽ നിർമിച്ച് നീർക്കെട്ട് ഒഴിവാക്കുക. |
| 21 | ചാലോട് - നിരപ്പോട്ട്ക്കരി - ബംഗ്ലാവുമൊട്ടറോഡ് | III | വയൽ സൈഡ് കെട്ടുക. |
| 22. | മുട്ടന്നൂർ ഗ്രാമദീപം വായനശാല വടുവിൻ കുളം റോഡ് | III | വീതികൂട്ടുക. |
| 23. | മുട്ടന്നൂർ ഗ്രാമ ദീപം വായനശാല മുലപ്പെരുമ്പ കരടി റോഡ് | III | വീതി കൂട്ടുക. |
| 24. | മുട്ടന്നൂർ പ്രിയദർശിനി ഷെൽട്ടർ ഇടയന്നൂർ തോട് | V | സൈഡ് കെട്ടി നടപ്പാത നിർമ്മിക്കുക |
| 25. | പഞ്ചായത്തിലെ മുഴുവൻ PWD റോഡിന്റെയും | " | ഇരുവശവും ഓവുചാൽ നിർമ്മിക്കുക |
| 26. | കോവൂർ - വെള്ളാനത്ത് - കൊറത്തി - പാറക്കണ്ടി റോഡ് | VI | റിപ്പേർ ചെയ്യുക |
| 27. | നായാട്ടുപാറ - പാപ്പാഞ്ഞോട് അയ്യപ്പൻ കാവ് റോഡിന്റെ കൈവഴി റോഡായ പാപ്പാത്തോട് മേൽഭാഗം റോഡ് | " | റിപ്പേർ ചെയ്യുക |

| | | | |
|---|---|---|---|
| 28. | കോവൂർ MC പീടികക്ക് സമീപം | " | പാലം പണിയുക |
| 29. | ചോലക്കോനമൂല | " | പാലം |
| 30. | വെള്ളാനത്ത് മൂല | " | പാലം |
| 31. | പനങ്ങാട്ട് മൂലതോടിന് | " | പാലം |
| 32. | കോവൂർ സെൻട്രൽ എൽ.പി. സ്ക്കൂളിലേക്ക് | " | പാലം |
| 33. | കേളോത്ത് പാലം | " | അറ്റകുറ്റപ്പണി |
| 34. | കുനിയിൽ, വിലങ്ങേരിതോടുപാലങ്ങൾ | " | കൈതാങ്ങി |
| 35. | ചോല വെള്ളാവിൻമൂല, കോളംകണ്ടി പറമ്പ്, കോവൂർ എ.വി.മൂല, നമ്പ്യാരിടംമൂല, ചോലപാലത്തിനുസമീപം | VI | 7 സ്ലാമ്പുകൾ ആവശ്യമുണ്ട് |
| 36. | കൊളപ്പനായിക്കാലി PWD റോഡിൽ | VII | നായിക്കാലി പാലം പണിപൂർത്തിയാക്കണം. |
| 37. | നാലുപെരിയ - നാരങ്ങാട്ടുമൂലറോഡ് | " | റിപ്പേർ ചെയ്യണം |
| 38. | കൊളപ്പലക്ഷം വീട് മട്ടന്നൂർ റോഡിന്റെ ലിങ്ക് റോഡ് | " | വീതികൂട്ടണം |
| 39. | കരിമ്പനവയൽ - മാടഞ്ചേരിപ്പീടിക റോഡ് | VII | വീതികൂട്ടുക |
| 40. | നിടുകുളം കടവ് - ചൂളിയാട് | " | തൂക്കുപാലം നിർമ്മിക്കുക താല്ക്കാലികകടത്ത് ഏർപ്പെടുത്തുക |
| 41. | കല്ല്യാടക്കുണ്ടി - ചിത്രാരിറോഡ് | " | റിപ്പേർ ചെയ്യുക |
| 42. | കൊളപ്പ അഞ്ചാം പീടിക റോഡ് | " | തങ്കളോതിയിൽ ഒരു കലുങ്ക് |
| 43. | ചിത്രാരി - ചുണ്ടോൽ റോഡ് | " | മാചച്ചേരിയിൽ മണ്ണിട്ട് നീർക്കെട്ട് ഒഴിവാക്കുക |
| 44. | കൊളപ്പ - മൂടേരി റോഡ് | " | നീർക്കെട്ട് ഒഴിവാക്കൽ |
| 45. | പ്രധാന ഇടവഴികൾ | VIII | ഫുട്പാത്തായി അംഗീകരിച്ച് അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുക |
| 46. | ആയിപ്പുഴ - ഇരിക്കൂർ പാലം റോഡ് | IX | വീതി കൂട്ടുക - സൈഡ്കെട്ടുക |
| 47. | ആയിപ്പുഴ - പാണലാട് റോഡ് | " | അറ്റകുറ്റപണികൾ |
| 48. | ആയിപ്പുഴ ബസ്സ്റ്റോപ്പ് - കാളാമ്പാററോഡ് | " | പഞ്ചായത്ത് ഏറ്റെടുത്ത് റിപ്പേർ |
| 49. | എടുപ്പിൽ - കാളാമ്പറ പാലമുക്ക് - കാളാമ്പറ | " | പഞ്ചായത്ത് ഏറ്റെടുത്ത് റിപ്പേർ ചെയ്യണം |
| 50. | ആയിപ്പുഴ മദ്രസക്ക് സമീപം | " | കൾവർട്ട് പണിയണം |
| 51. | ആയിപ്പുഴ - പാണലാട് റോഡ് | " | നേങ്ങോട്തോടിന് കൾവർട്ട് |
| 52. | ആയിപ്പുഴ ബസ്റ്റോപ്പ് - സ്ക്കൂൾ റോഡ് | " | ഓവുചാലുകൾ നിർമ്മിക്കണം |
| 53. | തുമ്പോൽ വയൽ കൾവർട്ട് | " | വീതികൂട്ടണം |
| 54. | മട്ടന്നൂർ - കൊടോളിപ്രം - കൊളപ്പ റോഡ് | X | കമ്മാളൻ കുന്നിന്റെ കയറ്റം കുറച്ച് വളവ് നിവർത്തുക |

| | | | |
|---|---|---|---|
| 55. | പാണലാട് കായലോട്കോറ റോഡ് | " | റിപ്പേർ ചെയ്യണം |
| 56. | ചോലക്കരി കണ്ണംകൈ വയൽറോഡ് | " | പാർശ്വഭിത്തി കെട്ടുക |
| 57. | നായാട്ടുപാറ കുന്നോത്ത് വയൽ നടപ്പാത | XI | റിപ്പേർ ചെയ്യണം |
| 58. | റോഡിലേക്ക് ചാഞ്ഞുകിടക്കുന്ന വൃക്ഷക്കമ്പുകൾ വെട്ടിമാറ്റാൻ സംവിധാനമുണ്ടാക്കാം. | | |

## പുതുതായി നിർമ്മിക്കേണ്ട നടപ്പാതകൾ

| ക്രമ നമ്പർ | പേര് | വാർഡ് | ദൂരം | റിമാർക്സ് |
|---|---|---|---|---|
| 1. | വരുവക്കുണ്ട് - കുന്നോത്ത് യു.പി | XI | 250 മീ | |
| 2. | കണ്ണോത്തും താഴ നടപ്പാത | X | 300 മീ | |
| 3. | വരുവക്കുണ്ട് - അരിങ്ങോട്ടുംമൂല ട്രില്ലർ റോഡ് | X | 300മീ | |
| 4. | കണ്ണം കൈവയൽ - കുണ്ടുവയൽ | " | 400 മീ | |
| 5. | തൊടിയാൽ വയൽ - ചാത്തോത്തും താഴ - വായനശാല | " | 400 മീ | |
| 6. | കണ്ണം കൈവയൽ - നായിക്കാലി | " | 200മീ | |
| 7. | കായലോട് ട്രില്ലർ റോഡ് - കായലോട് | " | 300മീ | |
| 8. | മാടഞ്ചേരി പീടിക - പട്ടാന്നൂർ യു.പി. | VII | 250 മീ | |
| 9. | പട്ടാന്നൂർ ശിവക്ഷേത്രം | " | 250മീ | |
| 10. | കിഴക്കയിൽ കുന്ന് - നാരങ്ങാട്ട്മൂല | " | 1കി.മി | |
| 11. | പട്ടാന്നൂർ കടവ് - ചുണ്ടോൽ റോഡ് | " | | |
| 12. | നായാട്ടുപാറ - അച്ചുതൻ മാസ്റ്റർ വീടിന് സമീപം | VI | | |
| 13. | മുട്ടന്നൂർ പ്രേമൻ പീടിക - വലിയ വളപ്പ് മൂല | V | 500മീ | |
| 14. | മുട്ടന്നൂർ മുണ്ടോൻപീടിക - പെരുമ്പ | V | 500മീ | |
| 15. | കൊളോളം വായനശാല - പൊന്നാരം കോട്ട് പീടിക | V | 2.5 കി.മീ | |
| 16. | മുട്ടന്നൂർ കൂവ്വയിൽ വയൽ - ഗ്രാമദീപം വായനശാല | " | 500മീ | |
| 17. | മാര്യോടും മൂല മേസ്ത്രിരപ്പീടിക | " | 1.കി.മി | |
| 18. | വൈദ്യരുടെ വീട് - ദേശമിത്രം എൽ.പി. | III | | |

| | | | | |
|---|---|---|---|---|
| 19. | മൂലക്കരി ആരതി ആസ്പത്രി - എസ്റ്റേറ്റ് | III | | |
| 20. | കനാൽ പാലം ആശാരിമുക്ക് റോഡ് നടപ്പാതയും സ്റ്റെപ്പും | IV | | |
| 21. | പൂവത്തൂർ കണ്ടോത്ത് വാസുപീടിക കോയ്യോടൻ ചാൽകനാൽ | IV | | |
| 22. | കാവുന്താഴ ലക്ഷം വീട് മാര്യങ്കരിമൊട്ട റോഡിൽ മാര്യാങ്കരി പാലത്തിൽ നിന്ന് വടക്കു ഭാഗത്ത് | IV | | |
| 23. | കാവുന്താഴ ബണ്ട് - കുനിയിൽ പറമ്പ് | " | | |
| 24. | കുഞ്ഞിപ്പുര കനാൽ പാലം - കാവുന്താഴ അമ്പലം | " | 400മീ | |
| 25. | കാവുന്താഴ ബണ്ട് - വേശാല റോഡ് | " | 300മീ | |
| 26. | കോമത്ത് താഴവയൽ - കല്ല്യാട് ചിറ | II | 300മീ | |
| 27. | തുമ്പത്ത് പറമ്പ് - താറ്റ്യോട് നോർത്ത് എൽ.പി ചെറുകൊട്ടാരം - താറ്റ്യോട് നോർത്ത് എൽ.പി | II | 500മീ | |

**പൊതുനിർദ്ദേശങ്ങൾ**

1. കൂടാളിയിൽ ബസ് സ്റ്റാന്റ് നിർമ്മാണം
2. കൂടാളിയിൽ പൊതുമാർക്കറ്റ് നിർമ്മാണം
3. കണ്ണൂർ ആസ്പത്രി – നിടുകുളം കടവ് KSRTC പെർമിറ്റ്
4. കണ്ണൂർ – ഇരിക്കൂർ റൂട്ടിൽ രാവിലെ 5.30തിനും രാത്രി 8മണിക്കും K.S.R.T.C സർവ്വീസ്.
5. കണ്ണൂർ ഇരിക്കൂർ റൂട്ടിലെ ഫേർ സ്റ്റേജുകൾ പുനർനിർണ്ണയം ചെയ്യുക
6. കൊളപ്പയിൽ പഞ്ചായത്ത് വെയിറ്റിംഗ് ഷൽട്ടർ പുതുക്കിപ്പണിയുക
7. കണ്ണൂർ ഇരിക്കൂർ റൂട്ടിൽ ആയിപ്പുഴ ഫേർ സ്റ്റേജ് പരിധി ഇരിക്കൂർ പാലം വരെയാക്കുക
8. ഇരിക്കൂർ ആയിപ്പുഴ – പാണലാട് – കൊളപ്പ വഴി കണ്ണൂരിലേക്ക് K.S.R.T.C
9. ഇരിക്കൂർ പാലത്തിന് സമീപം വെയിറ്റിംഗ് ഷൽട്ടർ പണിയുക
10. ഇരിക്കൂർ – കൊടോളി പ്രം – മട്ടന്നൂർ – കണ്ണൂർ റൂട്ടിൽ K.S.R.T.C പർമിറ്റ് അനുവദിക്കുക

**നിലവിലുള്ള പ്രശ്നങ്ങൾ**

1. ഒരൊറ്റ റോഡുകൾക്കും ഓവുചാലുകളില്ല
2. ഓവു ചാലുകളുടെ അഭാവം മണ്ണൊലിപ്പ് വർധിപ്പിക്കുന്നു.
3. മെറ്റൽ ചെയ്ത ഒരൊറ്റ റോഡ് പോലും പഞ്ചായത്തില്ല.
4. റോഡിനിരുവശത്തുമുള്ള മരങ്ങൾ വെട്ടിമാറ്റിയത് പരിസ്ഥിതി പ്രശ്നങ്ങൾക്കിടയാക്കുന്നു
5. മിക്ക മൺറോഡുകളും വർഷകാലങ്ങളിൽ കാൽ നടയാത്രയ്ക്കു പോലും ഉപയോഗിക്കാൻ പറ്റുന്നവയല്ല.
6. കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കാൻ കഴിയാറില്ല.
7. പൊതുറോഡുകൾ ജനങ്ങളിൽ നിന്നും അന്യവല്ക്കരിക്കപ്പെട്ടിരിക്കുന്നു.

**നിർദ്ദേശങ്ങൾ**

1. വർഷാരംഭത്തിനു മുമ്പ് തന്നെ റോഡുകൾക്ക് ഓവുചാലുകൾ നിർമ്മിക്കണം.
2. ആവശ്യമായ സ്ഥലങ്ങളിൽ കലുങ്കുകൾ നിർമ്മിച്ച് നിർക്കെട്ട് ഒഴിവാക്കണം

3. റോഡിനിരുവശവും വൃക്ഷങ്ങൾ നട്ടുവളർത്തണം

4. മുൻഗണനാക്രമം നിശ്ചയിച്ച് മെറ്റൽ ചെയ്യണം

5. റോഡുകളുടെ സംരക്ഷണച്ചുമതല പൂർണ്ണമായും ഗ്രാമസഭകളെ ഏല്പിക്കണം

6. ഗ്രാമസഭകളിൽ നിന്നും തെരഞ്ഞെടുക്കുന്ന സമിതിയെ അറ്റകുറ്റപണികൾ നടത്താൻ ഏല്പിക്കണം

7. ജനങ്ങൾക്ക് ആവശ്യമായ ബോധവല്ക്കരണം നൽകണം

**സാധ്യതകൾ**

1. ചെങ്കല്ലിന് സമൃദ്ധമാണല്ലോ നമ്മുടെ പഞ്ചായത്ത്. അതോടൊപ്പം തന്നെ മനുഷ്യ വിഭവും സഹകരണവും ഉപയോഗിക്കുകയാണെങ്കിൽ കുറഞ്ഞ ചെലവിൽ ഗ്രാമീണറോഡുകൾ സംരക്ഷിക്കാൻ കഴിയും

2. നൂറിലധികം ബസ്സുകൾ കടന്നുപോകുന്ന കൂടാളിയിൽ ഒരു ബസ് സ്റ്റാന്റ് നിർമ്മിച്ചാൽ പഞ്ചായത്തിന്റെ വരുമാനം വർധിപ്പിക്കാൻ കഴിയും

3. പുതിയ റോഡുകളുടെ നിർമ്മാണം പരിമിതപ്പെടുത്തുകയും നിലവിലുള്ളവ മുൻഗണനാ ക്രമമനുസരിച്ച് സംരക്ഷിക്കുകയും ചെയ്താൽ ഫണ്ടിന്റെ ദുർവിനിയോഗം ഒരളവോളം കുറക്കാം

വികസനം റോഡിലൂടെ എന്നതിനു പകരം വികസനത്തിന്റെ വിവിധമേഖലകളിൽ മാത്രമാണ് റോഡുകൾ എന്ന അവബോധത്തോടെ ക്രിയാത്മകമായ ഒരു വികസനയത്തിനുവേണ്ടി നമുക്ക് തോളുരുമ്മി പ്രവർത്തിക്കാം.

# ഊർജ്ജം

സാമൂഹ്യജീവിതത്തിന്റെ പ്രധാന ഘടകം ഭൗതീകോൽപ്പാദനം ആണ്. ഊർജ്ജമില്ലാതെ ഭൗതീകോൽപ്പാദനം അസാദ്ധ്യവും. താപ രൂപത്തിലുള്ള ഊർജ്ജം ആണ് നമ്മുടെ പഞ്ചായത്തിൽ എറ്റവും കൂടുതൽ ഉപയോഗിക്കുന്നത്. മുൻകാലങ്ങളിൽ ചാണകവരടികൾ ഇതിന്നായി ഉപയോഗിച്ചിരുന്നു. ഇന്ന് നാം മുഖ്യമായി ആശ്രയിക്കുന്നത് വിറകിനെയാണ്. വിറകിന്റെ ലഭ്യത കുറഞ്ഞുവരുന്നു. എന്നാൽ ആവശ്യം കൂടിവരികയാണ്. വിറകിന്റെ ഉൽപ്പാദനം എളുപ്പത്തിൽ വർദ്ധപ്പിക്കാവുന്നതല്ല. ഈ സാഹചര്യത്തിൽ ദക്ഷത കൂടിയ അടുപ്പുകൾ വ്യാപകമായി പ്രചരിപ്പിക്കേണ്ടതുണ്ട്. വേലിയരികിലും വഴിയോരങ്ങളിലും വൃക്ഷങ്ങൾ വെച്ചു പിടിപ്പിക്കുവാൻ പ്രോത്സാഹിപ്പിക്കുകയും വേണം. ഭക്ഷണം പാകം ചെയ്യാൻ ഇന്ന് നാം ആശ്രയിക്കുന്നത് തെങ്ങുൽപ്പന്നങ്ങളെയാണ്.

''ബയോഗ്യാസ്'' നമ്മുടെ പഞ്ചായത്തിൽ ഇനിയും പ്രചരിച്ചിട്ടില്ല. സൗരോർജ്ജ ഹീറ്ററുകളും ദീപങ്ങളും പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. ചുരുക്കം ചിലർ ഗാർഹിക ഇന്ധനത്തിന് മണ്ണെണ്ണ ഉപയോഗിക്കുന്നുണ്ട്. വൈദ്യുതിയും ഗ്യാസും പാചകത്തിനുപയോഗിക്കുന്നവരും നാമമാത്രം. നമ്മുടെ പഞ്ചായത്തിൽ എല്ലാവീടുകൾക്കും വൈദ്യുതി ലഭിച്ചിട്ടില്ല. അത്തരം വീടുകളിൽ വെളിച്ചത്തിന് ആശ്രയിക്കുന്നത് മണ്ണെണ്ണയാണ്. വൈദ്യുതി ആഫീസും നിലവിലില്ല. നാം ആശ്രയിക്കുന്നത് മുണ്ടേരി പഞ്ചായത്തിൽ ഏച്ചൂർ ഇലക്ട്രിക്കൽ മേജർ സെക്ഷൻ ആഫീസിനെയാണ്. ഉപഭോക്താക്കൾക്ക് 10 മുതൽ 20 കി.മി. വരെ സഞ്ചരിച്ചിട്ടുവേണം പ്രസ്തുത ആഫീസിൽ എത്താൻ. ഇതു കാരണം യാഥാസമയം ആവശ്യമായ സേവനം ലഭിക്കുന്നതിന് കാല വിളമ്പം അനുഭവപ്പെടുന്നു. നമ്മുടെ പഞ്ചായത്തിൽ തന്നെ ഒരു വൈദ്യുത ആഫീസ് ആരംഭിക്കുക മാത്രമെ ഇതിന് ഒരു പരിഹാരമുള്ളു.

അശാസ്ത്രീയമായി വലിച്ച് നീട്ടിയ ''സിംഗിൾ ഫൈസ് ലൈൻ'' വോൾട്ടേജ് ക്ഷാമത്തെ ഗുരുതരാവസ്ഥയിൽ എത്തിക്കുന്നു. മുണ്ടയാട് 110 കെ.വി. സബ് സ്റ്റേഷൻ, മട്ടന്നൂർ 66 കെ.വി. സബ് സ്റ്റേഷൻ എന്നിവകളുമായി ബന്ധിപ്പിച്ച ഫീഡറുളിലൂടെയാണ് നമ്മുടെ പഞ്ചായത്തിൽ വൈദ്യുതിയെത്തുന്നത്. മട്ടന്നൂർ സബ് സ്റ്റേഷനിൽ നിന്ന് നമ്മുടെ പഞ്ചായത്തിൽ വൈദ്യുതി വിതരണം ചെയ്യുന്ന അതേ ലൈൻ തന്നെയണ് ഇരിക്കൂർ, ശ്രീകണ്ഠാപുരം എന്നീ വിദൂര ഗ്രാമങ്ങളിലും വൈദ്യുതി എത്തിക്കുന്നത്. അതുകൊണ്ട് തന്നെ നിലവിലുള്ള ലൈൻ ഓവർ ലോഡാണ്. ഇത് കാരണം പ്രസ്തുത ലൈൻ പലപ്പോഴും തകരാറിലാവുകയും പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശവും പലപ്പോഴും ഇരുട്ടിലാവുകയും ചെയ്യുന്നു. ശ്രീകണ്ഠാപുരം സബ് സ്റ്റേഷൻ അടിയന്തിരമായി പൂർത്തീകരിക്കുക മാത്രമാണ് ഇതിനുള്ള ഏക പരിഹാരം. മുണ്ടേരി പഞ്ചായത്തിൽ പണിതുവരുന്ന കാഞ്ഞിരോട് 220 കെ. വി. സബ് സ്റ്റേഷൻ പൂർത്തീകരിക്കപ്പെട്ടാൽ വോൾട്ടേജ് ക്ഷാമത്തിനു ഒരു പരിധിവരെ പരിഹാരം ഉണ്ടാവും.

പഞ്ചായത്തിൽ 3020 വീടുകൾ വൈദ്യുതീകരിക്കപ്പെട്ടിട്ടുണ്ട്. 220 വ്യാപാര സ്ഥാപനങ്ങൾക്കും 37 വ്യവസായ സ്ഥാപനങ്ങൾക്കും വൈദ്യുതി ഉണ്ട്. കാർഷികാവശ്യത്തിന് സ്ഥാപ്ക്കപ്പെട്ട 150 പമ്പ് ഹൗസുകൾക്ക് ഇതിനകം വൈദ്യുതി ലഭിച്ചിട്ടുണ്ട്.

1991 ഒക്ടോബർ 14 ന് ശേഷം അപേക്ഷസമർപ്പിച്ച 145 ഓളം കുടുംബങ്ങൾ വൈദ്യുതി ലഭിക്കാതെ കാത്തിരിക്കുന്നു. ഇതിൽ 1995 ആഗസ്ത് എട്ടിന് ശേഷം ഒ. വൈ. ഇ.സി. ഇനത്തിൽ കാശ് അടച്ച 30 ഓളം കുടുംബങ്ങളും ഉൾപ്പെടുന്നു.

മണ്ണെണ്ണ ഉപയോഗിച്ചള്ള തെരുവുവിളക്കുകൾ നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ നിലവിലില്ല. 166 തെരുവുവിളക്കുകൾ ഇതിനകം സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ഇതിൽ 10 എണ്ണം ഫ്ളൂറസെന്റ് ട്യൂബുകളാണ്. തെരുവുവിളക്കുകൾക്കായി പ്രതിമാസം 1986 രൂപ നാം വൈദ്യുതബോർഡിന് അടച്ചുവരുന്നു. എന്നാൽ ബോർഡ് വിതരണം ചെയ്യുന്ന ബൾബുകളുടെയും മറ്റ് സാധനങ്ങളുടെയും ഗുണനിലവാരക്കുറവും ജീവനക്കാരുടെ അനാസ്ഥയും അപര്യാപ്തതയ്ക്കും കാരണം തെരുവുവിളക്കുകൾ പലപ്പോഴും ഉപയോഗശ്യൂന്യമായിതീരുന്നു.

നമ്മുടെ പഞ്ചായത്തിൽ വ്യത്യസ്ഥ വാർഡുകളിലായി സ്ഥാപിക്കപ്പെട്ട ട്രാൻഫോർമറുകളുടെ വിവരങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

1. കോയസ്സൻ കുന്ന് 100 K.V.A, 2. കൂടാളി 160 കെ.വി.എ, 3. താറ്റ്യോട് 63 കെ.വി.എ., 4. കുംഭം 100 കെ.വി.എ., 5. ചാലോട് 100 കെ.വി.എ., 6. കൊളോളം 100 കെ.വി.എ. 7. മുട്ടന്നൂർ 100 കെ.വി.എ. 8. വടുവൻകുളം 63 കെ.വി.എ., 9 പട്ടാന്നൂർ 100 കെ.വി.എ. 10.ഹോളിവുഡ് നാലുപെരിയ 100 കെ.വി.എ. 11. കൊളപ്പ 100 കെ.വി.എ. 12. കൊടൊളിപ്രം 100 കെ.വി.എ. 13. കരിമ്പാല 100 കെ.വി.എ. 14. കാളാമ്പാറ 100 കെ.വി.എ. 15. ആയിപ്പുഴ 100 കെ.വി.എ., 16. പാണലാട് 100 കെ.വി.എ. നമ്മുടെ പഞ്ചായത്തിൽ 2 അംഗീകൃത ഹരിജൻകോളനികളാണ് ഉള്ളത്. 1. കരിമ്പാല ഹരിജൻ കോളണി. 2. ആയിപ്പുഴ കുരാരി ഹരിജൻ കോളണി. ഇതിൽ കരിമ്പാല ഹരിജൻ കോളണിയിലെ 9 വീടുകൾക്ക് സൗജന്യ സ്ലാബിൽ വൈദ്യുതി ലഭിച്ചിട്ടുണ്ട്. ആയിപ്പുഴ കോളനിയിൽ 12 വീടുകൾക്ക് വൈദ്യുതി ലഭിച്ചുകഴിഞ്ഞു. ഇതിൽ 6 വീടുകൾ സൗജന്യ സ്ലാബിൽ പെടുന്നു.

**പ്രശ്നങ്ങൾ.**

1. പഞ്ചായത്തിലെ 1/3 ഭാഗത്തോളം വീടുകൾ വൈദ്യുതീകരിക്കപ്പെട്ടിട്ടില്ല.
2. വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്.
3. വിതരണ തടസ്സം കൂടി കൂടി വരുന്നു. വൈദ്യുതി ലൈനിന്റെ പരിപാലനം ശരിയായ വിധം ലഭിക്കുന്നില്ല.
4. ജീവനക്കാരുടെ കുറവു കാരണം മെച്ചപ്പെട്ട സേവനം ലഭിക്കുന്നില്ല.
5. വിറക് ക്ഷാമം പഞ്ചായത്തിൽ രൂക്ഷമായി വരികയാണ്.

**സാദ്ധ്യതകൾ.**

1. ദക്ഷത കൂടിയ അടുപ്പുകൾ (പരിഷത്ത് അടുപ്പ്) വ്യാപകമായി സ്ഥാപിക്കണം.
2. സൗരോർജ റാന്തലുകൾ, ഹീറ്ററുകൾ,കോംപാക്ട് ഫ്ളൂറസെന്റ് ലാമ്പ് എന്നിവ വ്യാപകമായി പ്രചരിപ്പിക്കണം.
3. കൂടാളി പഞ്ചായത്തിൽ കൊളോത്ത് വൈദ്യുത ബോർഡിന്റെ ഒരു ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അടിയന്തിരമായും ആരംഭിക്കണം.
4. നിലവിലുള്ള വൈദ്യുത കണക്ഷനുകൾ ശാസ്ത്രീയമായി ത്രീഫൈയ്സ് ലൈനുകളിൽ വിഭജിച്ച് ബന്ധിപ്പിക്കണം. ആവശ്യമായിടത്തെല്ലാം ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം. സിംഗിൾ ഫൈയ്സ് ലൈനുകൾ ത്രീ പഫൈസ് ലൈനുകളാക്കിമാറ്റുകയും വേണം.
5. കാലപ്പഴക്കം വന്ന വൈദ്യുത കാലുകളും വൈദ്യുത കമ്പികളും മാറ്റിപുതുക്കിപ്പണിയണം.

**പൊതുപ്രശ്നങ്ങൾ.**

1. തെരുവുവിളക്കുകൾ സ്ഥാപിക്കുക.
2. കൂടാളിചക്കാല മുക്കിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുക
3. രണ്ടാം വാർഡിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുക.
4. പാവപ്പട്ടവരുടെ വീടിന് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകുക.
5. സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുക.
6. കുംഭം, മൂലക്കരി, കൊയ്യോടൻ ചാൽ എന്നിവിടങ്ങളിൽ മെർക്കുറി ലാംമ്പ് സ്ഥാപിക്കുക.
7. പള്ളിപ്പൊിൽ കോളനി വൈദ്യുതീകരിക്കുക.
8. വേശാല മുക്ക് വൈദ്യുതീകരിക്കുക.
9. പൂവ്വത്തൂർ, കറിക്കച്ചാൽ, പൂവത്തൂർ ഹരിജൻ കോളനി എന്നിവിടങ്ങളിൽ വൈദ്യുതിലൈൻ എത്തിക്കുക.
10. പൂവ്വത്തൂർ അങ്കണവാടി കെട്ടിടം വൈദ്യുതീകരിക്കുക.

11. വായനശാലകൾ ക്ളബ്ബുകൾ എന്നിവയെ ചാർജ്ജിൽ നിന്ന് ഒഴിവാക്കുക.
12. മാരിയോട്ടും മൂല, കണ്ണി താറ്റിൻ മൂല,വലിയവളപ്പിൽ മൂല, കടുക്കാപാടി എന്നീ പ്രദേശത്ത് പുതിയ ലൈൻ എത്തിക്കുക.( 3 ഫൈസ് ലൈൻ)
13. കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതി കണക്ഷൻ കാലതാമസം കൂടാതെ നൽകുക.
14. മുണ്ടപ്പറമ്പിൽ കാറ്റിൽ നിന്നുള്ള വൈദ്യുതി പ്ലാന്റ് സ്ഥാപിക്കുക.
15. മുട്ടന്നൂരിൽ ഒരു ട്രാൻസ്ഫോർമർ കൂടി സ്ഥാപിക്കുക.
16. ചോല, കോവൂർ, ചേലാംകോറ,നിടുകുളം എന്നീ പ്രദേശങ്ങളിൽ ലൈൻ എത്താത്ത സ്ഥലങ്ങളിൽ പുതിയ ലൈൻ എത്തിക്കുക.
17. നിടുക്കുളം, അഞ്ചാം പീടിക, പാണലാട്, വായാട്ടുഭാഗം, മൂലക്കരി, ആലത്തും കരി, മൂടേരി, നായിക്കാലി, ചുണ്ടോൽ, തെയ്യമ്പാടി മൂല എന്നീ പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കുക.
18. കൊളപ്പ ആയിപ്പുഴ ട്രാൻസ്ഫോമറിന്റെ പവർ കൂട്ടുക.
19. ചിത്രാരി, പാണലാട്, കുരാരി പുതിയ ട്രാൻസ് ഫോമർ സ്ഥാപിക്കുക.
20. ആയിപ്പുഴയിൽ കെ.എസ്. ഇ. ബിയുടെ കേഷ് കൗണ്ടർ സ്ഥാപിക്കുക.
21. വയറിങ്ങ് കഴിഞ്ഞ് കാത്തിരിക്കുന്നവർക്ക് അടിയന്തിരമായി കണക്ഷൻ നൽകുക.
22. കാളാംപാറയിൽ 3 ഫൈയ്സ് ലൈൻ വലിക്കുക
23. അനർട്ടിന്റെ സഹായത്തോടെ ഊർജ്ജ പ്രതിസന്ധി പരിഹരിക്കാൻ പദ്ധതികൾ അസൂത്രണം ചെയ്യുക.
24. പുല്പക്കാരി, നായിക്കാലി, ആമേരി എന്നീ സ്ഥലങ്ങളിൽ വൈദ്യുതി എത്തിക്കുക.
25. പഴയ ഇലക്ട്രിക്കൽ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുകയും, കൊടാളിപ്രം പൈപ്പ് ലൈനിലുള്ള വൈദ്യുത ലൈൻ ഉയർത്തുകയും ചെയ്യുക.
26. കൊടാളിപ്രം മസ്ലിൻ നൂൽനൂൽപ്പ്കേന്ദ്രം വൈദ്യുതീകരിക്കുക. കൂടാളി കേന്ദ്രമാക്കി പാചക വാതക ഏജൻസി അനുവദിക്കുക. കൊളോളം ടെലിഫോൺ എക്സ്ചേഞ്ചിന്റെ ശേഷി 1000 ആയി വർദ്ധിപ്പിക്കുക.

# പാർപ്പിടവും സാമൂഹ്യക്ഷേമവും

## പാർപ്പിടം :

കൂട്ടുകുടുംബ വ്യവസ്ഥിതിയുടെ ഭാഗമായി ജീവിച്ചുപോന്ന തലമുറയ്ക്ക് സ്വന്തമായി ഒരു പാർപ്പിടം എന്ന ആശയം തന്നെ അന്യമായിരുന്നു. മരുമക്കത്തായം മക്കത്തായത്തിന് വഴിമാറിക്കൊടുത്തപ്പോൾ മാത്രമാണ് സ്വന്തം പാർപ്പിടം എന്ന ആശയം തന്നെ പലരിലും രൂപം കൊണ്ടുതുടങ്ങിയത്. ജൻമിത്ത ഭൂപ്രഭുത്വ വ്യവസ്ഥിയുടെ ഫലമായി അടിയാൻമാരും കുടിയാന്മാരും പലപ്പോഴും മേൽ പറഞ്ഞവരുടെ ആശ്രിതരായി കഴിഞ്ഞുപോരുകയായിരുന്നു. ഭൂപരിഷ്കരണനിയമം പ്രാബല്യത്തിൽ വരികയും കൃഷിഭൂമി കൃഷിക്കാരന്റെ കൈകളിൽ എത്തിച്ചേരുകയും ചെയ്തതോടെ സ്വന്തമായ പാർപ്പിടങ്ങൾ ഉദയം ചെയ്തു തുടങ്ങി. കാർഷിക മേഖലയിൽ തൊഴിലെടുത്തു ജീവിക്കുന്ന സാധാരണക്കാരന്റെ വീടുകൾ മിക്കതും ഓലയും മണ്ണും ഉപയോഗിച്ചുണ്ടാക്കിയ കൂരകളായിരുന്നു. എന്നാൽ സമ്പന്ന വീടുകൾ പഴയ വാസ്തുശില്പമാതൃകയിൽ ആഭിജാത്യം പ്രകടിപ്പിക്കു( ന രൂപത്തിലുള്ളവയായിരുന്നു. കുരുമുളക്, കശുവണ്ടി തുടങ്ങിയ വിളവുകളിൽ നിന്നും വരുമാനം കിട്ടി തുടങ്ങിയപ്പോൾ ഓലമേഞ്ഞ കൂരകൾ മിക്കതും ഓടിട്ട് കെട്ടിടങ്ങൾക്ക് വഴിമാറിക്കൊടുത്തു. ഗൾഫ് പണത്തിന്റെ സ്വാധീനം ഗൃഹനിർമ്മാണത്തിലും പ്രതിഫലിച്ചു. ആയിപ്പുഴയിലും മറ്റും കാണുന്ന വൻകെട്ടിടങ്ങൾ ഇതിനുദാഹരങ്ങളാണ്.

കൃഷിയെ അവലംബിച്ച് ഉപജീവനം നടത്തുന്നവരാണ് ഈ പഞ്ചായത്തിൽ ഏറിയ കൂറും. ആയതിനാൽ അധികം പേരും ഇടത്തരം വീടുകളിലാണ് കഴിഞ്ഞുകൂടുന്നത്. വലിയ തുകകൾ മുടക്കി പണിത വീടുകൾ അപൂർവ്വമത്രെ.

പഞ്ചായത്തിലെ 6585 വീടുകളിൽ ഒന്നിൽ കൂടുതൽ നിലകളുള്ളത് 1174ഉം കോൺക്രീറ്റ് വീടുകൾ 882ഉം ഓടുമേഞ്ഞത് 3303ഉം ഓലമേഞ്ഞത് 1027ഉം മറ്റുള്ളവ 199ഉം ആണ്

ഭവന നിർമ്മാണച്ചെലവ് കൂടിവരുന്ന ഈ കാലഘട്ടത്തിൽ അതിനെ നേരിടാനുതകുന്ന നിലയിൽ ഭവന നിർമ്മാണ വായ്പകൾ എളുപ്പം ലഭ്യമാക്കുവാൻ വേണ്ട സൗകര്യങ്ങൾ ഈ പഞ്ചായത്തിലില്ല.

താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയാൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് അതിലൂടെ വളരെ പ്രയോജനം ലഭ്യമാകും

1. ഹൗസിങ്ങ് സൊസൈറ്റിയുടെ ഒരു ശാഖ പഞ്ചായത്തിൽ പ്രവർത്തനമാരംഭിക്കുക
2. സഹകരണ ബാങ്കുകൾ മുഖേന കുറഞ്ഞ പലിശനിരക്കിൽ ഭവന വായ്പാ പദ്ധതികൾ നടപ്പിലാക്കുക

സർക്കാർ ഭവന നിർമ്മാണ ബോർഡു വഴി ദുർബല ഇടത്തരം വിഭാഗക്കാർക്ക് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഭവനവായ്പ ദുർബല വിഭാഗക്കാരിൽ വിരലിലെണ്ണാവുന്നവർക്ക് മാത്രമാണ് ലഭിക്കുന്നത്. ഇതിന്റെ പ്രയോജനം എല്ലാ വിഭാഗം ജനങ്ങൾക്കും ലഭിക്കത്തക്കവിധം പരിഷ്കരിക്കേണ്ടതാണ്.

പാർപ്പിട പ്രശ്നം ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒരു വിഷയം എന്ന നിലയ്ക്ക് അടിയന്തിര പ്രാധാന്യത്തോടുകൂടി പരിഹരിക്കപ്പെടേണ്ടതും എല്ലാ വിഭാഗം ജനങ്ങളേയും അതിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതുമാണ്.

പഞ്ചായത്തിൽ വിവിധ പദ്ധതികൾ പ്രകാരം നിർമ്മിച്ച വീടുകളുടെ വിവരപ്പട്ടിക ചുവടെ ചേർക്കുന്നു.

**ഭവനനിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം**

| വാർഡ് | വീട് ആവശ്യമുളള കുടുംബങ്ങളുടെ എണ്ണം (IRDP സർവ്വെ) | വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ | പൂർത്തിയായ വീടുകൾ | പൂർത്തീകരിക്കുവാൻ ബാക്കിയുളളത് | ഇനിയും അനുവദിക്കേണ്ടവ |
|---|---|---|---|---|---|
| 1. | | MWS- 2<br>IAY - 1 | 2<br>NIL | --<br>1 | --<br>-- |
| 2. | | JRY- 2<br>MWS -1 | 2<br>1 | | |
| 3. | -- | -- -- | -- | -- | |
| 4. | | JRY - 1<br>MWS - 2<br>IAY - 1 | | | |
| 5. | | -- -- | -- | -- | |
| 6. | 118 | RLEGP 85-86 } 7<br>IAY | 7 | -- | 111 |
| 7. | 189 | 89-90<br>NREP } 5<br>JAWAHAR | 5 | -- | 184 |
| 8. | 124 | IAY 89-90 - 8 | 8 | -- | 116 |
| 9. | 143 | MWS 90-91 - 3<br>91-92 - 2<br>92-93 - 2<br>93-94 - 3<br>94-95 - 6 | 3<br>2<br>2<br>2<br>6 | --<br>--<br>--<br>1 തകർന്നു<br>-- | 127 |
| 10. | 193 | IAY - 94-95 - 1<br>95-96 - 4 | 1<br>3 | --<br>1 | 188 |
| 11. | 102 | MWS 95-96 - 6 | - | 6 | 96 |
| | TOTAL | 57 | 48 | 9 | |

വിവിധ സ്കീം അനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ പതിനൊന്ന് വാർഡുകളിലായി ഇതുവരെ നിലവിൽ വന്ന വീടുകളുടെ എണ്ണം 57 ആണ്. ഇതിൽ പൂർത്തിയാക്കാത്തവയുടെ എണ്ണം 9 ആണ്.

ഈ പഞ്ചായത്തിൽ ഒരു പുരുഷത്തൊഴിലാളിക്ക് 91-92 കാലയളവിൽ ദിവസക്കൂലി 40 രൂപയായിരുന്നപ്പോൾ സ്ത്രീ തൊഴിലാളിക്ക് 20 രൂപയായിരുന്നു ദിവസക്കൂലി. എന്നാൽ 92-93 കാലയളവിൽ ഇത് 45-25ഉം 93-94ൽ 60-30ഉം

94-95ൽ 75-35ഉം 95-96ൽ ഇത് 100-50 എന്ന ക്രമത്തിലുമായിരുന്നു.

പഞ്ചായത്തിലെ നിലവിലുള്ള ഹൗസിങ്ങ് കോളനികൾ, ലക്ഷം വീടുകൾ എന്നിവ കാലോചിതമായി പരിഷ്കരിക്കേണ്ടതുണ്ട്. തമിഴ്നാട്ടിൽ നിന്നും തൊഴിൽ തേടി ഈ പഞ്ചായത്തിലെത്തിയ തൊഴിലാളികൾ വാടകക്കെട്ടിടങ്ങളിലാണ് താമസിച്ചുപോരുന്നത്. ആധുനിക വാസ്തുശില മാതൃകയിൽ കെട്ടിട നിർമ്മാണം ശീലിച്ച തൊഴിലാളികൾ ഈ പഞ്ചായത്തിൽ ഇല്ലെന്നു തന്നെ പറയാം. കെട്ടിട നിർമ്മാണരംഗത്ത് ദുർവ്യയം ഒഴിവാക്കുവാനുള്ള പ്രചാരണം പഞ്ചായത്തിൽ ഏർപ്പെടുത്തേണ്ടതാണ്.

കെട്ടിടനിർമ്മാണത്തിനാവശ്യമായ അസംസ്കൃത പദാർത്ഥങ്ങളുടെ ഒരു വൻ ശേഖരം തന്നെ നമ്മുടെ പഞ്ചായത്തിലുണ്ട്. നെടുകുളം ആയിപ്പുഴ കടവുകളിലെ പൂഴി ജില്ലയിലെ ഭൂരിഭാഗം നിർമ്മാണ പ്രവർത്തനങ്ങൾക്കും ഉപയോഗിച്ചുവരുന്നു. ദിവസവും ആയിരിക്കണക്കിന് വെട്ടുക്കല്ലുകൾ പഞ്ചായത്തിലെ ആയിപ്പുഴ, കൊളപ്പ, മുട്ടന്നൂർ, വെള്ളപ്പറമ്പ് തുടങ്ങിയ പ്രദേശങ്ങളിൽ നിന്ന കയറ്റി അയക്കുന്നുണ്ട്. നൂറുക്കണക്കിന് തൊഴിലാളികൽ ഇന്ന ചെങ്കല്ല് മേഖലയിൽ തൊഴിലെടുക്കുന്നു. ആയിപ്പുഴ, കൊടോളിപ്രം, കൊളോളം പ്രദേശങ്ങളിലെ കരിങ്കൽ ക്വാറികളും നമ്മുടെ പഞ്ചായത്തിലെ അസംസ്കൃത വസ്തു ശേഖരങ്ങളാണ്.

**പ്രശ്നങ്ങൾ**

1. പാർപ്പിട നിർമ്മാണത്തിൽ വിദഗ്ദ പരിശീലനം ലഭിച്ച തൊഴിലാളികളുടെ അഭാവം.
2. അസാംസ്കൃത വസ്തുക്കൾ എത്തിക്കുവാനുള്ള പ്രയാസം
3. കെട്ടിട നിർമ്മാണ സാമഗ്രികളുടെയും ഭൂമിയുടെയും ദൗർലഭ്യവും വിലക്കയറ്റവും
4. വായ്പകൾ ലഭിക്കാനുള്ള ബുദ്ധിമുട്ട്
5. ദുർവ്യയമില്ലാത്ത വീടുകൾ നിർമ്മിക്കാനുള്ള വിദഗ്ദരുടെ അഭാവം
6. ഹൗസിങ്ങ് സൊസൈറ്റികളുടെ അഭാവം

**സാധ്യതകൾ**

1. ഹൗസിങ്ങ് സൊസൈറ്റി സ്ഥാപിക്കൽ
2. അസംസ്കൃത വസ്തുക്കളുടെ വില കുറയ്ക്കൽ
3. ചെലവ് കുറഞ്ഞ നിർമ്മാണരീതികളുടെ പ്രചാരണം
4. തൊഴിൽ പരിശീലന സൗകര്യം
5. ഭൂരരഹിതർക്കും നിർദ്ധനകർക്കും പ്രത്യേക ഭവനനിർമ്മാണ പരിപാടി
6. ദുർവ്യയ ഭവന നിർമ്മാണം നിരുത്സാഹപ്പെടുത്തുവാനുള്ള നികുതി സമ്പ്രദായം
7. കെട്ടിട മെയിന്റനൻസിനു വേണ്ടിയുള്ള സർവ്വീസ് സംഘങ്ങൾ

പാർപ്പിടം (ഗ്രാമസഭാ ക്രോഡീകരണം)

1. പഞ്ചായത്തിൽ സ്ഥലവും വീടും ഇല്ലാത്തവർക്ക് മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുക – കോളനി വീടുകൾ സ്ഥാപിക്കുക.
2. പാർപ്പിടമില്ലാത്ത കുടുംബങ്ങൾക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകുക. ഒരു കുടുംബത്തിന് 5 സെന്റ് ഭൂമി പഞ്ചായത്ത് പതിച്ചുനൽകുക
3. കുടാളിയിൽ ഒരു ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിക്കുക
4. നിർധനരായ ആളുകളുടെ വീട് അറ്റകുറ്റപണികൾ നടത്തുന്നതിന് സാമ്പത്തിക സഹായം അനുഭവിക്കുക
5. വികലാംഗകർക്കുള്ള ഭവനനിർമ്മാണ തുക വർദ്ധിപ്പിക്കുക.
6. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടംബങ്ങൾക്കായി ഹൗസിംഗ് ക്വാർട്ടേഴ്സ് സമ്പ്രദായം ഏർപ്പെടുത്തുക
7. പാവപ്പെട്ടവർക്ക് പ്രയോജനപ്രദമാം വിധം മിച്ചഭൂമി വിതരണ നടപടികൾ സ്വീകരിക്കുക.
8. പട്ടികജാതി കോളനികളിലെ വീടുകൾ കാലോചിതമായി പരിഷ്കരിക്കുക

9. ഓല മേഞ്ഞ വീടുകൾ ഓടു മേയാൻ വേണ്ട നടപടികൾ സ്വീകരിക്കുക
10. ലക്ഷം വീട് കോളനിയുടെ പിന്നോക്കാവസ്ഥ പരിഹരിച്ച് ഒരു കുടുംബത്തിന് ഒരു വീട് എന്ന ക്രമത്തിൽ വീട് നിർമ്മിച്ചു കൊടുക്കുവാൻ നടപടികൾ സ്വീകരിക്കുക.
11. ലക്ഷം വീട് കോളനി വൈദ്യുതീകരിക്കുകയും പൊതുവഴികളും മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തുകയും ചെയ്യുക
12. ലക്ഷം വീടിന് പട്ടയം നൽകുക

## സാമൂഹ്യക്ഷേമം

വളരേയേറെ കാര്യക്ഷമമായി പ്രവർത്തിക്കേണ്ട ഒരു മേഖലയാണ് ഇത്. സമൂഹത്തിൽ ജാതി വ്യവസ്ഥയുടെയും നാടുവാഴിത്ത സമ്പ്രദായത്തിന്റെയും ഫലമായി ഭൂരിപക്ഷം വരുന്ന സാധാരണജനങ്ങൾ സാമ്പത്തികമായി വളരെയേറെ പിന്നോക്കം നിന്നുപോന്നു.

### (1) IRDP സർവ്വേ

IRDP സർവ്വേ പ്രകാരം ഈ പഞ്ചായത്തിൽ 2255 കുടുംബങ്ങൾ ദാരിദ്യരേഖയ്ക്ക് താഴെയുള്ളവരാണ്. ഇവരിൽ 492 കുടുംബങ്ങൾക്ക് ഈ സ്കീം പ്രകാരം സഹായധനം ലഭിച്ചിട്ടുണ്ട്. ഇതിൽ 9 പട്ടികജാതി കുടുംബങ്ങൾ അടങ്ങിയിട്ടുണ്ട്. 225 കുടുംബങ്ങൾ ഇതുവഴി ദാരിദ്യരേഖയ്ക്ക് മുകളിലെത്തിയവരാണ്.

### (2) DWCRA സർവ്വേ സഹായ ലഭ്യതാ കണക്ക് :

**IRDP സർവ്വേ സഹായ ലഭ്യതാ കണക്ക്**

| IRDP സർവ്വേ പ്രകാരം കണ്ടെത്തിയ കുടുംബ ങ്ങൾ | അവയിൽ SC/ST | സഹായം ലഭിച്ചിരിക്കേണ്ടവരുടെ എണ്ണം | ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവർ |
|---|---|---|---|
| 2255 | 9 | 429 | 225 |

IRDP യുടെ പോഷക പദ്ധതി എന്ന നിലയിൽ DWCRA പദ്ധതി പ്രകാരം കരിങ്കൽ ജില്ലി നിർമ്മാണ രംഗത്തും ഗാർമെന്റ് യൂണിറ്റുകൾക്കും ഇതുവഴി സഹായം ലഭിച്ചിട്ടുണ്ട്.

| തൊഴിൽ സംരംഭത്തിന്റെ ഇനം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | കുറിപ്പ് |
|---|---|---|
| 1. കരിങ്കൽ ജില്ലിനിർമ്മാണം A.K.G. DWCRA യൂണിറ്റ് പാണലാട് | 14 | 5 വർഷം നന്നായി പ്രവർത്തിച്ചു. ലോൺ തിരിച്ചടച്ചതിനുശേഷം 5 സെന്റ് ഭൂമി വാങ്ങി. 3 മാസമായി നിർജീവാവസ്ഥ |
| 2. കരിങ്കൽ ജില്ലി നിർമ്മാണം വനിത DWCRA പട്ടാനൂർ | 15 | ഒരംഗം മരിച്ചു. ഏകദേശം 2 വർഷം പ്രവർത്തിച്ചു |
| 3. ഗാർമെന്റ് യൂണിറ്റ് ചൈതന്യ | 7 | തൃപ്തകരമായ രീതിയിൽ പ്രർത്തനം നടക്കുന്നു |

SEU കക്കൂസ് നിർമ്മാണ പദ്ധതി:

ഈ പദ്ധതി പ്രകാരം നമ്മുടെ പഞ്ചായത്തിൽ വിവിധ വാർഡുകളിലായി 1500 കക്കൂസുകൾ നിർമ്മിച്ചുകൊടുത്തിട്ടുണ്ട്. ഇതിനായി 4,12,500 രൂപ ചെലവഴിച്ചിട്ടുണ്ട്.

ബാലവാടികൾ :

ഈ പഞ്ചായത്തിൽ കൊടോളിപ്രം, പൂവത്തൂർ എന്നിവിടങ്ങളിൽ രണ്ടു ബാലവാടികൾ പ്രവർത്തിച്ചുവരുന്നു.

ശിശുമന്ദിരം:

പഞ്ചായത്തിൽ കൊളപ്പ എന്ന സ്ഥലത്ത് ഒരു ശിശുമന്ദിരമുണ്ട്.

അംഗൻവാടികൾ :

ഈ പഞ്ചായത്തിൽ ഒരംഗൻവാടിപോലും ഇല്ലെന്നുള്ളത് ഏറെ ഖേദകരമാണ്.

വിവിധ പെൻഷനുകൾ:

1. **കർഷകത്തൊഴിലാളി പെൻഷൻ :** ഈ പഞ്ചായത്തിൽ കൂടാളി പട്ടാനൂർ വില്ലേജുകളിലായി മൊത്തം 410 പേർ ഇതിന്റെ ഗുണഭോക്താക്കളാണ്.
2. **വിധവാ പെൻഷൻ :** ഈ പഞ്ചായത്തിലെ 11 വാർഡുകളിലായി 93 വിധവകൾ ഈ ആനുകൂല്യം പറ്റി വരുന്നു.
3. **വാർദ്ധക്യ കാല പെൻഷൻ :** ഈ രംഗത്ത് മൊത്തം 11 പേർ വാർദ്ധക്യകാല പെൻഷൻ ആനുകൂല്യം അനുഭവിച്ചുവരുന്നു.
4. **ട്രൈസം തൊഴിൽ പരിശീലന പദ്ധതി** : വിവിധ ഇനങ്ങളിലായി കൂടാളി, പട്ടാനൂർ വില്ലേജുകളിലായി മൊത്തം 44 പേർ ഇതിന്റെ ഗുണഭോക്താക്കളാണ്.

| ഇനങ്ങൾ | അനുവദിക്കപ്പെട്ട വർഷം | ഗുണഭോക്താക്കൾ |
|---|---|---|
| ഓട്ടോറിക്ഷാ ഡ്രൈവിംഗ് | 1987–88 | 1 |
| ജീപ്പ് ഡ്രൈവിംഗ് | 1988–89 | 1 |
| വെൽഡിംഗ് | 1989–90 | 1 |
| സ്പ്രേ പെയിന്റിംഗ് | 1994–95 | 2 |
| ടൈലറിംഗ് | 1993–94 | 1 |
| ലതർ ബേഗ് | 1994–95 | 1 |
| ഇലക്ട്രിക്കൽ വയറിംഗ് | 1994–95 | 7 |
| റെഡിമെയ്ഡ്സ് | --- | 10 |
| ഹോയിസറി വസ്ത്രനിർമ്മാണം | --- | 10 |
| പ്രിന്റിംഗ് ആന്റ് കമ്പോസിംഗ് | --- | 10 |

പ്രശ്നങ്ങൾ (ഗ്രാമസഭാ ക്രോഡീകരണം)

1. ഈ പഞ്ചായത്തിലെ ചോല, കോവൂർ തുടങ്ങിയ സ്ഥലങ്ങളിൽ മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ സ്ഥാപിക്കുക
2. പഞ്ചായത്തിലെ കക്കൂസുകളില്ലാത്ത വീടുകൾക്ക് കക്കൂസ് നിർമ്മിച്ചു കൊടുക്കുക
3. ഈ പഞ്ചായത്തിൽ ഒരു മാവേലി സ്റ്റോർ സ്ഥാപിക്കുക
4. ഈ പഞ്ചായത്തിലെ കൊളോളത്ത് ഒരു Post office സ്ഥാപിക്കുക
5. അർഹതപ്പെട്ടവർക്ക് കർഷക-വിധവാ പെൻഷനുകൾ ലഭ്യമാക്കുക
6. വിദഗ്ദ ചികിത്സ ആവശ്യമായി വരുന്ന പാവപ്പെട്ടവർക്ക് സാമ്പത്തികസഹായം നൽകുക.
7. വാർദ്ധക്യ സഹജമായ ദുരിതമനുഭവിക്കുന്നവർക്ക് സഹായം നൽകുക
8. 5-ാം വാർഡിലെ മാര്യോട്ടിൻമൂല, 9-ാം വാർഡിലെ കാളാമ്പ്രത്തട്ട്, 7-ാം വാർഡിലെ ലക്ഷം വീട് കോളനി എന്നിവിടം വൈദ്യുതീകരിക്കുക
9. നിർദ്ധന കുടംബങ്ങളിലെ പെൺകുട്ടികൾക്ക് വിവാഹസഹായം ലഭ്യമാക്കുക.
10. പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിലായി (ഇരിക്കൂർ പാലം, ആയിപ്പുഴ മരമില്ല്) ബസ്സ് വെയിറ്റിംഗ് ഷെഡുകൾ സ്ഥാപിക്കുക
11. മുഴുവൻ അഗതികൾക്കും വികലാംഗകർക്കും സർവ്വേ നടത്തി പെൻഷൻ പദ്ധതി നടപ്പിലാക്കുക
12. പാളാട് എൽ.പി. സ്ക്കൂളിന് സമീപം ഒരു ബാലവാടി സ്ഥാപിക്കുക
13. റേഷൻ കടകൾ വഴി നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുക.
14. വാണിവിലാസം വായനശാല പരിസരത്ത് ഒരു ED Post Office സ്ഥാപിക്കുക
15. കുന്നോത്ത് യു.പി. സ്ക്കൂളിന് സമീപം ഒരു തപാൽപെട്ടി സ്ഥാപിക്കുക
16. പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ഫീസിളവും സൗജന്യമായി പഠനോപകരണങ്ങളും വിതരണം ചെയ്യുക
17. ദുർബല വിഭാഗങ്ങൾക്ക് വീട് നിർമ്മിക്കാനാവശ്യമായ സഹായപദ്ധതി പുനരാവിഷ്കരിക്കുക
18. കൊളപ്പ ലക്ഷം വീട് കോളനിയിൽ വേണ്ട രീതിയിൽ ജല വിതരണം നടപ്പിലാക്കുക
19. ചിത്രാരിയിലുള്ള സർക്കാർ ഭൂമിരഹിതർക്ക് 5 സെന്റ് വീതം ഭവന നിർമ്മാണത്തിനായി പതിച്ചു നൽകുക
20. പഞ്ചായത്തിൽ ഒരു കാർപ്പെന്ററി പരിശീലനകേന്ദ്രം സ്ഥാപിക്കുക.
21. പഞ്ചായത്തിലെ 65 വയസ്സ് കഴിഞ്ഞവർക്ക് ഉപാധിയില്ലാതെ പെൻഷൻ അനുവദിക്കുക
22. മുട്ടന്നൂരിൽ ഒരു റേഷൻ കട അനുവദിക്കുക
23. എല്ലാ വാർഡിലും ആരോഗ്യ കുടുംബക്ഷേമ, സാമൂഹ്യ, സാംസ്ക്കാരിക, പരിസ്ഥിതി, വനവൽക്കരണ, ക്ലാസ്സുകൾ പഞ്ചായത്ത് വകയും ക്ലബുകളുമായി സഹകരിച്ചും നടപ്പിലാക്കുക
24. സാമൂഹ്യക്ഷേമ പദ്ധതികളുടെ ദുർവിനിയോഗം തടയുക
25. ഗ്രാമവൈദ്യുതീകരണ പദ്ധതികൾ ത്വരിതപ്പെടുത്തുക
26. തൊഴിൽ മേഖലയിലെ സേവന വേതന നിലവാരം മെച്ചപ്പെടുത്തുക
27. തൊഴിലില്ലാത്ത യുവാക്കൾക്ക് തൊഴിൽ നൽകാനാവശ്യമായ സംരംഭങ്ങൾ സഹകരണ മേഖലയിൽ നടപ്പിലാക്കുക
28. കൊളപ്പ ശിശുമന്ദിരം സാമൂഹ്യ ക്ഷേമ കേന്ദ്രമാക്കി മാറ്റുക
29. നാലു പെരിയ കേന്ദ്രമാക്കി ശിശുസംരക്ഷണ കേന്ദ്രം സ്ഥാപിക്കുക
30. മുട്ടന്നൂരിൽ ഒരു മാതൃശിശു സംരക്ഷണ കേന്ദ്രം അനുവദിക്കുക
31. 7-ാം വാർഡ് കേന്ദ്രീകരിച്ച് ഒരു കുട്ടികളുടെ പാർക്ക് സ്ഥാപിക്കുക
32. കാവും താഴ കേന്ദ്രീകരിച്ച് ഒരു ശിശു സംരക്ഷണ കേന്ദ്രം സ്ഥാപിക്കുക
33. വീട് വെയ്ക്കാൻ ഭൂമിയില്ലാത്ത വികലാംഗർക്ക് പഞ്ചായത്ത് വക സ്ഥലവും ധനസഹായവും നൽകുക

34. വികലാംഗർക്ക് വ്യക്തിഗത വരുമാനം നോക്കി പെൻഷൻ ഏർപ്പെടുത്തുക
35. സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വികലാംഗർക്ക് പരിശീലനവും പ്രത്യേക വായ്പാ പദ്ധതിയും നടപ്പിലാക്കുക
36. എല്ലാ സ്കൂളുകളിലും 20 കുട്ടികൾക്ക് ഒന്ന് എന്ന ക്രമത്തിൽ യൂറിനൽ, കുടിവെള്ളടാപ്പ് കക്കൂസ്, എന്നിവ നിർമ്മിക്കുക.
37. കൂടളിതെരു, ബീരങ്കിബസാർ, കാവുന്താഴ്, കൂടാളി, കരിങ്കച്ചാൽ, പുലിക്കാട്, കുംഭം, മൂലക്കരി, കാനച്ചേരി, പള്ളിപ്പൊയിൽ, മുട്ടന്നൂർ, കൊളോളം, മാര്യോട്ടുംമൂല, പെരുമ്പ, കണ്ണിത്താറ്റിൻമൂല, കോവൂർ, പട്ടാമൂർ, കൊളപ്പ, തുമ്പോൽ, കാളാമ്പാറ, ആയിപ്പുഴ, തുമ്പോൽ, ആമേരി എന്നിവിടങ്ങളിൽ അങ്കണവാടികൾ സ്ഥാപിക്കുക.

**സാദ്ധ്യതകൾ**

1. അങ്കണവാടികൾ ആരംഭിക്കുക. ഓരോ വാർഡിലും സ്ഥലത്തിന്റെ പ്രത്യേകത കണക്കിലെടുത്ത് കുറഞ്ഞത് 2 വീതം
2. അർഹരായവർക്ക് മുഴുവൻ പെൻഷൻ ആനുകൂല്യം ഉറപ്പ് വരുത്തുക
3. മദ്യനിരോധന ബോധവൽക്കരണം ഉർജ്ജിതമാക്കുക. മറ്റ് ബോധവൽക്കരണ പരിപാടികൾ ഊർജ്ജിതമാക്കുക
4. ദാരിദ്ര്യ നിർമ്മാർജ്ജന ക്ഷേമ പദ്ധതിയെപ്പറ്റിയുള്ള അറിവ് രാഷ്ട്രീയ-സാമൂഹിക പ്രവർത്തകർക്ക് നൽകണം
5. സാമൂഹികമായി പിന്നോക്കം നിൽക്കുന്നവർക്ക് ജനകീയ ബോധവല്ക്കരണ പദ്ധതികൾ നടപ്പിലാക്കുക
6. CRSP സ്കീം പ്രകാരം നൽകുന്ന തുക വർദ്ധിപ്പിക്കുക
7. സ്കോളർഷിപ്പ് തുകകൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ മക്കൾക്ക് മാത്രമായി നിജപ്പെടുത്തുക
8. DWCRA യൂണിറ്റുകൾ ആരംഭിക്കുവാൻ പ്രോത്സാഹനം നൽകണം. പുരുഷന്മാർക്കും ഇതുപോലുള്ള സ്ക്കീം തുടങ്ങണം.
9. ഒരു ഗ്രൂപ്പിലെ സ്ത്രീകളുടെ എണ്ണം 10ൽ നിന്നും 5 ആയി കുറയ്ക്കണം.
10. ട്രൈസം പദ്ധതി പ്രകാരം സ്വയം തൊഴിൽ പരിശീലനം നേടുന്നവരെ തൊഴിൽ ചെയ്യിക്കുന്നതിനുള്ള പ്രോത്സാഹനവും പ്രേരണയും നലക്ണം.
11. വരുമാനം വർദ്ധിപ്പിക്കാൻ തൊഴിലവസരങ്ങൾ സൃഷ്ടിക്കണം
12. DWCRA യൂണിറ്റുകൾ മഹിളാസമാജം മുഖേന നടത്താവുന്നതാണ്.
13. വിപണന സൗകര്യം ഏർപ്പെടുത്തിക്കൊണ്ടുള്ള പിൻതുണ അവർക്ക് നൽകണം
14. പഞ്ചായത്തിൽ ലഭ്യമാവുന്ന അസംസ്കൃത വസ്തുക്കളും വിപണന സാധ്യതകളും കണ്ടെത്തി വേണം DWCRA യൂണിറ്റുകൾ തുടങ്ങാൻ
15. നിത്യരോഗികൾക്ക് പ്രതിമാസം 300 രൂപയിൽ കുറയാതെ പെൻഷൻ അനുവദിക്കുക

# സംസ്കാരം

സമ്പന്നമായ സാംസ്കാരിക പാരമ്പര്യവും ഏറെ ചരിത്ര പ്രാധാന്യവും രാഷ്ട്രീയ ഭൂതകാലവും ഉൾക്കൊള്ളുന്ന ഒരു വലിയ ഗ്രാമമാണ് പഴയ വടക്കൻ കോട്ടയം താലൂക്കിൽ ഉൾപ്പെട്ട കൂടാളി ഗ്രാമ പഞ്ചായത്ത്. നിരവധി ചരിത്ര രേഖകളിലും പുസ്തകത്താളുകളിലും സ്ഥാനം ലഭിച്ച കൂടാളി പഴയ പ്രതാപം തോളിലേറ്റുമ്പോൾ തന്നെ നിരവധി സാമൂഹിക സാംസ്ക്കാരിക പ്രശ്നങ്ങളെ അഭിമുഖീകരിക്കുകയാണ്

പഞ്ചായത്തിന്റെ സാമൂഹിക – സാംസ്ക്കാരിക മാറ്റങ്ങൾക്ക് നേതൃത്വമേകിയ നിരവധി സംഘടനകളും സ്ഥാപനങ്ങളും ഇന്നും സജീവമായി പ്രവർത്തിച്ചു വരുന്നുണ്ട്. അതിൽ പ്രധാനപ്പെട്ടത് കൂടാളി പൊതുജന വായനശാല ആന്റ് ഗ്രന്ഥാലയമാണ്. 1942 ൽ സ്ഥാപിച്ച് ഈ അക്ഷര വിതരണകേന്ദ്രം സുവർണ്ണജൂബിലി ആഘോഷിച്ചത് 1992ൽ ആണ്. കഴിഞ്ഞ വർഷം സുവർണ്ണ ജൂബിലി ആഘോഷിച്ച കൂടാളി ഹൈസ്ക്കൂൾ ഈ ഗ്രാമത്തിന്റെ സാമൂഹിക വിപ്ലവത്തിന് തിരികൊളുത്തുകയും സാംസ്ക്കാരിക മുന്നേറ്റത്തിൽ ഒപ്പം നടക്കുകയും ചെയ്ത് സ്ഥാപനമാണ്. വിജ്ഞാനത്തിനായി ദാഹിച്ച ഒരു ഗ്രാമത്തിന്റെ നിറഞ്ഞ പിന്തുണയും പ്രോത്സാഹനവുമാണ് ഈ ''സരസ്വതീ ക്ഷേത്രം'' ഉയർന്നു വരുന്നതിനും ഇത്രയേറെ പന്തലിച്ചു നിൽക്കാനും ഇടയായത് എന്നതിൽ കൂടാളിക്ക് അഭിമാനിക്കാം. മഹാകവി പി.കുഞ്ഞിരാമൻ നായരുടെ ഏറെ നാളത്തെ സാന്നിധ്യം കൊണ്ട് അനുഗ്രഹീതമായ വിദ്യാലയമാണിത്.

കൂടാളി പഞ്ചായത്തിൽപെട്ട കൂടാളി, പൂവ്വത്തൂർ, മുട്ടന്നൂര്, കൊടോളിപ്രം എന്നീ പ്രദേശങ്ങളുടെ അധീശത്വം ഒരു കാലത്ത് കാടാളി താഴത്തു വീട്ടിലെ പ്രഭു കുടുംബത്തിനായിരിന്നു. ഈ കുടംബത്തെക്കുറിച്ച് നിരവധി പുസ്തകത്താളുകളിൽ പരാമർശമുണ്ട്. ഈ കുടുംബത്തിന്റെ കീഴിലായിരുന്ന ഇവിടുത്തെ ജനതയിൽ ഭൂരിഭാഗവും സാമൂഹികമായി വളരെ പിന്നോക്കാവസ്ഥയിലായിരുന്നു. ഇക്കാലത്ത് രൂക്ഷമായ ജാതി സമ്പ്രദായം നിലനിന്നിരുന്നു. സ്ത്രീകൾക്ക് മാറുമറക്കാനും പുരുഷന്മാർക്ക് മുട്ടു മറച്ച് മുണ്ടുടുക്കാനും പഴയ കാലത്ത് സാധിച്ചിരുന്നില്ല. തങ്ങൾക്ക് ജനിക്കുന്ന കുഞ്ഞുങ്ങൾക്ക് നല്ലൊരു പേരുപോലും വിളിക്കാൻ താഴ്ന്ന ജാതിയിൽപ്പെട്ടവർക്ക് അവകാശമുണ്ടായിരുന്നില്ല.

നാടൻ കലകൾക്ക് ഏറെ വേരോട്ടം ലഭിച്ച മണ്ണാണ് കൂടാളി പഞ്ചായത്തിലേത്. തെയ്യം തിറകളുടേയും കാവുകളുടേയും സംഗമ ഭൂമിയാണ് കൂടാളി. വീരപൗരുഷത്തിന്റെ ധീര സ്മരണകൾ ഉറങ്ങുന്ന കൂടാളി താഴത്തു വീട്ടിലെ ''ഒന്നൂറ് നാല്പത് (മുപ്പത്തി ഒൻപത്) തെയ്യങ്ങളെക്കുറിച്ച് ഏറെ പഠനങ്ങൾ തന്നെ നടന്നിട്ടുണ്ട്. പൊട്ടൻ തെയ്യം, കുട്ടിച്ചാത്തൻ, തീചാമുണ്ടി, പുതിയ ഭഗവതി, പരത്തി വീരൻ, ഭദ്രകാളി, കണ്ഠകർണ്ണൻ, ഗുളികൻ തുടങ്ങിയവയാണ് ഈ പ്രദേശങ്ങളിൽ കെട്ടി ആടിക്കാറുള്ള അനുഷ്ഠാനകലകോലങ്ങൾ കൂടാതെ നാലോളം കാവുകളും പഞ്ചായത്തിലുണ്ട്. കാവുകളെ കേന്ദ്രീകരിച്ച് പല ഐതീഹ്യങ്ങളും നിലവിലുണ്ട്.

വഴിയാത്രക്കാർക്ക് ദാഹം ജലം നൽകാൻ സ്ഥാപിച്ച കൊളപ്പയിലെ ''തണ്ണീർ പന്തലിന്' നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. സൗജന്യമായി ഇവിടെ നിന്നും മോരും വെള്ളം വിതരണം ചെയ്തിരുന്നത് ഒരു പ്രത്യേക സ്ഥാനക്കാരായിരുന്നു. ജില്ലാ ടൂറിസം ഭൂപടത്തിൽ സ്ഥാപിച്ച യോഗി നിമംതാ ആശ്രമം കൂടാളി പഞ്ചായത്തിലാണ്

പതിനാറ് വായനശാല ആന്റ് ഗ്രന്ഥാലയങ്ങളും 24 കലാ–കായിക സാംസ്കാരിക ക്ലബ്ബുകളും പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളായി പ്രവർത്തിച്ചു വരുന്നുണ്ട്. പഞ്ചായത്തിലെ പതിനൊന്ന് വായനശാലകൾക്ക് പഞ്ചായത്ത് സൗജന്യമായി പത്രം നൽകുന്നുണ്ട്. (ക്ലബ്ബുകളുടെയും വായനശാലകളുടെയും വിശദമായ ചിത്രം അന്യത്ര ചേർത്തിരിക്കുന്നു.) കേരള ശാസ്ത്ര സാഹിത്യപരിഷത്ത്, യുവകലാസാഹിതി, മാതൃഭൂമി സ്റ്റഡീസർക്കിൾ, കേരള യുക്തിവാദി സംഘം, പരിസ്ഥിതി സംരക്ഷണ സമിതി, ഉപഭോക്തൃ ഏകോപന സമിതി എന്നിവയുടെ ഘടകങ്ങളും വിവിധ പ്രദേശങ്ങളിലായി പ്രവർത്തിക്കുന്നു. പഞ്ചായത്ത് സാംസ്ക്കാരിക നിലയത്തിന്റെ രണ്ടുനില കെട്ടിടം സ്ഥിതി ചെയ്യുന്നത് കൊളോളത്താണ്.

ലൈബ്രറി, വായനശാല എന്നീ ആവശ്യങ്ങൾക്കായി 1995-96 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് 27421.60 രൂപ ചിലവഴിച്ചിട്ടുണ്ട്. മൊത്തം ചിലവിന്റെ1.73%

ഹിന്ദുക്കളും മുസ്ലിങ്ങളും ഉൾപ്പെട്ടതാണ് ഇവിടത്തെ മത വിഭാഗങ്ങൾ. ഇതിൽ ഹിന്ദുക്കൾ വിവിധ ഉപജാതികളിലായി ചിതറികിടക്കുന്നു. മുസ്ലീങ്ങൾക്കിടയിൽ അഹമ്മദീയ മതത്തിൽ വിശ്വസിക്കുന്നവരും കൂടാളിയിലുണ്ട്. ഇവരുടെതായ ഒരു പള്ളിയും സ്ക്കൂളും പഞ്ചായത്തിലുണ്ട്. ഈ മത വിഭാഗത്തിലുള്ളവർ വിദ്യാഭ്യാസ പരമായി മുന്നിലാണ്.

ഹിന്ദുക്കളുടെതായി മുപ്പതോളം ക്ഷേത്രങ്ങളും മുസ്ലീങ്ങളുടേതായി പത്തോളം പള്ളികളും പഞ്ചായത്തിലുണ്ട്. ജനസംഖ്യയിൽ ഹിന്ദുക്കളാണ് കൂടുതൽ. 1793 ൽ കൂടാളിയിലെ മാപ്പിളമാർ ഒരു പള്ളി പണിയുന്നതുമായി ബന്ധപ്പെട്ട് പഴശ്ശിരാജാവുമായി ഉണ്ടായ ഏറ്റുമുട്ടൽ ഒഴിച്ചാൽ ചരിത്രത്തിൽ ഇന്നേ വരെ മതസൗഹാർദ്ദം ഉയർത്തിപ്പിടിച്ച കഥയാണ് ഈ ഗ്രാമത്തിനുള്ളത്.

പഴയ മദ്രാസ് അസംബ്ലിയിൽ അംഗവും ദേശീയ പ്രസ്ഥാനത്തിന്റെ സജീവ നേതാവുമായിരുന്ന കെ.ടി.കുഞ്ഞിക്കമ്മാരൻ നമ്പ്യാർ കെ.പി.സി.സി. പ്രസിഡണ്ടായിരുന്ന കെ.ടി. കുഞ്ഞിരാമൻ നമ്പ്യാർ എന്നിവർ കൂടാളിക്കാരായിരുന്നു. ദേശീയ അദ്ധ്യാപക അവാർഡ് നേടിയ എം.കെ. രാമകൃഷ്ണൻ മാസ്റ്റർ, വാണീദാസ് എളവായൂർ എന്നിവർ കൂടാളി ഹൈസ്ക്കൂളിലെ അദ്ധ്യാപകരായിരുന്നു. സംസ്ഥാന അദ്ധ്യാപക അവാർഡ് ജേതാക്കളായ കെ.കുഞ്ഞിക്കേളപ്പൻ നമ്പ്യാർ, പി.കെ. തമ്പാൻ നമ്പ്യാർ, ടി.വി വേണുമാസ്റ്റർ, പള്ളിയറ ശ്രീധരൻ എന്നിവരും ഈ ഗ്രാമത്തിന്റെ സന്തതികളാണ്. നിരവധി ഗണിത ശാസ്ത്ര ഗ്രന്ഥങ്ങളുടെ കർത്താവുകൂടിയാണ് പള്ളിയറ ശ്രീധരൻ. മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റിയിലെ രസതന്ത്ര വിഭാഗം തലവൻ ഡോ. എം. പത്മനാഭൻ, അമേരിക്കയിൽ നരവംശ ശാസ്ത്രത്തിൽ ഗവേഷകനായ ഡോ. കണ്ണൻ പി.നമ്പ്യാർ, കവി കുഞ്ഞപ്പ പട്ടാനൂർ, എഴുത്തുകാരനായ കെ.ടി. ഗോപീന്ദ്രനാഥ് എന്നിവരും കൂടാളി പഞ്ചായത്തിലുള്ളവരാണ്. കൊളോളത്തുനിന്നും സരിഗ എന്ന പേരിൽ ഒരു കൊച്ചു മാസികയും പ്രസിദ്ധീകരിച്ചു വരുന്നുണ്ട്.

ഓണാഘോഷങ്ങളിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ആഘോഷ പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. ഇതിൽ വളപട്ടണം പുഴയിൽ നിടുകുളം കേന്ദ്രീകരിച്ച് നടക്കുന്ന വള്ളം കളി പ്രോത്സാഹനാർഹമാണ്. ഇത് സ്ഥിരമായി സംഘടിപ്പിക്കാൻ സാധിക്കണം. സാമ്പത്തികമായി ശരാശരിയിൽ നിൽക്കുന്ന ജന വിഭാഗമായിട്ടും പത്രങ്ങളും മറ്റ് ആനുകാലിക പ്രസിദ്ധീകരണങ്ങളുടെയും പ്രചാരം സാമാന്യം കൂടുതലാണ്. റേഡിയോ, ടി.വി. എന്നിവയും വ്യാപകമാണ്.

വടക്കൻ പാട്ടിന്റെ ഭാഗമായ നാട്ടിപ്പാട്ടുകളുടെ കേന്ദ്രമായിരുന്നു നമ്മുടെ പഞ്ചായത്തെങ്കിലും നെൽവയലുകൾ കുറഞ്ഞതോടെ നാട്ടിനടലും നാട്ടിപ്പാട്ടുകളും അന്യമായിരിക്കുകയാണ്. സാമൂഹിക-സാംസ്ക്കാരിക- രാഷ്ട്രീയരംഗങ്ങളിൽ സ്ത്രീ പങ്കാളിത്തം വളരെ കുറവുള്ള പഞ്ചായത്താണ് കൂടാളി.

**നിർദ്ദേശങ്ങൾ:**

1. പഞ്ചായത്ത് സാംസ്ക്കാരിക നിലയം പ്രവർത്തനക്ഷമമാക്കുക
2. കുംഭത്തിലെ വായനശാല പുനരുദ്ധരിക്കുക
3. ചോലയിലെ പൂട്ടികിടക്കുന്ന പൊതുജനവായനശാല തുറന്ന പ്രവർത്തിപ്പിക്കുക
4. ചോലയിലെ കള്ള് ഷാപ്പ് നീക്കം ചെയ്യുക
5. നിടുകുളം, അഞ്ചാം പീടിക, ചുണ്ടോൽ, കൊളപ്പ, പാണലാട് എന്നിവിടങ്ങളിലുള്ള വായനശാലകളിൽ ആനുകാലിക പ്രസിദ്ധീകരണങ്ങൾ വിതരണം ചെയ്യുക.
6. മുട്ടന്നൂർ ഗ്രാമോദ്ധാരണ വായനശാലയ്ക്ക് പത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും വിതരണം ചെയ്യുക
7. സാംസ്ക്കാരിക രംഗത്തെ മൂല്ല്യച്യുതി പരിഹരിക്കുക
8. നെല്ലിക്കുറ്റി ഗ്രാമദീപം, പാളാട്ട് നവപ്രഭ വായന ശാലകൾക്ക് പത്രമാസികകൾ അനുവദിക്കുക

**സാധ്യതകൾ**

1. പഞ്ചായത്ത് സാംസ്ക്കാരിക നിലയത്തിൽ ലൈബ്രറി സൗകര്യം ഏർപ്പെടുത്തുകയും ലൈബ്രേറിയനെ നിയമിക്കുകയും ചെയ്യുക. കലാ സാംസ്കാരിക പരിപാടികൾക്ക് സൗജന്യമായി സാംസ്ക്കാരിക നിലയം അ നുവദിക്കുക
2. കാനിച്ചേരിയിലും മൂലക്കരിയിലും വായനശാല സ്ഥാപിക്കുക
3. കുംഭം വായനശാലയിൽ റേഡിയോ, ടി.വി, കുട്ടികളുടെ കോർണർ എന്നിവ അനുവദിക്കുകയും ലൈബ്രറിയനെ നിയമിക്കുകയും ചെയ്യുക
4. ആയിപ്പുഴ സ്ക്കൂൾ പരിസരത്ത് ഒരു വായനശാലയും ഗ്രന്ഥാലയവും തുടങ്ങുക
5. പഞ്ചായത്ത് ശിശുമന്ദിരത്തിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തി കൊളപ്പയിൽ ഒരു പഞ്ചായത്ത് ഗ്രന്ഥശാല ആരംഭിക്കുക
6. കൊളപ്പ കേന്ദ്രമാക്കി ഒരു കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുക.
7. കൊളപ്പയിലെ യുവധാര ക്ലബ്ബിന് സാമ്പത്തിക സഹായം ലഭ്യമാക്കുക
8. നിടുകുളത്തെ വായനശാലയുടെയും ക്ലബ്ബിന്റെയും പ്രവർത്തനത്തിന് സാമ്പത്തിക സഹായം നൽകുക
9. മുട്ടന്നൂർ നവോദന വായനശാലയ്ക്കും നെല്ലിക്കുറ്റി ഗ്രാമദീപം വായനശാലയ്ക്കും കൊളോളം എസ്.പി.എസ് വായനശാലയ്ക്കും കെട്ടിടം നിർമ്മിക്കാൻ സാമ്പത്തി സഹായ ലഭ്യമാക്കുക
10. ഇന്ദിരാ വികാസ് കോളിനി (കൊടോളി പ്രം) ടി.വി സെറ്റ് അനുവദിക്കുക.
11. കൂടാളി പൊതുജന വായനശാലയിൽ പ്രവർത്തിക്കുന്ന ജന വിദ്യാകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ സാക്ഷരതാ വിദ്യാഭ്യാസം തുടർന്നു നടത്തുകയും വായനശാലയുമായി ബന്ധപ്പെട്ട് ഉപകരണ സംഗീതത്തിലും നൃത്തത്തിലും പരിശീലനം കൊടുക്കുവാനുള്ള സൗകര്യം ഉണ്ടാക്കുകയും ചെയ്യുക. ജിംനേഷ്യം/കളരി തുടങ്ങിയവ ആരംഭിക്കുവാനുള്ള സൗകര്യം ചെയ്ത് കൊടുക്കുക
12. സജീവമായി പ്രവർത്തിക്കുന്ന വായനശാലകൾക്ക് പത്രമാസികകളും, ടി.വി., റേഡിയോ എന്നിവയും സൗജന്യമായി നൽകുക
13. പഞ്ചായത്ത് മേളകൾ സംഘടിപ്പിക്കുമ്പോൾ വ്യാപകമായ പ്രചരണം നല്കുക
14. സാക്ഷരതാ പ്രവർത്തനം കാര്യക്ഷമമാക്കുകയും ജനവിദ്യാകേന്ദ്രങ്ങൾ സജീവമാക്കുകയും ചെയ്യുക
15. വായനശാലകളെ വൈദ്യുതി ചാർജിൽനിന്നും ഒഴിവാക്കാൻ വേണ്ടത് ചെയ്യുക
16. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും, വർദ്ധിച്ചുവരുന്ന വിവാഹധൂർത്തിനും സ്ത്രീപീഡനങ്ങൾക്കും എതിരായി വ്യാപകമായ പ്രചരണം സംഘടിപ്പിക്കുക
17. സജീവമായി പ്രവർത്തിച്ചുവരുന്ന സാംസ്കാരിക സംഘടനകൾക്കും സ്ഥാപനങ്ങൾക്കും ഗ്രാന്റ് അനുവദിക്കുക
18. നാടൻ കലകളെയും നാടൻ പാട്ടുകളെയും സംരക്ഷിക്കാൻ ആവശ്യമായത് ചെയ്യുക, പറ്റുമെങ്കിൽ പഞ്ചായത്ത് നാടൻ കലാ അക്കാഡമിക് രൂപം കൊടുക്കുന്നത് നന്നായിരിക്കും
19. കലാ-കായിക മേളകൾ, പഠനയാത്ര, വാർഡ്തല സാംസ്ക്കാരിക മേള എന്നിവ സംഘടിപ്പിക്കുക
20. ഉപയോഗിക്കാതെ കിടക്കുന്ന പഴശ്ശി ഇറിഗേഷൻ പ്രോജക്ടിന്റെ (അത്തിപ്പീടിക) സ്ഥലം ഒരു സാംസ്ക്കാരിക കേന്ദ്രമാക്കി മാറ്റുക
21. പഞ്ചായത്ത് തലത്തിൽ കലാസാഹിത്യ സംഘടനകളുടെയും സ്ഥാപനങ്ങളുടെയും ഒരു കോ-ഓഡിനേഷൻ കമ്മറ്റി രൂപീകരിക്കുക
22. വളപട്ടണം പുഴയിൽ നിടുകുളം കേന്ദ്രമാക്കി വർഷം തോറും വള്ളം കളിയും ജലഘോഷയാത്രയും സംഘടിപ്പിക്കുക
23. നല്ല സിനിമകളെ പ്രോത്സാഹിപ്പിക്കാൻ വീഡിയോ ക്ലബ്ബുകൾ രൂപീകരിക്കുക

**കായിക സംസ്കാരം:** കായിക രംഗത്ത് പറയത്തക്ക നേട്ടങ്ങളൊന്നും അവകാശപ്പെടാനില്ലെങ്കിലും അടുത്ത കാലത്ത് വളർന്നു വന്ന സ്പോർട്സ് ക്ലബ്ബുകൾ ഈ രംഗത്തെ സാധ്യത വർദ്ധിപ്പിക്കുന്നുണ്ട്.

സ്പോർട്സ് കൗൺസിൽ അംഗത്വമുള്ള പട്ടാന്നൂർ യുവധാര ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബും ജില്ലാ വോളിബോൾ അസോസിയേഷനിൽ അംഗത്വമുള്ള കൂടാളി ലിബർട്ടി സ്പോർട്ട്സ് ആൻഡ് ആർട്സ് ക്ലബ്ബും സജീവമായി ഈ രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ്. ഫുട്ബോൾ, വോളിബോൾ എന്നിവയായിരുന്നു അടുത്തകാലം വരെ ഈ ഗ്രാമത്തിലെ പ്രധാന കായിക വിനോദങ്ങൾ. എന്നാൽ പുതിയ തലമുറയെ ക്രിക്കറ്റ് ജ്വരം വ്യാപകമായി പിടികൂടിയിരിക്കുന്നു. ചെസ്സ്, കാരംസ് എന്നിവയും ക്ലബ്ബുകൾ കേന്ദ്രീകരിച്ച് നടക്കുന്ന കായിക വിനോദങ്ങളിൽ ഉൾപ്പെടുന്നു. കബഡി, കോൽക്കളി, ചട്ടികളി, ഇട്ടിയും കോലുംകളി, ആട്ടകളി, കണ്ണാടം പൊത്തിക്കളി, കള്ളനും പോലീസും കളി, ഗോട്ടികളി, കൊത്തംകല്ല്കളി, അടിച്ചു പാച്ചൽ കളി എന്നിവ കൂടാളി ഗ്രാമപഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ പ്രചാരത്തിലുണ്ടായിരുന്ന നാടൻ കളികളാണ്. എന്നാൽ ഇതൊക്കെ നമ്മുടെ നാട്ടിൽ നിന്നും അന്യം നിന്നു വരികയാണ്. കൂടാളി ഹൈസ്ക്കൂൾ മിനിസ്റ്റേഡിയവും കൊളപ്പയിലുള്ള പഞ്ചായത്ത് ഗ്രൗണ്ടും ആണ് പ്രധാന കായിക പരിശീലന കേന്ദ്രങ്ങൾ. പഞ്ചായത്തിലെ ഭൂരിഭാഗം സ്ക്കൂളുകളിലും പേരിനുമാത്രമുള്ള കളിസ്ഥലങ്ങൾ വിദ്യാർത്ഥികളുടെ കായിക ക്ഷമത പ്രകടിപ്പിക്കുന്നതിനും വളർത്തുന്നതിനും തീരെ ഉപയുക്തമല്ല.

**നിർദ്ദേശങ്ങൾ, സാധ്യതകൾ**

1. ചോലയിൽ ഒരു പൊതുകളിസ്ഥലം നിർമ്മിക്കുക.
2. കൊളപ്പയിലെ പഞ്ചായത്ത് ഗ്രൗണ്ട് ഉപയോഗയോഗ്യമാക്കുക
3. അഞ്ചാം പീടികയിൽ ക്ലബ്ബിന്റെ സ്വന്തം സ്ഥലത്ത് നിർമ്മിച്ചുകൊണ്ടിരിക്കുന്ന കളിസ്ഥലത്തിന്റെ പണി പൂർത്തിയാക്കാൻ സഹായം നൽകുക
4. കായിക സംസ്കാരത്തിന്റെ പ്രാധാന്യം പൊതുജനങ്ങളിൽ എത്തിക്കാൻ ബോധവത്ക്കരണം നടത്തുക
5. പഞ്ചായത്തുതലത്തിൽ കുട്ടികളുടെ ഒളിമ്പിക്സ് സംഘടിപ്പിക്കുക
6. നല്ല സൗകര്യങ്ങളോടുകൂടിയ കളിസ്ഥലം എല്ലാ സ്ക്കൂളികളിലും നിർമ്മിക്കുക
7. നാടൻ കായിക വിനോദങ്ങൾ സംരക്ഷിക്കുക
8. തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട മത്സരങ്ങൾ സംഘടിപ്പിക്കുക
9. നാടൻ കുളങ്ങൾ ഉപയോഗപ്രദമാക്കി നീന്തൽ സംസ്കാരം പ്രോത്സാഹിപ്പിക്കുക
10. വിദ്യാലയങ്ങൾക്കും സ്പോർട്സ് ക്ലബ്ബുകൾക്കും ആവശ്യമായ സ്പോർട്സ് ഉപകരണങ്ങൾ വിതരണം ചെയ്യുക.

## നിലവിലുള്ള ഗ്രന്ഥാലയങ്ങൾ

| നമ്പർ | പേരും മേൽവിലാസവും | സ്ഥാപിച്ച വർഷം | കെട്ടിടം സ്വന്ത മാണോ | മെമ്പർ മാരുടെ എണ്ണം | പുസ്തക ങ്ങളുടെ എണ്ണം | പുസ്തക വിതരണം മാസത്തിൽ | വാർഡ് | സർക്കാർ ഗ്രാന്റ് | മറ്റ് വിവരങ്ങൾ |
|---|---|---|---|---|---|---|---|---|---|
| 1. | പ്രതിഭ വായനശാല & ഗ്രന്ഥാലയം, കുന്നോത്ത് | 1982 | അതെ | 100 | 1847 | 230 | XI | ഉണ്ട് | വനിതാവേദി, ബാലവേദി, യുവജനവേദി |
| 2. | വാണി വിലാസം ഗ്രന്ഥാലയം കൊടോളിപ്രം | 1952 | അതെ | 100 | 4600 | 2000 | XI | ഉണ്ട് | കലാസാംസ്ക്കാരിക പ്രവർത്തനങ്ങൾ |
| 3. | പൊതുജനവായനശാല പാണലാട് | 1950 | അല്ല | 50 | 150 | -- | VII | ഇല്ല | സമൂഹിക-സാംസ്ക്കാരിക പ്രവർത്ത നങ്ങൾ |
| 4. | പൊതുജനവായനശാല ചുണ്ടോൽ | 1989 | അതെ | 20 | -- | -- | VII | ഇല്ല | പ്രവർത്തനം നിർജ്ജീവമാണ് |
| 5. | അഴീക്കോടൻ സ്മാരക വായനശാല-നിടുകുളം | 1984 | അതെ | 50 | 500 | 50 | VII | ഇല്ല | വനിതാവേദി, ബാലവേദി യുവജനവേദി |
| 6. | വിജ്ഞാനകൗമുദി വായനശാല & ഗ്രന്ഥാലയം-കോവൂർ | 1978 | അതെ | 125 | 2600 | 300 | VI | ഉണ്ട് | വനിതാവേദി, കരിയർഗൈഡൻസ് കാർഷിക കോർണർ |
| 7. | ശ്രീ നാരായണ വായനശാല & ഗ്രന്ഥാലയം, കുംഭം | 1964 | അല്ല | -- | -- | -- | II | ഇല്ല | വനിതാവേദി, ബാലവേദി, യുവജന വേദി, വിജ്ഞാനവേദി |
| 8. | മൈക്കോ വായനശാല & ഗ്രന്ഥാ ലയം, കൂടാളി | 1995 | അല്ല | -- | 1000 | 300 | I | ഇല്ല | സാമൂഹികസാംസ്ക്കാരിക പ്രവർത്ത നങ്ങൾ |
| 9. | നവപ്രഭ വായനശാല & ഗ്രന്ഥാല യം, പാളാട് | 1956 | അതെ | -- | 500 | 80 | VII | ഇല്ല | സാംസ്ക്കാരിക പ്രവർത്തനങ്ങൾ |
| 10. | പൊതുജനവായനശാല & ഗ്രന്ഥാ ലയം, കോവൂർ | 1977 | അതെ | -- | 2240 | 451 | VI | ഉണ്ട് | യുവജനവേദി, ബാലവേദി, വിജ്ഞാന വേദി |
| 11. | ഗ്രാമദീപം വായനശാല & ഗ്രന്ഥാലയം, മുട്ടന്നൂർ | 1980 | അല്ല | 300 | 1472 | 300 | V | ഉണ്ട് | സാംസ്ക്കാരിക പ്രവർത്തനങ്ങൾ |
| 12. | ഗ്രാമോദ്ധാരണ വായനശാല & ഗ്ര ന്ഥാലയം, മുട്ടന്നൂർ | 1963 | അതെ | 100 | 425 | 200 | V | ഇല്ല | സാംസ്ക്കാരിക പ്രവർത്തനങ്ങൾ |
| 13. | സാഹിത്യപ്രേമീ സമാജം വായന ശാല & ഗ്രന്ഥാലയം, കൊളോളം | 1951 | അതെ | 150 | 2428 | 300 | V | ഉണ്ട് | സാമൂഹിക-സാംസ്ക്കാരിക പ്രവർത്ത നങ്ങൾ |
| 14. | ശ്രീ നാരായണ വായനശാല & ഗ്ര ന്ഥാലയം, പുവത്തൂർ | 1980 | അതെ | -- | 2000 | 180 | II | ഉണ്ട് | വനിതാവേദി, കലാകായിക പ്രവർത്ത നങ്ങൾ |
| 15. | കൂടാളി പൊതുജനവായനശാല & ഗ്രന്ഥാലയം, കൂടാളി | 1942 | അതെ | 1258 | 4682 | 1000 | IV | ഉണ്ട് | കലാ-സാംസ്ക്കാരിക പ്രവർത്തന ങ്ങൾ, കൈയ്യെഴുത്ത് മാസിക പ്രസി ദ്ധീകരണം, കർഷകസമിതി |

നിലവിലുള്ള കലാ സാംസ്ക്കാരിക സ്ഥാപനങ്ങൾ.

| ക്രമ നമ്പർ | പേരും മേൽവിലാസവും | സ്ഥാപിച്ച വർഷം | മെമ്പർമാരുടെ എണ്ണം | കെട്ടിടത്തിന്റെ വിവരം | ഏത് സ്ഥാപനത്തോട് അഫിലേറ്റ് ചെയ്തിരിക്കുന്നു | പ്രവർത്തനത്തിന്റെ ലഘുവിവരം |
|---|---|---|---|---|---|---|
| 1. I | ലിബർട്ടി സ്പോർട്സ് & ആർട്സ് ക്ലബ്ബ്<br>റജി : No. S. 203/85 | 1985 | 25 | വാടക | NYK ജില്ലാ വോളിബോൾ അസോസിയേഷൻ സ്പോർട്സ് കൗൺസിൽ | കലാകായികരംഗം<br>സാംസ്ക്കാരികരംഗം<br>ആരോഗ്യരംഗം |
| 2. VII | യുവധാര ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ്<br>പട്ടാന്നൂർ,<br>റജി : No. 425 | 1982 | 30 | സ്വന്തം | NYK ജില്ലാ വോളിബോൾ അസോസിയേഷൻ | കലാ, കായിക,<br>സാംസ്കാരിക രംഗം<br>ആരോഗ്യ,<br>വിദ്യാഭ്യാസരംഗം |
| 3. IV | ടൈഗേർസ് ആർട്സ് & സ്പോർട്സ് ക്ലബ്ബ്,<br>കുടാളി<br>Reg. No. 708/94 | 1994 | 25 | വാടക | ഇല്ല | കലാരംഗം,<br>കായികരംഗം,<br>സാംസ്കാരികരംഗം |
| 4. XI | പ്രതിഭ സ്പോർട്സ് & ആർട്സ് ക്ലബ്ബ്<br>കുന്നോത്ത് | 1992 | 30 | വാടക | ഇല്ല | കലാകായികരംഗം |
| 5. VII | A.K.G സ്മാരക ആർട്സ് & സ്പോർട്സ് ക്ലബ്ബ്<br>വരുവക്കുണ്ട് | 1979 | 24 | വാടക | ഇല്ല | കലാകായികരംഗം |
| 6. X | നവോദയ ആർട് & സപോർട്സ് ക്ലബ്ബ്, പാളാട്<br>ITB 66/95 | 1990 | | ഇല്ല | ഇല്ല | സ്പോർട്സ് കല |
| 7. VII | ബ്രദേർസ് സ്പോർട്സ് & ആർട്സ് ക്ലബ്ബ്<br>നിടുകുളം | 1987 | 30 | സ്വന്തം | ഇല്ല | കല, കായികരംഗം,<br>യുവജനവേദി<br>ബാലവേദി പ്രവർത്തനം |

| | | | | | | |
|---|---|---|---|---|---|---|
| 8. VII | നവധാര സ്പോർട്സ് & ആർട്സ് ക്ലബ്ബ് പാണലാട് | 1980 | 30 | ഇല്ല | ഇല്ല | കല, കായികരംഗം |
| 9 VI | അലങ്കാർ സ്പോർട്സ് & ആർട്സ് ക്ലബ്ബ് കോവൂർ | 1988 | 30 | ഇല്ല | ഇല്ല | കല, കായികരംഗം |
| 10.X | പ്രിയദർശിനി, പുൽപ്പക്കരി | 1992 | 25 | സ്വന്തം | ഇല്ല | കല, കായികരംഗം |
| 11.I | ഗാലക്സി സ്പോർട്സ് ക്ലബ്ബ് S. 14/92 | 1992 | 43 | ഇല്ല | ഇല്ല | കല, കായിക, സാമൂഹിക പ്രവർത്തനം |
| 12. VI | ക്ലാസിക് സ്പോർട്സ് & ആർട്സ് ക്ലബ്ബ് നായാട്ടുപാറ | | 25 | ഇല്ല | ഇല്ല | കല കായിക പ്രവർത്തനം |
| 13.X | ഇന്ദിരാജി യൂത്ത് വിംഗ് പുൽപ്പക്കരി | 1991 | 20 | ഇല്ല | ഇല്ല | കല, സാംസ്കാരിക |
| 14 | തപസ്യ കലാവേദി | 1990 | 25 | ഇല്ല | ഇല്ല | കല, സാംസ്കാരികം |
| 15. | മൈത്രി സ്പോർട്സ് & ആർട്സ് ക്ലബ്ബ് | | 20 | ഇല്ല | ഇല്ല | കായികരംഗം |

| | | | | | | |
|---|---|---|---|---|---|---|
| 16 | A.K.G. മെമ്മോറിയൽ, വരുവക്കുണ്ട് | | 30 | ഇല്ല | ഇല്ല | വോളിബോൾ,<br>ഓണാഘോഷം |
| 17 | പ്രിയദർശിനി, വരുവക്കുണ്ട് | | 20 | ഇല്ല | ഇല്ല | കല, കായികരംഗം |
| 18 V | ദീപം സ്പോർട്സ് & ആർട്സ് ക്ലബ്ബ്<br>മുട്ടന്നൂർ V | 1987 | 25 | ഇല്ല | ഇല്ല | സ്പോർട്സ്<br>ഓണാഘോഷം |
| 19 | പ്രിയദർശിനി ക്ലബ്ബ്<br>മുട്ടന്നൂർ | 1988 | 48 | ഇല്ല | ഇല്ല | പ്രവർത്തനമില്ല |
| 20 V | പാമ്പൻ സ്മാരക വേദി<br>കൊളോളം | 1992 | 25 | ഇല്ല | ഇല്ല | സാംസ്ക്കാരികരംഗം<br>കുട്ടികളുടെ കലാമത്സരങ്ങൾ<br>പ്രശസ്ത വ്യക്തികളെ<br>പരിചയപ്പെടുത്തൽ |
| 21 V | ഭഗത്സിംഗ് യൂത്ത് ക്ലബ്ബ്<br>കൊളോളം | 1996 | 20 | ഇല്ല | ഇല്ല | കലാസാംസ്ക്കാരിക<br>രംഗം<br>സ്പോർട്സ്,<br>യുവജനക്ഷേമം |
| 22 V | വിക്ടറി സ്പോർട്സ് ക്ലബ്ബ്<br>കൊളോളം | 1995 | 20 | ഇല്ല | ഇല്ല | സ്പോർട്സ് |
| 23 V | എ.കെ. ജി സ്മാരക ആർട്സ് & സ്പോർട്സ്<br>ക്ലബ്ബ് കൊളോളം | 1992 | 30 | ഇല്ല | ഇല്ല | കലാസാംസ്ക്കാരിക<br>രംഗം സ്പോർട്സ് |

# വനിത

ഈ നൂറ്റാണ്ടിന്റെ ആദി മധ്യ ദശകങ്ങളിൽ പഞ്ചായത്തിൽ നിലനിന്നിരുന്ന ജന്മിത്ത വ്യവസ്ഥിതി ഇവിടത്തെ സ്ത്രീകളുടെ പദവിയെ താഴ്ത്തി നിർത്തുന്നതിനു കാരണമായി. താഴ്ന്ന ജാതിയിലെ സ്ത്രീകൾക്ക് മാന്യമായി വസ്ത്രധരണത്തിനുള്ള സ്വാതന്ത്ര്യംപോലും ഈ കാലത്ത് നിഷേധിക്കപ്പെട്ടിരുന്നു. ഇന്ന് ഈ സ്ഥിതി മാറിയിരിക്കുന്നു

സ്ത്രീകൾക്ക് ഈ പഞ്ചായത്തിൽ സാമൂഹ്യപ്രവർത്തന രംഗത്ത് പൈതൃകമൊന്നും അവകാശപ്പെടാനില്ല. എന്നിരുന്നാലും വനിതാ വിമോചന പ്രസ്ഥാനങ്ങൾ ഉടലെടുത്തതോടുകൂടി സ്ഥിതിഗതികൾ മാറി. മഹിളാ സംഘടനാപ്രവർത്തകരുടെ പരിശ്രമം കൊണ്ട് കുറെ സ്ത്രീകളെ സംഘടിപ്പിക്കുവാനും അവരിൽ കുറച്ചൊക്കെ സംഘടനാബോധം ഉളവാക്കാനും കഴിഞ്ഞു.കൂടുതൽ സ്ത്രീകളും കുടുംബിനികളായി ഒതുങ്ങിക്കൂടാൻ ആഗ്രഹിക്കുന്നു. സംഘടനാ പ്രവർത്തനങ്ങൾക്ക് മുന്നോട്ട് വരുന്ന സ്ത്രീകളെ മോശമായ രീതിയിൽ നോക്കിക്കാണുന്ന പ്രവണത അവരെ പിന്നോട്ട് പോകാൻ പ്രേരിപ്പിക്കുന്നു.

1991 ലെ സെൻസസ് പരിശോധിച്ച് നോക്കിയാൽ പഞ്ചായത്തിൽ സ്ത്രീകളാണ് കൂടുതൽ എന്നുകാണാം. സ്ത്രീകളുടെ സംഖ്യ 12818 ആണ്. പുരുഷൻമാരെക്കാൾ 118 സ്ത്രീകൾ കൂടുതൽ ആണ്. എല്ലാ തുറകളിലും സ്ത്രീകളുടെ പങ്കാളിത്തം തുല്ല്യ അനുപാതത്തിൽ വരേണ്ടിയിരിക്കുന്നു.

| സ്ത്രീപുരുഷ അനുപാതം | (1000 പുരുഷന്മാർക്ക്) |
|---|---|
| ഇൻഡ്യ | 1000 – 929 |
| കേരളം | 1000 – 1036 |
| കണ്ണൂർ | 1000 – 1101 |
| കൂടാളി | 1000 – 1009 |

വിദ്യാലയങ്ങളിൽ പഠന നിലവാരം പരിശോധിച്ച് നോക്കിയാൽ മാർക്കു കൂടുതൽ വാങ്ങുന്നത് പെൺകുട്ടികളാണെന്നുകാണാം. സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ ഈ മികവു കാണുന്നില്ല. മറ്റു വിദ്യാഭ്യാസ മേഖലയിൽ സ്ത്രീകൾ പുരുഷന്മാരോടൊപ്പം ആണ്. വിവാഹ കമ്പോളത്തിൽ മാർക്കറ്റ് കിട്ടാനുള്ള ഒരു മാർഗ്ഗമായി വിദ്യാഭ്യാസത്തെ ഇന്നു കാണുന്നു. വിദ്യാഭ്യാസ രംഗത്തുമികവു കാട്ടാൻ സ്ത്രീകൾക്ക് കഴിയില്ലെന്ന തോറ്റിദ്ധാരണ ബാക്കി നിൽക്കുന്നു. മുസ്ലീം സമുദായത്തിലെ പെൺക്കുട്ടികൾ വിദ്യാലയത്തിൽ നിന്നു കൊഴിഞ്ഞു പോകുന്നതിനു കാരണം പ്രായ പൂർത്തിയെത്തുന്നതിനു മുമ്പുള്ള വിവാഹം ആണ്.

തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം കുറവാണ്. കൃഷി, കെട്ടിട നിർമ്മാണം, ബീഡി, നെയ്ത്ത്, നൂൽനൂൽപ്പ്, കല്ലുകൊത്ത്, കരിങ്കൽ മേഖലകളിൽ ആണ് സ്ത്രീകൾ കൂടുതലായും ജോലി ചെയ്യുന്നത്. നെയ്ത്ത്, ബീഡി ഒഴികെയുള്ള മേഖലകളിൽ പുരുഷൻമാരെക്കാൾ സ്ത്രീകൾക്ക് കൂലി കുറവാണ്. ബിരുദധാരികൾ ഏറെയുണ്ടെങ്കിലും അദ്ധ്യാപന രംഗത്തുമാത്രമാണ് സ്ത്രീകൾക്ക് കുറച്ചെങ്കിലും പിടിച്ചുനിൽക്കാൻ കഴിഞ്ഞിട്ടുള്ളത്. തുല്യ ജോലിക്ക് തുല്യ വേതനം തന്നെ വേണം.

| തൊഴിൽ മേഖല | സ്ത്രീകളുടെ എണ്ണം | പുരുഷന്മാരുടെ എണ്ണം |
|---|---|---|
| കർഷകൻ | 281 | 581 |
| കർഷകത്തൊഴിലാളി | 1040 | 1390 |
| കെട്ടിടനിർമ്മാണം | 40 | 135 |
| ഗതാഗതം | 11 | 348 |
| ചെറുകിട വ്യവസായം | 21 | 880 |
| മൃഗസംരക്ഷണം | 11 | 101 |
| കരിങ്കൽ-ചെങ്കൽതൊഴിലാളി | 75 | 507 |
| സ്ഥിരം ശമ്പളക്കാർ | 1807 | 5325 |
| മറ്റുള്ളവ | 244 | 719 |

(അവലംബം 1991 ലെ സെൻസസ്)

ഈ കണക്കു പരിശോധിച്ചു നോക്കുമ്പോൾ 16.85% സ്ത്രീകൾക്കുമാത്രമെ തൊഴിലവസരങ്ങൾ ലഭിക്കുന്നുള്ളു. സ്ത്രീകളുടെ ഇടയിൽ തൊഴിലില്ലായ്മ രൂക്ഷമായിക്കൊണ്ടിരിക്കുന്നു.

വനിതകൾക്കായി മാത്രം പ്രവർത്തിക്കുന്ന തൊഴിൽ കേന്ദ്രങ്ങൾ വിരളമാണ്. ഡി. ഡബ്ളിയു. സി. ആർ. എ. പദ്ധതിയുടെ സഹായം ഉപയോഗിച്ച് രണ്ട് ജെല്ലിയൂനിറ്റും രണ്ട് ക്ഷീരോൽപ്പന്ന യൂനിറ്റും ഒരു ഗാർമെന്റ് യൂനിറ്റും പ്രവർത്തിക്കുന്നു. കൂടാതെ ഒരു നൂൽ നൂൽപ്പ് കേന്ദ്രവും ഉണ്ട്. രണ്ട് വനിതാ സഹകരണ സംഘങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഒരു വനിതാ പ്രസ്സും പ്രവർത്തിക്കുന്നു. ഉത്തരവാദിത്തം ഏറ്റെടുക്കാനുള്ള വൈമനസ്യവും ഉൽപ്പന്നങ്ങൾക്ക് വിപണന സൗകര്യമില്ലായ്മയും കാരണം സ്ത്രീകൾ തൊഴിൽസംരഭത്തിനു മുന്നോട്ട് വരുന്നില്ല. സ്ത്രീകൾക്കായുള്ള വനിതാവ്യവസായ സംരംഭങ്ങൾ ഒന്നും ഈ പഞ്ചായത്തിൽ ഇല്ല.

ചില കുടുംബങ്ങളിലെങ്കിലും ഗൃഹനാഥകൾ സ്ത്രീകളാണ്. ദാരിദ്ര്യംകൊണ്ടും ഭർത്താക്കന്മാരുടെ മദ്യപാനംകൊണ്ടും വിഷമതകൾ അനുഭവിക്കുന്ന സ്ത്രീകൾ ഈ പഞ്ചായത്തിലുണ്ട്. പുരുഷമേധാവിത്വം പ്രായേണ കണ്ടുവരുന്നു. സ്ത്രീയുടെ സാമൂഹ്യപദവി മിക്ക കുടുംബങ്ങളിലും അംഗീകരിച്ചുകൊടുക്കുന്നില്ല. കുടുംബ പ്രശ്നങ്ങളിൽ തീരുമാനങ്ങളെടുക്കുന്നതിൽ സ്ത്രീ പങ്കാളിത്തം കുറവാണ്. സ്ത്രീധന സമ്പ്രദായം മുസ്ലിം സമുദായത്തിൽ നിലവിലുണ്ട്. അടുത്ത കാലത്തായി മറ്റു സമുദായങ്ങളിലും പരോക്ഷമായി ഈ സമ്പ്രദായം കടന്നു കേറിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സ്ത്രീധന പീഡനവും അരങ്ങേറുന്നു.

വിവധതരത്തിലുള്ള സഹായ പദ്ധതികളും പെൻഷൻ ആനുകൂല്യങ്ങളും നിലവിലുണ്ടെങ്കിലും വളരെ കുറച്ചു പേർക്കു മാത്രമേ ഈ ആനുകൂല്യങ്ങൾ ലഭിച്ചിട്ടുള്ളൂ. ഇത്തരം പദ്ധതികളുടെ ആനുകൂല്യങ്ങൾ ഗുണഭോക്താക്കളിൽ എത്തിക്കാൻ കൂടുതൽ നടപടികൾ ആവശ്യമാണ്.

ഈ പഞ്ചായത്തിലെ പരിമിതങ്ങളായ അങ്കണവാടികളും മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളും വേണ്ടത്ര തൃപ്തികരമായി പ്രവർത്തിക്കുന്നില്ല. മഹിളാ സമാജങ്ങൾ കാര്യക്ഷമമല്ല. സാമൂഹ്യരംഗത്ത് സ്ത്രീ പങ്കാളിത്തം കുറവാണ്. സമസ്ത മേഖലകളിലും പുരുഷനോടൊപ്പം നിൽക്കാനുള്ള ബുദ്ധിയും കഴിവും സ്ത്രീകൾക്ക് ഉണ്ടെങ്കിലും അതു പ്രകടിപ്പിക്കാനുള്ള തന്റേടം സ്ത്രീകൾ കാണിക്കേണ്ടിയിരിക്കുന്നു.

**പ്രശ്നങ്ങൾ:**

- കുടുംബത്തിന്റെ ഉത്തരവാദിത്വം സ്ത്രീകളിലായതുകൊണ്ട് പൊതു പ്രവർത്തനത്തിന് അവർക്ക് സമയം കിട്ടുന്നില്ല.

- സാമൂഹ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സ്ത്രീകളെ മോശമായിക്കാണുന്ന പ്രവണതകളുണ്ട്. ഉത്തരവാദിത്വ മേറ്റെടുക്കാനുള്ള ആത്മധൈര്യമില്ല.
- സ്ത്രീകൾക്കിടയിൽ തൊഴിലില്ലായ്മ രൂക്ഷമായതു കാരണം സാമ്പത്തിക ഭദ്രതയില്ല.
- പല തൊഴിൽ മേഖലകളിലും പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾക്ക് കൂലിക്കുറവ് അനുഭവപ്പെടുന്നു.
- വനിതകൾക്ക് സ്വയം തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ഇല്ല.
- പുരുഷന്മാരുടെ മദ്യപാനംമൂലം സ്ത്രീകൾ കഷ്ടപ്പെടുന്നു. ആവശ്യമായ അങ്കണവാടികൾ ഇല്ല.
- ശിശുസംരക്ഷണത്തിനുള്ള ക്രഷെകൾ ഇല്ല. മുലയൂട്ടുന്ന അമ്മമാർക്കും ഗർഭിണികൾക്കും നൽകി വന്നിരുന്ന പോഷകാഹാരവും മരുന്നുകളും നിർത്തൽ ചെയ്തു.
- സ്ത്രീകളുടെ ശാസ്ത്രബോധക്കുറവുമൂലം അവരുടെയിടയിൽ അന്ധവിശ്വാസവും അനാചാരവും നിലവിലുണ്ട്.
- വിദ്യാലയങ്ങളിൽ പെൺകുട്ടികൾക്കായി സൗകര്യപ്രദമായ മൂത്രപ്പുരകളും കക്കൂസുകളും ഇല്ല. ഉള്ളവ ശുചിത്വക്കുറവുമൂലം പല രോഗങ്ങൾക്കും കാരണമാകുന്നു.
- വായനാശീലം പ്രത്യേകിച്ചും പത്രവായന സ്ത്രീകളിൽ കുറവാണ്. ടി. വി. മുതലായ മാധ്യമങ്ങൾ ചെലുത്തുന്ന
- അമിതമായ സ്വാധീനം വായിക്കാനും ചിന്തിക്കാനുമുള്ള അവസരം നഷ്ടപ്പെടുത്തുന്നു.

**സാധ്യതകൾ:**

- തുല്യജോലിക്കു തുല്യവേതനം എന്ന തത്ത്വം അംഗീകരിക്കണം.
- കാർഷികരംഗത്ത് സ്ത്രീകളെ പിടിച്ചു നിർത്താൻ സഹായിക്കുന്ന തരത്തിലുള്ള വേതനവും മറ്റു സഹായങ്ങളും നല്കുക.
- വിവിധ തൊഴിൽ മേഖലകളിൽ സ്ത്രീകളുടെ കൂലി നിരക്ക് വർദ്ധിപ്പിക്കുക.
- അതാത് സ്ഥലത്ത് സാധ്യതയുള്ള തൊഴിലിനെ മുൻനിർത്തി പരിശീലനം നല്കുക.
- വനിതകൾക്കായി മാത്രമുള്ള വ്യവസായ യൂണിറ്റുകളും വിപണന സൗകര്യങ്ങളും ഏർപ്പെടുത്തുക.
- സ്വയംതൊഴിൽ കണ്ടെത്താനുള്ള ചെറുകിട യൂണിറ്റുകൾക്ക് സാമ്പത്തിക സഹായം നല്കുക.
- സഹകരണാടിസ്ഥാനത്തിൽ തുന്നൽ പരിശീലന കേന്ദ്രങ്ങൾ അനുവദിക്കുക.
- നിർധനരായ സ്ത്രീകൾക്ക് സ്ഥലവും വീടും അനുവദിക്കുക.
- ഖാദി നൂൽനൂൽപ്പ് കേന്ദ്രം സ്ഥാപിക്കുക. ഗർഭിണികളുടെയും ശിശുക്കളുടെയും സുരക്ഷ പരിഗണിച്ച് മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ സ്ഥാപിക്കുക. അതിനോട് അനുബന്ധിച്ച് ഗർഭിണികൾക്കും കുട്ടികൾക്കും പോഷകാഹാരവും മരുന്നുകളും വിതരണം ചെയ്യുക.
- ആവശ്യമായ അങ്കണവാടികൾ അനുവദിച്ച് അവയുടെ പ്രവർത്തനത്തിനാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുക. ശിശുസംരക്ഷണത്തിനാവശ്യമായ ക്രഷേകൾ തുടങ്ങുക.
- പൊതുസ്ഥലങ്ങളിലും മറ്റും സ്ത്രീകൾക്ക് പ്രാഥമികാവശ്യത്തിനുള്ള സൗകര്യമേർപ്പെടുത്തുക.
- അർഹതപ്പെട്ട സ്ത്രീകൾക്ക് പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ ലഭ്യമാക്കണം.
- തൊഴിൽ അവസരങ്ങളെക്കുറിച്ചും നിയമങ്ങളെക്കുറിച്ചും സ്ത്രീകൾക്ക് അറിവു നല്കണം.
- സ്ത്രീധന സമ്പ്രദായവും അതുവഴി ഉണ്ടാകുന്ന പീഡനവും ഇല്ലായ്മ ചെയ്യാനുള്ള നടപടികൾ ഉണ്ടാകണം.
- സ്ത്രീകൾക്ക് മാത്രമുള്ള സമിതികൾ രൂപീകരിച്ച് വായിക്കാനും വിനോദിക്കാനുമുള്ള അവസരം സൃഷ്ടിക്കുക.
- വയസ്സായ സ്ത്രീകൾക്ക് കൂടിയിരിക്കാനും അവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാനുമുള്ള സമിതികൾ രൂപീകരിക്കുക.
- കലാ-കായികരംഗങ്ങളിൽ പരിശീലനം നല്കി കലാ-കായിക പ്രതിഭകളെ വാർത്തെടുക്കുക.
- ബിരുദധാരിണികൾക്ക് സ്വയംതൊഴിൽ ചെയ്യാനുള്ള വ്യവസായ യൂണിറ്റുകൾക്ക് മുൻഗണന കൊടുക്കുക. വനിതകൾക്ക് എല്ലാ രംഗത്തും സുരക്ഷ ഉറപ്പു വരുത്തുക.

# സഹകരണം

കൂടാളി പഞ്ചായത്തിൽ പ്രശസ്തമായ നിലയിൽ പ്രവർത്തിക്കുന്ന രണ്ട് സർവ്വീസ് സഹകരണ ബേങ്കുകളും രണ്ട് ക്ഷീരവ്യവസായ സഹകരണസംഘങ്ങളും 2 വനിതാ സഹകരണ സംഘങ്ങളും 4 സ്ക്കൂൾ സഹകരണ സംഘങ്ങളും ഉൾപ്പെടെ വിവിധ തരം സഹകരണസംഘങ്ങൾ ഉണ്ട്.

**വായ്പാ സഹകരണ സംഘങ്ങൾ :**

**a. പട്ടാനൂർ സർവ്വീസ് സഹകരണ ബേങ്ക് :** കണ്ണൂർ ജില്ലയിൽ പ്രധാനപ്പെട്ട സർവ്വീസ് സഹകരണ ബേങ്കുകളിൽ ഒന്നായ പട്ടാനൂർ സർവ്വീസ് സഹകരണബേങ്ക് 20-11-1951 ൽ പട്ടാനൂർ വിവധോദ്ദേശ ഐക്യനാണയ സംഘം എന്ന നിലയിൽ ചിത്രാരിയിലാണ് സ്ഥാപിതമായത്. പഴയ പട്ടാനൂർ വില്ലേജ് ആണ് പ്രവർത്തന പരിധി. 16-2-1970 മുതലാണ് സംഘം ബേങ്കായി പ്രവർത്തനം തുടങ്ങിയത്. ബേങ്കിന്റെ ഹെഡ് ഓഫീസ് കൊളപ്പയിലും ബ്രാഞ്ചുകൾ കൊളോളം ആയിപ്പുഴ എന്നിവിടങ്ങളിലും പ്രവർത്തിക്കുന്നു. എല്ലാം സ്വന്തം കെട്ടിടങ്ങളിലാണ്.

ബേങ്കിന്റെ ആഭിമുഖ്യത്തിൽ വളം ഡിപ്പോ, കൺസ്യൂമർ സ്റ്റോർ, ഗൃഹോപകരണഷോറൂം, എന്നിവ നടത്തിവരുന്നുണ്ട്. ഇതിന് പുറമെ കൊപ്ര, കുരുമുളക്, കശുവണ്ടി എന്നിവയുടെ സംഭരണ ഏജൻസികളായും പ്രവർത്തിക്കുന്നു. തെങ്ങ്. കുരുമുളക്, കവുങ്ങ് നേഴ്സറികൾ നടത്തിവരുന്നു. പഞ്ചായത്തിൽ SSLC ക്ക് ഏറ്റവും ഉയർന്ന മാർക്കു വാങ്ങുന്ന വിദ്യാർത്ഥിക്ക് ബേങ്ക് കേഷ് അവാർഡ് വിതരണം ചെയ്തു വരുന്നുണ്ട്.

## പട്ടിക - 1

### സഹകരണസംഘങ്ങളെ സംബന്ധിച്ച സ്ഥിതിവിവരം 1995–96

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | ആരംഭിച്ച വർഷം | പ്രവർത്തന പരിധി | അംഗത്തങ്ങൾ | പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം (ലക്ഷത്തിൽ) | ഗവ: ഓഹരി നിക്ഷേപം (ലക്ഷം) | കടം | നിക്ഷേപം | വായ്പകൾ | | ജീവനക്കാർ | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | കാർഷികം (ലക്ഷം) | കാർഷികേതരം | സ്ഥിരം | താല്ക്കാലികം |
| 1. | പട്ടാനൂർ സർവ്വീസ് സഹകരണ ബേങ്ക് | 1951 | പഴയ പട്ടാനൂർ വില്ലേജ് | 9101 | 28.71 | 5.25 | 55.72 | 512.00 | 523.06 | | 29 | 7 |
| 2. | കൂടാളി സർവ്വീസ് സഹകരണ ബേങ്ക് | 1951 | പഴയ കൂടാളി വില്ലേജ് | 4484 | 10.1 | 4.01 | 19.86 | 215.9 | 17.42 | 158.29 | 13 | 7 |
| 3. | പട്ടാനൂർ വില്ലേജ് വനിതാ സഹകരണസംഘം | 1992 | പുതിയ പട്ടാനൂർ വില്ലേജ് | 411 | .78 | .25 | .50 | 5.41 | -- | 4.88 | 1 | -- |
| 4. | കൂടാളി വില്ലേജ് വനിതാസഹകരണ സംഘം | 1992 | പുതിയ കൂടാളി വില്ലേജ് | 240 | .66 | .25 | .50 | 6.99 | -- | 4.88 | 1 | 1 |

### ബേങ്കിന്റെ വളർച്ചയുടെ ചരിത്രം

പട്ടിക – 2

| വർഷം | മെമ്പർമാർ | ഓഹരിസംഖ്യ (ലക്ഷത്തിൽ) | നിക്ഷേപം (ലക്ഷത്തിൽ) | വയ്പ (ലക്ഷത്തിൽ) | പ്രവർത്തനമുലധനം (ലക്ഷത്തിൽ) |
|---|---|---|---|---|---|
| 74-75 | 1521 | 1.30 | 2.00 | 4.50 | 6.00 |
| 79-90 | 2933 | 2.00 | 22.00 | 21.00 | 29.00 |
| 84-85 | 4952 | 4.61 | 106.00 | 85.00 | 118.00 |
| 89-90 | 6755 | 14.31 | 227.00 | 168.00 | 263.00 |
| 94-95 | 8240 | 23.13 | 425.00 | 359.00 | 503.00 |
| 95-96 | 9101 | 27.64 | 526.00 | 456.0 | 610.00 |

**കൂടാളി സർവ്വീസ് സഹകരണ ബേങ്ക്**

1951 ൽ വിവിധോദ്ദേശ ഐക്യനാണയ സംഘമായി പഴയ കൂടാളി വില്ലേജ് പരിധിയിൽ പ്രവർത്തനം ആരംഭിച്ചു. 1963ൽ സർവ്വീസ് സഹകരണ സംഘമായും 1979ൽ സർവ്വീസ് സഹകരണബാങ്കായും വളർന്നു. ബേങ്കിന്റെ ആഭിമുഖ്യത്തിൽ വളം ഡിപ്പോ, കൺസ്യൂമർ സ്റ്റോർ, ടെക്സ്റ്റായിൽ സെന്റർ എന്നിവ നടത്തിവരുന്നു. കൊപ്ര, കശുവണ്ടി എന്നിവയുടെ സംഭരണ ഏജൻസി ഉണ്ട്.

### ബേങ്കിന്റെ വളർച്ചയുടെ പട്ടിക

പട്ടിക – 3

| വർഷം | അംഗങ്ങൾ | ഓഹരിമൂലധനം രൂപ | നിക്ഷേപം രൂപ | വയ്പകൾ രൂപ |
|---|---|---|---|---|
| 1951 | 21 | 110.00 | ഇല്ല | ഇല്ല |
| 1956 | 489 | 7740.00 | 475.00 | 28300.00 |
| 1961 | 512 | 6155.00 | 1300.00 | 38200.00 |
| 1966 | 592 | 14455.00 | 4700.00 | 48000.00 |
| 1971 | 672 | 24335.00 | 5600.00 | 60255.00 |
| 1976 | 765 | 31590.00 | 17267.00 | 100946.00 |
| 1981 | 1524 | 1,01,296.00 | 5,55,325.00 | 6,67,690.00 |
| 1986 | 3799 | 1,70,354.00 | 31,08,145.00 | 33,58,232.00 |
| 1991 | 4184 | 5,12,948.00 | 42,76,313.00 | 37,11,600.00 |
| 1996 | 4484 | 10,10,602.00 | 2,24,00,000.00 | 1,80,00,000.00 |

**വനിതാസഹകരണസംഘങ്ങൾ:**

ഈ രംഗത്ത് രണ്ട് സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. 1992ൽ ആരംഭിച്ച പട്ടാന്നൂർ വില്ലേജ് വനിതാ സഹകരണ സംഘവും ചിത്രാരി ആസ്ഥാനമായി പ്രവർത്തിക്കുന്നു. നിലവിൽ 411 അംഗങ്ങൾ ഉണ്ട്. 1992 ൽ ആരംഭിച്ച കൂടാളി വില്ലേജ് വനിതാ സഹകരണസംഘം മുട്ടന്നൂർ ആസ്ഥാനമായി പ്രവർത്തിക്കുന്നു. നിലവിൽ 240 അംഗങ്ങൾ ഉണ്ട്. ഈ സംഘങ്ങൾ വനിതകൾക്ക് ടെയ്‌ലറിംഗ്, കൈതൊഴിൽ, വീട് റിപ്പേർ തുടങ്ങിയ ആവശ്യങ്ങൾക്ക്

വായ്പ നൽകി വരുന്നുണ്ട്. വളരെയധികം പ്രവർത്തന സാധ്യതകളുള്ള ഈ മേഖലയിൽ ഈ സംഘങ്ങളുടെ പ്രവർത്തനം വളരെയേറെ മെച്ചപ്പെടേണ്ടിയിരിക്കുന്നു.

മട്ടന്നൂർ സഹകരണ റൂറൽ ബേങ്കും, തലശ്ശേരി സഹകരണഭൂവികസന ബേങ്കും ഈ പഞ്ചായത്ത് മേഖലയിൽ വായ്പാ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. അത് പോലെ മട്ടന്നൂർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന കൂടാളി പബ്ലിക്ക് സർവ്വന്റ്സ് സഹകരണസംഘം, മട്ടന്നൂർ സഹകരണ എംപ്ലോയീസ് സഹകരണ സംഘം എന്നീ സംഘങ്ങൾക്കും ഈ പഞ്ചായത്ത് പ്രവർത്തന മേഖലയാണ്. ജില്ലാ സഹകരണ ബേങ്കിന്റെ ഒരു ശാഖ കൂടാളിയിൽ പ്രവർത്തിക്കുന്നു

**II. വായ്പേതര സഹകരണ സംഘങ്ങൾ:**

**a) കൺസ്യൂമർ രംഗം :** ഈ രംഗത്തു മാത്രം പ്രവർത്തനം ഉദ്ദേശിച്ച് 1989ൽ നായാട്ടു പാറയിൽ ആരംഭിച്ച കൂടാളി പഞ്ചായത്തു കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോർ ഇപ്പോൾ പ്രവർത്തന ക്ഷമമല്ല. പട്ടാന്നൂർSC ബേങ്കും, കൂടാളിSC ബേങ്കും നേരിട്ട് കൺസ്യൂമർ സ്റ്റോറുകൾ നടത്തിവരുന്നു.

1993ൽ സ്ഥാപിതമായ കൂടാളി പഞ്ചായത്ത് കൺസ്യൂമേർസ് കോ- ഓപ്പറേറ്റീവ് കാന്റീൻ കൂടാളിയിൽ ഒരു ഹോട്ടൽ നടത്തിവരുന്നു. ഒരു ജീവനക്കാരനും 4 തൊഴിലാളികളും ഉണ്ട്.

**സ്ക്കൂൾ സഹകരണസംഘങ്ങൾ :** ഈ പഞ്ചായത്തിൽ നാല് സ്റ്റുഡന്റ്സ് കോ-ഓപ്പറേറ്റീവ് സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ കൂടാളി ഹൈസ്ക്കൂൾ സ്റ്റുഡൻസ് കോ-ഓപ്പറേറ്റീവ് സ്റ്റോർ ജില്ലയിൽ ഈ രംഗത്തു പ്രവർത്തിക്കുന്നതിൽ എടുത്തുപറയത്തക്കതാണ്.

**പട്ടിക - 4**

| പേര് | അംഗങ്ങൾ | ഓഹരിമൂലധനം (രൂപ) | സ്ഥാപിച്ച തീയ്യതി | വാർഷിക ടേൺഓവർ (രൂപ) | ലാഭം/ നഷ്ടം |
|---|---|---|---|---|---|
| 1. കൂടാളി ഹൈസ്ക്കൂൾ സ്റ്റുഡന്റ്സ് കോ-ഓപ്പ്. സ്റ്റോർ | 12230 | 12730.00 | 1951 | 4,37,927.00 | ലാഭം |
| 2. കെ.പി.സി. ഹൈസ്ക്കൂൾ സ്റ്റുഡന്റ്സ് കോ-ഓപ്പ സ്റ്റോർ | 6500 | 6500.00 | 1975 | -- | ലാഭം |
| 3. പുട്ടാന്നൂർ യു. പി. സ്ക്കൂൾ ഗ്രൂപ്പ് കോ-ഓപ്പ സൊസൈറ്റി | 220 | -- | 1976 | 25552.00 | ലാഭം |
| 4. കൂടാളി യു. പി. സക്കൂൾ ഗ്രൂപ്പ് കോ-ഓപ്പ് സൊസൈറ്റി | 2481 | 7580.00 | 1975 | 60,000.00 | ലാഭം |

**c) ക്ഷീരവ്യവസായ സഹകരണ സംഘങ്ങൾ:** കൂടാളി ക്ഷീരവ്യവസായ സഹകരണസംഘം കൂടാളി കേന്ദ്രീകരിച്ചും, കൊടോളിപ്രം ക്ഷീരവ്യവസായ സഹകരണ സംഘം കൊടോളിപ്രം കേന്ദ്രീകരിച്ചും പ്രവർത്തിക്കുന്നു. രണ്ടിന്റെയും പ്രവർത്തനം വേണ്ടത്ര മെച്ചമല്ല.

**d) വ്യവസായ സഹകരണ സംഘങ്ങൾ**

1) മുട്ടന്നൂർ മഹിളാ പ്രിന്റിംഗ് ആന്റ് നോട്ടുബുക്ക് നിർമ്മാണ സഹകരണസംഘം 22-9-94ൽ റജിസ്റ്റർ ചെയ്ത് 31-12-95ന് പ്രവർത്തനം ആരംഭിച്ചു. കൂടാളി പഞ്ചായത്തിലെ IV,V വാർഡുകളാണ് പ്രവർത്തനമേഖല. 15 അംഗങ്ങളാണ് ഉള്ളത്. 13 സ്ത്രീ തൊഴിലാളികൾ ജോലി ചെയ്യുന്നു.

ii) കൂടാളി നെയ്ത് വ്യവസായ സഹകരണ സംഘം ; 7-3-1958ൽ സ്ഥാപിതമായി. കഴിഞ്ഞ 8വർഷമായി പ്രവർത്തനം നിലച്ചിരിക്കുകയാണ്. സ്വന്തമായി 45 സെന്റ് സ്ഥലവും കെട്ടിടവും ഫർണിച്ചറുകളും ഉണ്ട്.

iii) കേരള ദിനേശ് ബീഡി : കേരളദിനേശ് ബീഡി സഹകരണ സംഘത്തിന്റെ ഒരു യൂനിറ്റ് കൂടാളിയിൽ പ്രവർത്തിക്കുന്നു. 91 തൊഴിലാളികൾ ഇവിടെ ജോലി ചെയ്യുന്നു. ഇതിൽ 18 പേർ സ്ത്രീകളാണ്.
ഇവയ്ക്ക് പുറമെ കൂടാളി പഞ്ചായത്ത് സഹ: കേന്റീൻ, ജയപ്രകാശ് കോ- ഓപ്പ് ഹോസ്പിറ്റൽ സൊസൈറ്റി, പട്ടാനൂർ ലേബർ കോൺട്രാക്ട് സഹകരണസംഘം , പട്ടാനൂർ പട്ടുനൂൽ സഹ:സംഘം എന്നീ പ്രവർത്തന ക്ഷമമല്ലാത്ത സഹ:സംഘങ്ങൾക്കും രജിസ്ട്രേഷൻ നിലവിലുണ്ട്.

**നിർദ്ദേശങ്ങളും സാധ്യതകളും:**

## WARD I

1. കൂടാളി ക്ഷീരോല്പാദക സഹ: സംഘം പ്രവർത്തനം വിപുലപ്പെടുത്തുക
2. ക്ഷീര കർഷകർക്കു കുറഞ്ഞു പലിശക്കു വായ്പകൾ ലഭ്യമാക്കുക
3. കൂടാളിയിൽ ഒരു ഭവന നിർമ്മാണ സഹകരണ സംഘം സ്ഥാപിക്കുക
4. കൂടാളി നെയ്ത്തു സഹകരണ സംഘം പ്രവർത്തനക്ഷമമാക്കുക
5. പച്ചക്കറിക്കൃഷി അഭിവൃദ്ധിപ്പെടുത്തുവാനും വിപണനം നടത്തുന്നതിനും ഗ്രൂപ്പു ഫാമിംഗ് സംഘങ്ങൾ രൂപീകരിക്കണം

## WARD II

രണ്ടാം വാർഡിൽ പച്ചക്കറി ഉല്പാദന വിതരണത്തിനായി സഹകരണ സംഘം രൂപീകരിക്കണം

## WARD III

1. സഹകരണമേഖലയിൽ അടയ്ക്ക സംസ്ക്കരണയൂനിറ്റ് സ്ഥാപിക്കണം
2. ഏത്തക്കായ മുതലായ കാർഷികോൽപ്പന്നങ്ങൾ സംസ്കരിക്കുന്നതിനും സഹകരണ മേഖലയിൽ പഴവർഗ്ഗ സംസ്ക്കരണ യൂനിറ്റ് സ്ഥാപിക്കുക
3. തേങ്ങ സംസ്ക്കരിക്കുന്നതിനായി സഹകരണ മേഖലയിൽ കൊപ്ര ഡ്രയർ സ്ഥാപിക്കുക
4. സഹകരണമേഖലയിൽ ഹോളോബ്രിക്സ് യൂനിറ്റ്, വുഡ് കാർവിംഗ് യൂനിറ്റ്, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണയൂനിറ്റ്, കുട നിർമ്മാണ യൂനിറ്റ് എന്നിവ ആരംഭിക്കുക
5. കൂൺകൃഷി, ഓർക്കിഡ് കൃഷി എന്നിവ ഏറ്റെടുത്തു നടത്തുന്നതിനായി സഹ: സംഘം രൂപീകരിക്കണം.
6. സഹകരണമേഖലയിൽ കോഴിത്തീറ്റ, കാലിതീറ്റ നിർമ്മാണ യൂനിറ്റുകൾ സ്ഥാപിക്കണം.
7. സഹകരണ മേഖലയിൽ പാരലൽ കോളേജ് സ്ഥാപിക്കണം

## വാർഡ് IV

1. പച്ചക്കറി, പഴം സംസ്ക്കരണ രംഗത്തു പ്രവർത്തനം നടത്തുന്നതിനായി സഹകരണ സംഘം രൂപീകരിക്കണം.
2. ചെങ്കൽ തൊഴിലാളി സഹ: സംഘം രൂപീകരിക്കണം.

## വാർഡ് V

1. സഹകരണരംഗത്തു ഒരു ഗാർമെന്റു നിർമ്മാണ യൂനിറ്റ് കൊളോളത്തു ആരംഭിക്കുക
2. ക്ഷീരവ്യവസായ സഹകരണ സംഘം ഈ വാർഡിൽ ആരംഭിക്കുക
3. സഹകരണ ആശുപത്രി ആരംഭിക്കണം
4. സഹകരണമേഖലയിൽ മെഴുകുതിരി നിർമ്മാണം, സോപ്പുനിർമ്മാണം, ആടുവളർത്തൽ , കോഴിവളർത്തൽ എന്നിവ തുടങ്ങണം
5. സഹകരണരംഗത്തു വനിതകൾക്കു പച്ചതേങ്ങ സംഭരിച്ചു കൊപ്രയാക്കി വിതരണം ചെയ്യുന്നതിനുള്ള യൂനിറ്റ് തുടങ്ങണം
6. വനിതകൾക്കു സഹകരണരംഗത്തു തുന്നൽ പരിശീലന കേന്ദ്രം ആരംഭിക്കണം
7. പച്ചക്കറി കൃഷി ചെയ്യുന്നതിനു സഹ:സംഘം രൂപീകരിക്കണം

8. സഹകരണരംഗത്തു പാചക ഗ്യാസ് വിതരണ യൂനിറ്റ് ആരംഭിക്കണം
9. പട്ടാനൂർ സഹകരണബേങ്കിന്റെ ഒരു സായാഹ്ന ശാഖ കൊളോളത്തു ആരംഭിക്കണം
10. കൂടാളി വില്ലേജ് വനിതാ സഹകരണസംഘത്തിൽ അർഹരായ എല്ലാവർക്കും മെമ്പർഷിപ്പു ലഭ്യമാക്കണം

## വാർഡ് – VI

1. നായാട്ടു പാറയിലെ കൺസ്യൂമർ സ്റ്റോർ പ്രവർത്തനം പുനരുജ്ജീവിപ്പിക്കണം
2. കാർഷിക വികസന ബേങ്കിന്റെ ശാഖ കൂടാളി പഞ്ചായത്തിൽ സ്ഥാപിക്കുക
3. നായാട്ടുപാറയിൽ ഒരു മിൽക്കു സൊസൈറ്റി രൂപീകരിക്കുക
4. സഹ: മേഖലയിൽ കൂടാളി പഞ്ചായത്തിൽ പവ്വർ ലൂം സ്ഥാപിക്കുക
5. സഹകരണ മാവേലി സ്റ്റോർ നായാട്ടുപാറയിൽ ആരംഭിക്കുക
6. സഹകരണമേഖലയിൽ കൊപ്ര ഡ്രയർ ഫാക്ടറി നായാട്ടുപാറയിൽ സ്ഥാപിക്കുക
7. നിലവിലുള്ള സഹ: സ്ഥാപനങ്ങളിൽ അർഹതയുള്ള മുഴുവനാളുകൾക്കും അംഗത്വം ലഭ്യമാക്കുക
8. കാർഷിക വായ്പ പരിധി ഉയർത്തുകയും കുടിശ്ശിക നിർമ്മാജ്ജനത്തിനും ശക്തമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

## വാർഡ് VII

1. വനിതകിക്കായി സഹകരണ മേഖലയിൽ തെങ്ങോല മെടഞ്ഞു വിപണനം നടത്തുന്ന സ്ഥാപനം തുടങ്ങണം
2. VIIാം വാർഡിൽ ക്ഷീര സഹകരണസംഘം രൂപീകരിക്കണം
3. വാഴനാരു ഉപയോഗിച്ചുള്ള കൗതുക വസ്തുക്കളുട നിർമ്മാണത്തിനു സഹകരണസംഘം രൂപീകരിക്കണം
4. പട്ടാന്നൂർ മേഖലയിൽ നിലവിലുള്ള സംഘങ്ങളിൽ അർഹതപ്പെട്ടവർക്കു മെമ്പർഷിപ്പു വിതരണം ചെയ്യണം
5. കൺസ്ട്രക്ഷൻ സൊസൈറ്റി, വനിതാ സഹകരണസംഘം എന്നിവ കാര്യക്ഷമമാക്കണം
6. കൊളപ്പയിലെ ലേബർ കോൺട്രാക്ട് സഹ: സംഘം പ്രവർത്തനം കാര്യക്ഷമമാക്കണം

## വാർഡ് VIII

1. 8–ാം വാർഡിൽ ക്ഷീരോല്പാദന സഹ: സംഘം രൂപീകരിക്കണം
2. സഹ: മേഖലയിൽ റെഡിമെയ്ഡ് ഗാർമെന്റ് നിർമ്മാണ യൂനിറ്റ് ആരംഭിക്കണം

## വാർഡ് IX

1. ആയിപ്പുഴയിൽ വനിതാ സഹ: സംഘം രൂപീകരിക്കണം
2. തുന്നൽ, കൈത്തൊഴിൽ മേഖലയിൽ ആയിപ്പുഴയിൽ സഹ: സംഘം രൂപീകരിക്കണം
3. ഗൾഫ് പണം സഹകരണ മേഖലയിൽ ഉപയോഗപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം

## വാർഡ് XI

1. സഹകരണ മേഖലയിൽ കോഴി വളർത്തുന്ന കേന്ദ്രം സ്ഥാപിക്കുക
2. ക്ഷീര സഹ: സംഘത്തിന്റെ ആഭിമുഖ്യത്തിൽ പാൽ ഉല്പാദനത്തിനു ഡയറി യൂനിറ്റ് സ്ഥാപിക്കുക
3. ക്ഷീര സഹ: സംഘം മുഖേന സൗജന്യ നിരക്കിൽ കാലിതീറ്റ വിതരണം ചെയ്യുക
4. കാർഷിക വായ്പകൾ യഥാസമയം ലഭ്യമാക്കണം
5. എല്ലാ കർഷകർക്കും സഹ: സംഘത്തിൽ അംഗത്വം നല്കണം
6. സഹ: സ്ഥാപനം മുഖേന കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തുന്നതിനായി ഏറ്റവും നല്ല കർഷകർക്കു പ്രോത്സാഹനം നല്കുക
7. സഹ: മേഖലയിൽ നാണ്യ വിളസംഭരണ കേന്ദ്രം ആരംഭിക്കണം
8. വനിതകൾക്കായി കശുവണ്ടി സംസ്ക്കരണം , സോപ്പുനിർമ്മാണം, തീപ്പെട്ടിനിർമ്മാണം എന്നിവക്കായി സഹ: സംഘം രൂപീകരിക്കണം

# പട്ടികജാതി- പട്ടികവർഗ്ഗക്ഷേമം

1991ലെ സെൻസസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഗവ: അംഗീകൃത കോളനിയടക്കം ആകെ 90 കുടുംബങ്ങൾ അധിവസിക്കുന്നു. പഞ്ചായത്തിന്റെ മൊത്തം ജനസംഖ്യയുടെ 2% മാത്രമാണ് പ്രസ്തുത കുടുംബങ്ങൽ. പഞ്ചായത്തിന്റെ മൊത്തം ജനസംഖ്യയായ 25,518ൽ 472 പേരാണ് ഈ വിഭാഗത്തിൽപ്പെടുന്നത്. അതിൽ 228 പുരഷന്മാരും 244 സ്ത്രീകളും ഉൾപ്പെടുന്നു. പഞ്ചായത്തിൽ 2 പട്ടികജാതി കോളനികൾ മാത്രമാണ് സർക്കാർ അംഗീകൃതം. പ്രസ്തുത കോളനികളിൽ ഏകദേശം 120ഓളം ആളുകൾ അധിവസിക്കുന്നു. അംഗീകരിച്ച കോളനികളിൽ വിദ്യുച്ഛക്തിയുടെ കാര്യത്തിലായാലും, ശുദ്ധജല ലഭ്യതയുടെ കാര്യത്തിലായാലും ആശാവഹമായ സ്ഥിതി വിശേഷമാണ് കാണാൻ സാധിക്കുന്നത്. നമ്മുടെ പഞ്ചായത്തിലെ മൊത്തം പട്ടികജാതിക്കാരുടെ ചിത്രമെടുത്ത് പരിശോധിച്ചാൽ ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾ ഇല്ല എന്നുള്ളത് നമുക്കഭിമാനിക്കാൻ വക നൽകുന്ന വസ്തുതയാണ്.

**വിദ്യാഭ്യാസം:** പട്ടികജാതി/വർഗ്ഗകുടുംബങ്ങളിൽപെട്ട വിദ്യാർത്ഥികൾക്ക് പഠിക്കുവാനുള്ള നാനാവിധത്തിലുള്ള സഹയാഹസ്തങ്ങളും സർക്കാർ തലത്തിൽ അനുവദിക്കപ്പെടുന്നുണ്ടെങ്കിലും വേണ്ടപ്പെട്ട രീതിയിൽ പ്രസ്തുത ആനുകൂല്യങ്ങളെ പ്രയോജനപ്പെടുത്തുന്നില്ല എന്നുള്ളത് ഖേദകരമായ ഒരു യാഥാർത്ഥ്യമാണ്. ഉന്നതവിദ്യാഭ്യാസം സിദ്ധിച്ചവർ വിരളമാണെങ്കിലും ഇവരുടെ വിദ്യാഭ്യാസഭൂപടത്തിൽ നിരക്ഷരരുടെ എണ്ണം തുലോം വിരളമാണ്. പഠിക്കുവാൻ ആഗ്രഹമുണ്ടെങ്കിലും, കുടുംബ പശ്ചാത്തലങ്ങളുടെ സമ്മർദ്ദം മുലം ഇടക്ക് വെച്ച് പഠനം നിർത്തിവെക്കേണ്ടി വരുന്ന വിദ്യാർത്ഥി-വിദ്യാർത്ഥിനികളുടെ കാര്യം വളരെ ശോചനീയമാണ്. ചെറിയൊരു ശതമാനം വിദ്യാർത്ഥികൾ കുലത്തൊഴിലിലേക്കും മറ്റും വഴുതി വീഴുന്നത് കാരണം പഠനം നിർത്തി വെക്കേണ്ടി വരുന്നു. ഉപരിപഠനം സിദ്ധിച്ചവരിൽതന്നെ ബഹുഭുരിഭാഗവും തൊഴിലില്ലായ്മയുടെ നീർച്ചുഴിയിൽപെട്ട് നട്ടംതിരിയുന്ന കാഴ്ച നമ്മെ അമ്പരപ്പിക്കുന്നു. പഞ്ചായത്തിലെ ഇതര ജനവിഭാഗങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ടവർ വിദ്യാഭ്യാസരംഗത്ത് പുറകിൽ തന്നെയാണെന്നത് ഒരു യാഥാർത്ഥ്യം മാത്രമാണ്.

**സാമൂഹ്യപദവി:** ജാതീയമായ ഉച്ചനീചത്വങ്ങൾ പരിപുർണ്ണമായും ഉന്മുലനം ചെയ്യപ്പെട്ടിട്ടില്ലെങ്കിലും ജാതിക്കോമരങ്ങളുടെ നീരാളിപിടുത്തത്തിൽനിന്നും കരകയറാൻ ഒരു പരിധിവരെ പഞ്ചായത്തിന് സാധിച്ചുവെന്നുള്ളത് വിപ്ലവകരമായ ഉദയത്തിന്റെ മുന്നോടിയായി കണക്കാക്കാം. വിദ്യാഭ്യാസ സാമുഹ്യമേഖലകളിൽ ഒട്ടനവധി നേട്ടങ്ങൽ കൈവരിച്ചിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗം വളരെ സ്ഥായിയാണെന്ന പറഞ്ഞുകുടാ. സാമുഹ്യ-സാമ്പത്തിക രംഗത്ത് വളരെ പുറകോട്ടായിരുന്നുവെങ്കിലും പുരോഗമന ചിന്താഗതികളുള്ള സർക്കാറുകളുടെ ആവിർഭാവത്തോടെ സ്ഥിതിഗതികളിൽ ചെറുതല്ലാത്ത മാറ്റം വരുത്താൻ സാധിച്ചുവെന്നുള്ളത് നിഷേധിക്കാനാവാത്ത യാഥാർത്ഥ്യമാണ്. ഒരു കാലത്ത് 10 സെന്റ് ഭൂമിയുടെ ജന്മി ആയിരിക്കുക എന്നുള്ളത് ഈ വിഭാഗങ്ങളെ സംബന്ധിച്ച് ബാലികേറാമല ആയിരുന്നുവെങ്കിലും കുടികിടപ്പവകാശം, മിച്ചഭൂമി വിതരണം തുടങ്ങിയ പുരോഗമനാത്മകമായ പരിപാടികളുടെ ആവിർഭാവത്തോടെ പഞ്ചായത്തിലെ ഏതൊരു പട്ടികജാതി കുടുംബത്തിലും സ്വന്തമായി ഒരു പിടി മണ്ണ് ഇല്ലാത്തവർ ചുരുക്കമാണ്. നാനാജാതി മതസ്ഥരുടെയും വിശേഷ ചടങ്ങുകളിലും, പൊതു ചടങ്ങുകളിലും പങ്കെടുപ്പിക്കുകയും, എല്ലാ പൊതുപരിപാടികളിലും മോശമല്ലാത്ത പരിഗണന ഇവർക്ക് നൽകപ്പെടുകയും ചെയ്യുന്നുണ്ട്.

## പ്രശ്നങ്ങളും സാദ്ധ്യതകളും:

1. വാദ്യോപകരണങ്ങൾക്ക് ഗ്രാന്റ് അനുവദിക്കുക.
2. വിദ്യാഭ്യാസ ആനുകൂല്യം പര്യാപ്തമല്ല.
3. ചികിത്സാ സൗകര്യം പര്യാപ്തമല്ല.
4. ഭവനനിർമ്മാണ ആനുകൂല്യം പര്യാപ്തമല്ല
5. പല കോളനികളിലും പ്രാഥമിക സൗകര്യങ്ങൾ വേണ്ടത്രയില്ല.
6. ഭൂവിതരണ സംവിധാനം പര്യാപ്തമല്ല.
7. യാത്രാ സൗകര്യം വേണ്ടത്ര മെച്ചപ്പെട്ടിട്ടില്ല.
8. കോളനികളിൽ പ്രീ–പ്രൈമറി വിദ്യാഭ്യാസ സൗകര്യം തീരെയില്ല.
9. അവശകലാകാരന്മാർക്കുള്ള പെൻഷൻ പദ്ധതികൾ നാമമാത്രമാണ്.
10. പല കോളനികളിലും വൈദ്യുതി എത്തിയിട്ടില്ല.
11. സർക്കാരിൽനിന്നും ലഭിക്കുന്ന സഹായങ്ങൾ തക്കസമയത്ത് ലഭിക്കുന്നില്ല.
12. സഹകരണ സ്ഥാപനങ്ങളിൽ അംഗത്വമില്ലാത്തതിന്റെ പേരിൽ ആനുകൂല്യങ്ങൾ ലാപ്സായിപ്പോവുന്നു.
13. സർക്കാരിന്റെ ക്ഷേമ പദ്ധതികളെക്കുറിച്ച് ബോധവാന്മാരല്ല.

## സാദ്ധ്യതകൾ:

1. കുടിവെള്ളപ്രശ്നം ശാശ്വതമായി പരിഹരിക്കുവാനുള്ള സ്ഥായിയായ സംവിധാനം ഏർപ്പെടുത്തണം.
2. പട്ടികജാതി/വർഗ്ഗത്തിൽപെട്ടവരുടെ വെദ്യുതിയില്ലാത്ത മുഴുവൻ വീടുകളും വൈദ്യുതീകരിക്കുക.
3. പെൻഷൻ സ്കീം ഉദാരമാക്കുകയും, സാങ്കേതികമായ തടസ്സങ്ങൾ നീക്കുകയും ചെയ്യുക.
4. എല്ലാ കോളനികളിലു അങ്കണവാടികൾ സ്ഥാപിക്കുക
5. ക്ഷേമപദ്ധതികളെക്കുറിച്ച് ബോധവൽക്കരിക്കുന്നതിന് കേന്ദ്രങ്ങൾ സ്ഥാപിക്കുക.
6. വീട് നിർമ്മാണത്തിനും, മറ്റും ആവശ്യമായത്ര സാമ്പത്തിക സഹായം അനുവദിയ്ക്കുക.
7. വാദ്യോപകരണങ്ങൽ വാങ്ങുന്നതിനുള്ള സാമ്പത്തിക സഹായം ഉദാരവൽക്കരിക്കുക.
8. അഭ്യസ്തവിദ്യരായ മുഴുവൻ ആളുകൾക്കും തൊഴിൽ സൗകര്യം ഉറപ്പുവരുത്തുക.
9. മാസത്തിലൊരിക്കൽ സൗജന്യമായി വൈദ്യപരിശോധന നടത്തുകയും, മരുന്നുകൾ നൽകുകയും ചെയ്യുക.
10. ഭൂവിതരണ സംവിധാനം ഉദാരവൽക്കരിക്കുക.
11. പണി ആയുധങ്ങൾ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.
12. വിവാഹാനുകൂല്യങ്ങൾ അനുവദിക്കുക.
13. കോളനികളിലേക്കുള്ള ഗതാഗതസൗകര്യം മെച്ചപ്പെടുത്തുക.
14. കോളനിയായി അംഗീകരിക്കുന്നതിന് 10 കുടുംബങ്ങൾ വേണമെന്നുള്ളത് 5 കുടുംബങ്ങൾ എന്നാക്കി മാറ്റുക.

# വിഭവസമാഹരണം

നാം നേരിടുന്ന വികസന പ്രതിസന്ധി മുറിച്ച് കടക്കാനുള്ള ഉപാധിയായി സ്വീകരിച്ച ജനകീയസൂത്രണ പരിപാടിയിൽ ജനകീയ വിഭവ സമാഹരണത്തിന് അദ്വിതീയമായ സ്ഥാനമുണ്ട്. പഞ്ചായത്ത് വരുമാനത്തിന്റെ ഭൂരിഭാഗവും ഭരണച്ചെലവുകൾക്കും റോഡ് പോലുള്ള വികസന പ്രവർത്തനങ്ങൽക്കും മാത്രമായി പരിമിതപ്പെടുന്ന അവസ്ഥയായിരുന്നു ഇതുവരെ. അതിനാൽ കാർഷിക, വ്യാവസായിക മേഖലകളിലെ ഉല്പാദന മുരടിപ്പ് തീരാശാപമായിത്തന്നെ തുടരുന്നു. അടിസ്ഥാനാവശ്യങ്ങളുടെ ദൗർലഭ്യം രൂക്ഷമാകുന്നു. പാഴായിപ്പോകുന്ന മനുഷ്യവിഭവശേഷി പരമാവധി ഉപയോഗപ്പെടുത്താനും പരിമിതമായ പ്രകൃതിവിഭവങ്ങൾ സമർത്ഥമായി ഉപയോഗിക്കാനും ഒൻപതാം പദ്ധതി പ്രവർത്തനങ്ങളിലെങ്കിലും നമുക്ക് കഴിയണം. ഇതിന് ജനകീയ വിഭവസമാഹരണം കൂടിയേ കഴിയൂ. പദ്ധതികൾക്കുള്ള ചെലവിന്റെ നല്ലൊരു ഭാഗം പ്രാദേശികമായി സംഘടിപ്പിക്കാൻ കഴിഞ്ഞാൽ പഞ്ചായത്തിന്റെ തനതു വരുമാനം ഉല്പാദനമേഖലകളിലേക്ക് തിരിച്ചുവിടാൻ കഴിയും. വികസനപ്രശ്നങ്ങളും നിർദ്ദേശങ്ങളും സാധ്യതകളും പ്രാദേശികമായി ഉരുത്തിരിഞ്ഞുവരുന്നതാകയാൽ വിഭവസമാഹരണവും സന്നദ്ധപ്രവർത്തനങ്ങളും കുറേക്കൂടി എളുപ്പമാകുകയും ചെയ്യുന്നു.

**പഞ്ചായത്തിന്റെ വരവുചെലവുകളെപ്പറ്റിയുള്ള അവലോകനം.**

| ഇനം | 91–92 | 92–93 | 93–94 | 94–95 | 95–96 |
|---|---|---|---|---|---|
| കെട്ടിടനികുതി | 1,15,999.61 | 1,19,398.92 | 1,53,295.23 | 1,85,671.30 | 1,97,383.60 |
| തൊഴിൽനികുതി | 92,850.00 | 1,01,287.00 | 92,840.00 | 1,40,790.00 | 1,71,900.00 |
| പഞ്ചായത്ത് വകവസ്തുക്കളിൽ നിന്നുള്ള വരുമാനം | 1,43,715.60 | 2,19,287.55 | 33,143.25 | 4,47,065.00 | 6,22,802.15 |
| ഗ്രാന്റുകൾ | 1,47,433.00 | 2,38,734.00 | 1,88,549 | 3,95,898.00 | 33,3941.00 |
| അൺടൈഡ്ഫണ്ട് | 1,31,000.00 | 2,67,119.00 | 1,50,000.00 | 2,29,000.00 | 2,06,100.00 |
| വസ്തുകൈമാറ്റനികുതി | 10,461.00 | 96,788.00 | 66,012.00 | 71,875.00 | 1,54,966.00 |
| ആകെ | **6,41,459.21** | | | | **16,87,092.75** |

1995–96ൽ മാത്രം നികുതിയിനത്തിൽ കെട്ടിട നികുതി വക 16277.50 രൂപയും തൊഴിൽ നികുതി വക 9779.00 രൂപയും പിരിച്ചെടുക്കാൻ ബാക്കിയാണ്.

| ഇനം | 91–92 | 92–93 | 93–94 | 94–95 | 95–96 |
|---|---|---|---|---|---|
| ഭരണച്ചെലവ് | 3,88,418.50 | 3,29,739.90 | 3,958.38 | 4,21,127.70 | 5,01,430.20 |
| പൊതുമരാമത്ത് | 22,247.00 | 1,24,946.85 | 23,872.70 | 2,01,168.00 | 1,79,484.00 |
| വിദ്യാഭ്യാസം | 26,493.90 | 15,385.10 | 35,429.50 | 23,615.60 | 33,686.60 |
| കൃഷി | 25,899.00 | 39,940.00 | 9,944.00 | 30,564.00 | 36,176.00 |
| പൊതുജനാരോഗ്യം | 14,686.00 | 20,739.00 | 32,278.75 | 27,580.00 | 20,183.00 |
| വൈദ്യുതീകരണം | 24,504.40 | 41,384.00 | 29,488.00 | 24,045.85 | 30,177.00 |
| സാമൂഹ്യക്ഷേമം | 16,294.00 | 5,974.25 | 10,674.50 | 12,430.90 | 17,340.00 |
| ആകെ | 5,18,542.80 | | | | 8,18,446.80 |

ഭരണച്ചെലവും പൊതുമരാമത്ത് ചെലവും ഗണ്യമായി വർദ്ധിക്കുമ്പോൾ മറ്റിനങ്ങളുടെ ചെലവിൽ നേരിയ വർദ്ധനയാണുണ്ടാകുന്നത്.

**പഞ്ചായത്തിലെ 2 പ്രധാന ബാങ്കുകളിലെ നിക്ഷേപത്തിലും വായ്പകളിലുമുണ്ടായ വ്യതിയാനം.**

നിക്ഷേപ -വായ്പാ സൂചിക: പട്ടിക – (1)

**പട്ടാന്നൂർ സർവ്വീസ് സഹകരണബാങ്ക്**

| വർഷം | നിക്ഷേപം | വായ്പ | വായ്പാശതമാനം |
|---|---|---|---|
| 30–6–92 | 300 ലക്ഷം | 223 ലക്ഷം | 74% |
| 30–6–93 | 334 ലക്ഷം | 334 ലക്ഷം | 84% |
| 30–6–94 | 361 ലക്ഷം | 333 ലക്ഷം | 92% |
| 30–6–95 | 425 ലക്ഷം | 359 ലക്ഷം | 84% |
| 30–6–96 | 519 ലക്ഷം | 478 ലക്ഷം | 92% |

പട്ടിക – (2)

**കൂടാളി സർവ്വീസ് സഹകരണ ബാങ്ക്**

(5 വർഷം ഇടവിട്ടുള്ള നിക്ഷപം-വായ്പാവിതരണം)

| വർഷം | നിക്ഷേപം | വായ്പ |
|---|---|---|
| 1971 | 5,600 | 60,255 |
| 1976 | 17,267 | 1,00,946 |
| 1981 | 5,55,325 | 6,67,690 |
| 1986 | 31,08,145 | 33,58,232 |
| 1991 | 42,76,313 | 37,11,600 |
| 1996 | 2,24,00,000 | 1,80,00,000 |

പഞ്ചായത്തിലെ വിവിധ സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപവും സ്ഥാപനങ്ങൾ നൽകിയ വായ്പയും സംബന്ധിച്ച വിവരങ്ങൾ. (1995–96).

| വായ്പാഇനം | കൂടാളി സർവ്വീസ് സഹകരണ ബാങ്ക് | പട്ടാന്നൂർ സർവ്വീസ് സഹകരണ ബാങ്ക് | നോർത്ത് മലബാർ ഗ്രാമീണബാങ്ക് എടയന്നൂർ ശാഖ | പട്ടാന്നൂർ വനിതാ സഹകരണസംഘം |
|---|---|---|---|---|
| നിക്ഷേപം | 2,05,92,464 | 5,12,58,490 | 45,00,000 | 5,41,281 |
| കാർഷികവായ്പ | 17,42,834 | 38,10,763 | 21,97,000 | – |
| മറ്റ് വായ്പ | 1,52,80,000 | 5,23,06,326 | 49,00,000 | 4,88,560 |
| പ്രത്യേകവായ്പ (സ്വയംതൊഴിൽ) | 2,71,000 | – | 4,00,000 | – |
| കാലാവധി കഴിഞ്ഞ് തിരിച്ചടക്കാൻ ബാക്കി | 37,48,500 | 75,11,681 | 12,09,000 | – |

ഔപചാരിക വായ്പ ഏജൻസികൾ വായ്പകൾ വിതരണം ചെയ്യുന്നുവെങ്കിലും ഉല്പാദന മേഖലയുമായി ബന്ധപ്പെട്ട് വളരെ കുറവ് വായ്പകളെ കാണുന്നുള്ളൂ. ഇടത്തരക്കാരാണ് കൂടുതലും വായ്പയെ ആശ്രയിക്കുന്നത്. സാമ്പത്തിക നില പരിഗണിച്ചുകൊണ്ട് കൂടുതൽ ഉദാരമായ പലിശനിരക്കും കാലാവധിയിലെ വർധനവും കാലോചിതമായി പരിഷ്ക്കരിച്ചാൽ കൂടുതൽ പേരെ ഇതിന്റെ ഉപഭോക്താക്കളാക്കാൻ കഴിയും. അനൗപചാരിക വായ്പാ ഏജൻസികൾ നമ്മുടെ പഞ്ചായത്തിൽ വളരെ കുറവാണ്. കാർഷിക വായ്പകൾ വളരെ കുറവാണ്. കാർഷിക വായ്പകൾക്ക് കൂടുതൽ പ്രോത്സാഹനം കൊടുക്കണം. മറ്റ് വായ്പകളെക്കാൾ പലിശനിരക്ക് കുറയ്ക്കുകയും ചെയ്യണം.

**പുതിയ നിർദ്ദേശങ്ങൾ:**

1. പഞ്ചായത്തിന്റെ വരുമാന സാധ്യതകൾ പൂർണ്ണമായും ഉപയോഗപ്പെടുത്തണം.
2. നികുതിഘടനശാസ്ത്രീയമായി പരിഷ്ക്കരിക്കണം. വരുമാനത്തിന് ആനുപാതികമായി നികുതി നിശ്ചയിക്കണം. നികുതി കൊടുക്കുന്നത് വഴി തങ്ങളും പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാവുകയാണെന്ന് ബോധം ഉളവാക്കുന്ന രീതിയിൽ ബോധവൽക്കരണം നടത്തിയാൽ നികുതിപിരിവ് എളുപ്പമാക്കാൻ കഴിയും.
3. വാർഡ് പ്രതിനിധികളും വാർഡ് തലവികസനസമിതികളും നികുതി പരിവിന് നേതൃത്വം കൊടുക്കണം.
4. വരവുചെലവ് കണക്കുകൾ വാർഡുതലത്തിലും പ്ചായത്ത് തലത്തിലും ക്രോഡീകരിക്കുകയും പരസ്യപ്പെടുത്തുകയും ചെയ്താൽ സുതാര്യത വരുത്താൻ കഴിയും. കണക്കുകൾ ആർക്കും എപ്പോഴും ലഭ്യമാകുന്ന വിധം പഞ്ചായത്താഫീസിൽ സംവിധാനമുണ്ടാകണം.

**ഗൾഫ് വരുമാനത്തിന്റെ സ്വാധീനം:**

ഗൾഫ് ജോലിക്കാരുടെ വരുമാനം കാർഷിക, വ്യാവസായിക മേഖലകളിൽ ഉപകാരപ്രദമാക്കി മാറ്റാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ഈ വരുമാനം ഏറിയപങ്കും കോൺക്രീറ്റ് കെട്ടിടങ്ങളുടെ നിർമ്മാണത്തിന് മാത്രമാണ് വിനിയോഗിക്കുന്നത്. ശക്തമായ ബോധവൽക്കരണത്തിലൂടെയും നിരന്തരമായ ഇടപെടലുകളിലൂടെയും ഇവരുടെ വരുമാനം ഉല്പാദനമേഖലകളിലേക്ക് തിരിച്ചു വിടാനുള്ള പ്രവർത്തനങ്ങൾ തുടങ്ങണം.

ഗൾഫ്കരുടെ വാർഡുതിരിച്ച കണക്ക്.

| വാർഡ് | എണ്ണം | വാർഡ് | എണ്ണം |
|---|---|---|---|
| 1 | 10 | 7 | 11 |
| 2 | 20 | 8 | 150 |
| 3 | 10 | 9 | 250 |
| 4 | 17 | 10 | 4 |
| 5 | 30 | 11 | 4 |
| 6 | 20 | ആകെ | 526 |

വിദേശമലയാളികളിൽനിന്നുള്ള സാമ്പത്തിക സമാഹരണത്തിനുള്ള സാധ്യതകൂടി പരിശോധിക്കപ്പെടണം.

***മനുഷ്യവിഭവവും സന്നദ്ധപ്രവർത്തനവും;***

മറ്റ് വിഭവങ്ങളെക്കാളൊക്കെ സുലഭവും സുസംഘടിതവുമായ വിഭവം മനുഷ്യവിഭവം തന്നെയാണ്. ഈ തിരിച്ചറിവ് 9-ാം പദ്ധതി പ്രവർത്തനങ്ങളിൽ പൂർണ്ണമായി ഉപയോഗപ്പെടുത്താൻ നമുക്ക് കഴിയണം. അതിനുള്ള പ്രവർത്തനങ്ങൾ രൂപപ്പെടണം.

ക്രിയാത്മകമായി ആവിഷ്ക്കരിച്ച് ജനകീയ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന ഏത് പരിപാടിയും വൻവിജയമാകും എന്നതിന് ഉത്തമ ഉദാഹരണമാണ് നമ്മുടെ പഞ്ചായത്തിൽ നടന്ന സാനിറ്റേഷൻ പദ്ധതി. ഡാനിഷ് പദ്ധതിപ്രകാരമുള്ള സഹായവും പഞ്ചായത്ത് വിഹിതവും ഒക്കെ ഒത്തുചേർന്നപ്പോൾ നമ്മുടെ പഞ്ചായത്തിലെ 3071 വീടുകളിൽ കക്കൂസ് നിർമ്മിക്കാൻ കഴിഞ്ഞ 5 വർഷം കൊണ്ട് സാധിച്ചു.

## *വിഭവസമാഹരണത്തിനുള്ള പുതിയ സാധ്യതകൾ* 1

**കെട്ടിടനികുതി:**

1. കെട്ടിടനികുതി ചുമത്തുമ്പോൾ തറവിസ്തീർണ്ണം മാത്രം കണക്കാക്കാതെ വീട്ടിലെ മറ്റ് ഉപകരണങ്ങൾ കൂടി പരിഗണിക്കുക.
2. വീട് നിർമാണത്തിലെ അനാവശ്യധൂർത്ത് ഒഴിവാക്കാൻ പരമാവധി ചെലവാക്കാവുന്ന തുക നിശ്ചയിക്കുക.
3. ചുമത്തിയ നികുതിയുടെ വിശദാംശം ഉടമസ്ഥനെ ബോധ്യപ്പെടുത്തണം.
4. വീടുകളല്ലാത്ത കെട്ടിടങ്ങൾക്ക് വാടകയ്ക്കനുസരിച്ച് നികുതി ചുമത്തുക.

**തൊഴിൽ നികുതി:**

1. പഞ്ചായത്തിലെ അംഗീകൃത തൊഴിലാളികളിൽ നിന്നെല്ലാം തൊഴിൽ നികുതി ഈടാക്കുക.
2. തൊഴിലാളികൾക്ക് രജിസ്ട്രേഷനും ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതിയും ഏർപ്പെടുത്തുക.

**മറ്റ് ധനാഗമമാർഗങ്ങൾ:**

1. കേബിൾ ടി. വി. ഉപഭോക്താക്കളിൽനിന്നും വിനോദനികുതി ഈടാക്കുക.
2. കമ്യൂണിറ്റി ഹാൾ നിർമ്മിച്ച് പരിപാടി നടത്തുന്നവരിൽനിന്ന് വാടക ഈടാക്കുക.
3. പഞ്ചായത്തിൽ കുടാളി പോലുള്ള, സാധ്യതയുള്ള സ്ഥലങ്ങളിലെല്ലാം ഷോപ്പിംഗ് കോംപ്ലക്സുകൾ പണിയുക.
4. നിലവിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടക കാലാകാലങ്ങളിൽ പുതുക്കി നിശ്ചയിക്കുക.
5. കച്ചവട ലൈസൻസ് കാര്യക്ഷമമായി പിരിക്കുക.
6. പഞ്ചായത്തിൽ ആഴ്ചച്ചന്ത ഏർപ്പെടുത്തുക. ചന്തയിലെ വില്പനക്കാരിൽനിന്ന് ചെറിയഫീസ് ഈടാക്കുക.
7. പഞ്ചായത്ത് അധീനതയിലുള്ള ഫലവൃക്ഷങ്ങളുടെ വിളവെടുപ്പ് അവകാശം ലേലം ചെയ്തുകൊടുക്കുമ്പോഴും മണൽ വാരാനുള്ള അവകാശം ലേലം ചെയ്തുകൊടുക്കുമ്പോഴും കാര്യക്ഷമത തുടർന്നും നിലനിർത്തുക.
8. കുടാളി, നായാട്ടുപാറ, കൊളപ്പ, എന്നിവിടങ്ങളിൽ പാർക്കുചെയ്യുന്ന വാഹനങ്ങളിൽനിന്ന് പാർക്കിംഗ് ഫീസ് ഈടാക്കുക.
9. മത്സ്യവില്പന കേന്ദ്രങ്ങൾ സ്ഥാപിച്ച് ഫീസ് വസൂലാക്കുക.
10. നെൽപ്പാടം നികത്തി കെട്ടിടങ്ങൾ നിർമ്മിക്കുന്നവരിൽനിന്ന് പിഴ ഈടാക്കുക.
11. റോഡ് പോലുള്ള മരാമത്ത് പണികൾക്ക് സന്നദ്ധപ്രവർത്തനം പരമാവധി ഉപയോഗപ്പെടുത്തുക. പഞ്ചായത്ത് ഫണ്ട് അത്യാവശ്യമുള്ളപ്പോൾ മാത്രം ഇതിനുപയോഗിക്കുക.
12. നികുതി പിരിവ് സന്നദ്ധ പ്രവർത്തനങ്ങൾ എന്നിവയിൽ അയൽക്കൂട്ടങ്ങൾ, വാർഡ്സമിതികൾ, സന്നദ്ധസംഘടനകൾ എന്നിവരെ പരമാവധി പ്രയോജനപ്പെടുത്തുക
13. പഞ്ചായത്ത് നിയമം വ്യവസ്ഥ ചെയ്യുന്ന പുതിയ നികുതിയധികാരങ്ങൾ സമർത്ഥമായി ഉപയോഗപ്പെടുത്തണം.
14. വാർഡുതലത്തിൽ ജനകീയ കമ്മറ്റികൾ രൂപീകരിച്ച് വിദ്യാഭ്യാസ, ആരോഗ്യ ക്ഷേമപ്രവർത്തനങ്ങൾക്ക് പ്രാദേശിക നിധി രൂപീകരിക്കുക. പ്രതിമാസ പരിപാടികളായി കലാപരിപാടികൾ നടത്തി ഫണ്ട് സ്വരൂപിക്കാം.
15. വാർഡുതലത്തിലും പഞ്ചായത്ത് മൊത്തത്തിലും വരവുചെലവ് കണക്കുകൾ പരസ്യപ്പെടുത്തുക. ജനങ്ങ

ളുടെ വിശ്വാസം ആർജിക്കുക.

16. സോഷ്യൽ ഓഡിറ്റിംഗ് ഏർപ്പെടുത്തുക.
17. നാഷണൽ സേവിംഗ്സ് സ്കീമിൽ നിന്നുള്ള പഞ്ചായത്ത് വിഹിതം വർദ്ധിപ്പിക്കാൻ സാധ്യമായ എല്ലാ പ്രവർത്തനങ്ങളും നടത്തുക.
18. മഹിളാ പ്രധാൻ ഏജന്റുമാർ വഴിയുള്ള നിക്ഷേപം പ്രോത്സാഹിപ്പിക്കുക.
19. പഞ്ചായത്ത് വക ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സിനുള്ള സാധ്യത പരിശോധിക്കുക.
നിക്ഷേപത്തിന്റെ നിശ്ചിത ശതമാനം പഞ്ചായത്തുകൾക്ക് വിനിയോഗിക്കാൻ സൗകര്യമുണ്ടാക്കുക.

'96 നവംബർ 19ന് 210/96 നമ്പർ തീരുമാനമായി
പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച റിപ്പോർട്ട്



Printed at Unique Offset Printers, Mattanur